(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ പതിനൊന്നും പന്ത്രണ്ടും റിപ്പോർട്ടുകൾ

ശ്രീ. തേറംപിൽ രാമകൃഷ്ണൻ : മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നും പന്ത്രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കാര്യോപദേശകസമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചു.

റിപ്പോർട്ടിൽ ഉൾപ്പെടാത്തതാണെങ്കിലും കാര്യോപദേശക സമിതി ആലോചിച്ച് ഒരു വിഷയം കൂടി ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മാറ്റി വച്ചിട്ടുള്ള ഗ്രൂപ്പ് ഫോട്ടോ 29-ാം തീയതി ഉച്ചയ്ക്കുശേഷം 4 മണിക്കകം എടുക്കുന്നതാണ്. ഇതിനുമുമ്പ് തീരുമാനിച്ചിരുന്നതാണ്.

VI ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ബഡ്ജറ്റിനെക്കുറിച്ച് വിലയിരുത്തുമ്പോൾ ഇന്ത്യയുടെ ഒരു ചെറിയ ഭാഗം മാത്രമായ കേരള സംസ്ഥാനത്ത് ഇൻഡ്യ രാജ്യത്ത് മൊത്തത്തിലുണ്ടാകുന്ന എല്ലാ സാമ്പത്തിക പ്രതിസന്ധികളെയും ഏറ്റെടുക്കേണ്ട ഒരു സാഹചര്യമുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ടുവേണം നമ്മൾ ഇതിനെ വിലയിരുത്താൻ. അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് നമ്മുടെ രാജ്യം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. 1991-ൽ ശ്രീ നരസിംഹറാവുവും ശ്രീ. മൻമോഹൻസിംഗും തുടങ്ങിവച്ചിരുന്ന പുത്തൻ സാമ്പത്തിക നയം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാവിയെ ഇരുളടഞ്ഞതാക്കിക്കൊണ്ടിരിക്കുകയാണ്. പുത്തൻ സാമ്പത്തികനയം ഇന്ത്യാരാജ്യത്ത് നടപ്പിലാക്കിയാൽ സാമ്പത്തിക രംഗത്ത് വലിയകുതിച്ചു കയറ്റമുണ്ടാക്കാൻ കഴിയുമെന്നവാദം ഉന്നയിച്ചുകൊണ്ടാണ് 1991-ൽ കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റ് ആ സാമ്പത്തിക നയം നടപ്പിലാക്കിയത്. എന്നാൽ നമ്മുടെ രാജ്യത്ത് പുത്തൻ സാമ്പത്തിക നയം അടിച്ചേൽപ്പിച്ചതുവഴി നമ്മുടെ രാജ്യത്തിന്റെ കാർഷിക വ്യാവസായിക മേഖല തകരുകയും വലിയ സാമ്പത്തിക തകർച്ച ഉണ്ടാകുകയും അതിന്റെ ഭാഗമായിട്ട് ദുരിതം പിടിപ്പെട്ട് ഇന്ന് ഇന്ത്യാരാജ്യം ബുദ്ധിമുട്ടുകയാണ്. ഇന്ന് കോൺഗ്രസ്സിനകത്തുതന്നെ പുത്തൻ സാമ്പത്തിക നയങ്ങളുമായിട്ട് ബന്ധപ്പെട്ടുകൊണ്ടുള്ള അഭിപ്രായ ഭിന്നതകൾ തലപൊക്കിയിരിക്കുകയാണ്. 4 സംസ്ഥാനങ്ങളിൽ ഉപതെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ കോൺഗ്രസിനും ബി.ജെ.പി. ക്കുണ്ടായ കനത്ത ആഘാതം കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തിൽ നിന്നും കോൺഗ്രസ്സിനെ മാറ്റി ചിന്തിപ്പിക്കേണ്ട ഒരു അവസ്ഥയിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. ഇന്ന് കോൺഗ്രസ്സിനകത്ത് സോഷ്യലിസ്റ്റ് ചായ്വുള്ള ഒരു സാമ്പത്തിക ക്രമം വേണമെന്ന വാദം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ ചുവടു പിടിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ് ശ്രീ.എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് നൽകിയത്. കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പു നടന്നപ്പോൾ കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയിൽ പറഞ്ഞിരുന്ന ഒരു കാര്യമാണ്. കോൺഗ്രസ്സ് അധികാരത്തിൽ വന്നാൽ 3 വർഷക്കാലം കൊണ്ട് എല്ലാവിധ സബ്സിഡികളും എടുത്തുകളയുമെന്നുള്ളത്. ബി.ജെ.പി. പറഞ്ഞത് ക്രമാനുഗതമായിട്ട് സബ്സിഡികൾ മുഴുവൻ നിർത്തലാക്കുമെന്നാണ്. കോൺഗ്രസ് ആണെങ്കിൽ 3 വർഷം കൊണ്ട് എല്ലാ സബ്സിഡികളും എടുത്തു കളയുമെന്നാണ് പറഞ്ഞത്. ആ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി എല്ലാ സബ്സിഡികളും വെട്ടിക്കുറച്ച് കേന്ദ്രഗവൺമെന്റ് ഇന്ന് നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെയും ജീവിതം ദുസ്സഹമാക്കിക്കൊണ്ടിരിക്കുകയാണ്. കിട്ടുന്ന വരുമാനംകൊണ്ട് ജീവിക്കാൻ പറ്റാത്ത സാഹചര്യം നമ്മുടെ നാട്ടിലെ സാധാരണക്കാർക്കുണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ മൊത്തം ആസ്തിയുടെ 80% കൈയടക്കിവച്ചിട്ടുള്ള ചെറിയ ഒരു ശതമാനം ആളുകൾ അവരുടെ സുഖലോലുപമായ ജീവിതത്തിനുവേണ്ടി ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളുടെ താൽപര്യം ഹനിക്കുന്ന സമീപനം സ്വീകരിച്ചുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് ഇന്ന് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. 1991-ൽ തുടങ്ങിയ ഇന്ത്യയുടെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടുള്ള ഭവിഷ്യത്തുകൾ ഒന്നൊന്നായി നമ്മുടെ രാജ്യം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ധനകാര്യമന്ത്രി കൊണ്ടുവന്നിട്ടുള്ള ബഡ്ജറ്റ് ഇന്ത്യാ രാജ്യത്തെ ധനകാര്യമന്ത്രി ശ്രീ. യശ്വന്ത്സിൻഹ കൊണ്ടുവന്നിട്ടുള്ള ബഡ്ജറ്റിനേക്കാൾ വ്യത്യസ്തമായിട്ടുള്ളതാണ്. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ജീവിതം ധന്യമാക്കിത്തീർക്കാൻ സഹായകമാക്കുന്ന നിരവധി ആനുകൂല്യങ്ങളും നിർദ്ദേശങ്ങളും, പ്രഖ്യാപനങ്ങളും അടങ്ങുന്ന ഒരു ബഡ്ജറ്റാണ് ശ്രീ. ശിവദാസമേനോൻ ഇവിടെ കൊണ്ടു വന്നിട്ടുള്ളത്. ഇവിടെ അപ്പുറത്തിരിക്കുന്ന ആളുകൾ വിമർശന രൂപേണ കുറെ കാര്യങ്ങൾ ഇവിടെ പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവിതരണത്തിന് 39 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്, ഇത് അപര്യാപ്തമാണെന്ന് കഴിഞ്ഞ സാമ്പത്തിക വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് 111 കോടി രൂപ കൊടുത്തു. അതിനു പുറമെയാണ് 39 കോടി അങ്ങനെ 150 കോടിരൂപ ഭക്ഷ്യവകുപ്പിന് കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. 39 കോടി രൂപയെന്നു പറഞ്ഞാൽ ആദ്യഗഡുവാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ധനകാര്യവകുപ്പ് ഫണ്ട് കൊടുക്കാത്തതിന്റെ ഭാഗമായി ഏതെങ്കിലും സാമൂഹ്യക്ഷേമ വികസന പ്രവർത്തനങ്ങൾ നിന്നുപോയിയെന്നുപറയാൻ നിങ്ങൾക്ക് കഴിയുമോ? പൈസ ഇല്ലാത്തതിന്റെ പേരിൽ എന്തെങ്കിലും നിലച്ചുപോയിയെന്നു നിങ്ങൾക്ക് സൂചിപ്പിക്കാൻ കഴിയുമോ? കേരളത്തിലെ ജനങ്ങളുടെ റേഷൻ അരിയുടെ പ്രശ്നം ഈ ഗവൺമെന്റ് പ്രഖ്യാപിച്ച തുക കൊടുക്കുകതന്നെ ചെയ്യും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് പറയുമ്പോൾ അപ്പുറത്തിരിക്കുന്ന കോൺഗ്രസ് അടക്കം ഇത് പൊക്കിപ്പിടിച്ചുകൊണ്ട് നടക്കുന്നു. ഇന്ത്യയിൽ റേഷൻ സംവിധാനം ആദ്യമായി പരിമിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള തീരുമാനമുണ്ടാക്കിയത് നമ്മുടെ പ്രതിപക്ഷനേതാവ് കേന്ദ്രത്തിൽ സിവിൽസപ്ലൈസ് വകുപ്പ് മന്ത്രിയായിരിക്കുമ്പോഴാണ്. അന്നുമുതലാണ് റേഷൻ സബ്സിഡി പരിമിതപ്പെടുത്തുന്നതിനുള്ള ആലോചനയുമായിട്ട് മുന്നോട്ടു വന്നിട്ടുള്ളത്. അന്ന് തുടങ്ങിയിട്ടുള്ളതാണ് റേഷൻ സംപ്രദായത്തോടുള്ള ക്രൂരമായ സമീപനം കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഉള്ളതുകൊണ്ട് മാത്രമാണ് റേഷൻ സംപ്രദായം ഇന്ന് നിലനിൽക്കുന്നത്. അതുപോലെതന്നെ കാർഷിക മേഖലയ്ക്കും ഭക്ഷ്യമേഖലയ്ക്കും കേന്ദ്രഗവൺമെന്റ് നൽകിവന്നിട്ടുള്ള സബ്സിഡികളെല്ലാം വെട്ടിക്കുറച്ചതിന്റെ ഭാഗമായി കാർഷികോൽപ്പാദനം കുറയുകയും കാർഷികോൽപ്പന്നത്തിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്തു.

ശ്രീ. ടി. എസ്. ജോൺ : ഇന്ന് കേന്ദ്രമന്ത്രി പറഞ്ഞു റേഷൻ സിസ്റ്റം കേരളത്തിനാവശ്യമില്ലെന്ന്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : കോൺഗ്രസ്സിന്റെയും ബി.ജെ.പി. യുടെയും റേഷൻ സംപ്രദായത്തോടുള്ള നിലപാട് വർഷങ്ങൾക്കു മുമ്പ് പ്രഖ്യാപിച്ചതാണ്. ഒരേ നയമാണ്. ഈ ബഡ്ജറ്റുമായിട്ട് ബന്ധപ്പെട്ടുകൊണ്ട് അപ്പുറത്തിരിക്കുന്ന പല നേതാക്കന്മാരും സംസാരിച്ചത് പ്രത്യുൽപ്പാദന മേഖല ശക്തിപ്പെടുത്തുന്ന ബഡ്ജറ്റല്ലായെന്നാണ്. പ്രത്യുൽപ്പാദന മേഖലയെ തകർക്കുന്ന ബഡ്ജറ്റാണെന്നാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഉൾപ്പെടെയുള്ള നേതാക്കന്മാർ അപ്പുറത്തു നിന്നു സംസാരിച്ചത്. കാർഷിക-വ്യാവസായിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും വേണ്ടി ഇത്രയധികം ഇളവുകൾ അനുവദിച്ചിട്ടുള്ള ഒരു ബഡ്ജറ്റ് ഇതിനുമുമ്പ് കേരളത്തിൽ ഉണ്ടായിട്ടുണ്ടോ ? കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൈവരുത്തുന്നതിനാവശ്യമായ നിരവധി നടപടികൾ ഈ ബഡ്ജറ്റിലുണ്ട്. 20 ഹെക്ടർ വരെയുള്ള റബ്ബർ, കാപ്പി കൃഷിക്കാരെ ഒരു വർഷത്തേയ്ക്കുകൂടി പൂർണ്ണമായി കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കി. സഹകരണസംഘങ്ങൾ സംഭരിച്ച് വിതരണംചെയ്ത് വിൽക്കുന്ന നെല്ലാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

വില്പന നികുതിയിൽനിന്നും ഒഴിവാക്കി. 8 ശതമാനം തോട്ടണ്ടിക്ക് നികുതിയുണ്ടായിരുന്നത് 4 ശതമാനമായി കുറച്ചു. 12 ശതമാനമായിരുന്ന പമ്പ് സെറ്റുകളുടെ നികുതിയും കുറച്ചു. 5 ഹെക്ടർ വരെയുള്ള കൃഷിക്കാരെ കാർഷികാദായനികുതിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കി. ഈ രൂപത്തിൽ കാർഷിക മേഖലയ്ക്ക് ഇത്രയധികം ഇളവ് നല്കിയിട്ടുള്ള ബഡ്ജറ്റ് കേരള ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? മറ്റൊരു ഘട്ടത്തിലും ഇല്ലാത്ത രൂപത്തിലുള്ള അനുഭാവപൂർണ്ണമായിട്ടുള്ള പരിഗണനയാണ് കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ളത്. കാരണം, നമ്മുടെ സമ്പദ്ഘടന ഇന്ന് കാർഷിക മേഖലയെ ആശ്രയിച്ചാണിരിക്കുന്നത്. പ്രത്യുല്പാദനമേഖലയിൽ സജീവമായിട്ടുള്ള പരിഗണന നല്കിക്കൊണ്ടുതന്നെയാണ് കാർഷിക മേഖലയ്ക്ക് ഈ ഗവൺമെന്റ് സജീവമായിട്ടുള്ള പരിഗണന നല്കിയിട്ടുള്ളത്. കേന്ദ്ര സർക്കാർ പിൻതുടർന്ന പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി കാർഷികോൽപ്പാദനങ്ങളും മറ്റും യാതൊരു നിയന്ത്രണവും കൂടാതെ നമ്മുടെ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ അനിയന്ത്രിതമായിട്ടുള്ള ഇറക്കുമതി നമ്മുടെ രാജ്യത്തിന്റെ കാർഷികമേഖലയെ തകർക്കുകയാണ്. കേന്ദ്രഗവൺമെന്റ് കാർഷികമേഖലയെ തകർക്കാൻ ശ്രമിക്കുമ്പോൾ കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ ആത്മവിശ്വാസം നല്കാൻ കഴിയുന്ന രൂപത്തിലേയ്ക്ക് കേരളത്തിലെ ഈ ഗവൺമെന്റ് മുന്നോട്ടുവന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിൽ ഇന്ത്യയും അമേരിക്കയും 1999 ഡിസംബർ മാസം 29-ന് ജനീവയിൽ ഉണ്ടാക്കിയ കരാർ അനുസരിച്ച് 1429 ഉല്പന്നങ്ങൾ ഫ്രീ ലിസ്റ്റിൽ പെടുത്തിയിട്ടാണ് ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. അതിൽ 714 ഇനം ഉല്പന്നങ്ങൾ 2000 ഏപ്രിൽ ഒന്നോടുകൂടി അതിന്റെ ഇറക്കുമതി പ്രാബല്യത്തിൽ വരാൻ പോകുകയാണ്. ബാക്കിയുള്ളത് 2001-ഓടുകൂടി പ്രാബല്യത്തിൽ വരുമെന്നാണ് പറയുന്നത്. ഇതിൽ കേരളത്തിലെ പ്രധാനപ്പെട്ട വിളകളായിട്ടുള്ള റബ്ബർ, റബ്ബർ പാൽ, തേയില, കുരുമുളക്, ഏലം, മത്സ്യ ഉല്പന്നങ്ങൾ തുടങ്ങിയവയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ നാണ്യങ്ങൾ ഉണ്ടാക്കിത്തരുന്ന ഇത്തരം ഉല്പന്നങ്ങൾ അന്യരാജ്യങ്ങളിൽനിന്നും നമ്മുടെ രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യുമ്പോൾ ഈ മേഖലയെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിന് ആളുകളുടെ ജീവിതവും അതുപോലെ കേരളത്തിന്റെ സമ്പദ്ഘടനയും തകിടം മറിയാൻ പോകുകയാണ്. കാർഷിക രാജ്യമായിട്ടുള്ള ഇന്ത്യ ലോക ജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ്. ഇന്ത്യാരാജ്യം മൂന്നാം ലോകരാജ്യങ്ങളിൽ അവരുടെ നേതാവായി. ഈ രാജ്യത്തെ കാർഷികമേഖലയെ തകർക്കുക എന്നുള്ളതാണ് സാമ്രാജ്യത്വശക്തികളുടെ ലക്ഷ്യം. ഏത് രാജ്യത്തേയും തകർക്കാൻ ആ രാജ്യത്തിന്റെ സാമ്പത്തിക ഘടനയെ തകർത്താൽ മാത്രമേ കഴിയുകയുള്ളൂവെന്ന് സാമ്രാജ്യത്വ ശക്തികൾക്ക് അറിയാം. ഇന്ത്യയെ തകർക്കണമെങ്കിൽ, ഇന്ത്യയുടെ സമ്പദ്ഘടനയെ തകർക്കണമെങ്കിൽ കാർഷിക മേഖലയെ തകർത്താൽ മാത്രമേ കഴിയുവെന്ന് സാമ്രാജ്യത്വ ശക്തികൾക്ക് അറിയാമെന്നുള്ളതുകൊണ്ടാണ് നമ്മുടെ രാജ്യത്തെ കാർഷികമേഖല തകർക്കുന്നതിനുവേണ്ടിയുള്ള സമീപനവുമായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ)

കാർഷികമേഖല തകർക്കുന്ന കാര്യത്തിൽ, ഇന്ത്യയുടെ സമ്പദ്ഘടന തകർക്കുന്ന കാര്യത്തിൽ 1991 മുതൽ തുടങ്ങിവച്ചിട്ടുള്ള ആ പുത്തൻ സാമ്പത്തിക നയ സമീപനം ഇന്ത്യാ രാജ്യത്തെ അവർ വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഉത്തരവാദിത്വത്തിൽനിന്നും കോൺഗ്രസ് പാർട്ടിക്ക് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. ഇന്ത്യാ രാജ്യത്തെ വിദേശ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. അമേരിക്കൻ സാമ്രാജ്യത്വവും അമേരിക്കയുടെ ചൊൽപ്പടിക്ക് നില്ക്കുന്ന കുത്തക ബൂർഷ്വ രാജ്യങ്ങളും ഇന്ത്യൻ ബൂർഷ്വാസിയും തമ്മിൽ നടത്തിയിട്ടുള്ള ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഈ രൂപത്തിൽ നമ്മുടെ രാജ്യത്തെ തകർക്കുന്നതിനുവേണ്ടി ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നത്. ഇപ്പോൾ ബിൽ ക്ലിന്റൺ ഇന്ത്യാ രാജ്യത്ത് വന്നു. പല പ്രഖ്യാപനങ്ങളും ചില കരാറുകളും ഒപ്പിട്ടുപോയി. ക്ലിന്റൺ വന്നിട്ടുള്ളത് തനിച്ചല്ല. അദ്ദേഹത്തിന്റെ കൂടെ അമേരിക്കയിലെ പല സ്ഥലങ്ങളിലേയും കുത്തക വ്യവസായ പ്രമുഖൻമാർ ഉണ്ടായിരുന്നു. ഇന്ത്യാ രാജ്യത്തെ വിഴുങ്ങുന്നതിനുവേണ്ടിയുള്ള കഴുകൻ കണ്ണോടുകൂടിയാണ് ഇവർ ഇവിടെ എത്തിയിട്ടുള്ളത്. സ്വതന്ത്ര ഇന്ത്യയിൽ ഇന്ത്യ വളർത്തിക്കൊണ്ടുവന്നിട്ടുള്ള പുതിയ സംരംഭങ്ങളെ ഒറ്റയടിക്ക് തകർക്കുന്ന രൂപത്തിലേയ്ക്ക് പുത്തൻ സാമ്പത്തികനയം, കോൺഗ്രസ് തുടങ്ങിവച്ചിട്ടുള്ള നയം ഇന്ന് ബി.ജെ.പി. ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. ജവഹർലാൽ നെഹ്റു പ്രധാനമന്ത്രി ആയിരിക്കുമ്പോൾ ഇന്ത്യാ രാജ്യത്ത് ഒരു ഉരുക്കുശാല ആരംഭിക്കുന്നതിനുള്ള സാങ്കേതികജ്ഞാനം അമേരിക്കയോട് ചോദിച്ചു. ആ സാങ്കേതികജ്ഞാനം അമേരിക്കയോട് ചോദിച്ചപ്പോൾ അമേരിക്ക പറഞ്ഞു, നിങ്ങൾക്ക് സാങ്കേതിക ജ്ഞാനവും വേണ്ട, വ്യവസായശാലയും വേണ്ട, നിങ്ങൾക്ക് ആവശ്യമുള്ള ഉരുക്ക് അമേരിക്ക തരാമെന്ന്. ആ അമേരിക്കയുടെ പ്രസിഡന്റിനെ വിശ്വസിച്ചാണ് കോൺഗ്രസ്സും അതുപോലെ ബി.ജെ.പി ക്കാരും ഇന്ത്യയെ നന്നാക്കുമെന്ന് വ്യാമോഹിക്കുന്നത്. ആ വ്യാമോഹം അസ്ഥാനത്താണ്. അമേരിക്കയുടെ ഉപദേശം കേട്ടുകൊണ്ട് അമേരിക്കയുടെ സഹായം കൊണ്ട് ഇന്ത്യാ രാജ്യത്ത് ഒരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. ഇന്ത്യയെ വീണ്ടും ഒരു കോളനി രാജ്യമാക്കി മാറ്റാൻ മാത്രമേ അത് സഹായിക്കുകയുള്ളൂ. ആ രൂപത്തിൽ കുത്തഴിഞ്ഞ നമ്മുടെ സാമ്പത്തികനയം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കോ, വ്യാവസായിക വളർച്ചയ്ക്കോ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോ വിലക്കയറ്റവും പണപ്പെരുപ്പവും കുറയ്ക്കുന്നതിനോ സഹായിച്ചിട്ടില്ല എന്നുമാത്രമല്ല നമ്മുടെ രാജ്യത്തെ തകർക്കുന്നതിനുമാത്രമേ സഹായിച്ചിട്ടുള്ളൂ. പുത്തൻ സാമ്പത്തികനയം ഉപേക്ഷിച്ചല്ലാതെ നമ്മുടെ രാജ്യം രക്ഷപ്പെടാൻ പോകുന്നില്ല. ഇന്ത്യാ രാജ്യത്ത് മറ്റൊരു സംസ്ഥാനത്തിനും നടപ്പിലാക്കാൻ കഴിയാത്ത രൂപത്തിൽ ഇന്ന് ഈ സംസ്ഥാനത്ത് നിരവധി കാര്യങ്ങൾ ഈ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുണ്ട്. കൂടുതൽ മേഖലകളിലേയ്ക്ക് വികസനപ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടപ്പാക്കാനാണ് ഈ സർക്കാരിന്റെ ലക്ഷ്യം. അതിനുള്ള നിരവധി പദ്ധതികൾ ഈ ബഡ്ജറ്റിൽ കൊണ്ടുവന്നിട്ടുണ്ട്. ജനകീയാസൂത്രണം മുഖേന

LIBRARY ARCHIVES Kerala Legislative Assembly

കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങൾ കേരളസംസ്ഥാനത്ത് ആകമാനം ഗ്രാമപ്രദേശങ്ങളിൽ ഒക്കെയായി നടന്നിട്ടുണ്ട്. പച്ചക്കറിയുടെ കാര്യത്തിൽ നാം സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വൈദ്യുതിയുടെ കാര്യത്തിൽ നാം സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുകയാണ്. 5 കൊല്ലത്തെ ഭരണം കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റിന് 17 മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ കഴിഞ്ഞത്. എൽ. ഡി. എഫ്. ഗവൺമെന്റിന് 4 വർഷം തികയുമ്പോൾ 845.5 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. വ്യാവസായികമേഖലയുടെ ജീവവായുവാണ് വൈദ്യുതി. വൈദ്യുതിയുടെ കാര്യത്തിലുള്ള ഇളവ് അതുപോലെ തന്നെ ഈ ഗവൺമെന്റ് നല്കുന്ന നിരവധി ഇളവുകളിലൂടെ കാർഷികമേഖല സജീവമായി കേരളത്തിലെ സാമ്പത്തിക പ്രയാസങ്ങൾക്ക് ഒരു പരിധിവരെ പരിഹരിക്കപ്പെടാൻ കഴിയുക യെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള നിരവധി ക്ഷേമപ്രവർത്തനങ്ങൾ എടുത്തുപറയേണ്ട കാര്യമാണ്. ഇവിടെ കമ്മിയെ കുറിച്ച് അപ്പുറത്തിരിക്കുന്ന ചില ആളുകൾ പറഞ്ഞു. പുതിയ സാമ്പത്തിക ബാദ്ധ്യതകളെടുക്കുമ്പോൾ കുറച്ച് കമ്മി വരും. എത്രയെത്ര പുതിയപുതിയ പദ്ധതികൾ ഈ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. നിങ്ങൾക്ക് സ്വപ്നം കാണാൻ പോലും കഴിയാത്ത രൂപത്തിൽ നിരവധി പുതിയ കാര്യങ്ങൾ, പുതിയ മേഖലയിലെ വികസനങ്ങൾ ഏറ്റെടുക്കാൻ വേണ്ടി ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. അതിനുപുറമെ ഒന്നുരണ്ട് നിർദ്ദേശങ്ങൾകൂടി ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുണ്ട്. നമ്മുടെ സമൂഹത്തിൽ ഏറ്റവും വലിയ വിഭാഗമാണ് ടെയിലർമാർ ആ ടെയിലർമാർക്ക് ക്ഷേമനിധി ബോർഡുണ്ട്. ആ ക്ഷേമനിധിബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻവേണ്ടി ഒരു 10 ലക്ഷം രൂപ എങ്കിലും ക്ഷേമനിധിബോർഡിന്റെ പ്രവർത്തനത്തിന് ബഡ്ജറ്റിൽ വക കൊള്ളിക്കണം. അതുപോലെ പാലക്കാട് ജില്ലയിൽ അഗ്രോ പ്രോഡക്ട്സ് സൊസൈറ്റി എന്നൊരു സ്ഥാപനം കൃഷിക്കാരുടെ സഹായത്തിനുവേണ്ടി പ്രവർത്തിക്കുന്നു ണ്ട്. ഈ സൊസൈറ്റിക്ക് 10 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ കൊണ്ടുവരണമെന്ന് കൂടി ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിന്റെ ഭാവി 'ഭാസുരമാക്കാൻ സഹായകരമാകുന്ന ഒരു ജനകീയ ബഡ്ജറ്റ് അവതരിപ്പിച്ച മന്ത്രിയേയും ഗവൺമെന്റിനേയും അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : സർ, ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞത്, ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് അഭിമാനമുണ്ടെന്നാണ്. അദ്ദേഹത്തിന്റെ വിദഗ്ദ്ധമായ സാമ്പത്തിക മാനേജ്മെന്റിന്റെ അടിസ്ഥാനത്തിൽ നല്ലൊരു ബഡ്ജറ്റും നല്ലൊരു വികസനവും മുന്നിൽ കണ്ടുകൊണ്ട് ആ വിധത്തിൽ കേരളം ഇന്ന് ശുഭപ്രതീക്ഷയിൽ നില്ക്കുകയാണ് എന്ന് അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ഒന്ന്, അദ്ദേഹത്തിന് ഏതാണ്ട് 797.1 കോടി രൂപ ബഡ്ജറ്റിൽ കമ്മിയുണ്ടായിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനത്തിൽ 146 കുറഞ്ഞു. കമ്മി കുറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെയാണെന്ന് എനിക്ക് മനസ്സിലാവുന്നില്ല. ആ ബഡ്ജറ്റ് മുഴുവൻ എടുത്തുനോക്കിക്കഴിഞ്ഞതിനുശേഷം മനസ്സിലായത് വികസന പ്രവർത്തനങ്ങൾ നടക്കാതെ കുറച്ചുവെന്ന്, വരുമാനം കൂടിയിട്ടില്ല. വരുമാനം അദ്ദേഹം പറഞ്ഞത്, അദ്ദേഹം പ്രതീക്ഷിച്ചത് 9485 കോടി രൂപ. പിരിഞ്ഞുകിട്ടിയത് 8736.91 രൂപ, അതിൽ കുറവ് 718 രൂപ. മറ്റുവിധത്തിൽ എവിടെനിന്നും പണം കിട്ടാനാണ് ? ഒന്നുകിൽ കഴിഞ്ഞ് കുറെക്കാലമായി ബഡ്ജറ്റിൽ ചേർത്തിരിക്കുന്ന പണം ചെലവാക്കിക്കാണില്ല. അത് നമുക്ക് വ്യക്തമായി പറയാം. പ്ലാൻ എന്നുപറഞ്ഞാൽ സംസ്ഥാന പ്ലാൻ മാത്രമല്ല. ഇന്നിപ്പോൾ പഞ്ചായത്ത് പ്ലാനിൽ ഡീസെൻട്രലൈസേഷൻ വന്നു. കഴിഞ്ഞ മൂന്നുകൊല്ലമായി പഞ്ചായത്ത് പ്ലാൻ എത്ര നടപ്പിലാക്കി ? അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കേണ്ടതാണ്. പത്രത്തിൽ കാണുന്ന വിവരം ഈ കൊല്ലം ഉൾപ്പെടെ 40 ശതമാനത്തിൽ കൂടുതൽ ചെലവാക്കിയിട്ടില്ല എന്നാണ്. ജനങ്ങൾക്ക് കൊടുക്കേണ്ട പണം, ആ 40 ശതമാനം ചെലവാക്കിയത് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനും മറ്റുള്ള കാര്യങ്ങൾക്കുമാണ്. അല്ലാതെ ബഡ്ജറ്റിൽ വികസനപരമായ വിധത്തിലുള്ള ഒന്നിനും ചെലവാക്കിയിട്ടില്ല എന്നാണ് എനിക്കു പറയാനുള്ളത്. ആ വിധത്തിൽ ഈ ബഡ്ജറ്റ് വികസനോന്മുഖമേയല്ല. വികസനത്തിന്റെ കാര്യത്തിൽ പാടെ പരാജയപ്പെട്ട ഒരു ഗവൺമെന്റിന്റെ ബഡ്ജറ്റാണ് ഇതെന്ന് ഏതു രംഗത്തു നോക്കിയാലും മനസ്സിലാകും. ഇവിടെ ഇലക്ട്രിസിറ്റി ഉല്പാദിപ്പിച്ചുവെന്ന് പറഞ്ഞു. ഡിസ്ട്രിബ്യൂട്ട് ചെയ്തോ? ഈ സർക്കാരിന് ഒരു ഡിസ്ട്രിബ്യൂഷനും ഇല്ല. കേന്ദ്രം കായംകുളത്ത് എൻ.ടി.പി.സി. കുറെ ഇലക്ട്രിസിറ്റി ഉൽപാദിപ്പിച്ചു. അവിടെ കിടക്കുകയാണ്. ഇവർ എല്ലാ കൊല്ലവും 100 കോടി രൂപ കൊടുക്കണം. കൊടുക്കാൻ നിവർത്തിയില്ലാത്തതുകൊണ്ട് ഡിസ്ട്രിബ്യൂഷൻ നടത്തിയില്ല. നശിപ്പിക്കുന്ന വിധത്തിലുള്ള ഒരു നടപടി നടത്തിക്കഴിഞ്ഞതിനുശേഷം വികസനപരമായിട്ടുള്ള പ്രവർത്തനമാണ് നടത്തിയത് എന്നുള്ള വിധത്തിലാണ് പറഞ്ഞിരിക്കുന്നത്. ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ. ശമ്പളം കൊടുത്തു നേരാണ്. ശമ്പളം കൊടുക്കാൻ നേരത്തെ തീരുമാനിച്ചു. എൻ.ജി.ഒ. യൂണിയൻ ആവശ്യപ്പെട്ടാൽ ശമ്പളം കൊടുക്കാതിരിക്കാൻ പറ്റുമോ? ശമ്പളം കൊടുത്തു. ശമ്പളം അല്ലാതെ മറ്റ് വിധത്തിലുള്ള ഒരു പ്രവർത്തനവും ചെയ്യാത്ത ഒരു സർക്കാരാണ് ഇത്. അദ്ദേഹം പറഞ്ഞത് എന്താണ്? ഇത് വന്നതുകൊണ്ടുണ്ടായ നേട്ടം, സംസ്ഥാനം പ്ലാൻ നടപ്പിലാക്കി, ബഡ്ജറ്റിന്റെ കമ്മി കുറച്ചു എന്ന്. എങ്ങനെ കമ്മി കുറച്ചു എന്നാണ്? ഏതുവിധത്തിലാണ് കുറച്ചത് ? 3 കൊല്ലം തുടർച്ചയായി പണം ചെലവാക്കാതെ വന്നതിന്റെ ഫലമായി കുറെ പണം കിട്ടി. അല്ലാതെ വേറൊന്നുമല്ലല്ലോ. പണം കിട്ടിയത് ചെലവാക്കിയില്ല. ആ ചെലവാക്കാതെ വന്നതിന്റെ പേരിലുള്ള കമ്മി. ഇപ്പോൾ അദ്ദേഹം തന്നെ പറഞ്ഞത് എന്താണ്? റവന്യൂ ചെലവ് ഐറ്റത്തിലാണ് പഞ്ചായത്ത് ചെലവ്. റവന്യൂ ചെലവ് പ്രതീക്ഷിച്ചിരുന്നത് 11686. ചെലവായതോ ? 11218. കഴിഞ്ഞ കൊല്ലം മാത്രം ചെലവായില്ല. അദ്ദേഹം തന്നെ പറഞ്ഞു പഞ്ചായത്തിന്റെ ചെലവും റവന്യൂവിന്റെ ചെലവിലാണ് എഴുതിയിരിക്കുന്നത് എന്ന്. ബഡ്ജറ്റിൽ എഴുതിയിരിക്കുന്നത് റവന്യൂ ചെലവുകളാണ്. വികസനപരമായിട്ടുള്ള പ്ലാനിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ, മറ്റ് വിധത്തിൽ ചെലവാക്കിയില്ല എന്നുള്ളതാണ് വസ്തുത. രണ്ട്, അത് ഒരു വിദഗ്ധമായ സാമ്പത്തിക മാനേജുമെന്റ് അല്ല. ആർക്കും ചെയ്യാം. ഒരു കടയിലിരുന്നു കണക്കു കൂട്ടുന്നവനും ചെയ്യാം. ആ വിധത്തിൽ സാമ്പത്തികമായ, വിദഗ്ധമായ മാനേജുമെന്റ് എന്ന് ഇതിനെ കണക്കാക്കാൻ പറ്റില്ല. പിന്നെ, ഞാൻ അദ്ദേഹത്തോടൊപ്പം അനുകൂലിക്കുന്നു. കേന്ദ്രത്തിന്റെ വിഹിതം നമുക്ക് തരാൻ ഉണ്ടായിരുന്നത് 2117 കോടി രൂപയാണ്. കിട്ടിയത് 1586. ഞങ്ങളെല്ലാം ഇദ്ദേഹത്തിന്റെ കൂടേയും ഈ സംസ്ഥാനത്തിലെ ജനങ്ങൾക്കുവേണ്ടിയും മുഴുവൻ തുകയും കിട്ടണമെന്ന് ആവശ്യപ്പെടാം. പക്ഷെ ഒരു വിശദീകരണം ആവശ്യമാണ്. കാരണം എന്താണ്? 1586 കോടിയായി കുറഞ്ഞതുകൊണ്ട് സംസ്ഥാനത്തിന്റേതായിട്ടുള്ള പണം കൊടുക്കാനും അത്ര മതി. 1586 കോടിയായി കുറഞ്ഞു എന്നാണ് പറയുന്നത്. ഏതാണ്ട് 531 കോടി രൂപ കുറവാണ്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് എനിക്കു പറയാനുള്ളത് ഈ വിഹിതം കുറയ്ക്കാനുള്ള കാരണം നമ്മുടെ വരുമാനത്തിന്റെ കുറവാണോ എന്ന് അറിയിക്കണം. സാധാരണ ഒരു പ്ലാൻ വന്നാൽ മൊത്തം പ്ലാൻ കേന്ദ്രം പലപ്പോഴും കുറച്ചിട്ടുണ്ട്. കുറയ്ക്കാതിരുന്നിട്ടില്ല. കാരണം എന്താണ്? സ്റ്റേറ്റിന്റെ കോൺട്രിബ്യൂഷൻ കൊടുക്കാനുള്ളത് ഇല്ലാതെ വന്നാൽ കുറയ്ക്കും. കുറഞ്ഞത് ആ വിധത്തിലാണോ എന്നും അറിയേണ്ടിയിരിക്കുന്നു. അതാണ് എനിക്ക് അറിയാനുള്ളത്. സ്റ്റേറ്റിന്റെ വിഹിതം കൊടുക്കാതെ വന്നാൽ നമുക്കാർക്കും സാധിക്കാൻ പറ്റില്ല. പണം പിരിക്കാതെ വന്നു. പണം പിരിക്കണ്ടേ? പിരിക്കേണ്ട പണം പിരിക്കണം. കൊടുക്കേണ്ടത് കൊടുക്കാനുള്ള നടപടികൾ വരണം. പിന്നെ, ഇദ്ദേഹം ഒരു വളർച്ചാ നിരക്കിനെപ്പറ്റി ഒരു കഥ പറഞ്ഞിരിക്കുന്നു. ഇതിൽ 18.3 ശതമാനമാണ് വില നിലവാരത്തിലുള്ള വളർച്ചാ നിരക്ക്, സാധനങ്ങൾക്ക് വില കൂട്ടിയതു കൊണ്ടാണോ? നമ്മൾ ഉപയോഗിക്കേണ്ട സാധാനങ്ങൾ ഉൾപ്പെടെ വന്നാൽ എങ്ങനെ വളർച്ചാ നിരക്ക് കൂടും? റിസർവ് ബാങ്കിന്റെ കണക്കു വച്ചാണ് പറയുന്നത്. അതേസമയം ഇവിടെനിന്നും ഡിസ്ട്രിബ്യൂട്ട് ചെയ്തതിൽ, ഇതിൽ സെക്കൂറൽ ഡിസ്ട്രിബ്യൂഷൻ ഓഫ് സ്റ്റേറ്റ് ഇൻകം എന്നുപറഞ്ഞത് ഒരു കണക്ക് പറഞ്ഞിട്ടുണ്ട്. The contribution of primary sector to net state domestic product at constant prices declined marginelly from 27.38 percent in 1997-98 to 26.95 percent in 1998-99. The share of secondary sector remained at around 21 percent while that of tertiary sector increased marginally..... ഇതാണ് പറഞ്ഞിരിക്കുന്നത്. ഇതെല്ലാം വിട്ടു. സാധാരണ എക്കണോമിക്സ് റിവ്യൂ ഒക്കെ വിട്ട്, റിസർവ് ബാങ്കിന്റെ കണക്ക് ഞാൻ തർക്കിക്കുകയല്ല. ഇതിന് ഒരു വിശദീകരണം ആവശ്യമാണ്. ഈ ഗവൺമെന്റ് വന്ന കാലം മുതൽ വന്നു കഴിഞ്ഞതിനു ശേഷം ഉണ്ടായ സംഭവവികാസം ചെറിയ നിസ്സാരകാര്യം പോലും ചെയ്തില്ല. പഞ്ചായത്തിന്റെ ഡീസെൻട്രലൈസേഷൻ വന്നു. 3 കൊല്ലം കഴിഞ്ഞു. ആവശ്യത്തിന് ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല. പിന്നെ എങ്ങനെയാണ്. അതിൽ എൻ. ജി. ഒ. യൂണിയൻ എതിർപ്പ് പ്രകടിപ്പിച്ചു. ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല. ഞാൻ ഒരൊറ്റ കാര്യം പറയാം. എന്റെ നിയോജകമണ്ഡലത്തിൽ അന്ധകാരനഴി എന്നു പറഞ്ഞുകൊണ്ട്.....കൃഷി ഡെവലപ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനുവേണ്ടിയുള്ള ഷട്ടർ ഉണ്ടായിരിക്കുന്നതാണ്. ആ ഷട്ടർ തല്ലിപ്പൊട്ടിച്ചിട്ടിരിക്കുന്നു. ഞാൻ ഹൈക്കോടതിയിൽ പോയി. ഒക്ടോബർ 15-നു മുൻപ് അടയ്ക്കണമെന്ന് കോടതി പറഞ്ഞു. ഇതുവരേയും അടച്ചിട്ടില്ല. ജനകീയ കമ്മിറ്റിക്ക് കൊടുത്തിരിക്കുകയാണ് ഇപ്പോൾ. പിന്നെ എങ്ങനെ കൃഷി ഉണ്ടാകാനാണ്. നെല്ലുൽപ്പാദനം. 1968-ൽ ഞാൻ അന്ന് സിവിൽ സപ്ലൈസ് മന്ത്രിയാണ്. കേരളത്തിൽ അന്നത്തെ നെല്ലുൽപ്പാദനം 12 ലക്ഷം ടൺ അരിയായിരുന്നു. ഇന്ന് 5 ലക്ഷം ടൺ ആയിട്ടു കുറഞ്ഞു. എന്നിട്ടും പറയുന്നത് എന്താണ്? ഞങ്ങൾ 20 ലക്ഷം ടൺ ആക്കാൻ പോകുന്നു എന്ന്. പ്രസംഗം ഒരുപാടും പ്രവൃത്തി കുറവും, ഇതാണ് ഈ സർക്കാരിന്റേത്. മറ്റ് രംഗങ്ങളെപ്പറ്റി പറയാം. വ്യവസായ രംഗത്ത് ഇപ്പോൾ എന്തൊരു ബുദ്ധിമുട്ടാണ്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം സമുദ്രോൽപന്ന രംഗത്ത് ഒന്നേകാൽ ലക്ഷം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. ഇന്ന് അവർ പണിമുടക്കാൻ പോകുന്നു എന്ന് ഒരു നോട്ടീസ് കൊടുത്തിരിക്കുന്നു. അവർ പണിമുടക്കാൻ പോകുന്നു എന്ന് വാർത്ത ഞാൻ പത്രത്തിൽ കണ്ടു. ഇതിന്റെ വളർച്ചാ നിരക്കും ബാക്കിയുള്ളതുമൊക്കെ വന്നാൽ വ്യവസായത്തിൽ ഇന്ത്യക്ക് ആകെ 5000 കോടി രൂപ വരുമാനം ഉണ്ടാകുന്നു. ഈ വ്യവസായത്തിന് വന്നിട്ടുള്ള ഒരു പ്രശ്നമുണ്ട്. ആ പ്രശ്നം ഇന്നും ഇന്നലേയും ഉള്ളതല്ല. ഒരു മൂന്നുനാലു കൊല്ലമായി തുടങ്ങിയിട്ട് അവരുടേതായിട്ടുള്ള വെൽഫയർ ഫണ്ടുണ്ട്. മറ്റു കാര്യങ്ങളുണ്ട്. മുഴുവൻ എക്സ്പോർട്ടേഴ്സും ഇന്ന് കടത്തിലാണ്. ഇത് അന്വേഷിക്കേണ്ടേ? അന്വേഷിക്കാൻ ഒരു കമ്മീഷനെ വച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് തന്നു. രാജ്യത്തിന്റെ താൽപ്പര്യമല്ലേ? ഭരണം മുറപോലെ നടക്കുകയാണ്. സാധാരണ അങ്ങനെയാണ്. ഭരിക്കാൻ ഒരു മന്ത്രി വന്നു. വാഗ്ദാനങ്ങളും ബാക്കിയുള്ളതുമൊക്കെ പ്രകടനപത്രികയിൽ ഉണ്ടാകും. ബഡ്ജറ്റ് എമൗണ്ട് വരും. മന്ത്രിയുടെ ചുമതല എന്താണ്? ബഡ്ജറ്റ് എമൗണ്ട് വാഗ്ദാനങ്ങളും തമ്മിൽ നോക്കി ജനങ്ങൾക്ക് എന്ത് ചെയ്യാമെന്ന് നോക്കുകയാണ് മന്ത്രി. എമൗണ്ടും അതുപോലെ ബഡ്ജറ്റ് പ്രൊപ്പോസലും പണവും വാഗ്ദാനവും എന്തു ചെയ്തു എന്നാണ് പറയുന്നത്. ഈ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ രംഗം തകർന്നു. ഇവരെ വിളിച്ചുകൂട്ടി ഒരിക്കൽ കോൺഫറൻസ് നടത്തി. മറ്റ് വിധത്തിലായി 3 കോടി രൂപ വാങ്ങി. വ്യവസായങ്ങൾ കുറേ അടച്ചുപൂട്ടാൻ പോകുന്നു. കുറേഎണ്ണം അടച്ചു. ആ വിധത്തിൽ എല്ലാം വ്യവസായം തകർന്നു. ഞാൻ ഇപ്പോൾ കേന്ദ്രത്തിനെ കുറ്റം പറയാൻ പോകുന്നില്ല. കേന്ദ്രത്തിന് കുറ്റം ഉണ്ട്. അത് പാർലമെന്റിന്റെ ബഡ്ജറ്റ് ചർച്ചയിൽ അവർ പറയട്ടെ. ഞാൻ ഇവിടുത്തെ ബഡ്ജറ്റിനെ കുറിച്ച് മാത്രമേ പറയുന്നുള്ളു. അതുകൊണ്ട് കേന്ദ്രത്തിന് കുറ്റമില്ല. കേന്ദ്രത്തിനെ പറഞ്ഞില്ല എന്നുള്ളതുവേണ്ട. ഇന്നത്തെ നിലയിൽ ഹാന്റ്ലൂം വ്യവസായം പരിപൂർണ്ണമായി ഉടച്ചുവാർക്കാതെ ശരിയാക്കുവാൻ

12 NOON] സാധിക്കുമോ? എത്രയോ കാലമായി, ഹാന്റെക്സ് എന്താണ്. ഹാന്റെക്സ് കൂടുതൽ ഷോറുമുകളുണ്ടാക്കുന്നു. സൊസൈറ്റികളിൽ നിന്ന് വാങ്ങുന്നതിന്..... അവർക്ക് കാശു കൊടുക്കുകയില്ല. അവരെകൊണ്ട് വർക്ക് ചെയ്യിക്കുകയുമില്ല. വർത്തമാനമല്ലാതെ പുതിയതായിട്ടുള്ള ടെക്നോളജിയോ ബാക്കിയുള്ള കാര്യങ്ങളോ ഇല്ല. നാലു ബഡ്ജറ്റുകളിലും അത് ശരിയാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നുവെന്ന് പറഞ്ഞു. ഒന്നും ശരിയായിട്ടില്ല. മദിരാശിയിൽ നിന്നൊക്കെ സാധാനങ്ങൾ വാങ്ങിച്ചു ഇവിടെ വിൽക്കുന്നു. മദിരാശിയിൽ അവരുടെ കോ-ഓപ്ടെക്സിൽ കേരളത്തിലെ ജനങ്ങളുടെ അഭിരുചികൾക്കനുസരിച്ച് ഒരു സെക്ഷനുണ്ട്. അത് സാധനങ്ങൾ ഉത്പാദിപ്പിക്കുന്നതിന് വേണ്ടിയാണ്. കേരളക്കാർക്ക് ഇല്ല. മദിരാശിയിൽ കേരളത്തിലെ ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് ഹാന്റ്ലൂം സാധനങ്ങൾ ഉണ്ടാക്കാൻ അവർക്ക് ഒരു സെക്ഷനുണ്ട്. കശുവണ്ടിയുടെ കാര്യം എന്താണ്? മറ്റു കാര്യങ്ങളെന്താണ്? നമ്മുടെ നാട്ടിൽ പരമ്പരാഗത വ്യവസായങ്ങളൊക്കെ തകർന്നു. മത്സ്യവും വ്യവസായവും തകർന്ന് മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. തീരദേശം മുഴുവനും കഷ്ടത്തിലാണ്. ഇവർക്ക് റിലീഫ് കൊടുക്കേണ്ടതാണ്. ഞാനിന്നും ഓർക്കുന്നു. പണ്ടുകാലത്ത് അമ്പലപ്പുഴ ചേർത്തല താലൂക്കിൽ ഒരു പട്ടിണിയുണ്ടായി. അതുപോലുള്ള ഒരു പട്ടിണി നമ്മൾ അഭിമുഖീകരിക്കാൻ പോവുകയാണ്. അതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണത്തിന്റെ സവിശേഷത. കാർഷിക മേഖലയെക്കുറിച്ച് ധാരാളം പറയുന്നുണ്ട്. എന്താണ് ? നെല്ല് ഉൽപ്പാദിപ്പിച്ചു. നെൽ ഉൽപ്പാദനത്തെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. അതൊക്കെ ആളുകൾക്ക് അറിയാവുന്നതല്ലേ. തമ്മിൽ വഴക്ക്. ഇന്നത്തെ കൃഷി സംപ്രദായത്തിൽ മാറ്റം വരുത്തണം. നമ്മുടെ വിദ്യാഭ്യാസ രംഗത്തിൽ വലിയ മാറ്റമാണ്. 10-ാം ക്ലാസ് പാസ്സായാൽ തുമ്പ എടുക്കുമോ? 10-ാം ക്ലാസുവരെ പഠിക്കുന്നില്ലേ. തുമ്പയെടുക്കാൻ പറ്റുകയില്ല. മറ്റുവിധത്തിൽ പറ്റുകയില്ല. പിന്നെ വീടു പോറ്റണമെന്നു വിചാരിക്കുന്ന പെണ്ണുങ്ങൾ കൊയ്യാൻ പോവുകയാണ്. സ്ത്രീകൾക്ക് വീടു പോറ്റണമല്ലോ. കുട്ടികൾ പട്ടിണിയാകണ്ടല്ലോ എന്നു വിചാരിച്ച് അറിയില്ലായെങ്കിലും കൈമുറിച്ചും കൊയ്യാൻ പോകുന്നു. കൃഷിക്കാരൻ കൊയ്യുമോ? ഞാൻ ഒരു ചെറിയ കൃഷിക്കാരിയാണ്. ആരെങ്കിലും സമരം ചെയ്യാൻ എന്റെ നിലത്തേയ്ക്കു കയറണ്ട എന്നു വിചാരിച്ച് കൃഷി ചെയ്യുകയാണ്. അല്ലാതെ ലാഭമോ ബാക്കിയുള്ളതോ നോക്കിയില്ല. കൃഷിരംഗം അതാണ്. നെല്ലുൽപ്പാദനം നശിച്ചു. തെങ്ങ്കൃഷി നശിച്ചു. ഞാൻ ചെറിയ ഒരു കണക്കുപറയാം. 1987-ൽ 6,000 നാളികേരം കിട്ടുന്ന സ്ഥലത്ത് ഇപ്പോൾ കിട്ടുന്നത് 2000-ത്തിനു താഴെയാണ്. അതു മാത്രം മനസ്സിലാക്കിയാൽ മതി. ഞാൻ അതിന്റെ വിശദമായ കണക്കുതരാൻ തയ്യാറാണ്. നാളികേര കൃഷി നശിച്ചു. റബ്ബറിനു വിലയില്ലാതായി. കുരുമുളകിന് ഫ്ളക്ചുവേഷൻ. ഏതു രംഗമാണ് അഭിവൃത്തിയുള്ളത്. ഏതു രംഗമാണ് നന്നായി വന്നത്. അഭിമാനമുണ്ടെന്നു പറയുന്നത് ഏതു രംഗത്തിനാണ്. നമുക്ക് പറയാവുന്നത് വിദ്യാഭ്യാസവും ആരോഗ്യവുമായിരുന്നു. ഇന്ന് അതൊക്കെ നാമാവശേഷമായി. കൈക്കൂലിയുടേയും അഴിമതിയുടെയും രംഗമായി മാറിയിരിക്കുകയാണ്. ആളുകൾ വലിച്ചെറിഞ്ഞ് കൊടുത്തിരിക്കുകയല്ലേ കാശു വാങ്ങിച്ചുകൊള്ളാൻ. കുട്ടികളുടെ അഡ്മിഷനുവരെ കാശുവാങ്ങുകയാണ്. ഞാനൊക്കെ രാഷ്ട്രീയത്തിലേയ്ക്ക് കടക്കുന്നതിനുമുൻപ് ഇവിടെ 4-ാം ക്ലാസുവരെ ദേശസാൽക്കരണമെന്ന് സർ സി.പി. പറഞ്ഞിരുന്നു. അന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ഭിന്നിപ്പുണ്ടാക്കാനാണെന്നു പറഞ്ഞ് ഞാനൊക്കെ എതിർത്തതാണ്. ഇന്നത്തെ സ്ഥിതി എന്താണ് ? ഇവിടെ ഡോക്ടർമാരും ബാക്കിയുള്ളവരും സമരമിരിക്കുകയാണ്. മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിലെ ലക്ചറർമാരുടെ ശമ്പളം ക്ലാസ്-4 ജീവനക്കാരുടെ ശമ്പളത്തേക്കാൾ കുറവാണ്. നോക്കിയിട്ടുണ്ടോ? അഡ്മിഷൻ വേണമെങ്കിൽ 50 ലക്ഷം രൂപ കൊടുക്കണം. ഇവിടെ അഞ്ചൊന്നുമല്ല. ശ്രീ. നായനാരുടെ മക്കളെ മദ്രാസിൽ വിട്ട് പഠിപ്പിക്കണമെങ്കിൽ അഡ്മിഷന് 50 ലക്ഷം രൂപ കൊടുക്കണം. ഡോക്ടറാകണമെങ്കിൽ കൊടുക്കണം. അതാണ് ഇന്നു വന്നിരിക്കുന്നത്. പഠിച്ചുവന്നാൽ കിട്ടുന്ന ശമ്പളം ബേസിക് പേ 2,000-ൽ തുടങ്ങും. അസിസ്റ്റന്റ് പ്രൊഫസറായാൽ 3,000 രൂപ ശമ്പളം കിട്ടും. അവർ കൈക്കൂലി വാങ്ങും. വാങ്ങാതിരിക്കുമോ? തിരിഞ്ഞു നോക്കിയിട്ടുണ്ടോ? ചെറിയ ചെറിയ നിസ്സാര പ്രശ്നങ്ങൾ 1987-ൽ ഞാനും ഷൺമുഖദാസും കൂടി ആലോചിച്ചതാണ് 50 കിടക്കകളുള്ള ഒരു വാർഡ് പണിയുന്ന കാര്യം. അത് പ്രാവർത്തികമാക്കാൻ രണ്ടു നഴ്സുമാരെ നിയമിച്ചാൽ മതിയാകും. അത് ഇന്നുവരെ നിയമിച്ചിട്ടില്ല. അടച്ചിട്ടിരിക്കുന്നു. ഈ ഗവൺമെന്റ് ചെയ്യാനുള്ള തൊഴിൽ ചെയ്യുന്നില്ല. അതാണ് ആരോപണം. വീക്ഷണവും ബാക്കിയുള്ളതും പഴയതൊന്നുമല്ല. ഇപ്പോഴും അടിസ്ഥാന വർഗ്ഗത്തിന്റെ കാര്യം പറയും. ഞാൻ പ്രസംഗിക്കുമ്പോൾ വല്ലതും പറയുമെന്ന് പേടിച്ച് ശ്രീ. കണാരൻ ഇറങ്ങിപ്പോയി. ഈ നാട്ടിൽ അടിസ്ഥാന വർഗ്ഗമെന്നു പറയുന്ന ദളിത് വിഭാഗം, പട്ടികജാതി പട്ടികവർഗ്ഗക്കാർ ഇവരുടെ പ്രശ്നം എന്താണ്? വനഭൂമിയുടെ കാര്യം പറഞ്ഞു. കാർഷിക പരിഷ്ക്കരണ പ്രകാരം വിതരണം ചെയ്യേണ്ടതായിരുന്ന മിച്ചഭൂമി വിതരണം ചെയ്യുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും 25 ശതമാനത്തിൽ കുറയാതെ ഹരിജനങ്ങൾക്കും മിച്ചഭൂമി വിതരണം ചെയ്യണമെന്ന് നിയമം എഴുതി വച്ചിരിക്കുന്നത് തടുത്തുകൊണ്ട് ആ നിയമം കൈമാറ്റം ചെയ്ത ഭൂമിയൊന്നും തിരിച്ചെടുക്കാൻ പാടില്ലായെന്ന് പഴയകാലത്ത് 1957-ൽ ഒരു stay of eviction act വന്നു. ആളുകളെല്ലാം പറയുന്നത് അന്നത്തെ വിളംബരമെന്നാണ്. വീടില്ലാത്തവർ കുറിച്ചിയിൽ 100 പേരുണ്ടായിരുന്നു. ഇപ്പോൾ 400 പാവപ്പെട്ടവർക്ക് പിന്നോക്കക്കാർക്ക് പിന്നോക്കക്കാരെന്നു പറഞ്ഞാൽ ഞങ്ങളെല്ലാം പിന്നോക്കക്കാരാണ്. പിന്നോക്ക ദളിത് വിഭാഗങ്ങൾക്ക് ഭരണഘടന കൊടുത്തിരിക്കുന്ന ആനുകൂല്യം കൊടുക്കണം. പ്രളയകാലം വരെയല്ല. അവർക്കു കിട്ടാനുള്ള ആനുകൂല്യങ്ങൾ കിട്ടിയെന്ന് ഒരു ഡിറ്റെൽഡ് സർവേ നടത്തി ബോധ്യം വരുന്ന കാലംവരെ ആനുകൂല്യം നൽകണം. കഴിഞ്ഞ പ്രാവശ്യം മന്ത്രി ശ്രീ. രാധാകൃഷ്ണനോട് ഞാൻ ഒരു ചോദ്യം ചോദിച്ചു. മണ്ഡൽ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട സ്കീമുകൾക്ക് ആവശ്യമായ പണം അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കണം. ഡോക്ടർമാർക്കും ഐ.എ.എസുകാർക്കും ഉന്നത പരീക്ഷയ്ക്ക് അപ്പിയർ ചെയ്യാൻ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫ്രീയായിട്ട് പിന്നോക്കക്കാർക്ക് വേണ്ടി ചെയ്താൽ 50% കേന്ദ്രം തരാം. ബഡ്ജറ്റിൽ കൊടുക്കുമെന്ന് പറഞ്ഞു, കണ്ടില്ല. അത് അത്യാവശ്യമാണ്. ക്ലാസ് വൺ, ക്ലാസ് ടൂ-ൽ എത്ര പേരുണ്ടെന്നാണ് പറയുന്നത്. അത് കൊടുത്തില്ല. സ്ക്കോളർഷിപ്പ് കൊടുക്കാമെന്ന് പറഞ്ഞു. മുസ്ലീം, നാടാർ, ദളിത് വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ക്കോളർഷിപ്പ് അടിയന്തിരമായി നൽകണം. ഞാൻ ഈ പറയുന്നത് പാവപ്പെട്ട ദരിദ്ര പിന്നോക്ക വിഭാഗങ്ങൾ അടിസ്ഥാനം കൂടുതൽ നോക്കുകയാണെങ്കിൽ ഇന്നും പാവപ്പെട്ടവർ ഒരു 50, 60, 70% ആളുകൾ ഈ വിഭാഗത്തിൽപ്പെട്ടവരാണ്. ആ പാവപ്പെട്ടവർ ഒരു ജാതിരഹിത സമൂഹം ഈ രാജ്യത്ത് ഉണ്ടാകുകയാണെങ്കിൽ ഇന്ന് നിങ്ങൾക്കുള്ളതായിട്ടുള്ള ജാതികൾ തമ്മിലുള്ള വേർതിരിവും, അതിന് കാരണമായിരിക്കുന്ന സംഗതികളും മാറ്റാതെ പറ്റുകയില്ല. ഈ ബഡ്ജറ്റ് പരാജയമാണ്. കഴിഞ്ഞ നാലു കൊല്ലത്തെ ഈ ഗവൺമെന്റിന്റേതായിട്ടുള്ള പ്രവർത്തനം പരാജയമാണ്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന പല സംഗതികളും വരാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പോ ഇനി അതും കഴിഞ്ഞ് വരാൻ പോകുന്ന സ്റ്റേറ്റ് തെരഞ്ഞെടുപ്പോ ഉന്നം വച്ചുകൊണ്ടാണ്. പുറത്തൊന്ന് ഇറങ്ങി നോക്കുക, ജനങ്ങളുടെ പ്രതികരണം. അതാണ് എനിക്ക് മനസ്സിലാക്കാനുള്ളത്. ആ വിധത്തിൽ ഈ ഗവൺമെന്റിന്റെ ഈ ബഡ്ജറ്റിനെ ശക്തിയായി ഞാൻ എതിർക്കുന്നു. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. സ്വാതന്ത്ര്യാനന്തരമുള്ള കാലഘട്ടത്തിൽ ഇന്ത്യയുടെ ഭരണസാരഥ്യം കൈയ്യാളിയ ഭരണദുരന്തത്തിന്റെ പരിണിത ഫലങ്ങൾ അനുഭവിക്കുന്ന ജനത അതിൽ നിന്നും മോചനത്തിന് വേണ്ടി, സ്വരക്ഷയ്ക്ക് വേണ്ടി ജീവൻ മരണ പോരാട്ടത്തിലാണ്. എന്നാൽ ഇടിവെട്ടിയവനെ പാമ്പ് കടിച്ചതുപോലെ പിന്നീട് വന്ന ബി.ജെ.പി. സർക്കാർ ഇന്ത്യൻ ജനതയെ ക്രൂരമായി പീഡിപ്പിക്കുക എന്ന് മാത്രമല്ല വൈദേശിക കുത്തകകൾക്ക് എറിഞ്ഞ് കൊടുക്കുന്ന ദയനീയ അവസ്ഥയാണ് നമ്മുടെ മുമ്പിൽ ഉള്ളത്. മഹാഭൂരിപക്ഷം ഇല്ലായ്മക്കാരായ ഈ രാജ്യത്ത് അവരെ പരിഗണിക്കാതെ കഴിയുന്ന 15%-ന് വേണ്ടി കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുകയുണ്ടായി. അതിൽ നിന്നും വ്യത്യസ്ഥമായി ഇല്ലായ്മക്കാരെ കണ്ടുകൊണ്ട് കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കുള്ളിൽ അവതരിപ്പിച്ച മനുഷ്യത്വമുഖമുള്ള ബഡ്ജറ്റ് ആണ് ഇത്. അതിന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. സാർ, ലോകം മുഴുവൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. വികസിത രാജ്യങ്ങൾ പോലും സാമ്പത്തിക പ്രതിസന്ധിയിലാണ് എന്ന് പറയുമ്പോൾ അതിന് ,വഴിയൊരുക്കിയത് പുതിയ സാമ്പത്തിക നയങ്ങളാണ് എന്നുള്ള കാര്യത്തിൽ തർക്കമില്ലാത്ത സംഗതിയാണ്. നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. മൂന്നാം ലോകമഹാ രാജ്യമായ ഇന്ത്യാ രാജ്യത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായും വളരെ അധികം പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന രാജ്യമാണ് നമ്മുടെ രാജ്യം. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനങ്ങളുടെ അവസ്ഥ എടുത്ത് പരിശോധിച്ചാൽ വളരെയധികം സാമ്പത്തിക പ്രയാസങ്ങൾ നേരിടുകയാണ് ഇന്ത്യാ മഹാരാജ്യത്തെ ഓരോ സംസ്ഥാനങ്ങളും. നമുക്കറിയാം വിവിധ സംസ്ഥാന സർക്കാരുകളെ എടുത്ത് പരിശോധിക്കുമ്പോൾ അവിടെ സംസ്ഥാന ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടില്ലാ എന്ന് മാത്രമല്ല നിലവിൽ ശമ്പളം പോലും കൊടുത്ത സാഹചര്യമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : സർ, അങ്ങ് പറഞ്ഞത് വളരെ ശരിയായ ഒരു വിഷയമാണ്. ഈ കഴിഞ്ഞ ഫെബ്രുവരി 14-ന് ഇന്ത്യാ ടുഡേ വളരെ വിശദമായ അത്തരം ഒരു കാര്യം സൂചിപ്പിച്ചു. അതിൽ പറയുകയാണ്, "In Punjab, India's richest State, the salaries of 5,000 officials including the Chief Secretary were held up for a week. Recently, when a Civil Court sealed the State Treasury following a payment default..." അങ്ങ് പറഞ്ഞത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്.

ശ്രീ. പി. എസ്. സുപാൽ : സർ, അതാണ് ഞാൻ പറഞ്ഞത് പല സംസ്ഥാന സർക്കാരുകളും സർക്കാർ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടില്ലാ എന്ന് മാത്രമല്ല, നിലവിൽ സർക്കാർ ജീവനക്കാർക്ക് രണ്ടും, മൂന്നും മാസത്തെ ശമ്പളം കൊടുക്കുവാനുള്ള സാഹചര്യം ഉള്ളപ്പോഴാണ് ഈ കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കുള്ളിൽ നിന്നുകൊണ്ട് കേരളസർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടത്തിയത്. അതുപോലെ തന്നെ നമ്മുടെ കേന്ദ്ര വിഹിതത്തെ സംബന്ധിച്ചിടത്തോളം ഏതാണ്ട് 531 കോടി രൂപയുടെ വെട്ടിച്ചുരുക്കൽ ഉണ്ടായ അവസരത്തിലാണ് സംസ്ഥാന ഗവൺമെന്റ് ദുർബല ജനവിഭാഗങ്ങളെ പരിഗണിച്ചുകൊണ്ട് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കടുത്ത സാമ്പത്തിക നികുതിഭാരം അടിച്ചേല്പിക്കാതെ മനുഷ്യത്വമുഖമുള്ള ഒരു ബഡ്ജറ്റ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ശ്രീമതി കെ.ആർ. ഗൗരിഅമ്മ ഇവിടെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ എന്താണ് നടക്കുന്നത്,. ഏതെങ്കിലും വിധത്തിൽ വികസനം ഉണ്ടോ എന്ന്. സാർ, ഉറങ്ങുന്നവരെ ഉണർത്തണം, ഉറക്കം നടിക്കുന്നവരെ ഒരു കാരണവശാലും ഉണർത്താൻ കഴിയുകയില്ല. സർ, കേരളത്തിൽ അധികാരത്തിൽ ഇരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നാലാം വാർഷികം ആഘോഷിക്കുവാൻ പോകുകയാണ്. ഈ മുന്നണി, തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന അവസരത്തിൽ പ്രകടന പത്രിക ഇറക്കിക്കൊണ്ട് ഞങ്ങൾ ഇന്ന ഇന്ന കാര്യങ്ങൾ നടപ്പാക്കും എന്ന് പറഞ്ഞെങ്കിൽ, ആ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിൽ ശ്രദ്ധിക്കുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന് ഈ ഗവൺമെന്റിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾകൊണ്ട് തെളിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണ രംഗത്ത്, ഭൂരഹിതരും, ഭവനരഹിതരുമായിട്ടുള്ള ആളുകളെ മുഴുവൻ ഘട്ടം ഘട്ടമായി അവർക്ക് താമസസൗകര്യം ഏർപ്പെടുത്തുക എന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം കണക്കുകൾ പരിശോധിച്ചാൽ ഇതുവരെ ഹൗസിംഗ് ബോർഡ് വഴി രണ്ട് ലക്ഷത്തോളം വീടുകൾ കൊടുത്തിട്ടുണ്ട്. നിങ്ങൾ ഒരു കാര്യം പരിശോധിക്കേണ്ടത്, നിങ്ങൾ അധികാരത്തിൽ ഇരിക്കുന്ന അവസരത്തിൽ അഞ്ച് വർഷം കൊണ്ട് ഹൗസിംഗ് ബോർഡ് വഴി കൊടുത്ത വീടുകളുടെ എണ്ണം അത് കേട്ടാൽ നിങ്ങൾക്ക്പോലും ഒരുപക്ഷേ നാണക്കേടുണ്ടാകും. യു.ഡി.എഫ്-ന്റെ ഭരണം ഇവിടെ ഉള്ള അവസരത്തിൽ ഹൗസിംഗ് ബോർഡ് വഴി കൊടുത്തത് 8,500 വീടുകൾ മാത്രം. LDF ഗവൺമെന്റ് രണ്ടു ലക്ഷത്തോളം വീടുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കൊടുത്തിരിക്കുന്നു. ഹഡ്കോയുടെ അവാർഡ് നമ്മുടെ സംസ്ഥാന ഹൗസിംഗ് ബോർഡിന് ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള അംഗീകാരമായി കൊടുത്തിരിക്കുന്നു. സാർ, അതുപോലെ തന്നെ ഇനിയുള്ള അപേക്ഷകളെല്ലാം പരിഗണിക്കാൻ കഴിയുന്ന തരത്തിൽ 30 കോടി രൂപ ഈ ബഡ്ജറ്റിൽ ഹൗസിംഗ് ബോർഡ് വഴി വീടുകൾ നൽകുന്നതിന് വേണ്ടി വകയിരുത്തി എന്ന് പറയുമ്പോൾ വീടില്ലാത്തവരെ, ഭവനരഹിതരായിട്ടുള്ള ആളുകളെ സംരക്ഷിക്കുവാൻ, ഈ ഗവൺമെന്റിന്റെ ആത്മാർത്ഥമായിട്ടുള്ള പരിശ്രമങ്ങളെ നിങ്ങൾ അംഗീകരിക്കുകയല്ലേ വേണ്ടത്. അതുപോലെ തന്നെ നമ്മുടെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട പ്രശ്നം ഇവിടെ പറഞ്ഞതാണ്. ഞാൻ അത് ആവർത്തിക്കുന്നില്ല. നിങ്ങൾ പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ നിങ്ങൾക്ക് ഒരു ആത്മപരിശോധന നടത്താൻ വേണ്ടിമാത്രം പറയുകയാണ്. നിങ്ങൾ ഭരിക്കുന്ന അവസരത്തിൽ 17 മെഗാവാട്ട് വൈദ്യുതിയാണ് ആകെ ഉൽപ്പാദിപ്പിച്ചത്. നിങ്ങൾ പ്രസ്താവനായുദ്ധമായിരുന്നു, നിങ്ങൾക്ക് ഗ്രൂപ്പ് കളിയായിരുന്നു. തമ്മിലടിയായിരുന്നു, നിങ്ങൾക്ക് ഇതിനൊന്നും സമയമില്ലായിരുന്നു. 17 മെഗാവാട്ട് വൈദ്യുതി മാത്രമായിരുന്നു നിങ്ങളുടെ കാലയളവിൽ ഉൽപ്പാദിപ്പിച്ചതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഇതുവരെ പരിശോധിക്കുകയാണെങ്കിൽ 850-ാം ഓളം മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. ഇത് നേട്ടമല്ലേ ? ശ്രീമതി കെ.ആർ. ഗൗരി അമ്മയ്ക്ക് ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടോ? എന്ത് മാറ്റമാണ് ഉണ്ടായതെന്നാണ് ചോദിച്ചത്? മാറ്റങ്ങളുടെ കാര്യമാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ മേഖലകളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ ഉണ്ടായ മാറ്റങ്ങളെ സംബന്ധിച്ച് ഒരു താരതമ്യ വിശകലനം മാത്രമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. അതുപോലെ തന്നെ പൊതുവിതരണ സംപ്രദായത്തിലും. നമ്മൾ ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന നമ്മുടെ പൊതുവിതരണ സംപ്രദായത്തിന്റെ കാര്യം സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. പൊതു വിതരണ സംപ്രദായം ശക്തിപ്പെടുത്തുക എന്നുള്ളത് ഈ ഗവൺമെന്റിന്റെ മറ്റൊരു വാഗ്ദാനമായിരുന്നു. ആ വാഗ്ദാനം പാലിച്ചുകൊണ്ട് യു.ഡി.എഫ്. ന്റെ കാലത്ത് അടച്ചിട്ടിരുന്ന മാവേലി സ്റ്റോറുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം തുറന്ന് പ്രവർത്തിപ്പിച്ചു. നമ്മുടെ റേഷൻ കടകളുടെ പ്രവർത്തനം വളരെ സജീവമാക്കി. പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിച്ചു. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ എല്ലാംതന്നെ പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കും എന്നുള്ള നിലയ്ക്ക് നമ്മുടെ ബഹുമാന്യനായ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഈ സഭയ്ക്ക് തന്നെ ഉറപ്പുനൽകിയിരിക്കുകയാണ്. അതുപോലെതന്നെ 42% ആളുകൾക്ക്, 17% കൂടി അധികബാദ്ധ്യത ഏറ്റെടുത്തുകൊണ്ടായിരുന്നു 42% ആളുകൾക്ക് 10 കിലോ റേഷൻ പകുതി വിലയ്ക്ക് ഈ ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇന്നിപ്പോൾ നമുക്കറിയാം കേന്ദ്രമന്ത്രി, നമ്മുടെ ശ്രീ. ഒ. രാജഗോപാൽ, ബി.ജെ.പി.-യുടെ നേതാവായ ശ്രീ. ഒ. രാജഗോപാൽ, അദ്ദേഹത്തിന്റെ വകുപ്പ് തന്നെ കേരളമാണെന്ന് തോന്നുന്നു. അദ്ദേഹം ഇവിടെവന്ന് പ്രസ്താവന നടത്തുന്നു, ഡൽഹിയിൽ പോകുന്നു, വീണ്ടും വന്ന് പ്രസ്താവന നടത്തുന്നു. ഇപ്പോൾ മനുഷ്യനെപോലും

LIBRARY ARCHIVES Kerala Legislative Assembly

മറന്നുകൊണ്ട് അദ്ദേഹം പറഞ്ഞത് ഈ പത്രമാധ്യമങ്ങളിലൊക്കെ ഉണ്ട് ഈ സബ്സിഡി എന്ന് പറയുന്ന സംപ്രദായം അതുതന്നെ ഒരു കാലപ്പഴക്കം ചെന്ന ഒരു സംപ്രദായമാണ് എന്നുള്ള നിലയ്ക്കാണ്. റേഷൻ സംപ്രദായം എന്ന് പറയുന്നത് ഒരു ആവശ്യമില്ലാത്ത കാര്യമാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ നിന്നും തികച്ചും വ്യത്യസ്തമായിട്ടുള്ള സമീപനമല്ല നമ്മുടെ കോൺഗ്രസ്സിന്റെ സമീപനം എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. ബി.ജെ.പി. ഗവൺമെന്റ് ഈ സബ്സിഡി ഇല്ലാതാക്കുമ്പോൾ അതുപോലെ തന്നെ നമ്മുടെ രാജ്യത്തെ വിവിധ ജനവിഭാഗങ്ങളെ ദോഷകരമായി ബാധിക്കുന്ന നിരവധി കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ, ഉദാരവൽക്കരണ നടപടികളിലേയ്ക്ക് നീങ്ങുമ്പോൾ അത് അവർക്ക് നടത്തുവാൻ ധൈര്യം പകർന്ന സാഹചര്യം ഒരുക്കികൊടുത്തത് ഇവിടത്തെ കോൺഗ്രസ്സാണെന്ന് പറഞ്ഞാൽ നിങ്ങൾക്ക് നിഷേധിക്കുവാൻ കഴിയുമോ? ഇതിനെ സംബന്ധിച്ച് നിങ്ങൾ ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം കോൺഗ്രസ്സിന്റെ നേതാക്കന്മാർ ഇവിടെ പ്രസംഗിക്കുകയുണ്ടായി. കോൺഗ്രസ്സിന്റെ നയം ഇതാണ്. സബ്സിഡി ഏർപ്പെടുത്തണം, ഞങ്ങളുടെ നയം ഇതാണ് എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ ഒരു അഭിപ്രായം നിങ്ങൾ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ആരും പറഞ്ഞിട്ടില്ല. നിങ്ങളുടെ നേതാക്കന്മാരായിട്ടുള്ള ആളുകൾക്ക് ഈ കാര്യത്തിൽ ഏതെങ്കിലും അഭിപ്രായ സമന്വയമുണ്ടോ? ശ്രീ. സി.വി. പത്മരാജൻ, മുൻ കെ.പി.സി.സി. പ്രസിഡന്റും ധനകാര്യ മന്ത്രിയായിരുന്ന ആൾ അദ്ദേഹം ഒരു അഭിപ്രായം പറയുന്നു, റേഷൻ വേണ്ടായെന്ന്, ശ്രീ. ഉമ്മൻചാണ്ടി പറയുന്നു സബ്സിഡി വേണമെന്ന്. അതുപോലെ ശ്രീ. വയലാർ രവിക്ക് മറ്റൊരു അഭിപ്രായം. ശ്രീ. എ.കെ. ആന്റണി കോൺഗ്രസ്സിൽ ഉണ്ടായ പരാജയത്തെ സംബന്ധിച്ച് പരിശോധിച്ച് ഒരു റിപ്പോർട്ടുതന്നെ അവിടെ കൊടുത്തുവെങ്കിലും ആ റിപ്പോർട്ട് എവിടെയാണെന്ന് അദ്ദേഹത്തിനും അറിയില്ല. ആ റിപ്പോർട്ട് ചവറ്റുകുട്ടയിലേയ്ക്ക്പോയി എന്നുപറയുന്നതാണ് ശരി. അതിനു എന്ത് പ്രസക്തിയാണുള്ളത്? അതു അവിടെ അംഗീകരിക്കുമോ? ശ്രീ. എ.കെ. ആന്റണി ഏതു കാര്യം പറഞ്ഞാലും അതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് രാജി പ്രഖ്യാപിക്കുന്ന ആളാണ്. അതിനു നിരവധി ഉദാഹരണം നമ്മുടെ മുൻപിലുണ്ട്. വർക്കിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അതു പരിഗണിക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രതിഷേധിച്ചുകൊണ്ട് അങ്ങേയ്ക്ക് രാജിവച്ചുകൂടേ? എന്തുകൊണ്ട് രാജി വയ്ക്കുന്നില്ല. സാർ, വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വികസനം എന്നുപറഞ്ഞാൽ സമ്പത്ത് വർദ്ധിപ്പിക്കലാണ്. സമ്പത്ത് വർദ്ധിപ്പിക്കുക എന്നുപറഞ്ഞാൽ കാർഷിക- വ്യാവസായിക മേഖലയുടെ പുരോഗതിയാണ് നമ്മൾ പ്രധാനമായും ഉദ്ദേശിക്കുന്നത്. കേരളത്തിലെ വ്യവസായ രംഗത്തെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെ സമാധാനപരമായ അന്തരീക്ഷമുണ്ട്. കേരള വ്യവസായ പുനരുദ്ധാരണ നിധി രൂപീകരിച്ചുകൊണ്ട് വ്യവസായ മേഖലയെ രക്ഷിക്കുവാനുള്ള പരിശ്രമത്തിലാണ് ഈ ഗവൺമെന്റ്. പൊതുമേഖലയുമായും വ്യവസായ മേഖലയുമായും ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ നമ്മൾ കാണേണ്ട ചില യാഥാർത്ഥ്യങ്ങളുണ്ട്. പൊതുമേഖലയിൽ വളരെ കുറച്ച് ആളുകൾ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുക്കുന്നുള്ളൂ. കേന്ദ്ര പൊതുമേഖലയിൽ നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 20,000 ത്തോളം തൊഴിലാളികൾ മാത്രമാണുള്ളത്. സംസ്ഥാനത്ത് ഏതാണ്ട് രണ്ടുലക്ഷത്തോളം തൊഴിലാളികൾ മാത്രമാണുള്ളത്. അത് കശുവണ്ടിത്തൊഴിലാളികളടക്കമാണ്. സംസ്ഥാനത്തെ വ്യാവസായിക മേഖലയുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ അതിൽ ശക്തമായ ഒരു വിഭാഗം ഗ്രാമീണ വ്യാവസായിക മേഖലയിലും ഖാദി മേഖലയിലും ഉണ്ട്. ഖാദി വ്യവസായം തുടങ്ങിയ സമയം മുതൽ അതിനു സബ്സിഡി ഏർപ്പെടുത്തുന്ന ഒരു സമീപനമാണ് സ്വീകരിച്ചുവന്നിട്ടുള്ളത്. അതുകൊണ്ടാണ് ഖാദി മേഖല നിൽക്കുന്നത്. എന്നാൽ നികുതി ഏകീകരണത്തിന്റെ ഭാഗമായി നികുതി വർദ്ധിച്ച സാഹചര്യം ഉണ്ടായി. അതു ഒഴിവാക്കണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശം എന്നുള്ള നിലയിൽ പറയുവാനുള്ളത്. കാർഷികമേഖലയുമായി ബന്ധമുള്ള കാര്യങ്ങളെ സംബന്ധിച്ച് പലരും ഇവിടെ പരാമർശിക്കുകയുണ്ടായി. കാർഷികമേഖലയുടെ പുരോഗതിക്കുവേണ്ടി ഒട്ടേറെ സംഭാവനകൾ ചെയ്ത ഗവൺമെന്റല്ലേ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഞാൻ ഒരുപാട് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. നെൽക്കൃഷിക്കാർക്ക് ഏതാണ്ട് 250 രൂപ ഉൽപ്പാദന ബോണസ് ഉണ്ടായിരുന്നത് 350 രൂപയാക്കിയത് ഈ ഗവൺമെന്റാണ്. ഇരുപ്പുകൃഷി ചെയ്യുന്നവർക്ക് ഹെക്ടർ ഒന്നിനു ആയിരം രൂപ കൊടുക്കുവാൻ തീരുമാനിച്ചത് ഈ ഗവൺമെന്റാണ്. 5 ഹെക്ടർവരെയുള്ളവരെ കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കി. പച്ചക്കറി രംഗത്ത് സ്വയംപര്യാപ്തത ആർജ്ജിക്കുവാൻവേണ്ടി വിപുലമായ പദ്ധതിക്ക് തന്നെയാണ് ഈ ഗവൺമെന്റ് രൂപം നൽകിയിട്ടുള്ളത്. ഒരു ആരോപണം ഇവിടെ വന്നതുകൊണ്ട് പറയുകയാണ്. അതുപറയാതെ പോകുന്നത് ശരിയല്ല, ദുർബലവിഭാഗങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിച്ച ഒരു ഗവൺമെന്റല്ലേ ഇത്? ആലംബഹീനരും അശരണരുമായിട്ടുള്ള ആളുകൾക്കുവേണ്ടി പ്രവർത്തിച്ച ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. മത്സ്യത്തൊഴിലാളികൾക്ക് ധാരാളം ആനുകൂല്യങ്ങൾ നല്കിയിരിക്കുന്നു. അംഗൻവാടി ജീവനക്കാർക്ക് 100 രൂപവീതം ഓണറേറിയം വർദ്ധിപ്പിച്ചിരിക്കുന്നു. കർഷകത്തൊഴിലാളി പെൻഷൻ 20 രൂപ കണ്ട് വർദ്ധിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഭരിക്കുന്ന അവസരത്തിൽ 38 മാസക്കാലം കർഷകത്തൊഴിലാളികളടക്കമുള്ള വിഭാഗങ്ങൾക്ക് പെൻഷൻ കൊടുക്കുന്നതിൽ കാലതാമസം ഉണ്ടാക്കി എന്നുപറഞ്ഞാൽ ആ വിഭാഗങ്ങളോട് നിങ്ങളുടെ സമീപനം എന്തായിരുന്നു? ഈ ഗവൺമെന്റിനു ആ കാലയളവു ചുരുക്കികൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് എനിക്ക് പറയുവാനുള്ളത് വളരെ തുച്ഛമായി ലഭിക്കുന്ന ഈ സംഖ്യ അതാതു മാസങ്ങളിൽ അവർക്ക് കൊടുക്കുന്നതിനുവേണ്ടി ഒരു നിയമ സംവിധാനം ഉണ്ടാക്കുവാൻ തയ്യാറാകണമെന്നാണ്. സർ, അങ്ങ് അനുവദിക്കുകയാണെങ്കിൽ ഒരു കാര്യം കൂടി പറയാം, അത് സ്വാതന്ത്ര്യ സമരസേനാനികളുടെ കാര്യമാണ്. സ്വാതന്ത്ര്യസമര സേനാനികൾ അവരുടെ ആശ്രിതരടക്കം ഏതാണ്ട് മൂവായിരത്തോളംപേർ ഇപ്പോൾ പെൻഷൻ വാങ്ങുന്നവരാണ്. എനിക്ക് ഒരു കാര്യം സൂചിപ്പിക്കുവാനുള്ളത്, സംസ്ഥാന പെൻഷൻ ലഭിക്കുന്നവർക്ക് ചികിത്സാ സഹായം നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നേരത്തേ പ്രഖ്യാപിച്ചതാണ്. അതിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നം വളരെ പരിമിതമായ തുക മാത്രമേ ബഡ്ജറ്റിൽ ഉള്ളൂ. അവർക്ക് യഥാസമയം റീ-ഇംപേഴ്സ് ചെയ്യാൻ കഴിയുന്നില്ല എന്നുള്ള പ്രശ്നം ഉണ്ട്. സമയാസമയങ്ങളിൽ ബില്ല് കൊടുത്താൽ പണം ലഭിക്കുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം എന്നു അഭ്യർത്ഥിച്ചുകൊണ്ട് വളരെ മനുഷ്യത്വമുഖമുള്ള നമ്മുടെ സംസ്ഥാനത്തിന്റെ വികസനം ഉറപ്പുവരുത്തുന്ന ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി അനുമോദിച്ചുകൊണ്ട് ഞാൻ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. മൊയിൻകുട്ടി : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ രണ്ടു ദിവസങ്ങളായി അപ്പുറത്തുള്ള ബഹുമാന്യരായ സുഹൃത്തുക്കൾ ഈ ബഡ്ജറ്റിനെ പാടിപ്പുകഴ്ത്തിക്കൊണ്ടിരിക്കുകയാണ്. ആനന്ദലബ്ധിക്ക് ഇനി എന്തുവേണം എന്നുള്ള പരിസമാപ്തിയോടുകൂടിയാണ് പലരും ഈ ബഡ്ജറ്റ് പ്രസംഗത്തിന് പര്യവസാനം കുറിച്ചിട്ടുള്ളത്. ഈ സംസ്ഥാനത്തെ അസംഘടിതമായിട്ടുള്ള ജനങ്ങൾക്ക്, കർഷകർക്ക്, അടിച്ചമർത്തപ്പെട്ട ജനങ്ങൾക്ക് എന്ത് ആശ്വാസമാണ് പറയത്തക്കതായി ചൂണ്ടിക്കാണിക്കുവാൻ ഈ ഗവൺമെന്റ് നല്കിയിട്ടുള്ളത്? അഗതി പെൻഷൻ 10 രൂപ വർദ്ധിപ്പിച്ചു. അത് വലിയൊരു ആനക്കാര്യമായിട്ടാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. കർഷകത്തൊഴിലാളി പെൻഷൻ 20 രൂപ വർദ്ധിപ്പിച്ചു. ഒരു പരിപ്പുവടയും ഒരു ചായയും കഴിക്കുന്ന കൃഷ്, 10 രൂപ ഒരുമാസം കൊടുക്കുന്നു എന്നുപറഞ്ഞാൽ, ഇതൊക്കെ വലിയ വൻപിച്ച കാര്യമായി അവതരിപ്പിക്കുവാൻ തൊലിക്കട്ടിയുണ്ടല്ലോ; ശ്രീ.പി.സി. ജോർജിനെപ്പോലെയുള്ള ആളുകൾക്കേ ആ തൊലിക്കട്ടി കാണുകയുള്ളൂ. എത്ര നിസ്സാരമായിട്ടാണ് പറയുന്നത്. അവിവാഹിതരായ 50 വയസ്സുള്ള സഹോദരിമാർക്കുള്ള പെൻഷൻ നല്ല കാര്യമാണ്. ഇതിൽ ബഹുമാനപ്പെട്ട പി.പി. സുലൈമാൻ റാവുത്തറെയെങ്കിലും ഓർക്കേണ്ടതായിരുന്നു. 50 വയസ്സുള്ള അവിവാഹിതരായ പുരുഷന്മാർക്കും ഈ ആനുകൂല്യം ആകാമായിരുന്നു. ഒരു മാസം ഒരു തവണ ആഹാരം കഴിക്കാനുള്ള കാശെങ്കിലും വേണ്ടേ? അതവിടെ നിൽക്കട്ടെ, ഇതു കൃത്യമായിട്ട് വിതരണം ചെയ്യുന്നുണ്ടോ? മാസങ്ങളും വർഷങ്ങളും കഴിഞ്ഞല്ലേ ഈ കാശ് കൊടുക്കുന്നത് : മുസ്ലീം, നാടാർ പെൺകുട്ടികളുടെ സ്ക്കോളർഷിപ്പിന്റെ കാര്യം ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു. എത്ര മാസങ്ങളുടേതാണ് കെട്ടിക്കിടക്കുന്നത്: അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തെ കൈപിടിച്ച് ഉയർത്തുന്നതിനുവേണ്ടി ആശ്വാസം കൊടുക്കുന്ന കാര്യത്തിൽ തികഞ്ഞ കാലവിളംബമാണ് കാണിച്ചിട്ടുള്ളത്. അനാഥക്കുട്ടികൾക്കും അന്തേവാസികൾക്കും ലഭിക്കുന്ന നിസാരമായ തുക യഥാസമയം കൊടുക്കുന്നില്ല. എത്തീം കുട്ടികളുടെ പ്രാർത്ഥന ശ്രീ. ടി. ശിവദാസമേനോൻ കേൾക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്. പഴയ കാലത്തെ നിസാരമായിട്ടുള്ള സംഖ്യ മാത്രമാണ് വച്ചിട്ടുള്ളത്. ഒരു വർദ്ധനവും ഉണ്ടായിട്ടില്ല. കൃത്യമായി കൊടുക്കുന്നില്ല. നേരത്തേ പറഞ്ഞതുപോലെ സ്കൂൾ കുട്ടികൾക്ക് സ്കൂൾ വിട്ടതിനുശേഷം മാസങ്ങൾ കഴിഞ്ഞും കൊല്ലങ്ങൾ കഴിഞ്ഞതിനുശേഷവുമാണ് ആ കാശ് കിട്ടുന്നത്. പുതിയ സഹസ്രാബ്ദത്തിലെ ഈ ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സൂര്യോദയത്തിന്റെ തിളക്കമല്ല കട്ടപിടിച്ച കൂരിരുട്ടാണ്, അഭിമാനിക്കാൻ ഒന്നുമില്ല. ആ ഒരു കട്ടപിടിച്ച കൂരിരുട്ടിന്റെ വിളംബരമല്ലാതെ മറ്റൊന്നും ഇതിനകത്ത് പ്രതീക്ഷിക്കാനില്ല. കേരളത്തിന്റെ സമഗ്രമായ വികസനത്തിനും പുരോഗതിക്കുമുതകുന്ന ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഈ സംസ്ഥാനത്ത് ഇപ്പോൾത്തന്നെ സാമ്പത്തിക പ്രതിസന്ധിയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ അത് സൂചിപ്പിച്ചു. ആ പ്രതിസന്ധിക്ക് ആക്കം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള സമീപനമാണ് സ്വീകരിച്ചത്. സംസ്ഥാനത്ത് നിലനിൽക്കുന്ന രൂക്ഷമായ വികസന സ്തംഭനം ഗവൺമെന്റിന്റെ വികലമായിട്ടുള്ള നയത്തിന്റെ ഭാഗമായി വന്നിട്ടുള്ളതാണ്. അതു വർദ്ധിപ്പിക്കാൻ മാത്രമേ ഈ ബഡ്ജറ്റ് ഉപകരിച്ചിട്ടുള്ളൂ. സംസ്ഥാനത്തെ റവന്യൂ കമ്മി കുറയ്ക്കാൻ ബഡ്ജറ്റിൽ നിർദ്ദേശമില്ല. ഈ സംസ്ഥാനത്തെ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് സാമ്പത്തിക കമ്മി കുറയ്ക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. അത് കുറയ്ക്കുന്നതിനുവേണ്ടി സാധിച്ചില്ലെന്നു മാത്രമല്ല, കണ്ടമാനം വർദ്ധിച്ചിരിക്കുകയാണ്. 1995-96-ൽ കമ്മി 402 കോടി രൂപയായിരുന്നത് 1999-2000-ൽ 2481 കോടി രൂപയായി. ചെറിയ വർദ്ധനവല്ല, ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഒരു സ്വപ്നമെന്നുപറയുന്നത് 1951 കോടിയിലൊതുക്കാമെന്നായിരുന്നു. ആ മോഹം തീർച്ചയായും ഒരു വ്യാമോഹം മാത്രമായി നില നിൽക്കുകയാണ്. രാജ്യത്തെ ഏറ്റവും കൂടുതൽ ധനകാര്യ കമ്മിയുള്ള നാലു സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്നുപറയുമ്പോൾ അതിൽ അഭിമാനിക്കാൻ വല്ലതുമുണ്ടെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. ഭരണ സംവിധാനത്തിൽ കുതിച്ചുയരുന്ന ചെലവ്, അതുപോലെ പൊള്ളയായിട്ടുള്ള പൊങ്ങച്ചം കാണിച്ചുകൊണ്ട് വാരിയെറിയുന്ന കാശ് ഇതൊക്കെ ഒന്ന് നിയന്ത്രിക്കാമെന്ന് സ്വപ്നം കണ്ടിരുന്ന ഒരു മുന്നണി സംവിധാനം, ഇതൊക്കെ പണ്ടത്തെക്കാളേറെ വർദ്ധിച്ചിട്ടുണ്ടെന്നതാണ് സത്യം. കേന്ദ്രഗവൺമെന്റിന്റെ പുതിയ ബഡ്ജറ്റ് നിർദ്ദേശപ്രകാരം റേഷൻ സബ്സിഡി നിർത്തലാക്കിയിരിക്കുന്നു. റേഷൻ സബ്സിഡി നിർത്തലാക്കിയപ്പോൾ നമ്മുടെ സംസ്ഥാന സർക്കാർ നയപ്രഖ്യാപനമായി ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് പറയിപ്പിച്ചിട്ടുള്ളത് അത് കേരളത്തിലെ ജനങ്ങളെ അറിയിക്കാത്ത രൂപത്തിൽ ഞങ്ങളത് മാനേജ് ചെയ്യുമെന്നായിരുന്നു. കേവലം 39 കോടി രൂപയാണ് നീക്കിവച്ചത്. കൊച്ചുകുട്ടികളോടൊക്കെ നിനക്ക് ഞാൻ വച്ചിട്ടുണ്ടെന്ന് അമ്മമാർ പറയുന്നതുപോലെ വ്യാമോഹിപ്പിക്കുകയാണ്. ആന കൊടുത്താലും ആശ കൊടുക്കരുത്. 39 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. കിലോയ്ക്ക് നാലുരൂപ വിലയുള്ള അരി 10 കിലോ കൊടുത്തിരിക്കുന്നു. ഇപ്പോഴത് 20 കിലോ കൊടുക്കുമെന്നുപറയുന്നു. സുന്ദരമായ പ്രഖ്യാപനം. പക്ഷേ 6 രൂപ 40 പൈസയാണ് വില. പൊതുമാർക്കറ്റിലെ വിലയും റേഷൻ വിലയും തമ്മിൽ കാര്യമായ ഒരു വ്യത്യാസവുമില്ല. വളരെ മോശപ്പെട്ട അരി 6.40 പൈസയ്ക്ക് കൊടുക്കുമ്പോൾ എന്ത് അന്തരമാണ് ഈ രംഗത്തെ പാവപ്പെട്ട തൊഴിലാളികൾക്ക് ആനുകൂലമായുള്ളതെന്ന് ഞങ്ങൾക്കറിയില്ല. അതുപോലെ കേന്ദ്ര ഗവൺമെന്റ് യൂറിയ വളത്തിന് 15% സബ്സിഡി അതുപോലെതന്നെ മറ്റുവളങ്ങൾക്ക് 7% സബ്സിഡി അവ എടുത്തുകളഞ്ഞിരിക്കുകയാണ്. ഇതുമൂലം വളത്തിന്റെ വില

LIBRARY ARCHIVES Kerala Legislative Assembly

വൻപിച്ച തോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ കൃഷിയെപ്പറ്റി പറയുന്നു. നമ്മളിൽ പലരും കൊച്ചുകൊച്ചു കർഷകരാണ്. . എന്താണ് കാർഷിക മേഖലയുടെ സ്ഥിതി? ഇത് നിയന്ത്രിക്കുന്നതിനും വളത്തിന്റെ വില പിടിച്ചുനിർത്തുന്നതിനും നമ്മുടെ ഗവൺമെന്റ് എന്തു സംവിധാനമാണ് ഈ ബഡ്ജറ്റിൽ നൽകിയിട്ടുള്ളത് ? കുരുമുളക് സത്യത്തിൽ ഭൂതക്കണ്ണാടിയിൽ വച്ചു നോക്കിയാൽപോലും കാണാത്തതരത്തിൽ ദ്രുതവാട്ടം പിടിച്ചുകൊണ്ട് തകർന്നു കിടക്കുകയാണ്. വയനാട്ടിലെ കാപ്പി കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, അച്ഛൻ തെങ്ങിൻനിന്നും വീണു, ഒന്നു പറ്റിയിട്ടില്ല, തല കാണുന്നില്ല എന്നുപറഞ്ഞതുപോലെ 120 രൂപയുണ്ടായിരുന്ന കാപ്പിക്ക് ഇപ്പോൾ 30 രൂപയാണ്. നാളികേര മണ്ഡരിയെക്കുറിച്ച് വളരെ വാചാലമായി സംസാരിക്കുന്ന കൃഷിവകുപ്പുമന്ത്രിക്ക് നൽകിയിട്ടുള്ളത് 5 കോടി രൂപയാണ്. 200 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വിശ്വസിക്കുന്നത് മണ്ഡരി രോഗം ഓടിയൊളിക്കണമെങ്കിൽ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെ പ്രസംഗം മാത്രം മതിയെന്നുള്ളതാണ്. അല്ലാതെ അതിനുവേണ്ടി ഒന്നും തന്നെ ചെയ്യുന്നില്ല. അതുപോലെ നെല്ലുല്പാദിപ്പിച്ചാൽ മുതലാകാത്ത തരത്തിൽ 5 കോടി രൂപ വളരെ പരിമിതമാണ്. അതുപോലെ വ്യാവസായിക വളർച്ച വളരെ മന്ദഗതിയിലാണ്. വിദേശമൂലധന സംരംഭകർ കടന്നുവരുന്നില്ല. എന്തുകൊണ്ട് ശ്രീ. ജ്യോതിബാസുവിന്റെ മാതൃകയെങ്കിലും നിങ്ങൾക്ക് സ്വീകരിച്ചുകൂടാ ? പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പ്രായോഗികമായ കാര്യങ്ങൾ ചർച്ചചെയ്ത് പരിഹാരം കണ്ടെത്തിക്കൊണ്ട് ഈ രംഗത്ത് വന്നുകൂടേ ? ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷ ഉളവാക്കുന്ന വിവര സാങ്കേതികവിദ്യയ്ക്ക് കേവലം 16 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. വളരെ അഭൂതപൂർവ്വമായ വളർച്ചയല്ലേ ഈ രംഗത്ത് കർണ്ണാടകയിലും ആന്ധ്രായിലുമൊക്കെ ഉണ്ടായിരിക്കുന്നത് ? അതിന്റെ നാലയലത്തെത്താനെങ്കിലും പ്രബുദ്ധമായ കേരളത്തിന്, സമ്പൂർണ്ണ സാക്ഷരത നേടിയിട്ടുള്ള കേരളത്തിന് എന്തുകൊണ്ട് ആ രംഗത്തേയ്ക്ക് കൂടുതൽ ഉയർന്നുചിന്തിക്കാൻ സാധിക്കുന്നില്ല? കൂടുതൽ തുക അതിനുവേണ്ടി വകകൊള്ളിക്കണം. അതുപോലെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അതേസമയം നമ്മുടെ സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗം സജീവമാക്കുന്നതിനുവേണ്ടി സഹകരണ മേഖലയിലേയ്ക്കാണ് 50 കോടി രൂപ അനുവദിച്ചത്. അവിടെ നിങ്ങൾക്ക് സഹകരണ മേഖല പറ്റുമോ? സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇവിടെ സഹകരണ മേഖല പറ്റില്ല. അപ്പോൾ ഈ വൈരുദ്ധ്യം എന്തുകൊണ്ടാണെന്ന് വിലയിരുത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ പ്രവാസികളുടെ സ്നേഹനിർഭരമായിട്ടുള്ള പെരുമാറ്റങ്ങളും സമീപനങ്ങളും അനുഭവിച്ചിട്ടുള്ളവരാണ്. കോടാനുകോടി രൂപയുടെ വിദേശമൂലധനം തരുന്ന പ്രധാനപ്പെട്ട ആ വിഭാഗത്തിന് ആവശ്യമായ ഒരു വകുപ്പുണ്ടാക്കി എന്നുപറഞ്ഞ് കൈഒഴിഞ്ഞതുകൊണ്ട് ഒരു കാര്യവുമില്ല. ചാരായ നിരോധനത്തെതുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കോടികളാണ് നൽകിയിട്ടുള്ളത്. എന്തുകൊണ്ട് ഈ രാജ്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വികസന പ്രക്രിയയിൽ ഘനഗാംഭീര്യമായ പങ്കുവഹിച്ചിട്ടുള്ള ഈ രാജ്യത്തെ പ്രവാസികളെ പുനഃരധിവസിപ്പിക്കുന്നതിനും അവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനുംവേണ്ടി ഒന്നും ചെയ്തില്ല. ഒരു വകുപ്പുണ്ടാക്കിയെന്നുള്ള തല്ലാതെ എന്തു നീക്കിവയ്ക്കാൻ സാധിച്ചു? ഈ രംഗത്ത് ചിറ്റമ്മനയം പറ്റില്ല. ഇവിടെ ഈ ദുരിതവും പ്രയാസവുമനുഭവിക്കുന്നവർ ഇന്ന് തീർച്ചയായും രാജ്യത്തിന്റെ വികസന പ്രക്രിയയിൽ വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുള്ള ആളുകളാണ്. അവരെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് പ്രവർത്തിക്കുന്നത് ഖേദകരമാണ്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ സംബന്ധിച്ച് എനിക്ക് വളരെ വിനീതമായി പറയാനുള്ളത് ഈ രാജ്യത്തെ തൊഴിലാളികളുടെ ഉത്തമ താല്പര്യം കണക്കിലെടുത്തില്ലെന്നാണ്. ഇന്ന് തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. നിങ്ങൾ എന്തൊക്കെ പ്രസംഗിച്ചാലും ശരി ഈ രാജ്യത്തെ തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ആളുകളെ മുന്നിൽ നിർത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുള്ളത് ? വമ്പിച്ച പോരാട്ടങ്ങൾ ഡി.വൈ.എഫ്.ഐ. ഉൾപ്പെടെയുള്ള പാർട്ടികൾ ഈ രംഗത്ത് നടത്തിയിട്ടുണ്ട്. പക്ഷേ ആ തൊഴിൽരഹിതരായ ആളുകളുടെ കണ്ണുനീരൊപ്പുന്നതിന് ഒന്നും ചെയ്യാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. എന്നുമാത്രമല്ല ആ രംഗത്ത് ലക്ഷക്കണക്കിന് തൊഴിലില്ലാത്തവർ വർദ്ധിച്ചിരിക്കുന്നു എന്ന വസ്തുതകൂടി കണക്കിലെടുത്തുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് അതിനെക്കുറിച്ചൊന്നും ഗൗരവമായി ചിന്തിച്ചിട്ടില്ലായെന്നുള്ളതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ഒന്നുകൂടി എതിർക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ബഹുമാന്യനായ ശിവദാസമേനോൻ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിലൂടെ കേരളത്തിലെ ദുർബല ജനവിഭാഗങ്ങളെ സഹായിക്കുക എന്നുള്ള ലക്ഷ്യത്തിനാണ് ഏറ്റവും കൂടുതലായി മുൻഗണന നൽകിയിട്ടുള്ളത് എന്നു നമുക്ക് കാണാൻ കഴിയും. ഇവിടെ ബഹുമാന്യനായ സി. മൊയിൻകുട്ടി പ്രസംഗം അവസാനിപ്പിച്ചപ്പോൾ അദ്ദേഹം സൂചിപ്പിച്ചത് ദുർബല ജനവിഭാഗങ്ങളെക്കുറിച്ച് ഈ ബഡ്ജറ്റിൽ യാതൊരു പരിഗണനയും കൊടുത്തിട്ടില്ല എന്നാണ്. പിന്നെ ഏതു ബഡ്ജറ്റാണ് കേരളത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് പരിഗണന കൊടുത്തത് എന്നുകൂടി പറയേണ്ടതായിരുന്നു. അതേക്കുറിച്ച് ഒന്നും പറയുന്നില്ല. യു.ഡി.എഫ്. ന്റെ ഭരണ കാലത്തുള്ള ബഡ്ജറ്റുകളുടെ ചരിത്രത്തെക്കുറിച്ച് വിശദമായിട്ട് ഇവിടെ പറയേണ്ടതാണ്. അതുപറയുമ്പോഴാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി ശ്രീ.ടി.ശിവദാസമേനോൻ അവതരിപ്പിച്ച ഈ ബഡ്ജറ്റിന് കൂടുതൽ പ്രസക്തിയുണ്ടാകുന്നത്. ദുർബലജനവിഭാഗങ്ങൾക്ക് നിരവധി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ദുർബല ജനവിഭാഗങ്ങളെ ഓരോ മേഖലയിലും പ്രത്യേകമായി എടുത്തുകൊണ്ട് അവരെ സഹായിക്കാൻ കഴിയുന്നനിലയിൽ ആശ്വാസ നടപടികൾ പ്രഖ്യാപിച്ചുകൊണ്ട് ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ശ്രമിച്ച ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ അഭിനന്ദിക്കാൻ കഴിഞ്ഞില്ലായെങ്കിൽപോലും യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട് സത്യവിരുദ്ധമായി സംസാരിക്കുന്നത് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഇവിടെ പ്രതിപക്ഷ അംഗങ്ങൾ സൂചിപ്പിച്ച മറ്റൊരു പ്രധാനപ്പെട്ടകാര്യം

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ കേരളം ഇന്ന് മറ്റു സംസ്ഥാനങ്ങളേക്കാൾ വളരെ പിന്നിലാണെന്നുള്ളതാണ്. അതുശരിയല്ല. ഇക്കണോമിക് റിവ്യൂ അനുസരിച്ച് നമ്മുടെ സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ കേരളമിന്ന് 5-ാം സ്ഥാനത്താണ്. ആ സത്യമാണ് ഇവിടെ മറച്ചുവച്ചിരിക്കുന്നത്. കേരളം വളരെയേറെ പുറകിൽ പോയിരിക്കുന്നു എന്നുപറയുന്നത് അടിസ്ഥാനരഹിതമാണ്. ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്. 9-ാം സ്ഥാനത്ത് നിന്നിരുന്ന കേരളത്തിന്റെ സ്ഥാനം മാറി ഇപ്പോൾ 5-ാം സ്ഥാനത്തേയ്ക്കു വന്നിരിക്കുന്നു എന്നാണ്. അതുപോലെ തന്നെ ഉല്പാദനത്തിന്റെ കാര്യത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. നമ്മുടെ അഗ്രികൾച്ചറൽ ഇൻകം കുറഞ്ഞിരിക്കുന്നതായിട്ടാണ് ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. അതുശരിയല്ല. ഇക്കണോമിക്സ് റിവ്യൂ അനുസരിച്ച് 1997-1998 ൽ നമ്മുടെ അഗ്രിക്കൾച്ചറൽ ഇൻകം 0.80 ആയിരുന്നത് 1998-99-ൽ 3.82 ആയി വർദ്ധിച്ചിരിക്കുകയാണ്. നമുക്കുകിട്ടുന്ന ആധികാരിക രേഖയനുസരിച്ച് കേരളത്തിൽ അഗ്രിക്കൾച്ചറൽ ഇൻകം വർദ്ധിക്കുന്നതായും സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ കേരളം വളരെയേറെ മുന്നേറിക്കൊണ്ടിരിക്കുന്നതായും വ്യക്തമായിവരികയാണ്. കേരളത്തിലെ ജനങ്ങൾക്കു വേണ്ടി കഴിഞ്ഞ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പാക്കാൻ ഈ ഗവൺമെന്റ് ആത്മാർത്ഥത കാണിച്ചതുകൊണ്ടാണ് ജനക്ഷേമകരമായി കേരളത്തിന് മുന്നേറാൻ കഴിയുന്നത്. കൂടുതൽ ദീർഘവീക്ഷണത്തോടുകൂടി കേരളത്തെ മുന്നോട്ടുനയിക്കാൻ സഹായിക്കുന്ന നിലയിലുള്ള ബഡ്ജറ്റാണ് ഈ വർഷം അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിലുള്ള സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ, കേന്ദ്ര ബഡ്ജറ്റുമായി ബന്ധപ്പെട്ട് വിഷയങ്ങളെക്കുറിച്ച് ഒരക്ഷരംപോലും പരാമർശിക്കാൻ തയ്യാറാകാതെയാണ് യു.ഡി.എഫ്. നേതാക്കൾ എല്ലാവരും പ്രസംഗിച്ചത്. കേന്ദ്ര ബഡ്ജറ്റിനെ വിലയിരുത്താതെ കേരളാ ബഡ്ജറ്റിനെ വിലയിരുത്താൻ കഴിയുമോ? ഇന്ന് ഈ രാജ്യത്തു നിലനിൽക്കുന്ന സാഹചര്യങ്ങളെ മറച്ചുവച്ചുകൊണ്ട്, അതു മറന്നുകൊണ്ട് കേരളത്തിന്റെ സാഹചര്യങ്ങളെ വിലയിരുത്താൻ കഴിയുമോ? പ്രസക്തമായ ഈ ചോദ്യത്തിനു പ്രതിപക്ഷം മറുപടി പറയുന്നില്ല. കേരളത്തെ ദ്രോഹിക്കുന്ന കേന്ദ്രനയത്തിൽ നിങ്ങൾ ബി.ജെ.പി. യുടെ ചേരിയിൽ പോയി നിൽക്കുകയാണ്. അതാണ് പ്രശ്നം. ബി.ജെ.പി. ഗവൺമെന്റ് സബ്സിഡികൾ മുഴുവൻ വെട്ടിക്കുറയ്ക്കുന്നു. റേഷൻ സബ്സിഡി വെട്ടിക്കുറച്ച കാര്യമെടുത്താൽ അത്. കേരളത്തിലെ പാവപ്പെട്ട ആളുകളെയാണ് കൂടുതൽ ബുദ്ധിമുട്ടിക്കുന്നത്. സബ്സിഡി വെട്ടിക്കുറച്ചതുമൂലം കേരളത്തിലെ കൃഷിക്കാർ എത്രയോ ദുരിതങ്ങളാണ് താങ്ങേണ്ടി വരുന്നത്. ഇത്തരം വിഷയങ്ങളിൽ ബി.ജെ.പി. യുടെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാടിനെ ശക്തമായി എതിർക്കാൻ എൽ.ഡി.എഫ്. ശ്രമിക്കുമ്പോൾ യു.ഡി.എഫ്. മൗനം പാലിക്കുന്നു.

ശ്രീ. പി. രാജു : സർ, സിനിമ കാണുന്നവർക്കും പൗഡറിടുന്നവർക്കു പോലും റേഷൻ കൊടുക്കാൻ പാടില്ല എന്നാണ് കേന്ദ്രമന്ത്രി ശ്രീ. രാജഗോപാൽ ഇന്ന് പത്രപ്രസ്താവന നടത്തിയിട്ടുള്ളതെന്ന വിവരം അങ്ങേയ്ക്കറിയാമോ? അതിലൊന്നും കോൺഗ്രസ്സിനു പ്രതിഷേധമില്ല. അവർക്ക് പ്രതിഷേധം ഇതു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ ശ്രമിക്കുന്ന ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിനോടാണെന്ന കാര്യം അറിയാമോ?

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, അതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. കേന്ദ്രമന്ത്രിയായിട്ടുള്ള ശ്രീ. രാജഗോപാൽ പ്രസ്താവന നടത്തിയിരിക്കുന്നത് കേരളത്തിൽ പാവപ്പെട്ടവരുൾപ്പെടെയുള്ളവർക്ക് റേഷൻ കൊടുക്കേണ്ടതില്ലെന്നാണ്. സബ്സിഡി വേണ്ട എന്നു പറഞ്ഞിരിക്കുകയാണ്. ഒറ്റ പ്രതിപക്ഷനേതാക്കൾ പോലും ഈ വിഷയത്തിനെതിരായി സംസാരിക്കാൻ തയ്യാറായിട്ടില്ല. ഇന്നു സഭയിലും സംസാരിച്ചിട്ടില്ല. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്ന കേരളാ ഗവൺമെന്റിനെതിരായി റേഷൻ കൊടുക്കാനുള്ള വിഹിതം കുറഞ്ഞുപോയി, കുറഞ്ഞുപോയി എന്നാണ് പറയുന്നത്. കുറഞ്ഞുപോയത് പരിഹരിക്കണം. ഇത്രയും നാൾ കൊടുത്തില്ലേ? ഇനിയും കൊടുക്കുമെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ അനുകൂലമായ ശ്രമങ്ങൾ ഭക്ഷ്യ സുരക്ഷിതത്വത്തിന് വേണ്ടി ഈ ഗവൺമെന്റ് സ്വീകരിക്കുന്നു. സാധാരണക്കാരായ ആളുകളെ സഹായിക്കാൻ കഴിയുന്ന നടപടികൾ റേഷൻവിതരണകാര്യത്തിൽ സ്വീകരിക്കണം. കേരളത്തിലെ കൃഷിക്കാരെ ഏറ്റവും കൂടുതൽ സഹായിച്ച ഒരു ബഡ്ജറ്റാണ് ഈ പ്രാവശ്യം ഉണ്ടായിട്ടുള്ളത്. കാർഷികമേഖലയിൽ റബ്ബർ, നാളികേരം, മലഞ്ചരക്ക്, കാപ്പി തുടങ്ങിയ എല്ലാ കൃഷിക്കാരെയും മുന്നിൽ കണ്ടുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് ഉള്ളത്. അഞ്ചു ഹെക്ടർവരെ കൃഷിഭൂമിയുള്ള കൃഷിക്കാരെ കാർഷികാദായ നികുതിയിൽനിന്ന് ഒഴിവാക്കിയതിലൂടെ കോംപൗണ്ടിംഗ് പരിധിയിൽ വരുന്ന മുഴുവൻ കൃഷിക്കാർക്കും ഇതിന്റെ പ്രയോജനം കിട്ടുകയാണ്. 20 ഹെക്ടർ വരെയുള്ള റബ്ബർ, കാപ്പി കൃഷിക്കാരെ ഒരു വർഷത്തേയ്ക്കുകൂടി കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കിയത് കൃഷിക്കാർക്ക് സഹായകരമാണ്. വിൽപ്പന നികുതിയിലൂടെയുണ്ടായ അപാകതകൾ പരിഹരിച്ചതുകൊണ്ട് റബ്ബറിന്റെ പർച്ചേസ് ടാക്സ് മാറ്റിയതുൾപ്പെടെയുള്ള കാര്യങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. കുരുമുളക്, ഏലം, അടയ്ക്ക, ജാതിക്ക, ഗ്രാമ്പു, കച്ചോലം, മഞ്ഞൾ ഇവയുടെ കാര്യമെല്ലാം ശ്രീ. സി. മൊയിൻകുട്ടി വളരെ നിസ്സാരമായി പറഞ്ഞു. അതു നിസ്സാരമല്ല. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇവയുടെ നികുതി നാലുശതമാനമായി കുറച്ചത് വലിയ ആശ്വാസമാണ്. രണ്ടു ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട കൃഷിക്കാർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള ഗവൺമെന്റിന്റെ പ്രഖ്യാപനം കൃഷിക്കാർക്ക് ആശ്വാസകരമാണ്. ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ കാർഷികമേഖലയെ സഹായിക്കുന്നതാണ്. അവയെ സ്വാഗതം ചെയ്യുന്നതോടൊപ്പം തന്നെ റബ്ബർ തടിക്ക് ഏർപ്പെടുത്തിയിട്ടുള്ള ടാക്സ് പിൻവലിക്കാനുള്ള നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. റബ്ബർ തടിക്ക് ടാക്സ് ഏർപ്പെടുത്താനുള്ള തീരുമാനത്തിലൂടെ ലക്ഷക്കണക്കിന് വരുന്ന കൃഷിക്കാരും തൊഴിലാളികളും ഇന്നു വിഷമിക്കുകയാണ്. റബ്ബർ തടിക്ക് 1700 രൂപയുണ്ടായിരുന്നത് ആയിരം രൂപയായി ചുരുങ്ങിയ സാഹചര്യത്തിലാണ് ഈ തീരുമാനം വന്നിട്ടുള്ളത്. ഇതു പരിഗണിച്ചുകൊണ്ട് റബ്ബർതടിയുടെ ടാക്സ് പിൻവലിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കണം. റബ്ബർ സംഭരണത്തിനും

LIBRARY ARCHIVES Kerala Legislative Assembly

കയറ്റുമതിക്കുംവേണ്ടി കൂടുതൽ തുക കൊടുക്കേണ്ടതാണ്. റബ്ബർ സംഭരിക്കാനും കയറ്റി അയയ്ക്കാനും കഴിഞ്ഞാൽ മാത്രമേ റബ്ബറിന്റെ വില കൂടുന്ന സാഹചര്യം വരികയുള്ളൂ. ബഡ്ജറ്റിൽ കാണുന്ന പ്രസക്തമായ മറ്റൊരു കാര്യം റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നു എന്നുള്ളതാണ്. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ വ്യാപകമാക്കാൻ കഴിയണം. കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ എന്നീ നാല് ജില്ലകൾ കേന്ദ്രീകരിച്ച്, കോട്ടയം ജില്ലയിലെ കടുത്തുരുത്തി കേന്ദ്രമായി ഒരു റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റിനുവേണ്ടി നാലുകോടി രൂപയുടെ ഒരു പ്രോജക്ട് ഗവൺമെന്റിൽ കൊണ്ടുവന്നിട്ടുണ്ട്. റബ്ബറധിഷ്ഠിത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതു പരിഗണിച്ച് കടുത്തുരുത്തി കേന്ദ്രമായിട്ടുള്ള റബ്ബറധിഷ്ഠിത വ്യവസായം തീർച്ചയായിട്ടും നിരവധി ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതും റബ്ബർ കൃഷി പുരോഗതിക്ക് സഹായിക്കാൻ കഴിയുന്ന വലിയൊരു പദ്ധതിയാണ്. സംസ്ഥാന സഹകരണബാങ്ക് ഈ കാര്യത്തിൽ സഹായകരമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അങ്ങയുടെ മറുപടി പ്രസംഗത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കടുത്തുരുത്തി വ്യവസായ യൂണിറ്റ് തുടങ്ങാൻ ആവശ്യമായ തുക കൂടി ഉൾക്കൊള്ളിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ വളരെയേറെ പുരോഗമനപരമായ പ്രവർത്തനങ്ങൾ ഇന്നു നടക്കുകയാണ്. ഇൻഫർമേഷൻ ടെക്നോളജിയും ആധുനികമായ മറ്റു പഠനസാധ്യതകളും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്കൂൾ കുട്ടികൾക്ക് പരമാവധി കമ്പ്യൂട്ടർ പഠനം ഉറപ്പു വരുത്താനുള്ള പരിശ്രമം നടത്തിവരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യസവകുപ്പുമന്ത്രി ഓപ്പൺ സ്കൂളിന്റെ കാര്യം സൂചിപ്പിച്ചു. കേരളത്തിലെ കുട്ടികളെ സംബന്ധിച്ചിടത്തോളം വളരെയേറെ സ്വാഗതാർഹമായ ഒരു നടപടിയാണിത്. മറ്റൊന്ന്, പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുമ്പോൾ പ്ലസ് ടു വിദ്യാഭ്യാസം സ്കൂളുകളിൽ ഫലപ്രദമായി നടപ്പാക്കാൻ ഗവൺമെന്റ് കഴിഞ്ഞ വർഷങ്ങളിൽ ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ട്. ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. 15 കോടി രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ പ്ലസ് ടു ആവശ്യങ്ങൾക്കുവേണ്ടി മാറ്റി വച്ചിട്ടുള്ളത്. അതു അപര്യാപ്തമാണെന്നുള്ളതുകൊണ്ട് തുക കൂടുതലായി വർദ്ധിപ്പിച്ചുകൊടുക്കുകയും പ്രീഡിഗ്രി ഡീലിങ്ക് ഈ വർഷം ഫലപ്രദമായി പൂർത്തിയാക്കുന്നതിനുള്ള നടപടിയുണ്ടാക്കുകയും ചെയ്യണം. പൊതുമരാമത്തുവകുപ്പിൽ പാലങ്ങളുടെയും റോഡുകളുടെയും വികസന രംഗത്ത് വലിയൊരു മുന്നേറ്റം നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ വേഗത കൂടുതൽ വർദ്ധിപ്പിക്കണം. ഈ കാര്യത്തിൽ കേരളത്തിന് കൂടുതൽ ഗുണപരമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയണമെങ്കിൽ ഇന്നുള്ള കുടിശ്ശിക നമുക്ക് തീർക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു വിഷയം. പല പ്രാവശ്യം സജീവമായി വന്നിട്ടുള്ള ഒരു വിഷയമാണ്. പി.ഡബ്ല്യൂ.ഡി., ഇറിഗേഷൻ എന്നീ രണ്ടു മേഖലകളിൽ നിലവിലുള്ള കുടിശ്ശിക തീർക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആവശ്യമായ ബാക്കി തുക കൂടി അനുവദിക്കാനുള്ള സാഹചര്യങ്ങളുണ്ടാക്കണം. തൊഴിലില്ലായ്മയുടെ കാര്യം പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് നൂറ് ശതമാനം ആത്മാർത്ഥത

LIBRARY ARCHIVES Kerala Legislative Assembly

കാണിച്ചിട്ടുണ്ടെന്നു അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഈ ഗവൺമെന്റ് എടുത്ത നടപടികളുടെ ഭാഗമായി മുൻകാലങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത് കൂടുതലാളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ നിന്ന് അത് മനസ്സിലാക്കാൻ കഴിയും. ഇൻഫർമേഷൻ ടെക്നോളജിക്കും ടൂറിസത്തിനും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ടൂറിസത്തിന്റെയും ഇൻഫർമേഷൻ ടെക്നോളജിയുടെയും സാധ്യതകൾ കേരളത്തിലെ ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടുന്ന മേഖലയാക്കി മാറ്റാൻ കഴിയുന്ന നിലയിൽ കർമ്മപരിപാടികൾ നടപ്പാക്കുക എന്നുള്ളതാണ്. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള സാഹചര്യങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകണം. നോബൽ സമ്മാനജേതാവായ ശ്രീ. അമർത്യാസെന്നിന്റെ പ്രസക്തമായൊരു പരാമർശം ഞാൻ സൂചിപ്പിക്കുന്നു. ചൈന, ഇന്ത്യ, കേരളം എന്ന ഉപ തലക്കെട്ടിൽ കേരളത്തെക്കുറിച്ച് പറയുന്നു. ദാരിദ്ര്യത്തിനും ഇല്ലായ്മക്കുമെതിരെ സംഘടിത പ്രവർത്തനത്തിന് ഇന്ത്യയിൽ വേറിട്ടു നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ദരിദ്രമായിട്ടാണെങ്കിൽകൂടി കേരളം രാജ്യത്തെ മറ്റു സംസ്ഥാനങ്ങളേക്കാൾ ഉപരിയായി പാവപ്പെട്ടവരുടെ ക്ഷേമത്തിനുവേണ്ടി ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ്. പൊതുവിതരണ സംവിധാനം നഗരങ്ങളിൽ മാത്രം ഒതുങ്ങാതെ ഗ്രാമപ്രദേശങ്ങളിലും വ്യാപിപ്പിച്ച ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനം കേരളമാണ്. ഈ പശ്ചാത്തലത്തിൽ എല്ലാ സാഹചര്യങ്ങളും വിശദീകരിക്കുന്നതിന്റെ കൂടെ ഇത്രയും ഫലപ്രദമായി കേരളത്തിൽ സാധാരണക്കാരായ ദുർബ്ബലജനവിഭാഗങ്ങളെ ഉൾക്കൊള്ളാൻ കഴിഞ്ഞു എന്നുള്ളതുകൊണ്ടാണ് ഈ മാറ്റങ്ങൾ കേരളത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞത് എന്നു അമർത്യാസെൻ വിശദീകരിച്ചിട്ടുണ്ട്. അമർത്യാസെന്നിന്റെ പരാമർശങ്ങൾ കൂടുതൽ അർത്ഥപൂർണ്ണമാക്കാൻ കഴിയുന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇ.കെ. നായനാരുടെ നേതൃത്വത്തിൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സർക്കാർ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജനക്ഷേമ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ കഴിയുന്ന നിലയിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് തീർച്ചയായും കേരളത്തിനു ഗുണകരമാണ്. കേരളത്തിലെ പാവപ്പെട്ട കൃഷിക്കാരെ സഹായിക്കുന്ന, സാധാരണക്കാരായ ജനങ്ങളെ സഹായിക്കുന്ന ഈ നിർദ്ദേശങ്ങൾ ഫലപ്രദമാക്കി മാറ്റാൻ ഈ ഗവൺമെന്റിന്റെ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിലൂടെ കഴിയട്ടെ എന്നു സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. എഫ് തോമസ് : സർ, ഞാൻ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഭരണകക്ഷിയിൽ നിന്നും സംസാരിച്ച ശ്രീ. നാരായണനും ശ്രീ. പി. എസ്. സുപാലും ശ്രീ. മോൻസ് ജോസഫും വികസനത്തിന്റെ കാര്യത്തിൽ ഊന്നൽ കൊടുത്താണ് പറഞ്ഞത്. അതിന്റെ അടിസ്ഥാനമേഖലകൾ കാർഷിക -വ്യാവസായിക മേഖലകളാണ്. അതിന് ഊന്നൽ കൊടുത്തിരിക്കുന്നതുകൊണ്ട് വികസനപരമായി വളരെ പുരോഗമനപരമായ ഒരു ബഡ്ജറ്റാണെന്നു പറഞ്ഞു. കുറച്ചു പൈസ കാർഷിക-വ്യാവസായിക മേഖലയ്ക്ക് മാറ്റി വച്ചിട്ടുണ്ട്. എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഭരണകക്ഷിയിലെ മെമ്പർമാരോട് ചോദിക്കാനുള്ളത്, ഇന്നത്തെ നമ്മുടെ കാർഷികമേഖലയുടെ അവസ്ഥ എന്താണ്? ശ്രീ. മോൻസ് ജോസഫ് ഉൾപ്പെടെയുള്ളവർ ആലോചിക്കണം. ഇന്നത്തെ വ്യാവസായിക മേഖലയുടെ അവസ്ഥ എന്താണ്? കേരളത്തിലെ ഏറ്റവും വലിയ വരുമാനമേഖലയായിരുന്നു റബ്ബർ കൃഷി മേഖല. മൂവായിരം കോടി രൂപ പ്രതിവർഷം തരുന്ന മേഖലയാണ്. അതു തകർന്നില്ലേ? എന്തു തുക നിങ്ങൾ ഉൾക്കൊള്ളിച്ചു? റബ്ബറിന്റെ കുത്തനെയുള്ള വിലയിടിവു കാരണം 29 രൂപയിൽ വന്നു നിൽക്കുന്നു. ഇതു യാഥാർത്ഥ്യമല്ലേ? ശ്രീ. എ. കെ. ആന്റണി അധികാരമൊഴിഞ്ഞു പോകുമ്പോൾ റബ്ബറിന്റെ വില 59-60 രൂപയായിരുന്നു. അതിപ്പോൾ 29 രൂപയാണ്. അതു പരിഹരിക്കണമെങ്കിൽ സംഭരണം വേണം. സംഭരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എന്തെങ്കിലും പറയുന്നുണ്ടോ? 200 കോടി രൂപയെങ്കിലും അതിനുവേണ്ടി മാറ്റിവച്ചാൽ ഇൻഡയറക്ടായിട്ട് നമ്മുടെ ട്രഷറിയിലേയ്ക്കുള്ള വരുമാനം കൂടുതലുണ്ടാകുകയില്ലേ? എന്തെങ്കിലും ചെയ്തോ? നെൽക്കൃഷിമേഖല തകർന്നു തരിപ്പണമായി. ഇന്നു രാവിലെ കൃഷിവകുപ്പുമന്ത്രി പറഞ്ഞത്, കുട്ടനാട്ടിൽ എല്ലാ ഭദ്രമാണെന്നാണ്. വരമ്പത്ത് കറ്റയിരിക്കുകയാണ്. കൊയ്തിട്ടുമെതിക്കാൻ നിവൃത്തിയില്ല. അഖിലകക്ഷി നിവേദക സംഘം കുട്ടനാട്ടിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ പോകണം. ഞാൻ ക്ഷണിക്കുകയാണ്. ശ്രീ. എ. കണാരൻ ഈ കാര്യം ശ്രദ്ധിക്കണം. അവിടെ കൊയ്യാനാളില്ല. കൊയ്താൽ മെതിക്കാനാളില്ല. യന്ത്രവൽക്കരണം നടത്തിയെന്നു പറയുന്നു. യന്ത്രവൽക്കരണം നടത്തിയിട്ട് ഇപ്പോൾ മെതിക്കാൻ കഴിയുന്നില്ല. മെഷീൻ കൊണ്ടുവന്നിട്ട് അത് ഇറക്കുന്നില്ല. തൊഴിലാളികളുമായിട്ട് ചർച്ച ചെയ്യണം. അവിടെ യന്ത്രവൽക്കരണത്തിനെ അംഗീകരിക്കുന്നുവെങ്കിൽ എല്ലാവരും കൂടി യോജിച്ച് പാവപ്പെട്ട കൃഷിക്കാരെ സഹായിക്കണം. നെൽക്കൃഷി ഇറക്കിയത് കൊയ്തെടുക്കാനും കൊയ്ത കറ്റകൾ മെതിക്കാനുമുള്ള സാഹചര്യം വേണ്ടേ? നമ്മുടെ നാട്ടിൽ ഭക്ഷ്യോൽപ്പാദനം എങ്ങനെ നടക്കും? റബ്ബറിന്റെ വില താഴോട്ടുപോകുന്നു. നെൽക്കൃഷി മേഖല തകരുന്നു. മണ്ഡരി രോഗത്തിന് എത്ര രൂപ മാറ്റിവച്ചു? എന്താണ് ഇപ്പോഴത്തെ അവസ്ഥ? നാളികേരത്തിന്റെ വില കുത്തനെ താഴോട്ടു പോകുന്നു. ഇതൊക്കെ ആണോ നിങ്ങൾ പ്രതീക്ഷിക്കുന്ന കേരളത്തിന്റെ ചിത്രം? ഉല്പാദനമേഖല മുഴുവൻ തകർന്നു. കാർഷികമേഖലയുടെ വികസനത്തിനുവേണ്ടി എത്ര പണം മാറ്റിവച്ചു. വ്യവസായ മേഖലയുടെ അവസ്ഥ എന്താണ്? എന്തെങ്കിലും പറയാനുണ്ടോ? ശ്രീമതി സുശീലാ ഗോപാലൻ പറഞ്ഞ കാര്യത്തിൽ വല്ലതും ബഡ്ജറ്റിലുണ്ടോ? ഒന്നും ബഡ്ജറ്റിലില്ല. വ്യാവസായിക വികസനമെന്നു പറഞ്ഞിട്ട് ഈ കഴിഞ്ഞ നാലു കൊല്ലത്തിനിടയിൽ എന്തു വ്യവസായമാണ് നമ്മുടെ നാട്ടിൽ കൊണ്ടുവന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, തെലുങ്കുദേശം എന്നിവിടങ്ങളിൽ വ്യവസായങ്ങൾ പറക്കുകയാണ്. കേരളത്തിന്റെ അവസ്ഥ എന്താണ്? എന്തെങ്കിലും അതിനെക്കുറിച്ച് പറയുന്നുണ്ടോ? നമ്മുടെ നാട്ടിൽ ഉല്പാദനപരമായിട്ടുള്ള കാര്യങ്ങളിൽ കാണുന്ന സ്തംഭനാവസ്ഥ, നാലു കൊല്ലം കഴിഞ്ഞ് ഇപ്പോൾ അഞ്ചാമത്തെ കൊല്ലത്തിലേയ്ക്ക് കടക്കുകയാണ്. വസ്തുനിഷ്ഠമായ ഒരു സമീപനം ഇക്കാര്യത്തിൽ നിങ്ങൾ നടത്തുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ ചോദ്യം അതാണ്. നിങ്ങൾ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ കാർഷിക വ്യാവസായിക മേഖലകളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് എന്തെങ്കിലും നിങ്ങൾക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടോ ? ഇന്നു രാവിലെ ബഹുമാനപ്പെട്ട മന്ത്രി ശർമ്മ സഹകരണ മേഖലയെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ സഹകരണ മേഖലയിൽ കോടിക്കണക്കിന് രൂപ വന്നു ചേരുകയാണ്. ഇതു എങ്ങനെ ചെലവഴിക്കണമെന്ന് അദ്ദേഹത്തിനു തന്നെ നിശ്ചയമില്ല. കോടിക്കണക്കിന് രൂപ സഹകരണ ബാങ്കുകളിൽ വന്ന് ചേർന്നിട്ട് അതു ചെലവഴിക്കാനുള്ള മാർഗ്ഗങ്ങളെന്തെങ്കിലും കണ്ടുപിടിച്ചിട്ടുണ്ടോ ? എന്തെങ്കിലും പദ്ധതികൾ കണ്ടുപിടിച്ചിട്ടുണ്ടോ ? നമ്മുടെ മറ്റു ബാങ്കുകളുടെ അവസ്ഥ ഒന്നു നോക്കൂ. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, അദ്ദേഹത്തിന് അധികാരം കിട്ടിയ കാലം മുതൽ പറയുന്നതാണ്. നമ്മുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ എവിടെ നിൽക്കുന്നു ? നാലു കൊല്ലം കഴിഞ്ഞിട്ടും അന്നത്തെ അവസ്ഥ തന്നെ. സി. ഡി. റേഷ്യോ 39-40, 39-40 ഇങ്ങനെ പല പ്രാവശ്യം പറയുന്നു. നാലു കൊല്ലം കഴിഞ്ഞിട്ടും കേരളത്തിൽ സി.ഡി. റേഷ്യോ മാറ്റാൻ സാധിച്ചിട്ടുണ്ടോ? അതിനുവേണ്ടി എന്തെങ്കിലും പദ്ധതിയുണ്ടോ ? ചെറുകിട വ്യവസായ മേഖലയിൽ വ്യവസായ സംരംഭത്തിനായി ആളുകൾ മുന്നോട്ടു വന്നാൽ അവർക്ക് ആവശ്യമായ പണം കടം കൊടുത്തുകൊണ്ട് വ്യാവസായിക മുന്നേറ്റം നടത്താൻ നമ്മുടെ ബാങ്കുകൾ തയ്യാറാകുന്നുണ്ടോ ? നാഷണലൈസ്ഡ് ബാങ്കിന്റെ പണം, ഈ സംസ്ഥാനത്തുനിന്ന് ശേഖരിക്കുന്ന പണം മുഴുവൻ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോയിട്ട് ഈ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ സാധിച്ചിട്ടുണ്ടോ ? ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളമൊഴിച്ചുള്ള മറ്റു സംസ്ഥാനങ്ങളുടെ സി. ഡി. റേഷ്യോ പരിശോധിച്ചിട്ടുണ്ടോ ? നിങ്ങൾ ചെറിയ കാര്യങ്ങൾക്ക് വലിയ പ്രാധാന്യം കൊടുക്കുന്നു. വലിയ കാര്യങ്ങൾക്ക് ചെറിയ പ്രാധാന്യം കൊടുക്കുന്നു. അടിസ്ഥാന മേഖലകളായ കാർഷിക, വ്യാവസായിക മേഖലകളിൽ കഴിഞ്ഞ നാലു വർഷമായി എന്തു മുന്നേറ്റം നടത്തി എന്നു പറയാനുള്ള ചുമതല നമ്മുടെ സംസ്ഥാനത്ത് ഭരണം നടത്തുന്ന ഗവൺമെന്റിനുണ്ട്. റബ്ബറിന് വില 39-38. ശ്രീ. ആന്റണി ഇറങ്ങിപോകുമ്പോൾ എത്രയായിരുന്നു വില ? നാലു കൊല്ലം കൊണ്ട് നിങ്ങൾ നെല്ല്, റബ്ബർ, കൊപ്ര, നാളികേരം തുടങ്ങിയ ഉല്പാദന മേഖലയെ മുഴുവൻ തകർത്തു. ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴെങ്കിലും ഈ പാവപ്പെട്ട കൃഷിക്കാർക്കുവേണ്ടി എന്തെങ്കിലും മാറ്റി വയ്ക്കുമെന്നു വിചാരിച്ചു. പക്ഷേ നടന്നില്ല. അതുപോലെ തൊഴിലില്ലാത്ത ചെറുപ്പക്കാർ 40 ലക്ഷമായിരിക്കുന്നു. ഈ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കുവേണ്ടി എന്തു നടപടിയാണ് നിങ്ങൾ സ്വീകരിച്ചത് ? തൊഴിലില്ലായ്മ പരിഹരിക്കാൻ ഫലപ്രദമായ എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ? കൊല്ലം നാലു കഴിഞ്ഞല്ലോ? ഡി.വൈ.എഫ്.ഐ. പ്രവർത്തകരും നേതാക്കന്മാരും എവിടെ നിൽക്കുന്നു? തൊഴിലില്ലാത്ത ചെറുപ്പക്കാർക്കുവേണ്ടി സമരം നയിച്ച ആളുകൾ ഇന്ന് നിശബ്ദരാണ്. കൃഷിക്കാർക്കുവേണ്ടി സമരം നയിച്ച ആളുകൾ, അവരൊന്നും മിണ്ടുന്നില്ല. തൊഴിലിനു പകരം ഇപ്പോൾ ബക്കറ്റു പിരിവായിരിക്കും. കാർഷികമേഖല തകർന്നു, വ്യാവസായികമേഖല തകർന്നു. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാൻ സാധിച്ചില്ലെന്നു മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

നാലു കൊല്ലം കൊണ്ടു എട്ടു ലക്ഷം പേർ പുത്തനായി തൊഴിലില്ലാത്തവരായി മാറിയിരിക്കുന്നു. ഡി.വൈ.എഫ്.ഐ. സമ്മേളനത്തിൽ കേരളത്തിലെ തൊഴിലില്ലായ്മയെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ടോ? അടിസ്ഥാന മേഖലകളെ പൂർണ്ണമായും വിസ്മരിച്ചുകൊണ്ട് കാർഷിക വ്യാവസായിക മേഖലകൾക്ക് ഒരു ഊന്നലും കൊടുക്കാത്ത, ഇന്നത്തെ പ്രതിസന്ധിയിൽ തകർന്ന കേരളത്തെ രക്ഷിക്കാനുള്ള ഒരു പരിപാടിയുമില്ലാത്ത ഈ ബഡ്ജറ്റിനെ കേരളത്തിലെ ജനങ്ങളുടെ വികാരങ്ങളോട് ചേർന്നു നിന്നുകൊണ്ട് ഞങ്ങൾ എതിർക്കുകയാണ്.

പ്രൊഫ. എ. വി. താമരാക്ഷൻ: സർ, സംസ്ഥാനം ഇന്നു നേരിടുന്ന ആഴമേറിയ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ഈ സംസ്ഥാനത്തെ കരകയറ്റുന്നതിനുള്ള ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ ഇല്ല എന്ന് ഞാൻ ദു:ഖത്തോടെ പറയുന്നു. അതുമാത്രമല്ല ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നമ്മുടെ സാമ്പത്തിക തകർച്ചയുടെ ആക്കം വർദ്ധിപ്പിക്കുകയും ചെയ്യുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു ബഡ്ജറ്റിനെ വിലയിരുത്തുമ്പോൾ പ്രധാനമായും നാലു കാര്യങ്ങൾ നാം പരിശോധിക്കണം. ഒന്ന് ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് ആ ബഡ്ജറ്റ് എങ്ങനെ സഹായിക്കുന്നു എന്നാണ് നോക്കേണ്ടത്. രണ്ട്, കമ്മി നികത്തുന്ന കാര്യത്തിൽ ആ ബഡ്ജറ്റ് എങ്ങനെ മുന്നോട്ടുപോകും. മൂന്ന്, പ്രത്യുത്പാദന മേഖലകളിൽ ഈ പണം ചെലവഴിക്കുന്ന കാര്യത്തിലുള്ള ഗവൺമെന്റിന്റെ സമീപനം. നാല്, അധിക വിഭവ സമാഹരണം നടത്തുന്ന കാര്യത്തിൽ ഈ ബഡ്ജറ്റിലുള്ള നിർദ്ദേശങ്ങളും, അവസാനമായി ദുർബല വിഭാഗങ്ങൾക്ക്, സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ള ജനവിഭാഗങ്ങൾക്ക് ബഡ്ജറ്റ് എങ്ങനെ സഹായകമാകാം. ഇത്തരം കാര്യങ്ങളാണ് നമ്മൾ ബഡ്ജറ്റിൽ പരിശോധിക്കേണ്ടത്. ഇന്ന് കേരളം സംസ്ഥാനത്തിന്റെ പദ്ധതി ചെലവുകൾ വെട്ടിക്കുറച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കഴിഞ്ഞ നാലു വർഷവും ക്രമാനുഗതമായി വർദ്ധിച്ച് 2481 കോടി രൂപയായി, ഈ വർഷം അവസാനിക്കുമ്പോൾ അത് 3500 രൂപയ്ക്കു മുകളിൽ വരാൻ പോകുകയാണ്. സംസ്ഥാനത്തിന്റെ കടം ഇരട്ടിയായി. ഗവൺമെന്റിന്റെ എല്ലാ വരുമാനങ്ങളും, വില്പന നികുതി, എക്സൈസ് നികുതി, കാർഷികാദായ നികുതി, രജിസ്ട്രേഷൻ നികുതി അങ്ങനെ എല്ലാ നികുതിയും കുറയും. ഇതൊരു വിഷ്യസ് സർക്കിളാണ്. ഈ വിഷ്യസ് സർക്കിളിൽ നിന്നും ഈ സംസ്ഥാനത്തെ കരകയറ്റണമെങ്കിൽ ഉല്പാദന മേഖലയിൽ വൻപിച്ച മുതൽ മുടക്ക് ഉണ്ടാകണം. മുതൽ മുടക്ക് ഉണ്ടാകേണ്ട സ്ഥാനത്ത് പ്ലാൻ പദ്ധതിപോലും വെട്ടിച്ചുരുക്കുന്നു എങ്കിൽ ആ ദൂഷിത വലയത്തിൽപ്പെട്ട് ഒരിക്കലും കരകയറാനാവാത്ത അഗാധമായ തകർച്ചയിലേയ്ക്കാണ് ഈ സംസ്ഥാനം പോയിക്കൊണ്ടിരിക്കുന്നത്. ഈ ബഡ്ജറ്റിൽ അതിനെ സംബന്ധിച്ച് ഒരു നിർദ്ദേശവും ഇല്ല. എന്നു മാത്രമല്ല ഈ സാമ്പത്തിക സർവ്വേയെക്കുറിച്ച് പറയുകയാണെങ്കിൽ മൂന്നാംകിട സാമ്പത്തിക വിദഗ്ധരാണ് പ്ലാനിംഗ് ബോർഡിലിരുന്നുകൊണ്ട് ഈ ഗവൺമെന്റിനെ ഉപദേശിക്കുന്നത്. ഈ പ്ലാനിംഗ് ബോർഡ് പിരിച്ചു വിടണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക സർവ്വേ ഈ രാജ്യത്തെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. രാജ്യദ്രോഹമാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം പോലും കിട്ടാത്ത അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത് എന്നാണ് ഈ സർവേയിൽ പറയുന്നത്. കാർഷിക മേഖലയിൽ കേരളത്തിന്റെ വളർച്ചാനിരക്ക് .08-ൽ നിന്ന് 3.8 ശതമാനമായി. വ്യാവസായിക രംഗത്ത് നെഗറ്റീവ് ഗ്രോത്ത് റേറ്റിൽ നിന്ന് 7 ശതമാനം ഗ്രോത്ത് റേറ്റുണ്ടായി. ആറായിരം നാളികേരം കിട്ടുന്ന സ്ഥാനത്ത് രണ്ടായിരം നാളികേരം മാത്രമേയുള്ളൂവെന്ന് ശ്രീമതി ഗൗരിയമ്മ പറയുന്നു. എന്നാൽ ഈ സർവ്വേ പറയുന്നത് കഴിഞ്ഞ വർഷം 501 കോടിയായിരുന്നത് 667 കോടിയായി എന്നാണ്. ഈ സംസ്ഥാനത്തിലെ ഏതെങ്കിലും കൃഷിക്കാർ സമ്മതിക്കുമോ? നാളികേര ഉല്പാദനം കൂടി എന്നു പറഞ്ഞാൽ അവർ സമ്മതിക്കുമോ? എന്റെ അഭിപ്രായത്തിൽ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിലിരുന്ന് ഗവൺമെന്റിനെ പ്രീതിപ്പെടുത്താൻ വേണ്ടി കള്ളക്കണക്ക് എഴുതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആ ഉദ്യോഗസ്ഥന്മാരുടെ പേരിൽ ഗവൺമെന്റ് നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 7 ശതമാനം വ്യാവസായിക വളർച്ചയുണ്ടായി എന്നു പറയുന്നത് ഞാൻ അംഗീകരിക്കാം. എന്റെ അഭിപ്രായത്തിൽ നെഗറ്റീവ് ഗ്രോത്ത് റേറ്റാണ് കേരളത്തിലുണ്ടായിരിക്കുന്നത്. 1995-ലെ സാമ്പിൾ സർവ്വേയാണ് എന്റെ കയ്യിലുള്ളത്. 1995-ലെ സാമ്പിൾ സർവ്വേയിൽ മൂന്നര മണിക്കൂർ പവർകട്ടുണ്ടായിരുന്ന അവസരത്തിൽ കേരളത്തിൽ വാണിജ്യ സ്ഥാപനങ്ങൾ 953.75 മില്യൻ യൂണിറ്റ് വൈദ്യുതിയാണ് ഉപയോഗിച്ചത്. പവർ കട്ടില്ലാത്ത 1999-ൽ 766 മില്യൻ യൂണിറ്റ് വൈദ്യുതിയാണ്

1 P.M.] ഇലക്ട്രിസിറ്റി ബോർഡ് കൊടുത്തിരിക്കുന്നത്. ഇൻഡസ്ട്രിയൽ ലാ ആന്റ് മീഡിയം വ്യവസായ സ്ഥാപനങ്ങൾക്ക് 543.43 മില്യൻ യൂണിറ്റ്. 1999-ൽ 565 മില്യൺ യൂണിറ്റ്. എക്സ്ട്രാഹൈ ടെൻഷൻ വ്യവസായങ്ങൾക്ക് 1995-ൽ 2598 മില്യൻ യൂണിറ്റ്. 1999-ൽ 2728 മില്യൻ യൂണിറ്റ്. 1995-ൽ വാണിജ്യ വ്യവസായങ്ങൾക്ക് മൊത്തമായി 4994 മില്യൻ യൂണിറ്റ്, കൊടുത്തെങ്കിൽ 1999-ൽ 4059 ആയി കുറഞ്ഞു. അതായത് 45 മില്യൻ യൂണിറ്റ് 1995 നേക്കാളും കുറഞ്ഞു. അന്ന് മൂന്നര മണിക്കൂർ പവർകട്ടുണ്ടായിരുന്നു കേരളത്തിൽ. വ്യവസായ വകുപ്പിന്റെ കണക്കെടുത്ത് നോക്കിയാൽ കാണാം. വ്യവസായത്തിന് വൈദ്യുതി വേണ്ടേ? വൈദ്യുതി ഇല്ലാതെ വ്യവസായം തുടങ്ങാൻ പറ്റുമോ? ഇവിടെ വൈദ്യുതി ഉൽപ്പാദനം കൂടി ഡൊമസ്റ്റിക് കൺസ്ട്രക്ഷന് വീടുകൾക്കുവേണ്ടി കൂടി. ആ കണക്ക് ഞാൻ പറയാം. 2300 മെഗാവാട്ടായിരുന്നത് നാലായിരത്തി നാല്പതായി കൂടി. ഇവിടെ ഒരൊറ്റ വ്യവസായം വന്നില്ല. വ്യാവസായികമായി കേരളം തകർന്നിരിക്കുമ്പോൾ ഏഴ് ശതമാനം ഗ്രോത്ത് റേറ്റുണ്ടായി എന്ന് സാമ്പത്തിക സർവ്വേ പറഞ്ഞിരിക്കുകയാണ്. ഈ രാജ്യത്തെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ കള്ളക്കണക്കുണ്ടാക്കി എന്തിന് കാണിക്കണം. വളരെ ക്ലിയറായി കറക്റ്റായി പറയണം. അതിൽ മായം ചേർക്കണമോ? അതിൽ മായം ചേർക്കാൻ പാടില്ല. ഈ സ്റ്റേറ്റ് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ഞാൻ കഴിഞ്ഞ നാല് വർഷമായി ഈ നിയമസഭയിൽ പറയുന്നുണ്ട്. ഇൻവെസ്റ്റ്മെന്റ് രംഗത്ത് ഈ ഗവൺമെന്റ് ഒരടി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഈ തകർച്ചയിൽ നിന്നും കരകയറാൻ എന്ത് നടപടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുള്ളത്? ആ തരത്തിലെന്തെങ്കിലും ഉണ്ടാക്കാൻ സാധിച്ചോ? അതാണ് ഞാൻ പറഞ്ഞത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നാളെ ഈ സംസ്ഥാനത്തെ ജനങ്ങളുടെ ഭാവി എന്താണ്? നമ്മുടെ കുട്ടികളുടെ ഭാവി എന്താണ്? മുൻപ് ഗൾഫിൽ പോകാമായിരുന്നു. ഇപ്പോൾ ഗൾഫിൽ പോകാൻ സാദ്ധ്യതയുണ്ടോ? കേരളത്തിന് വെളിയിൽ പോകാൻ വല്ല മാർഗ്ഗവും ഉണ്ടോ? ഈ സംസ്ഥാനത്തെ ജനങ്ങളുടെ ഭാവി തലമുറയുടെ സ്ഥിതി എന്താണ്? നാല് വർഷംകൊണ്ട് എട്ട് വർഷം ഈ കേരളം പുറകോട്ട് പോയിരിക്കുകയാണ്. ഇവിടെ എൽ.ഡി.എഫ്. ഗവൺമെന്റ് അഴിമതിയില്ലാത്ത സംശുദ്ധമായ ഭരണം കാഴ്ചവയ്ക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റാണ്. ഈ ഗവൺമെന്റ് 40 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്നതിനുവേണ്ടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഒ. ഇ. സി. എഫ്-ന്റെ സാമ്പത്തിക സഹായത്തോടുകൂടി 1800 കോടി രൂപയുടെ ചെലവിൽ നടപ്പിലാക്കിയ പദ്ധതിയിൽ അതിന്റെ കൺസൾട്ടൻസിയെ സംബന്ധിച്ച് ഗുരുതരമായ ക്രമക്കേട് നടത്തി എന്ന ഒരു പരാതി ഞാൻ ഇന്ന് രാവിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിച്ചിട്ടുണ്ട്. ആ പരാതിയിൽ ഉന്നയിക്കുന്ന കാര്യം ആരോപണ വിധേയമായി ഞാൻ ഈ സഭയിൽ ഉന്നയിക്കുകയും ചെയ്യാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ, ഒ.ഇ.സി.എഫ്. ന്റെ ആ കരാറിനെക്കുറിച്ച് ശ്രീ.ടി.എം. ജേക്കബ് ആക്ഷേപം ഉന്നയിച്ചപ്പോൾ ആ ആക്ഷേപം അടിസ്ഥാനരഹിതമാണെന്ന് മറുപടി പറഞ്ഞ ശ്രീ. താമരാക്ഷൻ ഇപ്പോൾ ഈ ആക്ഷേപം ഉന്നയിക്കുന്നത് ഓർഡറിലാണോ? ..... (ബഹളം).....

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ എ.വി. താമരാക്ഷൻ അദ്ദേഹം എഴുതി തന്നിട്ടുണ്ട്. മുൻകൂട്ടി അറിയിച്ചിട്ടുണ്ട് ഇത് റൂൾ 285 അനുസരിച്ച് ഓർഡറിലാണ്.

പ്രൊഫ. എ.വി. താമരാക്ഷൻ : ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. ആനത്തലവട്ടം ആനന്ദൻ സ്വപ്നം കാണുകയാണ്. ഞാൻ ഒരിക്കലും ഇതിനെ ന്യായീകരിച്ചിട്ടില്ല. ഈ സഭയിൽ ഒ.ഇ.സി.എഫ്. നെ ന്യായീകരിച്ചുകൊണ്ട് ഞാൻ സംസാരിച്ചതായി ഒരു രേഖ കാണിക്കാമോ? ഞാൻ ആ പദ്ധതിക്കൊന്നും എതിരല്ല. ഈ സംസ്ഥാനത്ത് 40 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻവേണ്ടി എന്റെ നേതാവ് ശ്രീ. ബേബി ജോൺ മന്ത്രിയായിരുന്ന അവസരത്തിൽ അതിനുവേണ്ടി ആത്മാർത്ഥമായ നടപടി സ്വീകരിച്ചതാണ്. അതിന്റെ ടേംസ് ഓഫ് റഫറൻസ് എന്താണ്? 40 ലക്ഷം ജനങ്ങൾക്ക് വെള്ളം കൊടുക്കാനുണ്ടാക്കിയ ഒ.ഇ.സി.എഫ്. കരാറിൽ

1) The borrower has absolute right to select the consultant.

2) The borrower has to select a minimum of three and a maximum of five firms for the short list of consultants by global tender and the OECF

LIBRARY ARCHIVES Kerala Legislative Assembly

should not interfere with the selection procedure as it is being done on the basis of the competitive global tender system.

3) The borrower ie. the Kerala Water Authority for and on behalf of the State Government of Kerala can select firms from any elegible source countries which is all countries and areas.

ഒ.ഇ.സി.എഫ്. ന്റെ കരാറനുസരിച്ച് പൂർണ്ണമായും കൺസൾട്ടൻസിനെ തീരുമാനിക്കാനുള്ള അവകാശം സംസ്ഥാന ഗവൺമെന്റിന് മാത്രമാണ്. ഇവിടെ ശ്രീ. ബേബി ജോൺ മന്ത്രിയായിരുന്ന അവസരത്തിൽ അതിനെ സംബന്ധിച്ച് കൺസൾട്ടൻസിനെ നിയമിക്കാൻ ഗ്ളോബൽ ടെന്റർ വിളിച്ചു. 36 കമ്പനികൾ അതിൽ പങ്കെടുത്തു. ആ കമ്പനികളിൽ നിന്നും അഞ്ച് കമ്പനികളുടെ ഷോർട്ട് ലിസ്റ്റ് കൊടുത്തു. ആ ഷോർട്ട് ലിസ്റ്റിൽ ജപ്പാൻ ബേസ്ഡ് കമ്പനികളുണ്ടായിരുന്നില്ല. ആ ഷോർട്ട് ലിസ്റ്റ് അംഗീകരിച്ചതിനുശേഷം അന്നത്തെ എം.ഡി. ആയിരുന്ന ശ്രീമതി കൃഷ്ണവേണി പുറംവാതിലിലൂടെ രണ്ട് ജപ്പാൻ കമ്പനികളെക്കൂടി പസഫിക് കൺസൾട്ടന്റ് ഇന്റർനാഷണൽ, നിപ്പോൺ ജോഗി എന്ന രണ്ട് കമ്പനികളേയും, ഈ 36 കമ്പനികളിൽ 13-ാം റാങ്കിൽ കിടന്ന പസഫിക് കൺസൾട്ടന്റ് ഇന്റർനാഷണലിനെ 6-ാം സ്ഥാനത്തും നിപ്പോൺജോഗിയെ ഏഴാം സ്ഥാനത്തുമായി കൊണ്ടു വന്നു. ഇതിനെ സംബന്ധിച്ച് ആരോപണമുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയാണ് അതിനെപ്പറ്റി അന്വേഷിക്കാൻ ആവശ്യപ്പെട്ടത്. അത് പി.ഡബ്ല്യു.ഡി. സെക്രട്ടറിയായിരുന്ന മിനിമാത്യുവിനെ അന്വേഷണ കമ്മീഷനായി നിയമിച്ചു. ഇതിനകത്ത് വളരെ ഗുരുതരമായി അഴിമതി നടന്നിട്ടുണ്ടെന്നും അതിന്റെ കാണ്ടം എത്രയാണെന്ന് പറയാൻ കഴിയുന്നില്ലെന്നും രണ്ട് കമ്പനികളേയും ഡിസ്കാളിഫൈ ചെയ്യണമെന്നും ശ്രീമതി മിനി മാത്യു ഗവൺമെന്റിന് റിപ്പോർട്ട് നൽകി. ആ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഒരു കത്ത് സ്റ്റേറ്റ് സെക്രട്ടറി റ്റു ഗവൺമെന്റ് വാട്ടർ അതോറിറ്റി എം.ഡി.ക്ക് കൊടുക്കുന്നു.

I am to invite the attention to the letter cited and to inform you that the action of Smt. S. Krishnaveni, (the former Managing Director, Kerala Water Authority) in having included two more Japanese Companies in the short list subsequent to the finalisation of the list by the Tender Committee and approval by the Authority was incontravention of the Guidelines for the employment of consultants by OECF ഗവൺമെന്റ് ഈ റിപ്പോർട്ട് അംഗീകരിച്ചു. ഈ അവസരത്തിലാണ് ഒരു രവീന്ദ്രൻ ഹൈക്കോടതിയിൽ പോയി അദ്ദേഹം വാദിച്ചത് ഒരു കാരണവശാലും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ വിലയിരുത്തിക്കൊണ്ട് ഈ കമ്പനികൾക്ക് കൊടുക്കാൻ പാടില്ലെന്നാണ് എന്നാൽ ഹൈക്കോടതിയാകട്ടെ അതിനു സംബന്ധിച്ച് ചീഫ് സെക്രട്ടറിക്ക് റഫർ ചെയ്തു. ചീഫ് സെക്രട്ടറി കണ്ടതിനുശേഷം ചീഫ് സെക്രട്ടറി ഹൈക്കോടതിക്കും പരാതിക്കാരനും കത്ത് കൊടുത്തു. ആ കത്തിലും പറഞ്ഞിരിക്കുന്നത് മിനി മാത്യു കമ്മിറ്റിയുടെ ഫൈന്റിംഗ്സ് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചിരിക്കുന്നു. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ഈ രണ്ട് ജപ്പാൻ കമ്പനികളേയും ഡിസ്ക്വാളിഫൈ ചെയ്യാനാണ് തീരുമാനം. അതുകഴിഞ്ഞ് സംസ്ഥാന ഗവൺമെന്റ് വീണ്ടും ഒരു കത്ത് വാട്ടർ അതോറിറ്റി എം.ഡി.ക്ക് കൊടുക്കുന്നു. അതിൽ പറയുന്നത്.

From Secretary to Government to the Managing Director in name cover on 5-5-1999.

I am directed to invite your attention to the letter cited and to inform you that it has decided to invite global tenders afresh and award the consultancy work and implement the scheme on that basis. മിനി മാത്യു കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ച് ഗ്ലോബൽ ടെണ്ടർ വിളിക്കണമെന്ന് തീരുമാനിച്ചശേഷം ഗ്ളോബൽ ടെണ്ടർ വിളിക്കാതെ ഈ രണ്ട് കമ്പനികളടക്കം ഏഴു കമ്പനികളിൽ നിന്നും ടെണ്ടർ വാങ്ങിച്ചുകൊണ്ട് ഡിസ്ക്വാളിഫൈ ചെയ്യണമെന്നുപറഞ്ഞ പസഫിക് കൺസൾട്ടൻസിയോട് ടെക്നിക്കൽ ബിഡ്ഡും ഫിനാൻഷ്യൽ ബിഡ്ഡും വാങ്ങി. ഈ രണ്ട് ബിഡ്ഡും വാങ്ങിയശേഷം ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യാതെ ടെക്നിക്കൽ ബിഡ് മാത്രംവച്ചുകൊണ്ട് മിനി മാത്യു കമ്മിറ്റി ഡിസ്ക്വാളിഫൈ ചെയ്ത പസഫിക് കൺസൾട്ടൻസിനെ ഒന്നാം റാങ്ക് ചെയ്ത് ക്യാബിനറ്റ് തീരുമാനിച്ച് ഒ.ഇ.സി.എഫ്-ന് അയച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഗവൺമെന്റ് ഒരു ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്, ഒ.ഇ.സി.എഫ്. സമ്മതിച്ചില്ല, ഗ്ളോബൽ ടെണ്ടർ വിളിക്കുന്നത് സംബന്ധിച്ചും അതുപോലെ രണ്ട് കമ്പനികളെയും ഒഴിവാക്കുന്നതു സംബന്ധിച്ചും ഒ.ഇ.സി.എഫ്. അംഗീകരിച്ചില്ല, അതുകൊണ്ട് ഒ.ഇ.സി.എഫ്. ന്റെ സമ്മർദ്ദത്തിനുവഴങ്ങി അംഗീകരിക്കേണ്ടിവന്നു എന്നാണ്. ഐ.എം.എഫ്. ന്റേയും വേൾഡ് ബാങ്കിന്റേയും അതുപോലുള്ള സാമ്പത്തിക സ്ഥാപനങ്ങളുടേയും നയങ്ങളെ എതിർക്കുന്ന സമീപനമാണ് ഇടതുപക്ഷമുന്നണിക്കുള്ളത്. ഇതിലെ കണ്ടീഷൻസ് വളരെ അപകടകരമാണ്. ഈ കൺസൾട്ടൻസിയെ നിയമിക്കാനും അതുപോലെ കോൺട്രാക്ടറെ നിയമിക്കാനും കോൺട്രാക്ടർക്ക് പണം കൊടുക്കൽ അടക്കമുള്ള അവകാശം ഒ. ഇ. സി. എഫ്.-ന് കൊടുത്തുകൊണ്ട് ഈ സംസ്ഥാനത്തിന്റെ താല്പര്യം ബലികഴിക്കാൻ കഴിയുന്ന തരത്തിലുള്ള ശ്രമങ്ങൾ ഉണ്ടാകുന്നത് ഇടുതപക്ഷ പാർട്ടി ഭരിക്കുന്ന ഒരു സംസ്ഥാനത്തിന് ഭൂഷണമാണോ ? ഒ.ഇ.സി.എഫ്.-ഉം പസഫിക് കൺസൾട്ടന്റും ചേർന്ന് പല സംസ്ഥാനങ്ങളിലും ഒരു ഗൂഢസംഘമായി പ്രവർത്തിക്കുകയാണ്. ആ ഗൂഢസംഘം തമിഴ്നാട്ടിലും പ്രവർത്തിച്ചു. തമിഴ്നാട് ഗവൺമെന്റ് വഴങ്ങിയില്ല. ഞാൻ തമിഴ്നാട് മുഖ്യമന്ത്രി ബഹുമാനപ്പെട്ട കരുണാനിധിയെ അഭിനന്ദിക്കുകയാണ്. ഒ.ഇ.സി.എഫ്-ഉം അതുപോലെ M.P. Singh ഡയറക്ടറും ശക്തമായ നിലയിൽ വാദിച്ചിട്ടുപോലും ഒ.ഇ.സി.എഫ്-ന് വഴങ്ങാതെ ഞാനാണ് പണം വാങ്ങിക്കുന്നത്. തിരിച്ചു തരേണ്ട പണമാണ് എന്ന് വാദിച്ച് കോംപറ്റിറ്റീവ് ടെണ്ടർ വിളിച്ച് തമിഴ്നാട്ടിൽ വർക്ക് കൊടുത്തു.

In Madras OECF insisted upon Chennai Metro Water Supply Sewerage Board changing the tender specification and select a Japanese

LIBRARY ARCHIVES Kerala Legislative Assembly

company. However, Tamil Nadu Government did not succump to the pressure and awarded the contract to a competent company.

തമിഴ്നാട് ഗവൺമെന്റ് ഒ.ഇ.സി.എഫ്-ന്റെ സമ്മർദ്ദത്തിന് ഒട്ടും വഴങ്ങാതെ, ഇതിലെ വ്യവസ്ഥയനുസരിച്ച്, പൂർണ്ണമായും തമിഴ്നാട് ഗവൺമെന്റിന്റെ അവകാശമാണെന്നു പറഞ്ഞുകൊണ്ട് അവർ തീരുമാനിച്ചു. ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഐ.എം.എഫ്-ന്റേയും വേൾഡ് ബാങ്കിന്റേയും സാമ്പത്തിക നയങ്ങളെ ശക്തിയായി എതിർക്കുകയാണ്. 1800 കോടി രൂപയ്ക്ക് അതിന്റെ കോൺട്രാക്ട് തീരുമാനിക്കുന്നതിനും പണം കൊടുക്കുന്നതിനുമെല്ലാം ഈ കോക്കസ്സ് അതായത് ഒ.ഇ.സി.എഫും പസഫിക് കൺസൾട്ടന്റും ഇടനിലക്കാരും ചേർന്ന് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ മുഴുവൻ ബലികഴിക്കുകയാണ്. വർക്ക് ഈ കൺസൾട്ടന്റ് സിനെ ഏല്പിക്കാൻ കേരള ഗവൺമെന്റും കൂടി തീരുമാനിച്ചത് അങ്ങേയറ്റം തെറ്റായിപ്പോയി. ഇതിന്റെ പിന്നിൽ വളരെ വലിയ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് ഞാൻ സംശയിക്കുന്നു. ഇതൊരു ഇന്റർ നാഷണൽ തട്ടിപ്പാണ്. ഈ തട്ടിപ്പ് വെളിയിൽ കൊണ്ടുവരണമെങ്കിൽ സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ കഴിയുകയില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു സി. ബി. ഐ. എൻക്വയറിവേണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ചിലപ്പോൾ ഇന്റർപോളും വേണ്ടിവരും. ഒ.ഇ.സി.എഫ്.-ഉം പസഫിക് കൺസൾട്ടന്റും നടത്തികൊണ്ടിരിക്കുന്ന ഈ ഗൂഢാലോചനകൾ വെളിയിൽ കൊണ്ടുവരുന്നതിന് ഒരു സി.ബി.ഐ. എൻക്വയറിതന്നെ വേണമെന്ന ആവശ്യമാണ് ഞാൻ മുഖ്യമന്ത്രിയോട് മുന്നോട്ടു വയ്ക്കുന്നത്. ഇതു സംബന്ധിച്ച് ഞങ്ങളുടെ പാർട്ടി ഒരു സി.ബി.ഐ., എൻക്വയറി വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം പാസ്സാക്കി. എന്നെകണ്ടാൽ കിണ്ണം കട്ടവനോയെന്ന് തോന്നുമാറ് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പത്ര സമ്മേളനത്തിൽ പറഞ്ഞിരിക്കുന്നത്, എന്റെ മുൻഗാമി ബഹുമാനപ്പെട്ട ബേബി ജോണാണ് ഇതിന് ഉത്തരവാദി എന്നാണ്. ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്, ബേബി ജോൺ കേരളത്തിന്റെ ജലസേചന വകുപ്പുമന്ത്രിയായിരുന്നകാലത്ത് ഈ രണ്ട് കമ്പനികളെയും ഉൾപ്പെടുത്തുന്നതിനുവേണ്ടി ശ്രമിച്ചതായ അദ്ദേഹം പങ്കെടുത്ത ഏതെങ്കിലും യോഗത്തിന്റെ വിവരമോ അല്ലെങ്കിൽ അദ്ദേഹം ഒപ്പിട്ട ഏതെങ്കിലും ഒരു ഫയലോ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

അദ്ദേഹം സുഖമില്ലാതെ ആശുപത്രിയിൽ കിടക്കുമ്പോൾ, അന്നത്തെ വാട്ടർ അതോറിറ്റി എം. ഡി. ആയിരുന്ന ശ്രീമതി കൃഷ്ണവേണി ഒരു ഫയൽ ഓർഗനൈസ് ചെയ്തുണ്ടാക്കി അതിന്റെ സെക്രട്ടറിയും ടെക്നിക്കൽ മെമ്പർ ഗോവിന്ദൻകുട്ടിയും ഒപ്പിടാൻ കൊണ്ടുപോയപ്പോൾ പോലും അദ്ദേഹം ഒപ്പിടാൻ തയ്യാറായില്ല. ബേബി ജോണിന് ഇക്കാര്യത്തിൽ യാതൊരു ബന്ധവുമില്ല. ഉണ്ടെങ്കിൽ ആ ഫയൽ വയ്ക്കട്ടെ, അന്വേഷിക്കട്ടെ, അന്വേഷണത്തിന് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാണ്. സംശുദ്ധമായ, അഴിമതിയില്ലാത്ത ഒരു ഭരണം കാഴ്ചവയ്ക്കാൻ പ്രതിജ്ഞാബദ്ധമായ ഈ ഗവൺമെന്റ്, പ്രത്യേകിച്ച് ഐ.എം.എഫ്-ന്റേ യും വേൾഡ് ബാങ്കിന്റേയും നയ്ങ്ങളെ എതിർക്കുന്ന ഈ ഗവൺമെന്റ് ഇത് വെളിയിൽ കൊണ്ടുവരുന്നതിനുവേണ്ടി സി.ബി.ഐ. എൻക്വയറിക്ക് ശുപാർശ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രശ്നാധിഷ്ഠിതമായ നമ്മുടെ സംസ്ഥാനത്ത് സകല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പരിമിതികളും പ്രശ്നങ്ങളുംകൊണ്ട് സാധിച്ചിട്ടില്ലെങ്കിലും കേരളത്തിലെ ജനങ്ങളുടെ ജീവൽപ്രശ്നങ്ങളെ കണ്ടുകൊണ്ട്, ഇന്ത്യയിലെ സാമ്പത്തിക സ്ഥിതിയും കേന്ദ്ര നയത്തിൽനിന്നുണ്ടാകുന്ന പ്രത്യാഘാതങ്ങളും നമ്മുടെ സാമ്പത്തിക പരിമിതികളുമെല്ലാം നിർത്തികൊണ്ട് ഒരു ബഡ്ജറ്റിന് ഉണ്ടാകേണ്ട അന്ത:സത്ത അക്ഷരാർത്ഥത്തിൽ പാലിച്ചുകൊണ്ട് വളരെ സുചിന്തിതമായ ഒരു ബഡ്ജറ്റാണ് ശ്രീ. ശിവദാസമേനോൻ ഇവിടെ അവതരിപ്പിച്ചത്. വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ ഇതിനെ അനുകൂലിക്കുന്നത്. ഈ ബഡ്ജറ്റ് പുറത്തുവന്നപ്പോൾ പ്രതിപക്ഷ നേതാക്കളുടെ ആദ്യത്തെ പ്രതികരണം തെരഞ്ഞെടുപ്പ് ലക്ഷ്യം വച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് എന്നാണ്. തെരഞ്ഞെടുപ്പ് ലക്ഷ്യം വച്ചുകൊണ്ടുള്ള ബഡ്ജറ്റ് എന്നു പറഞ്ഞാൽ അർത്ഥമെന്താണ്? ജനങ്ങളുടെ പ്രശ്നങ്ങൾ കണ്ട ബഡ്ജറ്റ്, ജനങ്ങൾക്ക് പ്രതീക്ഷയും ആശ്വാസവും നൽകുന്ന ബഡ്ജറ്റ് എന്നാണ്. അതല്ലെങ്കിൽ തെരഞ്ഞെടുപ്പിനെ ലക്ഷ്യം വച്ചുകൊണ്ടുള്ള ബഡ്ജറ്റ് എന്നു പ്രതിപക്ഷത്തുനിന്ന് ആദ്യം പ്രതികരണം ഉണ്ടാവുകയില്ലല്ലോ. അതൊരു അപാകതയാണോ? ഏതായാലും ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ, ഈ കെട്ടിടത്തിൽ അധികം ബഡ്ജറ്റ് ആയില്ലെങ്കിലും കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റുകളിൽ സാഹചര്യങ്ങൾക്കൊക്കെ നടുവിൽ നിന്ന് ഇത്രയേറെ ഈ സംസ്ഥാനത്തിന്റെ ഭാവിക്ക് ഉതകുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്ന് അഭിമാനിക്കാൻ കഴിയും. പ്രതിപക്ഷ കക്ഷികളെ സംബന്ധിച്ചിടത്തോളം ഇതിന് ആവശ്യമായിട്ടുള്ള മറ്റെന്തെങ്കിലും നിർദ്ദേശങ്ങൾ വയ്ക്കാൻ അവർക്ക് കഴിഞ്ഞിട്ടുമില്ല. ശ്രീ. എ. വി. താമരാക്ഷൻ ഇക്കണോമിക് റിവ്യൂവിനെക്കുറിച്ചും അതിന്റെ ആധികാരികതയെക്കുറിച്ചുമൊക്കെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ത്യയിൽ ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അഭിപ്രായം പറയാൻ അധികാരമുള്ള റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 1999-ലെ ഹാൻഡ് ബുക്ക് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇന്ത്യൻ ഇക്കണോമി എന്ന ബുക്കിൽ കേരളം സാമ്പത്തിക വളർച്ചയെ സംബന്ധിച്ചിടത്തോളം അഞ്ചാം സ്ഥാനത്താണ് എത്തിച്ചേർന്നിരിക്കുന്നത് എന്ന് ചൂണ്ടിക്കാണിക്കുന്നുവെങ്കിൽ ഈ സഭയ്ക്ക് അത് കേൾക്കുമ്പോൾ അഭിമാനമല്ലേ? തൊഴിലില്ലായ്മ, മറ്റ് പ്രകൃതി പ്രശ്നങ്ങൾ എല്ലാം ഉണ്ടായിട്ടും നല്ല പ്രവർത്തനങ്ങളിലൂടെ നമ്മുടെ സംസ്ഥാനത്തെ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ അഞ്ചാം സ്ഥാനത്ത് എത്തിക്കാൻ കഴിഞ്ഞിരിക്കുന്നുവെന്ന് റിസർവ് ബാങ്കിന് വിധിയെഴുത്ത് നടത്തേണ്ടിവന്നുവെങ്കിൽ ഒരു ഗവൺമെന്റിന് അതിൽ കൂടുതൽ അഭിമാനിക്കാൻ എന്തുവേണം? ശ്രീമതി ഗൗരിയമ്മ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ച ചെലവിനത്തിന്റെ കാര്യം ഞാൻ സമ്മതിക്കുന്നു. വരവിനത്തിന്റെ കാര്യത്തിലാണ് മാനേജ്മെന്റ് എന്നു പറയുന്നത്. കേരളത്തിലെ ഏറ്റവും രൂക്ഷമായ പ്രശ്നങ്ങളിൽ ഒന്നാണ് തൊഴിലില്ലായ്മ ഇവിടെയിരിക്കുന്ന ആരും തൊഴിലില്ലായ്മയെക്കുറിച്ച് ഒന്നും പറഞ്ഞുകേട്ടില്ല. പ്രതിപക്ഷ നേതാവ് മുൻകൈയെടുത്ത് ആരംഭിച്ച തൊഴിലില്ലായ്മവേതനം തൊഴിലില്ലായ്മ കണ്ടതുകൊണ്ടുള്ള ആശ്വാസ നടപടികളായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്നു തവണ വേതനം കൂട്ടി. സാമ്പത്തിക പരിമിതി വന്നിട്ടും ലക്ഷക്കണക്കിന് തൊഴിൽരഹിതർക്ക് ആശ്വാസം പകരാൻ കഴിയുന്ന മറ്റു നടപടികളോടൊപ്പം തന്നെ അവർക്ക് ആശ്വാസം നൽകാനുള്ള തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റിന്റെ തൊഴിലില്ലാത്തവരോടുള്ള മനോഭാവമല്ലേ കാണിക്കുന്നത്? കേരളത്തെ സംബന്ധിച്ചിടത്തോളം വ്യാവസായിക മേഖലയിൽ ഏറ്റവും കൂടുതൽ വൈദ്യുതി ആവശ്യമുള്ള വ്യവസായങ്ങളായിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും അനുവാദം കൊടുക്കാത്തതായിരുന്ന കേരളത്തിലെ വൈദ്യുതിയുടെ വിലക്കയറ്റവും സാദ്ധ്യതയും വച്ചിട്ട് ഈ അടുത്തകാലത്ത് വളരെ നിയന്ത്രണങ്ങൾ ഉണ്ടായി. പുതിയ വ്യവസായങ്ങൾ അധികവും വൈദ്യുതി ഇല്ലാത്ത വ്യവസായങ്ങളാണ്. പഴയതുപോലെ നമുക്ക് പോകാൻ ഒക്കില്ല. അതൊക്കെ വസ്തുതയല്ലേ? ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷ കക്ഷികളുടെ ഭാഗത്തുനിന്നും ആക്ഷേപങ്ങളൊക്കെ വന്നത് രണ്ടുമൂന്ന് ജനകീയ പ്രശ്നങ്ങളാണ്. ഒന്ന് ജനകീയാസൂത്രണം രണ്ട് ജനകീയ പോലീസ്. എന്തിനാണ് ഈ ജനകീയ പോലീസ് എന്നു പറയുമ്പോൾ ഇത്ര വെപ്രാളം. ജനകീയമെന്നു പറഞ്ഞാൽ എന്തിനാണ് ഇത്ര വേവലാതി ? ജനങ്ങളുടെ പങ്കാളിത്തത്തോടെ തീരുമാനമെടുക്കുമ്പോൾ അതിൽ പങ്കെടുക്കുന്ന ജനങ്ങൾക്ക് സ്വാധീനവും നിയന്ത്രണവുമുള്ള രാഷ്ട്രീയ കക്ഷികൾ അത് ദുരുപയോഗപ്പെടുത്തുമെന്ന ഭയമെങ്കിൽ നിങ്ങൾ മാറി നിൽക്കുകയാണോ വേണ്ടത്? ഈ ഗവൺമെന്റിനെ സംബന്ധിച്ച് ശ്രീമതി ഗൗരിയമ്മ ചൂണ്ടിക്കാണിച്ചു. പഞ്ചായത്തുകൾക്ക് പ്ലാനിൽ 1020 കോടി രൂപ കൊടുക്കും. അതുകൊണ്ടുതന്നെ റവന്യൂ കമ്മി വർദ്ധിക്കുന്നു. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിൽ നിന്നും കൊടുത്തിരിക്കുന്ന ഗൈഡ് ലൈൻസ് പ്രകാരം സോഷ്യൽ സെക്ടറിൽ 37-40 ശതമാനം മാത്രമേ ചെലവഴിക്കാൻ ഒക്കുകയുള്ളൂ. ബാക്കി മുഴുവൻ പ്രൊഡക്ടീവ് ആകണം. പ്രൊഡക്ടീവ് ആക്കുന്നതിനുവേണ്ടി പ്രവർത്തനം നടക്കുന്നില്ലേ? 50 ശതമാനം പഞ്ചായത്തുകൾ പ്രതിപക്ഷ കക്ഷികളുടെ കയ്യിലാണല്ലോ. ആ പഞ്ചായത്തുകൾ സഹകരിക്കുന്നില്ലേ? പൂർണ്ണമായി പ്രവർത്തിക്കുന്നില്ലേ? ചില കാര്യങ്ങളിൽ തടസ്സം വന്നിട്ടുണ്ട്. ഈ സഭ അവസാനിക്കുന്നത് വെള്ളിയാഴ്ചയാണ്. അന്ന് രാവിലെയും വൈകുന്നേരവും ഇരുന്ന് കേരള ഡീസെൻട്രലൈസേഷൻ ഓഫ് അമെന്റ്മെന്റ് ബിൽ, ചർച്ചചെയ്ത് പാസ്സാക്കണം. ഇന്ന് രാവിലെ കൂടിയ ബി.എ.സി. അത് അംഗീകരിച്ചു. എന്തുകൊണ്ട്? അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും വലിയ നിയമമാണ് 2000-ലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് അമെന്റ്മെന്റ് ബിൽ, ആ ബിൽ ആണ് ഇവിടെ ചർച്ച ചെയ്തു പാസ്സാക്കാൻ പോകുന്നത്. ആ ബിൽ നിയമമാകുന്നതോടുകൂടി ഗ്രാമസ്വരാജ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന സങ്കൽപ്പം യാഥാർത്ഥ്യമാകും. വരുന്ന സാമ്പത്തിക വർഷത്തിൽ തന്നെ അതിന്റെ തുടക്കം കുറിക്കുന്നതാണ്. ഗ്രാമസ്വരാജിനെപ്പറ്റി പറഞ്ഞപ്പോൾ ആ ഗ്രാമസ്വരാജ് പ്രായോഗികമാണോ ഇല്ലയോ എന്ന തർക്കങ്ങളൊക്കെ ഒരു കാലത്തു ഉണ്ടായിരുന്നു. എന്നാൽ ഇന്ന് കേരളം ഇന്ത്യയ്ക്ക് മാതൃകയായി മാറുന്നു. ലോകത്തിന് മാതൃകയായി മാറുന്നു. പല വിദേശരാജ്യങ്ങളിൽനിന്നും ജനങ്ങളുടെ ഭരണ പങ്കാളിത്തം എങ്ങനെയാണെന്ന് പഠിക്കാൻ ആളുകൾ ഇവിടെ വരുന്നുവെന്നത് ഈ പ്രവർത്തനത്തിന്റെ ഉയർച്ചയെ ആണ് കാണിക്കുന്നത്. ഇക്കാര്യത്തിൽ ഏറ്റവും മുന്നോട്ട് പോയിട്ടുള്ള കർണ്ണാടകയായാലും ബംഗാൾ ആയാലും മഹാരാഷ്ട്രയായാലും പദ്ധതിയിൽ ഇത്രയധികം സംഖ്യ അവർക്ക് കൊടുത്തിട്ടില്ല. അതുപോലെതന്നെ ഗ്രാമ പഞ്ചായത്തിന്റെ പൂർവ്വ സങ്കല്പത്തിലേയ്ക്ക് അവർക്ക് പോകാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും ഭരണപരമായി വന്നെങ്കിൽ ജില്ലാ പഞ്ചായത്തിന് കീഴ് പഞ്ചായത്തിനെ നിയന്ത്രിക്കാൻ ഈ സംസ്ഥാനങ്ങൾക്ക് ഇപ്പോൾ അധികാരമുണ്ട്. എന്നാൽ കേരളത്തിൽ നാം പാസ്സാക്കിയ നിയമത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായ അധികാരം വിട്ടുകൊടുത്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ കൊണ്ടു വരാൻ ഇനിയും കുറെ വികേന്ദ്രീകരണ പ്രവർത്തനങ്ങൾ നടക്കണം. അതിന് ആവശ്യമായ സംവിധാനമുണ്ടാകണം. ഉദ്യോഗസ്ഥന്മാർ ഉണ്ടാകണം. അതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതുകൊണ്ട് തന്നെയാണ് സമ്പദ്ഘടനയിൽ മാറ്റമുണ്ടായത്. ഇവിടത്തെ ഉയർച്ചയ്ക്ക് കാരണമായിരിക്കുന്നത്. ആ കാരണത്തിൽ നിങ്ങൾക്ക് പഴയതുപോലെ കാര്യങ്ങൾ കാണണമെങ്കിൽ സമയമെടുക്കും. കാരണം ഗ്രാമങ്ങളിൽ താമസിക്കുന്നവർക്കറിയാം ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ഒരു നിസ്സാര കാര്യം. 600 കോടി രൂപയുടെ പച്ചക്കറിയുണ്ടാക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കാൻ പ്രഖ്യാപിച്ചപ്പോൾ ഈ കേരളത്തിലെ സമ്പദ്ഘടനയിൽ ആയിരക്കണക്കിന് രൂപയുടെ, കോടിക്കണക്കിന് രൂപയുടെ പച്ചക്കറിയാണല്ലോ മറ്റു സംസ്ഥാനങ്ങളിൽ നിന്നും നാം വാങ്ങിക്കുന്നത്? ഈ കേരളത്തെ സമ്പൂർണ്ണമാക്കാനുള്ള നടപടികളുടെ തുടക്കമല്ലേ? ഓരോന്ന് ഓരോന്ന് ഞാൻ ഈ നിയമസഭയിൽ വന്നതു മുതൽ കേൾക്കുന്നതാണ്. കൃഷിക്കാർക്കുള്ള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് എടുത്തുകളയണം. ഇതുവരെ ഒരു ഗവൺമെന്റിനും കഴിഞ്ഞിട്ടില്ല. പത്തിരുപത്തഞ്ച് കൊല്ലമായി ഇവിടെ എല്ലാവരും പറയും കൃഷിക്കാരെ ദ്രോഹിക്കുന്നുവെന്ന്. 5 ഹെക്ടർ വരെ കൃഷിഭൂമിയുള്ളവർക്ക് അഗ്രികൾച്ചറൽ ഇൻകം ടാക്സ് എടുത്തു കളയാനുള്ള പ്രഖ്യാപനം വന്നു. കഴിഞ്ഞ എത്രയോ കൊല്ലമായി കേരളത്തിലെ കൃഷിക്കാർ ആഗ്രഹിക്കുന്ന കാര്യമാണ് നടക്കാൻ പോകുന്നത്? ആ കൃഷിക്കാരന്റെ വിശ്വാസമാണ് കാർഷികോൽപ്പാദന രംഗത്ത് നമുക്ക് കൈ മുതലായി ഉള്ളത്. ആ രംഗത്തെ എങ്ങനെ ഗവൺമെന്റ് സഹായിക്കണം എന്നുള്ളതാണ് ബഡ്ജറ്റ് നിർദ്ദേശത്തിലൂടെ ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നിർവ്വഹിക്കാൻ കഴിയുന്നത്. ഇവിടെ രാഷ്ട്രീയമായി ഇതിനെയൊക്കെ കാണാൻ ശ്രമിക്കുന്നു. ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ വാർഷിക പദ്ധതിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉപാദ്ധ്യക്ഷൻ കഴിഞ്ഞ ഏപ്രിൽ മാസം 12-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുള്ള ഉറപ്പ് ഇനിയും പാലിച്ചു കഴിഞ്ഞില്ല എന്നത് ഗൗരവമുള്ള കാര്യമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 3250 കോടി രൂപയുടെ വാർഷിക പദ്ധതി അനുവദിച്ചിരുന്നതാണ്. എന്നാൽ ഇപ്പോൾ അത് വെട്ടിക്കുറയ്ക്കുന്നസ്ഥിതി വന്നിരിക്കുന്നു. 1586 കോടി രൂപയിൽ കൂടുതലൊന്നും പ്രതീക്ഷിക്കണ്ട എന്ന വിവരം വന്നിരിക്കുന്നു. ഇന്നലെ കേരളാ കോൺഗ്രസിന്റെ ശ്രീ. മാണിയും ശ്രീ. ടി.എം. ജേക്കബും ഇവിടെ പ്രസംഗിച്ചു. ഞാൻ പ്രതീക്ഷിച്ചു, ഈ കാര്യം അവർ ഗൗരവമായി എടുക്കുമെന്ന്. കാരണം വാർഷിക പദ്ധതിക്കുവേണ്ടി പ്ലാനിംഗ് കമ്മീഷൻ ചെയർമാൻ മുഖ്യമന്ത്രിയിലൂടെ കേരളത്തിലെ ജനങ്ങൾക്ക് കൊടുത്ത ഉറപ്പ് പാലിക്കാൻ കേന്ദ്രഗവൺമെന്റ് ശ്രമിക്കുന്നില്ലായെന്ന് വന്നപ്പോൾ അതിനെതിരായി ജനകീയ ശ്രദ്ധ ഈ സഭയിലൂടെ ഉയരുമെന്ന് ഞാൻ പ്രതീക്ഷിച്ചു.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ആരും സെൻട്രൽ ഗവൺമെന്റിന്റെ പണം തരേണ്ടതില്ല. അതിന് സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യമുള്ളത്രയും ആ പ്രൊപ്പോസലിൽ കുറഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇതിനെ സംബന്ധിച്ച അവസാന തീരുമാനമായില്ല. ഈ ഗവൺമെന്റിനോടുള്ള വിരോധംകൊണ്ട് നിങ്ങൾ ജനങ്ങളെ മറക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനോടുള്ള വിരോധം കാണുമ്പോൾ ജനങ്ങളേയും ജനകീയ പ്രശ്നങ്ങളേയും ഈ സംസ്ഥാനത്തെയും നിങ്ങൾ മറക്കുന്നു. ഈ സംസ്ഥാനത്തെ മറന്നുകൊണ്ട് രാഷ്ട്രീയം കളിക്കണോ? നിങ്ങൾ പ്രതിപക്ഷമെന്ന പേരിന് അപമാനമാണ്.

ശ്രീ. കെ. ബാബു : ഞങ്ങൾക്ക് ഈ ഗവൺമെന്റിനോട് താൽപര്യമില്ലയെന്ന് അങ്ങ് പറയുന്നു. അങ്ങയുടെ പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സാംഗ്മ കഴിഞ്ഞയാഴ്ച കൊച്ചിയിൽ വന്നിട്ട് പറഞ്ഞത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനും യു.ഡി.എഫ് ഗവൺമെന്റിനുമെതിരായി പുതിയ മുന്നണി വേണമെന്നാണ്. അങ്ങയുടെ പാർട്ടിയിലെ നേതാവും ഞങ്ങൾ പറഞ്ഞ രൂപത്തിൽ തന്നെയാണ് പറഞ്ഞിട്ടുള്ളത്. അതൊന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. സി. ഷൺമുഖദാസ് : സാംഗ്മയുടെ പ്രസംഗം എന്റെ കയ്യിലുണ്ട്. അദ്ദേഹം പിറ്റേന്നത്തെ പത്ര സമ്മേളനത്തിൽ തിരുത്തിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞതിന്റെ ഉദ്ദേശം വളച്ചൊടിച്ചുവെന്ന് ആക്ഷേപമുണ്ട്. നിങ്ങൾക്ക് അനുകൂലമായ വാർത്ത കൊടുക്കുന്ന ചില സങ്കേതങ്ങളെ വച്ചു രാഷ്ട്രീയം ശക്തിപ്പെടുത്തണമെന്ന് കരുതണ്ട. ഇത് സോപ്പു കുമിളകളാണ്. ആ സോപ്പു കുമിളകൾ അവസാനിക്കും. നിങ്ങൾക്ക് അടിത്തറയുണ്ടാകണമെങ്കിൽ ജനകീയ പ്രശ്നങ്ങളിൽ ജനങ്ങളോടൊപ്പം നിൽക്കണം. ആ ജനകീയ പ്രശ്നങ്ങളിൽ ജനങ്ങളോടൊപ്പം നിൽക്കാൻ നിങ്ങൾ ഭയപ്പെടുന്നു. ജനകീയമെന്നു പറയുമ്പോൾ നിങ്ങൾക്ക് എന്തൊരു ഭയം. ജനകീയ പോലീസ് ഭയം, ജനകീയാസൂത്രണമായാലും ഭയം. എന്തിനാണ് ജനങ്ങളെ ഭയപ്പെടുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ജനാധിപത്യം എന്നുപറഞ്ഞാൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തെ മാനിക്കലാണല്ലോ, ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തെ മാനിച്ചാണ് അപ്പുറത്ത് ശ്രീ. രാധാകൃഷ്ണൻ ഇരിക്കുന്നതും, ഇന്ത്യയിലാകെ 25 സംസ്ഥാനങ്ങളുള്ളതിൽ ഒന്നോ രണ്ടോ സംസ്ഥാനങ്ങളിലായി ഒതുങ്ങിയതും ജനാധിപത്യത്തിന്റെ മാഹാത്മ്യം കൊണ്ടാണെന്നുള്ള കാര്യം അങ്ങേയ്ക്ക് ബോദ്ധ്യമുണ്ടല്ലോ.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇന്ത്യയിലെ ജനങ്ങൾക്ക് കാലാകാലങ്ങളിൽ എടുക്കേണ്ട തീരുമാനങ്ങൾ അറിയാം, ആ തീരുമാനം കൊടുക്കാനുള്ള രാഷ്ട്രീയ നേതൃത്വം സംയോചിതമായി ഉയർന്നുവരികയും ചെയ്യും. ഇന്ത്യയിൽ വന്നിട്ടുണ്ട്. കാരണം ഇന്ത്യയിലെ ദേശീയ കക്ഷികളിലൊന്നായ എന്റെ കക്ഷിയെ സംബന്ധിച്ചിടത്തോളം ഗാന്ധിജിയുടെ പൈതൃകവും, 21-ാം നൂറ്റാണ്ടിന്റെ പുത്തൻ ആശയങ്ങളും ഈ രാജ്യത്ത് അധ:സ്ഥിത വർഗ്ഗത്തിന്റെ വികാരങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ദേശീയ രാഷ്ട്രീയ പാർട്ടിയുടെ അഭാവം ഇന്ത്യയിൽ ഉണ്ടായിരുന്നു. അത് പരിഹരിക്കപ്പെടും. അതിനപ്പുറം വേണ്ടല്ലോ അതാണ് ശ്രീ. സാംഗ്മ പറഞ്ഞത് ഇതിന്റെ നേതൃത്വത്തിലുള്ള മുന്നണി കേരളത്തിൽ അനിവാര്യമാണ്. ഇന്ത്യയ്ക്ക് അനിവാര്യമാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഈ ഗാന്ധിയൻ ആദർശത്തിൽ മുറുകെ പിടിച്ചിരിക്കുന്നതു കൊണ്ടാണ് മേഘാലയയിൽ ബി.ജെ.പി. യുമായി കൂട്ടുകൂടി അങ്ങയുടെ പാർട്ടി ഭരിക്കുന്നത്?

ശ്രീ. എ. സി. ഷൺമുഖദാസ് : മേഘാലയയിൽ ഒരു കൂട്ടുമില്ല. മേഘാലയയിൽ 20%-ൽ താഴെയാണ് ഹിന്ദുക്കൾ. 16% ഹിന്ദു. 4% മുസ്ലീം, 80% ക്രിസ്ത്യാനി. ഞങ്ങൾ രാഷ്ട്രീയ കൂട്ടുകെട്ടില്ല, ഗവൺമെന്റിനെ ഞങ്ങൾ അതിൽ സഹായിക്കുന്നത് മേഘാലയ ദേശീയ പാർട്ടിയുടെ ഗവൺമെന്റാണ്, ഞങ്ങൾ അതിൽ പങ്കാളികളാണ്. കേരളത്തിലും, മഹാരാഷ്ട്രയിലും രാഷ്ട്രീയ ഐക്യങ്ങളില്ല. മഹാരാഷ്ട്രയിൽ ഗവൺമെന്റ് എൻ.സി.പി. യും കോൺഗ്രസ് 'ഐ' യും യോജിക്കുന്നു. രണ്ട് സ്ഥാനാർത്ഥികൾ മത്സരിക്കുന്നു. ഇപ്പോൾ ന്യൂ ബോംബെയിൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പാണ്. രണ്ട് പാർട്ടികളും മത്സരിക്കുന്നു. നിയമസഭയ്ക്കകത്തെ ഐക്യം പുറത്തില്ലാ, രാഷ്ട്രീയമായ ഐക്യമില്ല. കേരളത്തിന്റെ മാതൃക അതല്ല, വ്യത്യസ്തമാണ്. ആ മാതൃക മാനിഫെസ്റ്റോവിന്റെ അടിസ്ഥാനത്തിൽ വിട്ടുവീഴ്ചയുള്ള സമന്വയത്തിന്റെ അടിസ്ഥാനത്തിൽ പൊതുപരിപാടി ഉണ്ടാകും. ആ മുന്നണി ഇന്ത്യയിൽ ഉണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. പക്ഷെ ഇന്ത്യയിലെ ഞങ്ങളുടെ പാർട്ടിയും അവിടെ എത്തിയിട്ടില്ല. ഇന്ത്യയിൽ ഇടതുപക്ഷ പാർട്ടികളും അവിടെ എത്തിയിട്ടില്ല. അത് എത്താത്തതുകൊണ്ടാണല്ലോ ബംഗാളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ല, ഇടതുപക്ഷ പാർട്ടി മുന്നണിയാണ്. ഇന്ത്യക്ക് മാതൃകയായ മുന്നണിയായി കേരളത്തിലെ മുന്നണിയെ ഞങ്ങൾ കാണുന്നു. അതിന് ഇനിയും കുറെ പാടുപെടേണ്ടി വരുമെന്ന് ഞങ്ങൾക്കറിയാം അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമത്തിലാണ്. അതുകൊണ്ട് ബംഗാളിലും മേഘാലയയിലും മഹാരാഷ്ട്രയിലും ഈ ഐക്യമുന്നണിയായി കാണണ്ട. മഹാരാഷ്ട്രയിൽ ദേശീയ ഗവൺമെന്റ് വരാൻ കാരണം നിങ്ങൾക്കറിയാം, വടക്കു കിഴക്കൻ പ്രദേശങ്ങളിൽ ജനപ്രതിനിധികളുടെ ഗവൺമെന്റ് വേണം. ആ ഗവൺമെന്റ് ഇല്ലെങ്കിൽ ആ പ്രദേശങ്ങളിലെ തീവ്രവാദികളെ നേരിടാനൊക്കില്ല, ഈ രാജ്യത്തിന് അത് അപകടമാണ്. ആ ഘട്ടത്തിൽ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. പൊളിറ്റിക്കലായി സഖ്യമില്ല, ഒരു സഖ്യവും ഉണ്ടാകാനും പോകുന്നില്ല. അവിടെ ഞങ്ങൾ ബി.ജെ.പി. ക്കും കോൺഗ്രസ് ഐ. ക്കും എതിരായി ദേശീയ രാഷ്ട്രീയത്തിൽ ഒരു നയം സ്വീകരിക്കും. ആ നയം സ്വീകരിക്കുമ്പോൾ പരിഭവിക്കരുത്. ഇന്ന് ശ്രീമാൻ ക്ലിന്റൺ പാർലമെന്റിനെ അഭിമുഖീകരിച്ചു. ഞങ്ങൾ അതിൽ പങ്കെടുത്തിട്ടുണ്ട്. വ്യത്യസ്തമായ കാഴ്ചപ്പാട് ഞങ്ങൾക്കുണ്ട്. ഇടതുപക്ഷ പാർട്ടികളിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാട് വച്ച് ഇടതുപക്ഷ ജനാധിപത്യ രാഷ്ട്രത്തിൽ ഉണ്ടാകേണ്ടുന്ന രാഷ്ട്രീയ സമീപനം ദേശീയാടിസ്ഥാനത്തിലും കരുപിടിപ്പിക്കും, സംസ്ഥാനാടിസ്ഥാനത്തിലും ഞങ്ങൾ കരുപിടിപ്പിക്കും, അതുകൊണ്ട് നിങ്ങൾക്ക് തെറ്റിദ്ധാരണ വേണ്ട. മേഘാലയയിൽ കോൺഗ്രസ് (ഐ) ഗവൺമെന്റിനെ ഞങ്ങളുടെ മുന്നണി സി.പി.എം. ഔദ്യോഗികമായി സഹായിക്കുന്നു. മഹാരാഷ്ട്രയിൽ വ്യത്യസ്തമാണ്. ഇന്ത്യയിലെ രാഷ്ട്രീയം ഈ രീതിയിൽ മാറിക്കൊണ്ടിരിക്കുന്നു. ആ മാറ്റം കാണാൻ നിങ്ങൾക്ക് കഴിയില്ല, കാരണം ഒരു കുടുംബത്തെ കണ്ടുകൊണ്ടുള്ള രാഷ്ട്രീയം ആ കുടുംബത്തിനപ്പുറം ചിന്തിക്കാൻ കഴിയാത്ത രാഷ്ട്രീയം. ആ കുടുംബത്തിനെതിരായി സംസാരിക്കാൻ നട്ടെല്ലില്ലാത്ത രാഷ്ട്രീയം. ആ നട്ടെല്ലിന്റെ പോരായ്മയാണ് പലർക്കും അഭിപ്രായമുണ്ടായിട്ടും പഞ്ചപുച്ഛമടക്കി അവിടെ ഇരിക്കുന്നത്. അഭിപ്രായം ഇല്ലാഞ്ഞിട്ടല്ല.. വക്കത്തുകിടന്നവർക്കല്ലേ രാപ്പനി അറിയൂ. നിങ്ങളിൽ പലരുടേയും മനസ്സറിയാം, എന്തുകൊണ്ട് നിൽക്കുന്നു എന്നറിയാം. അതുകൊണ്ട് ശ്രീ. തങ്കച്ചൻ രാഷ്ട്രീയം പറഞ്ഞ് നിയമസഭയിൽ എത്തണ്ട, നിങ്ങൾക്ക് ഇന്ത്യൻ രാഷ്ട്രീയത്തിൽ സംസാരിക്കാനവകാശമില്ല, ഇന്ത്യൻ രാഷ്ട്രീയം നിങ്ങൾക്ക് സംസാരിക്കാനൊക്കില്ല. കോൺഗ്രസിന്റെ പൈതൃകം നിങ്ങളുടെ കുത്തകയല്ല. കോൺഗ്രസുകാരായി നിങ്ങൾക്ക് ജീവിക്കാൻ കഴിയുമായിരുന്നുവെങ്കിൽ ഗ്രാമ സ്വരാജിനടിത്തറയിട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനകീയാസൂത്രണ പ്രക്രിയയെ നിങ്ങൾ തലയിൽ കൊണ്ടുനടക്കുമായിരുന്നു. നിങ്ങൾക്ക് സാധിച്ചില്ല. ഞങ്ങളുടേത് അഭിമാനമുള്ള ഒരു മുന്നണിയാണ്, ഒരു തെറ്റിദ്ധാരണയും വേണ്ട. ശ്രീമാൻ ആന്റണി പറഞ്ഞു ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ചിലർ അപ്പുറം പോകാൻ കാത്തിരിക്കുന്നു എന്ന്, ആരെ ഉദ്ദേശിച്ചാണെന്ന് എനിക്കറിഞ്ഞുകൂടാ. ഇന്നത്തെ പ്രസംഗം കേട്ടിട്ടാണെങ്കിൽ അവിടെവച്ച് നിർത്തിക്കോ, തെറ്റിദ്ധാരണ വേണ്ട. ഞാനില്ല, എന്റെ പാർട്ടിയില്ല, ഇപ്പുറം ഇരിക്കുന്ന ഒരു പാർട്ടിയുമില്ല. ഈ നാടിനെ കുറിച്ചോർത്താൽ നിങ്ങളോടൊപ്പം കൂടാനൊക്കില്ല. മുൻപിലിരുന്ന ശ്രീ. ഉമ്മൻചാണ്ടി എങ്ങനെയാ പിന്നിൽ പോയത്, ഈ കേരളം ഭരിക്കാൻ കഴിവുള്ള ശ്രീ. കരുണാകരൻ ഭരണം എന്നുപറഞ്ഞാൽ ഒളിച്ചോടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആന്റണിയെ ആശ്രയിക്കേണ്ടിവന്നത് എങ്ങനെ ? പാവം ശ്രീ. വിശ്വനാഥൻ എങ്ങനെയാ പിന്നിൽ പോയത്. ഞാൻ അതൊന്നും പറയുന്നില്ല. അതുകൊണ്ട് നിങ്ങൾ ഇതൊന്നും പറയണ്ട. ശ്രീ. ഉമ്മൻചാണ്ടി ഇപ്പോൾ എവിടെയാ ഇരിക്കുന്നത്, പ്രസംഗിക്കുന്നുണ്ടല്ലോ എന്തുകൊണ്ട് പിറകോട്ട് പോയി. അതുകൊണ്ട് പറഞ്ഞ് പറയിപ്പിക്കണ്ട, ഈ കളി വേണ്ട. കുതികാൽവെട്ടുകാരുടെ രാഷ്ട്രീയ പാർട്ടിയിൽ നിന്നുകൊണ്ട് മറ്റു പാർട്ടികളിലുണ്ടാകുന്ന ആശയതർക്കങ്ങളെ അത് അകലപ്പെടുത്തി പ്രയോജനപ്പെടുത്താമെന്ന് വ്യാമോഹിക്കുന്നുണ്ടെങ്കിൽ ആ പരിപ്പ് ഈ കേരളത്തിന്റെ വെള്ളത്തിൽ വേവില്ല. ഈ മുന്നണി മുന്നണിയാണ്. ഈ മുന്നണി അഞ്ചുകൊല്ലം ഇനിയും ഭരിക്കാൻ ജനങ്ങളുടെ വിശ്വാസം നേടുന്ന ഒരു വിശ്വാസ വോട്ടെടുപ്പാണ് ഈ ബഡ്ജറ്റ്. കേരളത്തിലെ അടുത്ത തെരഞ്ഞടുപ്പിൽ ജനങ്ങളോട് വോട്ട് അഭ്യർത്ഥിക്കുന്ന ഒരു വിശ്വാസപ്രമേയമാണ് ഈ ബഡ്ജറ്റ്. ഈ ബഡ്ജറ്റ് വച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളെ ഞങ്ങൾ സമീപിക്കും, കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് ചുട്ട മറുപടി നൽകും. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ജനങ്ങൾക്കുവേണ്ടി ഞാൻ പൂർണ്ണമായി പിൻതാങ്ങുന്നു.

ശ്രീ. എം. എ. തോമസ് : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച 2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി ബഡ്ജറ്റിനെക്കുറിച്ച് അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിക്കുന്നത് കേട്ടു. ഈ ബഡ്ജറ്റിനെക്കുറിച്ച് പ്രതിപക്ഷത്തുനിന്ന് വന്ന വിമർശനങ്ങൾക്ക് ഒരു കഴമ്പുമില്ല. ഇതൊരു പോപ്പുലിസ്റ്റ് ബഡ്ജറ്റാണ്, ജനകീയ ബഡ്ജറ്റ്. നമ്മുടെ സമ്പദ് വ്യവസ്ഥയിലെ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്ത് ദീർഘ വീക്ഷണത്തോടുകൂടി തയ്യാറാക്കിയതാണ് ഈ ബഡ്ജറ്റ്. കേന്ദ്ര ബഡ്ജറ്റ് നമ്മുടെ സംസ്ഥാനത്തിന് ഏൽപ്പിച്ച ആഘാതം കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തിക പരാധീനതകളൊക്കെ കണക്കിലെടുത്തുകൊണ്ട് വേണം ഈ ബഡ്ജറ്റിനെ കാണാൻ. സർക്കാരിന്റെ വികസന കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. ക്ഷേമ പരിപാടികൾ, തൊഴിലില്ലായ്മ വേതനത്തിന്റെ വർദ്ധനവ്, 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, മത്സ്യത്തൊഴിലാളിക്ഷേമ പദ്ധതികൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ തുടങ്ങിയവ ഈ സർക്കാരിന്റെ സാധാരണക്കാരോടുള്ള പ്രതിബദ്ധതയെ കാണിക്കുന്നതാണ്. അതുപോലെ തന്നെ 450 കോടി രൂപ മൂലധനം നിക്ഷേപിച്ചതോടുകൂടി 20,000 ചെറുകിട വ്യവസായ യൂണിറ്റുകൾ 88,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. വ്യാപാര രംഗത്ത് ഏറെ ഗുണകരമായ നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട് അത് എല്ലാവരും സ്വാഗതം ചെയ്ത് കഴിഞ്ഞതാണ്. കുരുമുളക്, ഏലം, അടയ്ക്ക എന്നിവയുടെ നികുതി 8% ത്തിൽനിന്ന് 4% ആയി കുറച്ചു. ഇതിന്റെ ഫലമായി വ്യാപകമായി നടന്നുവന്നിരുന്ന കള്ളക്കടത്ത് തടയുന്നതിനും ഗവൺമെന്റിന് വരുമാനത്തിൽ കൂടുതൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. റബ്ബറിന്റെ വാങ്ങൽ നികുതി

LIBRARY ARCHIVES Kerala Legislative Assembly

പതിനൊന്ന് ശതമാനമായി കുറച്ചത് റബ്ബർ വ്യാപാര മേഖലയിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കും. ഒന്നാം പട്ടികയിലും, അഞ്ചാം പട്ടികയിലുമുള്ള ചില ഇനങ്ങൾക്ക് സെയിൽസ് ടാക്സ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ സിമന്റിന്റെയും, എല്ലാത്തരം പെയിന്റുകളുടെയും നിരക്ക് 12% ത്തിൽ നിന്ന് 15% മായി കൂട്ടുന്നതിനാണ് നിർദ്ദേശം. ഇത് സാധാരണക്കാരനെയും മറ്റുള്ളവരെയും ബാധിക്കുമെന്നുള്ളതിനാൽ ഈ വർദ്ധനവ് വേണ്ട എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എന്നാൽ കുക്കിംഗ് റേഞ്ച്, വാട്ടർ ഹീറ്റർ, മൈക്രോവേവ് ഓവൻ മുതലായ ആഡംബര വസ്തുക്കൾക്ക് 2% നികുതി കൂടി നൽകുന്നത് വാങ്ങുന്നവർക്ക് വലിയ വേവലാതിയൊന്നും ഉണ്ടാകില്ല.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു]

സർ, ഇതൊരു ഓൺ ടൈം പേയ്മെന്റാണ്. എന്നും വാങ്ങുന്ന സാധനമല്ല, അതുകൊണ്ട് ഈ നികുതി വർദ്ധനവ് ന്യായീകരിക്കാവുന്നതാണ്. സർ, എം. മുകുന്ദന്റെ "ദൈവത്തിന്റെ വികൃതികൾ" എന്ന നോവലിൽ കുമാരൻ വൈസർ എന്ന ഒരു കഥാപാത്രമുണ്ട്. തന്റെ വേദനയും പ്രയാസവും അയാളിൽ ഒതുക്കി അന്യരുടെ കണ്ണീർ ഒപ്പുന്ന മനുഷ്യൻ. കച്ചവടമെല്ലാം നശിച്ച് മരണക്കിടക്കയിൽ കിടക്കുന്ന ഹസനാർ എന്ന വ്യക്തിയുടെ മകൻ മൂസയെ ഗൾഫിലേയ്ക്ക് അയയ്ക്കുന്നതിനുവേണ്ടി നാട്ടുകാരോട് മുഴുവൻ പണം കടം ചോദിക്കുകയാണ്. തന്റെ സ്വന്തം ജാമ്യത്തിൽ വേണ്ട പൈസ സംഘടിപ്പിച്ച് മൂസയെ ഗൾഫിലേയ്ക്ക് അയയ്ക്കുന്നു. രണ്ടു വർഷത്തിനുശേഷം ഗൾഫിൽനിന്ന് നിരവധി സാധനങ്ങളുമായി വരുന്ന മൂസ ആദ്യം കയറുന്നത് കുമാരൻവൈസറുടെ വീട്ടിലാണ്. തന്നെയും തന്റെ കുടുംബത്തേയും രക്ഷിച്ച മനുഷ്യനോട് നന്ദി രേഖപ്പെടുത്തി അവർക്ക് വേണ്ട സാധനങ്ങൾ എല്ലാം കൊടുത്തശേഷം മരണക്കിടക്കയിൽ കിടക്കുന്ന തന്റെ പിതാവിനെ കാണുന്നതിനുവേണ്ടി പോകുന്നു. അതുപോലെ തന്റെ കടുത്ത സാമ്പത്തിക പരാധീനതയ്ക്കിടയിലും നാട്ടിലെ പാവപ്പെട്ടവരുടെയും കണ്ണീർ ഒഴുക്കുന്നവരുടേയും വേദനകളും പ്രയാസങ്ങളും പരിഹരിക്കുന്നതിനുവേണ്ടി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ കേരളത്തിലെ സകല ജനങ്ങളും സ്വാഗതം ചെയ്തുകഴിഞ്ഞു. ഈ ഗവൺമെന്റിനുള്ള ജനപ്രീതി ഏറിയിരിക്കുന്നു. അതിന്റെ പ്രതിഫലനം അടുത്ത തെരഞ്ഞെടുപ്പുകളിൽ കാണുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് മനോഹരമായ ഈ ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. വി. ബാലറാം : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. അപ്പുറത്തുള്ളവർ ഒഴിച്ച് ആരും ഈ ബഡ്ജറ്റിനെ അനുകൂലിക്കും എന്ന് എനിക്കു തോന്നുന്നില്ല. പിന്നെ ശ്രീ. ഷൺമുഖദാസ് പറഞ്ഞതുപോലെ അദ്ദേഹത്തിന് അങ്ങനെയേ പറയാൻ കഴിയൂ. പണ്ട് ആരോമൽ ചേകവരുടെ ഗുണഗണങ്ങളെപ്പറ്റി പാടിനടന്ന കുറെ പുത്തൂരം പാണന്മാർ ഉണ്ടായിരുന്നു. സംസ്ഥാനത്തിലെ ഈ ഗവൺമെന്റിന്റെ ഗുണഗണങ്ങളെപ്പറ്റി പാടിനടക്കാൻ ബാദ്ധ്യതപ്പെട്ട കുറെ ആളുകളെ ഒഴിച്ചാൽ ബാക്കി ആരും ഈ ബഡ്ജറ്റിനെ

LIBRARY ARCHIVES Kerala Legislative Assembly

നന്നായി എന്നുപറയുകയില്ല. ഈ ബഡ്ജറ്റ് വിലയിരുത്തുമ്പോൾ ആദ്യം പരിശോധിക്കേണ്ടത് സമ്പദ്ഘടനയുടെ വളർച്ചയെ അതെങ്ങനെ ബാധിക്കുമെന്നാണ്. സർ, നമ്മുടെ കൃഷി, വ്യവസായം, ഊർജ്ജം, ജലസേചനം, പൊതുമരാമത്ത് ഫോറസ്റ്റ്, ട്രാൻസ്പോർട്ട് തുടങ്ങിയ പ്രത്യുൽപ്പാദനപരമായ മേഖലകളിൽ പണംമുടക്കുന്ന യാതൊന്നും ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. നിങ്ങൾക്ക് വേണ്ടിയാണ് ഞാൻ ഈ പറയുന്നത്. മുൻവർഷത്തെ റവന്യൂ കമ്മി, അതായത് 1998-99 ലെ റവന്യൂ കമ്മി 1604 കോടി രൂപയായിരുന്നു. അത് ഇക്കൊല്ലം 1851 കോടി രൂപയായിട്ട് പിടിച്ചുനിർത്തുമെന്ന് പറഞ്ഞു. അതിന് കഴിഞ്ഞില്ല എന്നുമാത്രമല്ല 2481 കോടി രൂപയായി അത് വർദ്ധിച്ചു. 1000 കോടി രൂപയുടെ വർദ്ധനവാണ് ഒരു വർഷം കൊണ്ടുണ്ടായത്. മൊത്തം കമ്മി 2500 കോടി രൂപ കവിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ മൊത്തം കടം ഉണ്ടായിരുന്നത് 15000 കോടി രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ 17000 കോടിയിൽ കവിഞ്ഞിരിക്കുകയാണ്. മലയാളിയായിട്ട് ജനിച്ചുവീഴുന്ന ഒരു കുഞ്ഞിന് പ്രതിശീർഷ കടം നാലായിരം രൂപയേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അത് ആറായിരം രൂപയായി. അതേയവസരങ്ങളിൽ നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങളിലെ സ്ഥിതിയെന്താണ്? അവിടെ മൂവായിരം ഉറുപ്പികയിൽ താഴെയാണ് ആളോഹരി കട ബാധ്യത. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ശിവദാസമേനോൻ പ്രഖ്യാപിച്ച അധികവിഭവ സമാഹരണംവഴി വളരെ തുച്ഛമായിട്ടുള്ള സംഖ്യ മാത്രമാണ് ഈ വർഷത്തെ ബഡ്ജറ്റിൽ കാണുന്നത്. 1997-98-ൽ 225 കോടി രൂപയാണ് അധിക വിഭവ സമാഹരണംവഴി ഉണ്ടായിരുന്നത് എങ്കിൽ 1998-99-ൽ 317 കോടി, 1999-2000 ത്തിൽ 396 കോടി, 2000-2001-ൽ 108 കോടിയായി ചുരുങ്ങിയിരിക്കുകയാണ്. കഴിഞ്ഞ വർഷത്തിന്റെ പകുതിപോലും അധിക വിഭവസമാഹരണം നടത്തുവാൻ സംസ്ഥാനസർക്കാരിന് കഴിഞ്ഞില്ല എന്നുള്ളതാണ് സത്യം. അതുകൊണ്ടുതന്നെ സത്യത്തിൽ പറഞ്ഞാൽ കണക്കു കൊണ്ടുള്ള ഒരു കുസൃതിയെന്നതിലുപരി ഈ ബഡ്ജറ്റിൽ യാതൊന്നും തന്നെയില്ല.

ശ്രീ. പി. ജെ. ജോയി : ഈ ബഡ്ജറ്റ് "The best cover and the worst content" എന്നുള്ളത് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. വി. ബാലറാം : ഉണ്ട് ; പാൽപായസം കുടിക്കാൻ നല്ലതാണ്, പക്ഷെ അത് കോളാംപിയിൽ ആരും ഒഴിച്ചുകുടിക്കാറില്ലല്ലോ. അതുപോലെയാണ് ഇത്, പുറംചട്ട കാണാൻ നല്ല ഭംഗിയാണ്. ഇതിനുള്ളിലുള്ള കാര്യങ്ങൾ കണ്ടാൽ ജനങ്ങൾക്ക് ഇത്രയും ദ്രോഹകരമായ ബഡ്ജറ്റ് ഒരു ഗവൺമെന്റിനും അവതരിപ്പിക്കാൻ കഴിയില്ല എന്നാണ് എനിക്കു തോന്നുന്നത്. സർ, വിൽപ്പന നികുതി വരുമാനത്തിൽ 4144 കോടിയാണെങ്കിൽ പിരിക്കാൻ കഴിഞ്ഞത് 3800 കോടി രൂപയാണ്. ഇവരുടെ ഭരണകാര്യസ്ഥതയും മാനേജുമെന്റും എങ്ങനെയുണ്ടെന്ന് കാണിക്കാവുന്ന ഒരു കാര്യമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. 344 കോടി രൂപയുടെ കുറവ് വരികയാണ്. സർ, ഞങ്ങളുടെ നാട്ടിലൊക്കെ ഓരോകൊല്ലവും ഉത്സവത്തിന് ഈ തത്തയെക്കൊണ്ട് കാർഡ് എടുപ്പിക്കുന്ന പണിയുണ്ട്. അതുപോലെ ഗവർണറെക്കൊണ്ടും ധനകാര്യ വകുപ്പുമന്ത്രിയെ കൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗവും അതുപോലെ ബഡ്ജറ്റും നടത്തിയിരിക്കുന്ന ഈ ഗവൺമെന്റ് കഴിഞ്ഞ വർഷങ്ങളിൽ പറഞ്ഞ അതേ കാര്യങ്ങൾ തന്നെയാണ് പറഞ്ഞിട്ടുള്ളത്. അധികം കാര്യങ്ങളിലോട്ട് കടക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ടത്, ആയിരം കിലോമീറ്റർ ജില്ലാ സംസ്ഥാന റോഡുകളുടെ പുനർനിർമ്മാണം എക്സ്പ്രസ് ഹൈവേ, റോഡ്-പാലങ്ങളുടെ നിർമ്മാണത്തിനു 90 കോടി നബാഡിന്റെ സഹായം, 600 കോടി രൂപയുടെ പച്ചക്കറിയുൽപ്പാദനം, പോലീസിന് ആരോഗ്യക്ഷേമനിധി, വ്യവസായരംഗത്ത് വർദ്ധിച്ച മൂലധന നിക്ഷേപം 30 കോടി രൂപയുടെ വിവര സാങ്കേതിക വിദ്യയ്ക്കുവേണ്ടിയുള്ള നീക്കിയിരുപ്പ്, നെല്ലുൽപ്പാദനം ത്വരിതപ്പെടുത്തൽ, പൊൻമണി വർഷം എന്തുണ്ടായി ? എന്തെങ്കിലും ഒരു കാര്യം ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഇലക്ട്രിസിറ്റി അതുപോലെ ഒട്ടേറെ കാര്യങ്ങളുണ്ട്. ബഡ്ജറ്റ് വിശദമായി പഠിച്ചാൽ വ്യാപാര-വ്യവസായ-കാർഷിക മേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായ ഒരു കാര്യവും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇത് സമ്പദ് ഘടനയുടെ അടിത്തറതോണ്ടുന്ന കണക്കുകൾ കൊണ്ടു മാത്രം കസർത്തു കാണിക്കുന്ന ഒരു ബഡ്ജറ്റാണ്. നമുക്ക് അറിയാം, സിമന്റ്, പെയിന്റ്, ഫാൻ എന്നിവ സമ്പന്നൻമാർക്കുള്ളതല്ല. സാധാരണ ഒരു കൊച്ചുപുര വയ്ക്കണമെന്ന് ആഗ്രഹിക്കുന്ന ആളുകളുടെ സ്ഥിതിയെന്നതാണ് ? മണലിന് തീ പിടിച്ച വില. ഒരു ലോഡ് മണൽ കിട്ടണമെങ്കിൽ ഒരു പവന്റെ പൈസ കൊടുക്കണം. മെറ്റലിന് ഇതുവരെ ടാക്സ് ഉണ്ടായിരുന്നില്ല. ഇപ്പോൾ മെറ്റലിന് കോംപൗണ്ടിംഗ് ടാക്സ് ഉൾപ്പെടുത്തി, റോയൽറ്റി വർദ്ധിപ്പിച്ചിരിക്കുന്നു. മെറ്റൽ കിട്ടണമെങ്കിൽ കൂടുതൽ പണം കൊടുക്കണം. സിമന്റിന് വില കൂട്ടി, പെയിന്റിന് വില കൂട്ടി, പെയിന്റ് ഇന്ന് സാധാരണക്കാരുടെ വീട്ടിൽ ഒരു വർഷം രണ്ടു വർഷം കൂടുമ്പോൾ ഉപയോഗിക്കുന്ന സാധനങ്ങളാണ്. അതുപോലെതന്നെ വയറിംഗ് കേബിൾസ്, ഫാൻ എന്നുപറയുന്നത് ഒരു ലക്ഷ്വറി ഐറ്റമാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ ? നമ്മൾ കഴിക്കുന്ന കോഴിയിറച്ചി ഇതിനൊക്കെ അൻപതു ശതമാനം ടാക്സ് വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ തന്നെ വളരെ പ്രതീക്ഷയുണ്ടായിരുന്നത് ഇൻഫർമേഷൻ ടെക്നോളജിയെക്കുറിച്ചാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായ നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് വന്നപ്പോൾ പറഞ്ഞു തുടങ്ങിയതാണ് ഇൻഫർമേഷൻ ടെക്നോളജിയിലൂടെ കണ്ടമാനം ആളുകൾക്ക് ജോലി കിട്ടുമെന്ന്. 16 കോടി രൂപ ഇതിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പിന്നീട് പ്ലാൻ ഔട്ട്ലെയുടെ മൂന്നു ശതമാനം ഓരോ വകുപ്പിൽനിന്ന് നീക്കിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനം ഒന്നു പോയി കാണണം. അമേരിക്കയിലും ഇംഗ്ലണ്ടിലും, ജപ്പാനിലും ഒന്നും പോകണ്ട, ആന്ധ്രാപ്രദേശവും കർണ്ണാടകവും പ്രകാശവേഗത്തിലാണ് അവിടെ ഇന്ത്യയുടെ സിലിക്കോൺ വാലിയാകാൻ അവർ മത്സരിക്കുന്നത്. അത്തരത്തിലുള്ള ഇൻഫർമേഷന്റെ ടെക്നോളജി നമുക്ക് തുടങ്ങാൻ യാതൊരുതരത്തിലുള്ള infrastructure ഫെസിലിറ്റീസും ഇവിടെ ഉണ്ടാകുന്നില്ല. അതിനുള്ള അടിസ്ഥാനപരമായ യാതൊരു സൗകര്യവും ഉണ്ടാക്കുവാൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഡൽഹിയിലും ഹൈദ്രാബാദിലും, ബാംഗ്ലൂരിലും ചെന്നൈയിലും റോഡിന്റെ ഇരുവശത്തും

LIBRARY ARCHIVES Kerala Legislative Assembly

ഷോപ്പുകളും ഫാക്ടറികളും വയ്ക്കുന്നതുപോലെ അവിടെ നൂറുകണക്കിന് സൈബർ കഫേകൾ തുടങ്ങി അവിടെ വികസിച്ച് മുന്നേറ്റം നടത്തുമ്പോൾ നമ്മൾ ആലോചിക്കുന്നത് ഇപ്പോൾ ഇന്റർനെറ്റ് കിയോസ്കുകൾ ഉണ്ടാക്കാനാണ്. ആ ഇന്റർനെറ്റ് കിയോസ്കുകൾ ഉണ്ടാക്കാൻ തന്നെയും ഒരു പദ്ധതിയില്ല. 16 കോടി രൂപ അതിന് ഉൾപ്പെടുത്തിയിട്ടുണ്ട് എന്നല്ലാതെ ഒരു ഇന്റർനെറ്റ് കിയോസ്ക് ഉണ്ടാക്കണമെങ്കിൽ അതിനാവശ്യമായിട്ടുള്ള കംപ്യൂട്ടർ, അതിനാവശ്യമായിട്ടുള്ള ഇന്റർനെറ്റ് കണക്ഷൻ, അതിനാവശ്യമായിട്ടുള്ള കെട്ടിടം അതിനെക്കുച്ചൊന്നും യാതൊരുതരത്തിലുള്ള ദീർഘവീക്ഷണവുമില്ല. ഇൻഫർമേഷൻ ടെക്നോളജിയെന്നു പറഞ്ഞാൽ മാർക്സിസ്റ്റുകൾ വിചാരിച്ചിരിക്കുന്നത് കുറെ കംപ്യൂട്ടറുകൾ വാങ്ങിക്കുക, അതിന്റെ കമ്മീഷൻ വാങ്ങിക്കുക എന്നുമാത്രമാണ്. അത് താലൂക്കും വില്ലേജും കളക്ടറേറ്റുമായി ബന്ധിപ്പിക്കുക, അത് മുഖ്യമന്ത്രിയുടെ ഓഫീസിലും വയ്ക്കുക, അത് കഴിയുന്നതും പഞ്ചായത്ത് തലത്തിൽ എത്തിപ്പിക്കാൻ കഴിയുമെങ്കിൽ എത്തിക്കുക, എന്നുള്ളതല്ലാതെ എന്താണ് ഈ വിവര സാങ്കേതികവിദ്യ എന്നതിനെക്കുറിച്ച് ഇവർക്ക് മനസ്സിലായിട്ടില്ല എന്നാണ് എനിക്കു തോന്നുന്നത്. പണ്ട് സി.എച്ച്. മുഹമ്മദ് കോയ പറഞ്ഞു, 'ചിന്തയെന്നുള്ളത് കക്ഷത്തിലല്ല വയ്ക്കേണ്ടത് തലയിലാണ്' എന്ന്. അത് പലർക്കും ഇല്ലാത്തതിന്റെ കുഴപ്പം ആണോയെന്ന് എനിക്ക് അറിയില്ല. ഏതായാലും ഈ വിവര സാങ്കേതിക വിദ്യയ്ക്കുവേണ്ടി 16 കോടി രൂപ നീക്കിവച്ച് നമ്മുടെ സംസ്ഥാനത്ത് യാതൊന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയാണ് ശ്രീ. ആനത്തലവട്ടം ആനന്ദന് ഇത് മനസ്സിലാകില്ല, കയറിന്റെ കാര്യം പറഞ്ഞാൽ മാത്രമേ മനസ്സിലാകുകയുള്ളൂ. ടെക്നോപാർക്കിൽ 64 കിലോബൈറ്റ്സ് പെർ സെക്കന്റ് ഇന്റർനെറ്റ് കണക്ഷൻ ആണുള്ളത്. ബാംഗ്ലൂരിലേയും ഡൽഹിയിലേയും സാധാരണ ഓഫീസുകളിൽ പോയാൽ പോലും ഇതിനേക്കാൾ പതിന്മടങ്ങ് സൗകര്യമുള്ള സംവിധാനമാണ് ഇൻഫർമേഷൻ ടെക്നോളജിയിൽ രൂപപ്പെടുത്തിയിരിക്കുന്നത്. സാർ, ഇവിടത്തെ സീ-ഡിറ്റിനെ നയിക്കുന്ന ആൾക്കാർ ആരാ? സഖാവ് ഗോവിന്ദപിള്ള, സഖാവ് എം.എ. ബേബി, സഖാവ് സി.പി. നാരായണൻ ഇവരാണ് അതിന്റെ ഭരണകർത്താക്കൾ. സർ, കേരളത്തിലെ വിവര സാങ്കേതിക വിദ്യയുടെ കുത്തക ഏൽപ്പിച്ചിരിക്കുന്നത് ആരെയാണെന്ന് അറിയാമോ മൈക്രോസോഫ്റ്റിന് പണയം വച്ചിരിക്കുകയാണ്. മൈക്രോസോഫ്റ്റ് എന്നു പറയുന്നത് എന്താണ്? അമേരിക്കൻ കമ്പനിയാണ്. അമേരിക്കയിലെ കോടതി, വിപണിയിലെ കുത്താകാധിപത്യം നിലനിർത്താനുള്ള Unfair practice- ന് കുറ്റക്കാരനായി കണ്ടെത്തിയ അമേരിക്കൻ സ്ഥാപനമാണ് മൈക്രോസോഫ്റ്റ്. ആ മൈക്രോസോഫ്റ്റിന്റെ സോഫ്റ്റ് മാത്രമേ ഉപയോഗിക്കാവൂ എന്ന് സീ-ഡിറ്റ് തീരുമാനിച്ചിരിക്കുകയാണ്. ഈ സീ-ഡിറ്റ് തീരുമാനിക്കുന്നതിന് അതിന്റെ ചെയർമാൻ പി. ഗോവിന്ദപിള്ളയും മൈക്രോസോഫ്റ്റും തമ്മിൽ ഒരു എം.ഒ.യു. ഉണ്ടാക്കിയിട്ടുണ്ട്. ആ എം.ഒ.യു. വിൽ പറയുന്ന കാര്യങ്ങൾ വായിച്ചാൽ ഈ ചാനൽ തുടങ്ങിയതിന്റെ രഹസ്യം നമുക്ക് പിടികിട്ടും. അതിൽ പറഞ്ഞിരിക്കുന്നത് C-Dit will create a channel for penetration of I.T. literacy among the masses in the State by leveraging on the Internet and the TV Media. അതിൽ വേറൊന്നു പറയുന്നത് C-Dit will deploy adequate

LIBRARY ARCHIVES Kerala Legislative Assembly

man power resources to fulfil the requirements across the State of Kerala as appropriate. അപ്പോൾ കുറച്ചു സഖാക്കളെ ഇതിൽ ജോലിക്കു കയറ്റാനുള്ള സംവിധാനംകൂടി അവർ ആലോചിക്കുന്നുണ്ട്. പിന്നെ പറയുന്നു C-Dit will promote Microsoft Windows platform, as its platform of choice to demonstrate this. C-Dit will create reference and showcase using the breadth and Microsoft Technology. ഞാൻ പറയുന്നത് ഈ സീ-ഡിറ്റ് മൈക്രോസോഫ്റ്റിന്റെ സോഫ്റ്റ് മാത്രമേ ഉപയോഗിക്കൂ എന്നുപറയുമ്പോൾ ഇത് ലോകത്തിലെ വികസിത രാജ്യങ്ങൾ മുഴുവൻ കണ്ടുപിടിച്ചിട്ടുള്ള പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റം ആണ് ലിനക്സ്. ആ ലിനക്സ് മാറ്റി മൈക്രോസോഫ്റ്റ് മാത്രമേ നമ്മുടെ സംസ്ഥാനത്ത് ഉപയോഗിക്കാവൂ എന്ന രീതിയിൽ ഇപ്പോൾ ഡയറക്ടർ എം.ഒ.യു. ഒപ്പിട്ടു കൊടുത്തിരിക്കുകയാണ്. അതിനാവശ്യമായ സാമഗ്രികൾ വാങ്ങിക്കാൻ വേണ്ടിയാണ് ഈ ഗവൺമെന്റ് 16 കോടി ഉറുപ്പിക നീക്കിവച്ചിരിക്കുന്നത്. അവിടെ രജിസ്ട്രാർ ആയിരുന്ന ഒരു ഉണ്ണികൃഷ്ണൻ ഉണ്ടായിരുന്നു. ഓണത്തിന് സി.ഐ.ടി.യു. ക്കാർ പട്ടിണി സമരം നടത്തി. അതിന്റെ പേരിൽ സി.ഐ.ടി.യു. വിന്റെ ശല്യം സഹിക്കാതായപ്പോൾ പി.വി. ഉണ്ണികൃഷ്ണൻ രാജി വച്ച്പോയി. ഇപ്പോൾ വേറൊരു സ്ഥാപനം തുടങ്ങിയിട്ടുണ്ട്. അതും മാർക്സിസ്റ്റ് പാർട്ടിയുടെ താൽപ്പര്യമുള്ള ഇൻഫർമേഷൻ കേരളാ മിഷൻ എന്നു പറയുന്ന സ്ഥാപനം. അതിന്റെ തലപ്പത്ത് 12000 രൂപ ശമ്പളത്തിൽ സയന്റിസ്റ്റ് ആയിട്ട് അപ്പോയിന്റ് ചെയ്തിരിക്കുന്നത് കേരളാ ആംഡ് പോലീസിലെ എസ്.ഐ. ശ്രീ. എം.ആർ. നന്ദകുമാറിനെയാണ്. പോലീസ് ട്രെയിനിംഗിനു വേണ്ടി ടെയിലറിനെ പറഞ്ഞയച്ചപോലെ തന്നെ ഇവിടെ കൊണ്ടുവച്ചിരിക്കുന്നത് ആംഡ് റിസർവ് പോലീസിലെ ശ്രീ. എം. ആർ. നന്ദകുമാറിനെയാണ്. അതാണ് ഇപ്പോൾ ഇൻഫർമേഷൻ ടെക്നോളജിയിലെ സ്ഥിതി. പതിനായിരക്കണക്കിന് യുവാക്കൾക്ക് ജോലികിട്ടുമെന്ന് പ്രതീക്ഷിച്ച് സോഫ്റ്റ് വെയർ എക്സ്പോർട്ടിൽ 54% വർദ്ധനവുണ്ടായ കേരളത്തിൽ അനന്തമായ തൊഴിൽ സാദ്ധ്യതയുള്ള രംഗത്ത് ഒരു പഠനവും നടത്താൻ തയ്യാറായിട്ടില്ലെന്നു മാത്രമല്ല കേവലം 16 കോടി രൂപ മാർക്സിസിറ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു മാനേജ്മെന്റിന് കൊടുത്ത് അതിനെ താറുമാറാക്കുന്ന സ്ഥിതിയാണ് ഇവിടെ ആ രംഗത്ത് ഉണ്ടായിട്ടുള്ളത്. നെൽകർഷകരുടേയും കേരകർഷകരുടേയും സ്ഥിതി എന്താണ്? കാർഷിക മേഖലയ്ക്ക് 142 കോടി രൂപയാണ് വച്ചിട്ടുള്ളത്. പൊൻമണി വർഷമായിട്ട് കഴിഞ്ഞ വർഷം നമ്മൾ ആഘോഷിച്ചു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞു പാലക്കാട് കഞ്ചിക്കോട് വ്യവസായികൾക്ക് സ്ഥലം വിട്ടുകൊടുത്തതു കൊണ്ടാണ് നെല്ലുൽപ്പാദനം കുറഞ്ഞത് എന്ന്. തൊലിക്കട്ടിക്ക് യാതൊന്നും നമുക്ക് പറയാൻ കഴിയുകയില്ല. കാരണം അവിടെ കഴിഞ്ഞ പ്രാവശ്യം 'ഗാലസ്' പദ്ധതി നടപ്പാക്കിയപ്പോൾ, ശ്രീ. ശിവദാസമേനോൻ ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതെന്താണെന്നുവച്ചാൽ 'ഗാലസ്' പദ്ധതികൊണ്ട് വലിയൊരു മാറ്റം നെല്ലുൽപ്പാദന രംഗത്ത് ഉണ്ടായിട്ടുണ്ട്, അതായത് ഇരട്ടി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് പറഞ്ഞു. എക്കണോമിക്ക് റിവ്യൂവിൽ പറയുന്ന ഗാലസ് പദ്ധതി നടപ്പാക്കുന്നതിനു മുമ്പ് 1,23,253 ഹെക്ടർ സ്ഥലത്താണ്

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അവിടെ 4000 ഹെക്ടർ സ്ഥലത്ത് കുറഞ്ഞിരിക്കുന്നു. അതുപോലെതന്നെ ഉൽപ്പാദനവും 2,62,494 മെട്രിക്ടൺ ഉൽപ്പാദിപ്പിച്ച സ്ഥലത്ത് ഇപ്പോൾ 25,000 മെട്രിക്ടൺ കുറഞ്ഞിരിക്കുന്നു. അവിടെ നടപ്പിലാക്കിയ ഗാലസ് കുട്ടനാട്ടിലും തൃശ്ശൂരിലും നടപ്പിലാക്കുമെന്നാണ് ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. എല്ലാ സ്ഥലത്തും ഗാലസ് നടപ്പിലാക്കി ഉൽപ്പാദനം കുറയ്ക്കാനും സ്ഥലവിസ്തൃതി കുറയ്ക്കാനുമുള്ള ശ്രമത്തിനാണ് ഇതു തുടങ്ങുന്നത് എന്നതിന് യാതൊരു സംശയവുമില്ല. ശ്യാമസുന്ദരൻ നായരുടെ റിപ്പോർട്ട് സർക്കാരിന്റെ കൈയ്യിൽ കിട്ടിയിട്ട് എത്ര മാസമായി. അത് കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണ്. പുറത്ത് പ്രദർശിപ്പിച്ചിട്ടില്ല. തെങ്ങ് വെട്ടിനിരത്താൻ നേതൃത്വം നൽകുന്നവർ ഒരു കാര്യം കൂടി ശ്രദ്ധിക്കണം. നെല്ലിന് വില കിട്ടുന്നില്ല. കൊയ്യാനും മെതിക്കാനും ആളെ കിട്ടുന്നില്ല, നല്ല വിത്തിനങ്ങൾ ലഭിക്കുന്നില്ല. സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും വളത്തിന് നികുതി വർദ്ധിപ്പിക്കുകയാണ്. ഇങ്ങനെ നെല്ലുൽപ്പാദനം നമ്മുടെ സംസ്ഥാനത്ത് കുറയുന്നു. തെങ്ങു കൃഷിയുടെ കാര്യമെടുത്താൽ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിച്ചു എന്നൊക്കെയാണ് പറയുന്നത്. പക്ഷേ സ്ഥിതി എന്താണ്? കൊപ്ര സംഭരിക്കാൻ 5,800 രൂപ ഒരു കിന്റലിന് വിലയുണ്ടായിരുന്നത് ഇപ്പോൾ 3,200 രൂപയായി. തൃശ്ശൂർ, കോഴിക്കോട്, എറണാകുളം തുടങ്ങിയ ജില്ലകളിൽ നിന്നും ഒന്നര ലക്ഷം കൊപ്ര സംഭരിക്കുമെന്നാണ് പറഞ്ഞത്. അതിന് 150 കോടി രൂപ വേണം. ഇപ്പോൾ നാളികേര കർഷകരുടെ സ്ഥിതി എന്താണെന്നറിയാമോ? ഉൽപ്പാദനം വർദ്ധിപ്പിച്ചു എന്നു പറയുന്നത് ശുദ്ധ നുണയാണ്. ഇവിടെ നേരത്തേ ആരോ സൂചിപ്പിച്ചതുപോലെ പ്ലാനിംഗ് ബോർഡിൽ ഇരിക്കുന്ന ആളുകൾക്ക് എവിടെ നിന്നോ കിട്ടുന്ന ഡേറ്റാസ് വച്ച് വസ്തുതകൾക്ക് നിരക്കാത്ത കാര്യങ്ങളാണ് പലപ്പോഴും പറയുന്നത്. രണ്ട് നാളികേരത്തിന് ഒരു നാളികേരം എന്നുള്ള നിലയ്ക്കാണ് ഇപ്പോൾ കച്ചവടക്കാർ എടുക്കുന്നത്. കാരണം ഒക്കെ മണ്ഡരിയാണ്. ഇളനീർ പോലും തമിഴ്നാട്ടിൽനിന്ന് കൊണ്ടുവരുന്നു. ഈ മണ്ഡരി ബാധയ്ക്ക് എന്തെങ്കിലും ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? നമ്മുടെ കൃഷിവകുപ്പു മന്ത്രിയുടെ പ്രസ്താവന കത്തിച്ച് അതിന്റെ പുക കൊണ്ടാൽ തന്നെ മണ്ഡരി നമ്മുടെ സംസ്ഥാനത്തു നിന്ന് പോകുമായിരുന്നു. കാലത്തെണീറ്റാൽ അദ്ദേഹത്തിന് ഒരു പ്രസ്താവന കൊടുക്കാതെ ഉറക്കം വരില്ല. കാലത്ത് ബ്രേക്ക്ഫാസ്റ്റിന് പോകുമ്പോൾ ഒരു പ്രസ്താവന കൊടുക്കും. ഒരു കഥ ഞങ്ങളുടെ സ്ഥലത്ത് പറഞ്ഞു കേൾക്കാറുണ്ട്. കണിയാംപറമ്പിൽ ഒരു പറമ്പിലൂടെ ഇങ്ങനെ നടന്നു പോകുകയാണ്. അപ്പോൾ തെങ്ങിന്റെ മണ്ടയിൽ മണ്ഡരികൾ കളിയാക്കുകയാണ്. ഒരു മണ്ഡരി പറഞ്ഞുവത്രേ 'ദാ, നമ്മളെ ചുട്ടു കരിക്കുമെന്നു പറഞ്ഞ പഹയൻ ഇതാ പോകുന്നു.' അപ്പോൾ മറ്റേ മണ്ഡരി പറഞ്ഞുവത്രേ അത് കുഴപ്പമൊന്നുമില്ല, മേനോൻ മാഷ് നമ്മുടെ കൂടെയാണ്. കേരളത്തിൽ നമ്മൾ അടിവച്ചടിവെച്ച് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഒരു താലൂക്കിലവസാനിപ്പിക്കാനുള്ള പൈസയേ മേനോൻ കൊടുത്തിട്ടുള്ളൂ. അതുകൊണ്ട് നമുക്ക് പേടിക്കാനില്ല. ഈ കുശുകുശു സംസാരം കേട്ടപ്പോൾ കൃഷ്ണൻ കണിയാംപറമ്പിൽ മുകളിലേയ്ക്ക് നോക്കി. അപ്പോൾ സുന്ദരിയായ മണ്ഡരി ഇങ്ങനെയിരുന്നു ചിരിക്കുകയാണ്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കൃഷ്ണൻ പാടി 'മണ്ഡരി സുന്ദരീ ഒന്നരുകിൽ വാ നാളെയാണ് താലി മംഗളം'..... നിങ്ങൾക്കതിന്റെ ബുദ്ധിമുട്ടറിയില്ല. ..... സാധാരണക്കാർ 10 സെന്റും 15 സെന്റും സ്ഥലത്തിൽ അഞ്ചും പത്തും തെങ്ങുകളുള്ളവർക്കേ അതിന്റെ വിഷമം അറിയുകയുള്ളൂ. നിങ്ങൾക്കിതിന്റെയൊന്നും വിഷമം അറിയില്ല. കാരണം കോടികൾ പിരിച്ചെടുക്കുകയല്ലേ.....ബഹളം..... അത് തരില്ല. അത് കുഴപ്പമില്ല. പോലീസ് നയത്തിന്റെ കാര്യത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കാരണം പോലീസുകാരെപ്പറ്റി എഴുതിയത് ഞാൻ വായിച്ചു. അതിൽ പോലീസിനെക്കുറിച്ച് നിങ്ങൾ ഇത്രയും മോശമായി പറയുന്നല്ലോ എന്നെനിക്കു തോന്നി. പുകവലിക്കാത്ത, മദ്യപിക്കാത്ത, സ്ത്രീകളെ നോക്കാത്ത, കൈക്കൂലി വാങ്ങാത്ത പോലീസുകാരെയാണ് വാർഡുകളിൽ വിന്യസിപ്പിക്കാൻ പോകുന്നത് എന്ന്. അപ്പോൾ ഈ പോലീസുകാരൊക്കെ കള്ളു കുടിക്കുന്നവരും, സ്ത്രീകളെ ബലാൽസംഗം ചെയ്യുന്നവരും, കൈക്കൂലി വാങ്ങുന്നവരും ഒക്കെയാണെന്ന് നിങ്ങൾ സ്ഥാപിച്ചു. ഇതൊന്നുമില്ലാത്ത പ്രീഡിഗ്രി അല്ലെങ്കിൽ ഡിഗ്രി പാസായ വളരെ നല്ല ഓമനക്കുട്ടന്മാരെയാണ് നിങ്ങൾ വാർഡിലേയ്ക്ക് കൊണ്ടുവരാൻ പോകുന്നത്. ഡെന്റൽ വിദ്യാർത്ഥിയുടെ സംഭവം നമുക്കറിയാം. എറണാകുളത്ത് മാല പൊട്ടിച്ചു എന്നു പറഞ്ഞ് പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചു പറഞ്ഞപ്പോൾ പോലീസുകാർ ആദ്യം അവന്റെ പോക്കറ്റിൽ നിന്നും എടുത്തത് 200 രൂപയാണ്. എന്നിട്ട് തിരിച്ചു തരണമെന്നു പറഞ്ഞപ്പോൾ അവനെ ജീപ്പിലിട്ട് ഇടിച്ചിടിച്ച് ചോര ഛർദ്ദിപ്പിച്ചു. ആ പോലീസിനെയാണ് നിങ്ങൾ ജനകീയ പോലീസാക്കിയിട്ട് കൊണ്ടുവരാൻ പോകുന്നത്. ഞാൻ അതിലേക്കൊന്നും കടക്കാനാഗ്രഹിക്കുന്നില്ല. 1997-ൽ ഒരു ചോദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ചു, അതായത് കേരളത്തിൽ എത്ര ബലാൽസംഗം നടന്നു എന്ന്. പക്ഷേ നിർഭാഗ്യവശാൽ മറുപടി കിട്ടിയത് 2000-ലാണ്. 16-12-1997-ൽ മറുപടി തരേണ്ടതാണ്. മറുപടി കിട്ടിയത് 4-2-2000 ലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-11-1997 വരെ എത്ര ബലാൽസംഗം ഉണ്ടായിട്ടുണ്ട്. അതിനു മറുപടി കിട്ടിയത് 753 എണ്ണം എന്നാണ്. ഇന്നലെ 20-ാം തീയതി പറഞ്ഞ മറുപടിയിൽ അത് 1893 ആയി. അപ്പോൾ നല്ല വർദ്ധനവാണ്. ആ കാര്യത്തിലൊക്കെ ഗവൺമെന്റ് നല്ല പുരോഗതിയുണ്ടാക്കിട്ടുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുപോലെ തന്നെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകളെ ബലാൽസംഗം ചെയ്തിട്ടുണ്ട്, ചോദ്യത്തിന് കിട്ടിയ ഉത്തരം 152 എന്നായിരുന്നു. ഇപ്പോൾ അത് 410 ആയി. അതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. അങ്ങനെ ബലാൽസംഗം കൂടികൂടി വരികയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ബലാൽസംഗത്തെ സംബന്ധിച്ച് നമ്മുടെ

2 PM] മുഖ്യമന്ത്രി പറയുന്ന മറുപടി കേൾക്കുമ്പോൾ വിഷമം തോന്നാറുണ്ട്. ഇപ്പോൾ ബിൽ ക്ലിന്റൺ ഇന്ത്യയിൽ വന്നിരിക്കുകയാണ്. ക്ലിന്റൺ വരുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് സുഖമുണ്ടായിരുന്നില്ല. അതുകൊണ്ട് ഭാര്യ അമ്മായി അമ്മയെ അദ്ദേഹത്തിന്റെ കൂടെ പറഞ്ഞയച്ചിട്ടുണ്ട്. കാരണം ഇവിടെ വന്നിട്ട് വല്ല കുഴപ്പവുമുണ്ടാകരുതെന്നാണ്. നമ്മുടെ ചിലരുടെകൂടെ അമ്മായി അമ്മമാരുണ്ടായിരുന്നെങ്കിൽ കേരളത്തിന് അപമാനഭാരം ചുമക്കേണ്ടി വരുമായിരുന്നില്ല. അത് ഇല്ലാതെ പോയതു വലിയ കഷ്ടമായിപ്പോയി.

LIBRARY ARCHIVES Kerala Legislative Assembly

എന്തായാലും കഞ്ഞി കുടിക്കാൻ വകയില്ലാത്ത സംസ്ഥാനത്ത് മാനവീയം നടത്തി. മാനവീയം എന്നുപറയുമ്പോൾ സർഗ്ഗീയം, നരകീയം, വെളുത്തീയം, കറുത്തീയം എന്നുപറയുന്ന മാതിരി തന്നെയാണ് ഒരു മാനവീയവും. നിങ്ങൾക്ക് ഇതു സ്വർഗ്ഗീയമാണ്. ജനങ്ങൾക്ക് ഇതു നരകീയമാണ്. ഗിത്താറിസ്റ്റ് രവിശങ്കറിനെ കൊണ്ടുവരാൻ എട്ടു ലക്ഷം രൂപ അങ്ങനെ വരുന്നു അതിന്റെ കണക്ക്. ഇതിലല്ല വിഷമം, നിങ്ങൾ ഈ കലാകാരന്മാരോട് കാണിക്കുന്ന ആദരവ്-കുതിരവട്ടം പപ്പു മരിച്ചിട്ട് അതിന്റെ വിലാപയാത്ര നടത്തിയിട്ട് പിറ്റെ ദിവസം അവിടത്തെ മാർക്സിസ്റ്റുപാർട്ടി ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി വിലാപയാത്രാ ചെലവിന്റെ കാശ് വീട്ടുകാരോട് ചെന്നു ചോദിച്ചു എന്നുപറഞ്ഞാൽ അതിനേക്കാൾ വലിയ സങ്കടം പറയാനില്ല.

ശ്രീ. പി. വിശ്വൻ : സർ, പോയിന്റ് ഓഫ് ഓർഡർ റൂൾ 284. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുമ്പോൾ കുതിരവട്ടം പപ്പു മരിച്ചപ്പോൾ മരിച്ചതിന്റെ പിറ്റേ ദിവസം അവിടെയുള്ള മാർക്സിസ്റ്റു പാർട്ടിയുടെ സെക്രട്ടറി പോയി പണം വാങ്ങിയെന്ന് ഒരർത്ഥവുമില്ലാത്ത, ശരിയല്ലാത്ത, അവാസ്തവമായ ഒരു കാര്യം സഭയിൽ പറഞ്ഞത് ഓർഡറിലാണോ : ഇല്ലാത്ത ഒരു കാര്യം സഭയിൽ പറയുന്നതു ശരിയാണോ? അതു രേഖയിൽനിന്ന് മാറ്റേണ്ടതാണ്. ഞാൻ ഇതു ഇവിടെ റൂൾ വച്ചാണ് പറയുന്നത്. അനാവശ്യമായ ഒരു വിഷയമാണ് ഇവിടെ പറയുന്നത്. അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല. മാത്രമവുമല്ല കുതിരവട്ടം പപ്പു ഞങ്ങളുടെ സഹയാത്രികനാണ്, ഞങ്ങളുടെ കൂടെ നിൽക്കുന്ന ഒരു സുഹൃത്താണ്. ഏതു കാര്യത്തിലും ഞങ്ങളുടെ കൂടെ നിൽക്കുന്നയാളാണ്. അവാസ്തവമായ കാര്യം സഭയിൽ പറഞ്ഞത് രേഖയിൽനിന്നും എടുത്തുമാറ്റേണ്ടതാണ്.

ശ്രീ. വി. ബാലറാം : ഞാൻ പറഞ്ഞതല്ല ഇത് കേരളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളിലും വന്നതാണ്. ആ പാർട്ടിയുടെ ഭാരവാഹിയെ മാർക്സിസ്റ്റു പാർട്ടിയിൽനിന്നും പുറത്താക്കി എന്നുള്ള ന്യൂസും വന്നിട്ടുണ്ട്. ഞാൻ അതിനെക്കുറിച്ചു പറയുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. ടി. ശിവദാസമേനോനോട് ഈ ബഡ്ജറ്റിനെ കുറിച്ചു എനിക്കു പറയാനുള്ളത്, ചില പ്രമാണി കുടുംബങ്ങൾ ക്ഷയിച്ചുവരുമ്പോൾ അവർ ഊണുകഴിഞ്ഞാൽ കയ്യിൽ ആവണക്കെണ്ണ പുരട്ടുന്നതിനെക്കുറിച്ചാണ്. പ്രമാണി ക്ഷയിച്ചാൽ സുഭിക്ഷമായി ഊണു കഴിച്ചുവെന്ന് ജനങ്ങൾ അറിയാൻ വേണ്ടി ഏതാണ്ട് നന്നായി ഊണുകഴിച്ചു വിസ്തരിച്ച് ഊണ് കഴിച്ചുവെന്ന് കരുതിക്കോട്ടെ, കയ്യിൽ മെഴുകുണ്ടായിക്കോട്ടെ എന്നു കരുതി കയ്യിൽ ആവണക്കെണ്ണ പുരട്ടുന്നതുപോലെയാണ് ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റ് ആ ബഡ്ജറ്റിനെ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വേണ്ടി ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പരിഗണിച്ചുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടി ധനകാര്യ മന്ത്രി ശ്രീ. ടി. ശിവദാസമേനോൻ അവതരിപ്പിച്ച ഭാവനാപൂർണ്ണമായ, സമഗ്രമായ ഈ ബഡ്ജറ്റിനെ ഞാൻ സന്തോഷപൂർവം സ്വാഗതം ചെയ്യുകയാണ്. ഇന്ത്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായ കേരളത്തിലെ ബഡ്ജറ്റ് ചർച്ച ചെയ്യുമ്പോൾ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിലെ സാമ്പത്തിക പരിഷ്കാരങ്ങളും കൂടി വിലയിരുത്തി അതിന്റെ പശ്ചാത്തലത്തിലായിരിക്കണം കേരളത്തിലെ ബഡ്ഡറ്റിനെ വിലയിരുത്തേണ്ടത്. കേരളത്തോട് ഇത്ര വലിയ അവഗണനയും വിവേചനവും ക്രൂരതയും കാണിച്ചിരിക്കുന്ന ഇങ്ങനെയൊരു റെയിൽവേ ബഡ്ജറ്റ് ഇന്നുവരെയുണ്ടായിട്ടില്ല. 19 പുതിയ ട്രെയിനുകൾ അനുവദിച്ചു. നമുക്ക് പുതിയ ട്രെയിനില്ല. നമുക്ക് പുതിയ പാതയില്ല, പുതിയ പദ്ധതിയില്ല, സർവ്വേയില്ല പാത ഇരട്ടിപ്പിക്കലില്ല. ഒന്നും തന്നിട്ടില്ല. നമുക്ക് ലഭിച്ചത് ചരക്കുകൂലിയിലും കടത്തു കൂലിയിലും ഗണ്യമായ വർദ്ധനവിലൂടെ താങ്ങാനാവാത്ത ഭാരം മാത്രമാണ്. ഈ രാജ്യത്തെ മൊത്തമായി കാണാൻ കഴിയാത്ത സങ്കുചിത പ്രാദേശിക ചിന്താഗതിക്ക് മുൻഗണന നൽകിക്കൊണ്ടും അതോടൊപ്പം തന്നെ ദേശീയ ഐക്യത്തിന് ഭീഷണിയാകുന്ന വിധത്തിലുള്ള ചിന്താഗതിക്ക് മുൻഗണന നൽകികൊണ്ടുമുള്ള ചിത്രമാണ് കേന്ദ്രത്തിലെ റെയിൽവേ ബഡ്ജറ്റിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. പൊതുബഡ്ജറ്റിനെക്കുറിച്ച് പറയുമ്പോൾ എന്തായിരിക്കും ഈ ബഡ്ജറ്റിലൂടെ ജനങ്ങൾക്ക് നൽകുകയെന്ന് ധനകാര്യമന്ത്രിയും പ്രധാനമന്ത്രിയും സൂചിപ്പിച്ചതാണ്. ബെൽറ്റ് മുറുക്കി ഉടുക്കാൻ തയ്യാറായിരിക്കണമെന്ന് ധനകാര്യമന്ത്രി യശ്വന്ത് സിൻഹ നമ്മളോടു അധികാരത്തിൽ വന്നയുടനെ പറഞ്ഞു. അദ്ദേഹം അങ്ങനെ പറഞ്ഞതിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ഇനിയും നമ്മൾ മുണ്ടും മുറുക്കിയുടുത്തു ജീവിച്ചുകൊള്ളണമെന്നാണ്. ആരോടാണ് മുണ്ടു മുറുക്കി ഉടുക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ ആവശ്യപ്പെട്ടിരിക്കുന്നത്? എണ്ണായിരം കോടി രൂപയുടെ അധികഭാരം സാധാരണക്കാർക്കും പതിനായിരം കോടി രൂപയുടെ ആനുകൂല്യങ്ങൾ സമ്പന്നന്മാർക്കും നൽകിയ ബി.ജെ.പി. യുടെ ഗവൺമെന്റാണ്. മുണ്ടു മുറുക്കി ഉടുക്കാൻ തയ്യാറാകണമെന്ന് സമ്പന്നന്മാരോടല്ല ആവശ്യപ്പെട്ടിരിക്കുന്നത്. കാർഗിൽ യുദ്ധത്തിന്റെയും ഒറീസാ ദുരിതാശ്വാസത്തിന്റെയും പേര് പറഞ്ഞു കൊണ്ട് ധനകമ്മി കുറയ്ക്കാനാണ് എന്നുപറഞ്ഞുകൊണ്ട് കേന്ദ്ര ധനകാര്യമന്ത്രി സബ്സിഡികൾ വെട്ടി കുറയ്ക്കുന്നതിനുവേണ്ടിയാണ് തീരുമാനമെടുത്തത്. കരിഞ്ചന്തക്കാരെ, കള്ളപ്പണക്കാരെ അതുപോലെ കുത്തകക്കാരെയൊക്കെ പിടിക്കുന്നതിനുവേണ്ടി പണം സമാഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നതിനുപകരം സാധാരണക്കാരന്റെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന നടപടിയാണ് യശ്വന്ത്സിൻഹ സ്വീകരിച്ചതെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുമോ? പ്രധാനമന്ത്രിയും നമ്മോടു പറഞ്ഞത് വരാൻപോകുന്ന കാലങ്ങളിൽ നിലവിലുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കേണ്ടിവരുമെന്നാണ്. അത്തരമൊരു പരിതസ്ഥിതിയിൽ പ്രതിഷേധിക്കുന്നതിനുപകരം ഞങ്ങളോടു സഹകരിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. അതു പറയാനുള്ള ധൈര്യം അവർക്ക് എവിടെനിന്നാണ് കിട്ടിയത്? ഏകകക്ഷി ഭരണമെന്ന് മുദ്രാവാക്യം മുഴക്കിയവർ നൂറ്റാണ്ടുകാലം തപസിരുന്നാലും ഇന്ത്യയിൽ ഒറ്റയ്ക്ക് അധികാരത്തിൽ വരാൻ കഴിയില്ല എന്ന് ബോദ്ധ്യപ്പെട്ടപ്പോൾ അധികാരത്തിനുവേണ്ടി മുദ്രാവാക്യം അടുത്തുവച്ച് കണ്ണിൽ കണ്ടവരെയെല്ലാം കൂട്ടുപിടിച്ചുകൊണ്ട് അധികാരത്തിൽ വീണ്ടും വന്നതിന്റെ അഹങ്കാരമായിരുന്നു, ധനകാര്യമന്ത്രിയെക്കൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയെക്കൊണ്ടും അങ്ങനെ പറയിച്ചത്. അതാണ് നമുക്ക് കാണാൻ കഴിയുന്നത്. സാധാരണക്കാരുടെ നടുവ് ഒടിക്കുകയും സമ്പന്നരെ തലോടുന്നതുമായ 5080 കോടി രൂപയുടെ നികുതികളാണ് ബഡ്ജറ്റിലൂടെ അടിച്ചേല്പിച്ചിരിക്കുന്നത്. 78000 കോടി രൂപയാണ് കമ്മി പ്രതീക്ഷിക്കുന്നത്. അത് ഒരു ലക്ഷത്തി പതിനെണ്ണായിരം കോടിയാകും വർഷത്തിന്റെ ഒടുവിൽ എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കമ്മി നികത്തുന്നതിനുവേണ്ടി കടം വാങ്ങണം. കടം വാങ്ങിക്കഴിഞ്ഞാൽ പലിശ കൊടുക്കണം. അധികച്ചെലവ് ഒരു വർഷത്തിൽ ഒരു ലക്ഷം കോടിയിൽ അധികമാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1999-ലെ കണക്കനുസരിച്ച് ഓരോ ഇന്ത്യാക്കാരന്റേയും കടം 4295 രൂപയാണ്. ഇതാണ് സ്ഥിതി. കസ്റ്റംസ് തീരുവയും എക്സൈസ് തീരുവയും കുറയ്ക്കുകയാണ് ചെയ്തത്. അതിനാൽ ഇറക്കുമതി വർദ്ധിക്കാനും കയറ്റുമതി കുറയ്ക്കാനും ഇടയുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. നമ്മുടെ പാരമ്പര്യ വ്യവസായങ്ങളെ ഏറ്റവും ദോഷകരമായി അത് ബാധിച്ചിരിക്കുകയാണ്. ഇടത്തരക്കാരുടെ ആദായനികുതി കൂട്ടിയപ്പോൾ സമ്പന്ന വിഭാഗക്കാരെ അതിൽനിന്ന് പൂർണ്ണമായും ഒഴിവാക്കി നിറുത്തുകയാണ് ചെയ്തത്. തൊഴിലില്ലായ്മക്കു പരിഹാരം കാണുന്നതിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിലും അതിനുമുൻപുള്ള ബഡ്ജറ്റിലും ഒരു നിർദ്ദേശവുമുണ്ടായിരുന്നില്ല. ഇപ്പോഴും അതൊന്നും കാണുന്നില്ല. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം, തൊഴിലില്ലായ്മ, ദാരിദ്ര്യം ഇതൊക്കെ വർദ്ധിപ്പിക്കുന്ന പ്രതിബദ്ധതയില്ലാത്ത കേന്ദ്ര ഗവൺമെന്റിന്റെ കാഴ്ചപ്പാടാണ് ബഡ്ജറ്റിലൂടെ നമുക്ക് കാണാൻ കഴിഞ്ഞത്. പുരോഗതിയിൽനിന്ന് പുരോഗതിയിലേയ്ക്ക് ഇന്ത്യാ രാജ്യത്തെ നയിക്കുമെന്നുപറഞ്ഞുകൊണ്ട് നരസിംഹറാവു പ്രധാനമന്ത്രിയായിരിക്കുമ്പോൾ കൊണ്ടുവന്ന പുത്തൻ സാമ്പത്തിക നയവും പുത്തൻ സാമ്പത്തിക പരിഷ്ക്കരണങ്ങളുമാണ് നമ്മുടെ ഇന്ത്യാരാജ്യത്ത് ഇന്നത്തെ സ്ഥിതിക്ക് ഇടയാക്കിയതെന്ന് കാണാൻ കഴിയും. തുടക്കത്തിൽ കുറച്ച് ബുദ്ധിമുട്ടുണ്ടാകും പിന്നീട് സുഖകരമായിരിക്കുമെന്നാണ് അന്നു പറഞ്ഞത്. അന്ന് കണക്കെടുത്തപ്പോൾ 34.3% ആണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടായിരുന്നതെങ്കിൽ ഇന്നത്തെ പരിതസ്ഥിതിയിൽ 40 ശതമാനത്തിലധികമായി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം വർദ്ധിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം വർദ്ധിക്കുന്നതിലൂടെയാണോ രാജ്യത്തിന്റെ പുരോഗതി കണ്ടത് എന്ന് സംശയമുണ്ട്. അതോടൊപ്പം തന്നെ ഏറ്റവും ദുരിതമനുഭവിക്കുന്ന ഈ പരിതസ്ഥിതിയിലാണ് പൊതു വിതരണ സംപ്രദായത്തിലൂടെ നൽകുന്ന സാധനങ്ങളുടെ സബ്സിഡി കുറച്ചത്. അതുപോലെതന്നെ ഭക്ഷ്യ, വളം സബ്സിഡി കുറയ്ക്കുന്നതിനു തീരുമാനമെടുത്തു. എണ്ണായിരം കോടി രൂപയാണ് വെട്ടിക്കുറച്ചത്. യൂറിയായ്ക്ക് 15% മറ്റ് വളങ്ങൾക്ക് 7% കൂട്ടുകയാണ് ചെയ്തത്. ഒന്നരലക്ഷം രൂപയ്ക്ക് മേൽ വാർഷിക വരുമാനമുള്ളവർക്ക് ആദായ നികുതി നിരക്ക് 33% ത്തിൽനിന്ന് 33.5% ആക്കി ഉയർത്തി. സ്വദേശി എന്ന തട്ടിപ്പ് മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ഇന്ത്യയെ സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുമെന്ന് പറഞ്ഞുകൊണ്ട്, വിദേശാധിപത്യത്തിൽനിന്നും രക്ഷിക്കുമെന്ന് പറഞ്ഞുകൊണ്ട് അധികാരത്തിൽ വന്നവർ എത്ര വിദഗ്ധമായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തിലെ ജനങ്ങളെ കബളിപ്പിക്കുന്നതെന്ന് ഇപ്പോൾ നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്. അവർ ആഗോളവൽക്കരണവും ഉദാരവൽക്കരണവും നടപ്പിലാക്കാനുള്ള വെപ്രാളത്തിലാണ്. ആ വെപ്രാളം ഓരോ രംഗവുമെടുത്തു പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. നമ്മുടേതെന്ന് നമ്മൾ അഭിമാനിക്കുന്ന നമ്മുടെ നിയന്ത്രണത്തിലുള്ളതെല്ലാം തന്നെ നമ്മളിൽനിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് ഓരോന്നായി നമുക്ക് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ബാങ്കുകളുടെ കിട്ടാക്കടത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി നിശ്ചയിച്ച ഒരു കർമ്മ സമിതിയുണ്ട്. ആ കർമ്മ സമിതിയിലെ 15 അംഗങ്ങൾ ആരൊക്കെയാണെന്ന് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. ബഹുരാഷ്ട്ര കുത്തക കമ്പനിക്കാരുടെ പ്രതിനിധികളാണ് ഇതിലുള്ളത്. രാഹുൽ ബജാജാണ് അതിന്റെ പ്രസിഡന്റായിട്ട് വരുന്നത്. അവരുടെ നിർദ്ദേശമെന്താണ്? ഈ കിട്ടാക്കടത്തെക്കുറിച്ച് പഠിക്കാൻ നിശ്ചയിച്ച കമ്മിറ്റി ഒരു നിർദ്ദേശം മുന്നോട്ടു വച്ചിരിക്കുന്നത് കിട്ടാക്കടം കുറയ്ക്കുന്നതിനുവേണ്ടി മൂന്ന് പൊതുമേഖലാസ്ഥാപനങ്ങൾ അടച്ച് പൂട്ടണം. എസ്.ബി.ഐ. അടക്കമുള്ള നാലു ബാങ്കുകൾ സ്വകാര്യവൽക്കരിക്കണം. കിട്ടാക്കടത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചില്ലേ. 58,000 ത്തിലധികം കോടി രൂപ തരാനുള്ളവരാണ് ഇത്തരമൊരു നിർദ്ദേശം മുന്നോട്ടുവച്ചിരിക്കുന്നത്. അവരുടെ ആഗ്രഹം എന്താണെന്നുവച്ചാൽ ആഗോളവൽക്കരണത്തിൽ നമ്മുടെ സർക്കാരിന് ബാങ്കിംഗ് മേഖലയിൽ ഒരു പങ്കും ഉണ്ടാകാൻ പാടില്ല. ക്രമേണ സർക്കാർ ഈ രംഗം വിടണമെന്നുള്ളതാണ്. അതിനുവേണ്ടിയുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ ബഡ്ജറ്റ് കമ്മി കുറയ്ക്കുന്നതിനുവേണ്ടി പെരുകുന്ന കടം കുറയ്ക്കാൻ ബാങ്കുകളിലെ ഗവൺമെന്റ് ഓഹരി 33% ആക്കാൻവേണ്ടി ഷെയറുകൾ വിൽക്കാൻ വേണ്ടി തീരുമാനമെടുത്തിരിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരി വിൽപ്പനവഴി 25,000 കോടി രൂപയുടെ വരുമാനമുണ്ടാക്കാനാണ് പരിപാടിയിട്ടിരിക്കുന്നത്. വൻകിട ബാങ്കുകളിൽനിന്ന് എടുത്തിരിക്കുന്ന 58,000 കോടി രൂപ കിട്ടാക്കടമായി എഴുതി തള്ളാൻവേണ്ടി ബി.ജെ.പി ഗവൺമെന്റ് തയ്യാറാകുന്നു. വൻകിടക്കാർക്ക് ഇൻസെന്റീവായി ആ രൂപത്തിൽ കൊടുക്കുന്ന കോടിക്കണക്കിന് രൂപ അതിനുവേണ്ടി നീക്കിവച്ചിരിക്കുകയാണ്. അതുപോലെയാണ് എൽ.ഐ.സി. യുടെ കാര്യം. 1956-ൽ ഗവൺമെന്റ് അഞ്ചുകോടി രൂപ മുതൽ മുടക്കിൽ തുടങ്ങിയ ഒരു സ്ഥാപനമാണ് എൽ.ഐ.സി. ഒരു വർഷം കേന്ദ്ര ഗവൺമെന്റിന് ലഭിക്കുന്ന ലാഭ വിഹിതം 300 കോടി രൂപയാണ്. ഒരു വർഷം കേന്ദ്ര ഗവൺമെന്റിന് അടയ്ക്കുന്ന ആദായ നികുതി 700 കോടി രൂപയാണ്. എട്ടാം പദ്ധതിക്ക് എൽ.ഐ.സി കൊടുത്തത് 63 കോടി രൂപയാണ്. ഒൻപതാം പദ്ധതിക്ക് നൽകിയത് ഒരുലക്ഷം കോടി രൂപയാണ്. ക്രമേണ അപകട ഇൻഷ്വറൻസിലൂടെ 36 കോടി രൂപ നൽകിയിരിക്കുന്നു. കുടിലുകളിൽ നാശനഷ്ടം സംഭവിച്ചപ്പോൾ 42 കോടി രൂപ നൽകിയാണ് സഹായിച്ചത്. വാഹനാപകട നഷ്ടപരിഹാരം 34 കോടി രൂപ നൽകിയിട്ടുണ്ട്. വർഗ്ഗീയ കലാപങ്ങളുണ്ടായപ്പോൾ ബോംബെയിലും അഹമ്മദാബാദിലുമുണ്ടായ കലാപത്തിലേയ്ക്ക് വന്ന നഷ്ടം മുഴുവൻ ഇവരാണ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ലത്തൂരിലെ ഭൂകമ്പത്തിൽ സ്വത്തും വീടും നഷ്ടപ്പെട്ടവർക്ക് മുഴുവൻ തുകയും നൽകിക്കൊണ്ട് സഹായം നൽകുകയുണ്ടായി. ഇൻഷ്വറൻസ് മേഖല സ്വകാര്യവൽക്കരിക്കുമ്പോൾ ഇന്ന് നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സേവനം വിദേശ കമ്പനിക്കാർ നൽകുമോ? ഈ മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി രണ്ട് കൈയും പൊക്കി അതിന് സമ്മതം നൽകിയ അപ്പുറത്തിരിക്കുന്നവരാണ് അതിന് മറുപടി പറയേണ്ടത്. ടാറ്റാ ഓയിൽ മിൽ ഹിന്ദുസ്ഥാൻ ലിവറിനു വിൽക്കുന്നതിനുമുമ്പ് അവിടെയുണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണം 8000 ആണ്. ഇപ്പോൾ അത് 700 ആയി കുറഞ്ഞിരിക്കുന്നു. ഇന്ത്യ ഒട്ടാകെ 25,000 തൊഴിലാളികൾ പണിയെടുക്കുന്ന 14 റൊട്ടി ഉൽപ്പാദന യൂണിറ്റുകളുള്ള 22 ഏജൻസികളിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് മോഡേൺ ഫുഡ് ഇൻഡസ്ട്രീസ്. 2100 കോടി രൂപയുടെ ആസ്തിയുള്ള ആ പൊതുമേഖലാസ്ഥാപനം അതിന്റെ 74% ഷെയറുകൾ 105.45 കോടി രൂപയ്ക്ക് ഹിന്ദുസ്ഥാൻ ലിവറിന് ഇവർ വിറ്റിരിക്കുന്നു. സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി ബാങ്കുകളിൽ 25,000 തസ്തികകൾ കുറയുന്നു. കൂടാതെ മൂന്നു വർഷംകൊണ്ട് ഒരു ലക്ഷത്തി എഴുപത്തിരണ്ടായിരം കുറയും. 1998-99- ൽ സംഘടിത മേഖലയിൽ പിരിച്ചുവിട്ടവരുടെ എണ്ണം ഒരുലക്ഷമാണ്. കംപോളരംഗത്ത് പ്രതിരോധ രംഗത്ത്, ധനകാര്യ മേഖലയിൽ, വിദ്യാഭ്യാസം, കൃഷിയിടം, ആകാശം, കടൽ, എല്ലാം വിദേശിക്ക് കൊടുത്തില്ലേ? ഭരണവും വിദേശികളുടെ നിയന്ത്രണത്തിലാണ് നമ്മുടെ രാജ്യത്ത് നടക്കുന്നത്. ഇനി എന്താണ് ബാക്കിയുള്ളത്? സ്വദേശി എന്നുള്ള ഒരു മുദ്രാവാക്യത്തിൽ സ്വദേശിമാത്രമാണ് ബാക്കിയുള്ളത്. ഇതെല്ലാം കൊച്ചു കേരളത്തേയും ബാധിക്കുകയില്ലേ? ഇതെല്ലാംകൂടി കണക്കിലെടുത്തിട്ട് വേണമല്ലേ കേരളത്തിലെ ബഡ്ജറ്റിനെ വിമർശിക്കാനും അതിന്റെ പോരായ്കൾ ചൂണ്ടുക്കാണിക്കാനും എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. നമ്മളെ ശ്വാസം മുട്ടിച്ച് കൊല്ലാനുള്ള നിർദ്ദേശങ്ങളുമായിട്ടാണ് കേന്ദ്ര ബഡ്ജറ്റ് പുറത്തിറക്കിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ സംസ്ഥാനത്തിന് ന്യായമായി ലഭിക്കേണ്ടിയിരുന്ന ധനസഹായം അകാരണമായി തടഞ്ഞുവച്ചത് അഞ്ചാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശ നടപ്പിലാക്കിയതിന്റെ അധിക ബാദ്ധ്യത ധനകാര്യമേഖലയിൽ സർക്കാർ നേരിട്ടുകൊണ്ടിരിക്കുന്ന കനത്ത വെല്ലുവിളികളെല്ലാം നേരിടേണ്ടിവന്ന പശ്ചാത്തലത്തിൽ ധനകാര്യ മന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുള്ള ജനങ്ങളോടുള്ള സമീപനമാണ് വ്യക്തമാക്കുന്നത്. എന്തിനുവേണ്ടി ആർക്കുവേണ്ടി ഈ ബഡ്ജറ്റ് നിലകൊള്ളുന്നുവെന്നുള്ളത് കേന്ദ്ര ബഡ്ജറ്റുമായി താരതമ്യംചെയ്യുമ്പോഴാണ് നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നത്. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളേയും കർഷകജനതയേയും കംപോളത്തിന്റെ മുന്നിലേയ്ക്ക് വലിച്ചെറിഞ്ഞ് കൊടുക്കുകയും രാജ്യത്തെ ഒരു കാർഷിക ഇറക്കുമതി കംപോളമാക്കി മാറ്റാൻ ശ്രമിക്കുകയുമാണ് കേന്ദ്ര ധനകാര്യമന്ത്രി ചെയ്തത്എങ്കിൽ ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളെ ആഗോളവൽക്കരണത്തിലും അതിന്റെ ആഘാതത്തിൽനിന്നും രക്ഷിച്ചുനിറുത്തി അവർക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ധനകാര്യമന്ത്രി ചെയ്തിട്ടുള്ളത്. അതിന്റെ വിശദമായ കാര്യങ്ങളിലേക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ദുർബല വിഭാഗങ്ങൾക്ക് മാത്രം കേന്ദ്രം റേഷൻ സബ്സിഡി നൽകുമ്പോൾ റേഷൻ സബ്സിഡി ലഭിക്കുന്നവർക്കു പോലും ഒരു കിലോ അരിക്ക് 6.40 പൈസ കൊടുക്കേണ്ടി വരും. അല്ലാത്തവർക്ക് 12.50 പൈസ നൽകേണ്ടിവരും. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ കണക്കെടുത്ത് പരിശോധിക്കുമ്പോൾ അതിൽ ഒരു കുടുംബത്തിൽ 30 കിലോ അരി വാങ്ങിക്കുകയാണെങ്കിൽ വരുന്ന ചെലവ് ഇപ്പോൾ 216 രൂപയാണെങ്കിൽ ഏപ്രിൽ മാസം മുതൽ അത് 250 രൂപയായി വർദ്ധിക്കാൻ പോകുകയാണ്. ദാരിദ്രരേഖയ്ക്ക് മുകളിലുള്ളവരുടെ കണക്കാണെങ്കിൽ ഇപ്പോൾ 30 കിലോ അരി വാങ്ങുന്നതിന് 272 രൂപ കൊടുക്കണമെങ്കിൽ ഏപ്രിൽ മാസം മുതൽ അത് 300 രൂപയായി വർദ്ധിക്കാൻ പോകുകയാണ്. റേഷൻസാധനങ്ങളുടെ വിലയിൽ 68% വർദ്ധനവാണ്. അതുപോലെ യൂറിയായുടെ വിലയിൽ ടണ്ണിന് 600 രൂപയുടെ വർദ്ധനവാണ് ഉണ്ടാക്കിയിരിക്കുന്നത്. 1.45 ലക്ഷം ടൺ അരിയാണ് ഇവിടെയെത്തേണ്ടത്. ഇപ്പോഴത്തെ ഈ പരിതസ്ഥിതിയിൽ അത് മുപ്പതിനായിരം ടണ്ണായി കുറയുമ്പോൾ 15,000 ത്തോളം വരുന്ന റേഷൻ കടകൾ നമ്മുടെ രാജ്യത്തുണ്ട്. അതിന്റെ എണ്ണം കുറയാൻ പോകുകയാണ്. അതിന്റെ ആവശ്യംതന്നെ ഇല്ലാതെവരുന്ന ഒരവസ്ഥയാണ് കേരളത്തിലുണ്ടാകാൻ പോകുന്നത്. ഇത്രയും വലിയ പരിതസ്ഥിതിയുണ്ടായിട്ടും കേരളത്തിലെ ജനങ്ങളെ വിലക്കയറ്റത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി തുടർന്നിരുന്ന നല്ല നടപടികൾ തുടരുമെന്നാണ് ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ഇവിടെ ഒരാക്ഷേപമുന്നയിച്ചുകൊണ്ട് അതിന് 39 കോടി രൂപയേ നീക്കിവച്ചിട്ടുള്ളൂവെന്ന് പറഞ്ഞുകൊണ്ട് അപ്പുറത്തുള്ളവർ പരിഹസിക്കുമ്പോൾ ഞങ്ങൾക്ക് പറയാനുണ്ട്. വിലക്കയറ്റത്തിൽനിന്ന് രക്ഷകൊടുക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻ എന്ത് ചെയ്യണമെന്ന് അന്വേഷിക്കുന്നതിനുവേണ്ടി ഒരു കമ്മറ്റിയെ നിശ്ചയിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഈ ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുന്നത്. അതിനുശേഷംതന്നെയാണ് മാവേലിസ്റ്റോറുകളുടെ പ്രവർത്തനം സജീവമാക്കിയത്. നീതി സ്റ്റോറുകൾ തുറന്നത്. പത്തുകിലോ അരി പകുതി വിലയ്ക്ക് കൊടുത്തത്. നിങ്ങളാരുമല്ല ചിന്തിച്ചത്, ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. അതെല്ലാം തുടർന്ന് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. വിശേഷ അവസരങ്ങളിൽ ഓണത്തിനും ക്രിസ്തുമസിനും റംസാനുമെല്ലാം 5 കിലോ അരി കൊടുക്കാൻ തീരുമാനമെടുക്കുകയും ഒരു കുഴപ്പവും കൂടാതെ അതിന് യാതൊരു തടസ്സമുണ്ടാകാത്തവിധത്തിൽ തുക നീക്കി വയ്ക്കുന്നതിനും ഈ സർക്കാരിന് ഇപ്പോൾ കഴിഞ്ഞിട്ടുണ്ടെങ്കിൽ മേലിലും ഈ സർക്കാരിന് കഴിയും. അതിന് തയ്യാറാകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിന്റെ പേരിൽ പ്രക്ഷോഭം നടത്താനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ അതെല്ലാം തന്നെ മനപ്പായസമായിരിക്കും. അതൊന്നും ഈ രാജ്യത്തിലെ ജനങ്ങളുടെയിടയിൽ വിലപ്പോവുകയില്ല. അവർ അനുഭവിച്ച് അറിയുന്നവരാണ്. വിശപ്പിന്റെ വില അറിയുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പാവപ്പെട്ടവർക്കുവേണ്ടി കൊണ്ടുവന്ന ആ പരിപാടി ഏറ്റവും നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ തർക്കമില്ല. അതുപോലെ സേവന മേഖലയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് 2817 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. ആരോഗ്യ മേഖലയ്ക്ക് 697 കോടി രൂപ നീക്കിവച്ചിരിക്കുന്നു. മൈത്രീഭവന നിർമ്മാണ പദ്ധതിയിൽക്കൂടി 33,000 വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി സബ്സിഡിയായി 30 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 35 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. അതു പോലെതന്നെ പരമ്പരാഗത വ്യവസായങ്ങൾ. എല്ലാവരും അവഗണിക്കുന്ന വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ഏറ്റവും ശ്രദ്ധയോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുവന്നിരിക്കുന്നു. അതിന്റെ ഭാഗമായി കശുവണ്ടി മേഖലയ്ക്ക് 5 കോടി രൂപ നൽകിയിരിക്കുന്നു. കയർ മേഖലയ്ക്ക് രണ്ടുകോടി രൂപ കൈത്തറി മേഖലയ്ക്ക് 22.28 കോടി രൂപ, ഖാദി, മേഖലയ്ക്ക് 25 ലക്ഷം രൂപയാണ് നൽകിയിരിക്കുന്നത്. അതുപോലെ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശിവദാസമേനോനാണ്. അദ്ദേഹം ഒരു പുരുഷനാണെങ്കിലും വനിതകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഇത് ഒരു വനിതാ ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിന്റെ ഏറ്റവും നല്ല ആനുകൂല്യങ്ങളും കേരളത്തിലെ സ്ത്രീകൾക്കാണ് ലഭിച്ചിട്ടുള്ളത്. ഓരോ ആനുകൂല്യങ്ങളും കൂടുതലായി ഇവിടത്തെ സ്ത്രീകൾക്കാണ് ലഭിച്ചിരിക്കുന്നതെന്നുള്ളത് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇത് സ്ത്രീകളുടെ ബഡ്ജറ്റാണ്. സ്ത്രീകൾക്കുവേണ്ടി പ്രത്യേകമായി അവതരിപ്പിച്ച ഒരു ബഡ്ജറ്റാണ്. 180 പഞ്ചായത്തുകളിലായി മുഖ്യ പങ്കാളിത്തം സ്ത്രീകൾക്ക് കൊടുത്തുകൊണ്ട് കുടുംബശ്രീ പദ്ധതി കൊണ്ടുവരുന്നു. അതുപോലെതന്നെ ഹെൽപ്പർമാരും വർക്കർമാരുമായിട്ട് 45,000 ത്തോളം വരുന്ന അംഗനവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ 100 രൂപയുടെ വർദ്ധനവ് കൊടുത്തിരിക്കുന്നു. അതുപോലെതന്നെ പരംമ്പരാഗത മേഖലയിൽ കയർ, കശുവണ്ടി, ബീഡി, മത്സ്യ വ്യവസായങ്ങൾക്കു നൽകിയ ആനുകൂല്യങ്ങൾ ഭൂരിപക്ഷം വരുന്ന സ്ത്രീകളാണ് അനുഭവിക്കുന്നത്. ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അപ്പുറത്തുള്ള മെമ്പർമാർ പറയുകയുണ്ടായി 20 രൂപ കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ചത് ഒരു ചായയും ഉഴുന്നുവടയും കഴിക്കാൻ പോലുമില്ലയെന്നാണ്. 5 വർഷം തുടർച്ചയായി നിങ്ങൾ ഭരിച്ചിട്ട് 10 പൈസ വർദ്ധിപ്പിച്ചു കൊടുത്തോ ? വെറും മോഹങ്ങൾ മാത്രം നൽകിക്കൊണ്ട് 5 വർഷം ഈ പാവപ്പെട്ട കർഷകത്തൊഴിലാളികളെ നിങ്ങൾ മുന്നോട്ടു കൊണ്ടുപോയി. ഇത്രത്തോളം അവരെ പരിഹസിച്ച, അപമാനിച്ച കാലം ഇതിനു മുമ്പും ഉണ്ടായിട്ടുണ്ടോ? ഈ മണ്ണിനെ പൊന്നാക്കിമാറ്റുന്ന ഈ രാജ്യത്തെ ജനങ്ങളെ തീറ്റിപ്പോറ്റുന്ന കർഷകത്തൊഴിലാളികളെ അംഗീകരിച്ചുകൊണ്ട് ഒരു സഹായം ചെയ്യുന്നതിന് 20 എങ്കിൽ 20 രൂപ വർദ്ധിപ്പിച്ചത് കർഷകത്തൊഴിലാളികൾ പാവപ്പെട്ട അമ്മമാർ നല്ല രീതിയിൽ തന്നെ അതിനെ അംഗീകരിക്കുന്നു. ആ കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുപോലെതന്നെ അടുക്കള പ്രശ്നം കൈകാര്യം ചെയ്യുന്ന സ്ത്രീകൾ ഞാൻ നേരത്തേ സൂചിപ്പിച്ചതാണ് റേഷൻ കടയിൽ പോയി അരി വാങ്ങിക്കൊണ്ടു വന്ന് വച്ച് വിളമ്പി വീട്ടുകാർക്ക് കൊടുക്കാനുള്ളത് പാവപ്പെട്ട വീട്ടമ്മമാരാണ്. അവർക്ക് ഏറ്റവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ആശ്വാസം നൽകുന്നത് ഈ റേഷൻ അരിയാണ്. അതുകൊണ്ട് ഈ റേഷൻ അരിയുടെ വില വർദ്ധനവ് ഇവിടെ ബാധകമാക്കാത്ത രീതിയിൽ ഈ ഗവൺമെന്റ് ശ്രദ്ധ വിച്ചിരിക്കുന്നു. അടുക്കളക്കാര്യം കൈകാര്യം ചെയ്യുന്ന വീട്ടമ്മമാരുടെ ഏറ്റവും വലിയ അഭിനന്ദനങ്ങൾ ഈ ഗവൺമെന്റിനുണ്ട്. അതുപോലെതന്നെ സർക്കാർ ജീവനക്കാർക്ക് 10% ഡി.എ. അനുവദിച്ചത് അഭിനന്ദനാർഹമാണ്. പെൻഷൻകാർക്ക് നൂതനമായ ചികിത്സ പദ്ധതിയും ക്ഷേമപദ്ധതിയും ഈ സർക്കാർ ആണ് ഏർപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ മൂന്നു ലക്ഷത്തോളം വരുന്ന പെൻഷൻകാരുടെ ഇത്രയും വർഷകാലത്തെ ആഗ്രഹം നടപ്പിലാക്കിയിത്, അതിന് രൂപം കൊടുക്കാൻ തയ്യാറായത് പെൻഷൻകാരനായ മന്ത്രിതന്നെയാണെന്നുള്ളത് ഏറ്റവും കൂടുതൽ അഭിനന്ദനാർഹമാണ്. അതുപോലെതന്നെ പോലീസിനെ നവീകരിക്കുന്നതിനുവേണ്ടി നിരവധി പരിപാടികൾ നടപ്പിലാക്കുന്നത് സന്തോഷകരമാണ്. ജനകീയ പോലീസ് പദ്ധതിയെക്കുറിച്ച് വിവിധ വിഭാഗങ്ങളിൽ നിന്ന് അഭിപ്രായം കേട്ടശേഷം ഭംഗിയായി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നാടൻ പ്രദേശങ്ങളിലെ വനിതകളുടെയും കുട്ടികളുടെയും അവശയവിഭാഗങ്ങളുടെയും സജീവ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കണം. ഇത് നമ്മുടെ സംസ്ഥാനത്തിന് തിലകക്കുറിയായിരിക്കും. അതുപോലെതന്നെ കൃഷിയെകുറിച്ചും കൃഷി വകുപ്പിന് പൈസ നൽകുന്നതിനെക്കുറിച്ചും അപ്പുറത്തിരിക്കുന്നവർ ആക്ഷേപം പറഞ്ഞു. നിങ്ങൾക്ക് കൃഷിക്കാരെക്കുറിച്ച് പറയാൻ എന്താണ് അവകാശം. കേരളത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണി അധികാരത്തിൽ വന്നപ്പോൾ അല്ലേ കൃഷിക്കാരന് കൃഷിഭൂമി സ്വന്തമായി കിട്ടിയത്. അവരുടെ ഭൂമിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ അവനും അവന്റെ മക്കൾക്കും അനുഭവിക്കാൻ അവകാശം ഉണ്ടാക്കികൊടുത്തത് കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി പ്രസ്ഥാനമാണ്. ഈ കൃഷിക്കാരെ നിലനിർത്താൻവേണ്ടി അവർക്ക് ആനുകൂല്യം നൽകുന്നതിനുവേണ്ടി ഞങ്ങളെ ആരും പഠിപ്പിക്കണ്ട. അതിന് സി.പി.ഐ., സി.പി.എം പ്രശ്നമുണ്ടാക്കികൊണ്ട് എന്തെങ്കിലും മുതലെടുപ്പ് നടത്താൻ പറ്റുമോയെന്നാണ് നിങ്ങൾ നോക്കുന്നത്. അത് നടപ്പില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ കാലഹരണപ്പെട്ട ഒരു കാലഘട്ടത്തിന്റെ ഓർമ്മയായി നിലനിൽക്കുന്ന ജന്മി പ്രതിഫല സംഖ്യയിൽ നിന്നും കൃഷിക്കാരെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തന്നെ മഹിളാ പ്രവർത്തക ഏജന്റുമാർക്ക് പെൻഷൻ പ്രഖ്യാപിച്ചിട്ടുണ്ട് ആ പെൻഷൻ പദ്ധതി ഉടനെ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട ജലസേചന പദ്ധതിയായ വാമനപുരം ജലസേചന പദ്ധതി വൈദ്യുതി, കുടിവെള്ളം, വിനോദസഞ്ചാരം എന്നീ വിവിധോദ്ദേശപദ്ധതിയായി പുനഃസംവിധാനം ചെയ്തിട്ടുണ്ട് ആ പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കാൻ വേണ്ട പണം ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും ഗുണം ചെയ്യുന്ന ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി സന്തോഷത്തോടുകൂടി സ്വാഗതം ചെയ്തുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സത്യൻ മൊകേരി : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിൽ ധനകാര്യവകുപ്പുമന്ത്രിയായ ശ്രീ. ശിവദാസമേനോൻ അവതരിപ്പിച്ച 5-ാം മത്തെ ബഡ്ജറ്റാണിത്. നമ്മുടെ രാജ്യത്ത് വളർന്നു വന്നിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുന്ന ഒരു കൊച്ചു സംസ്ഥാനമാണ് കേരളം. മൂന്നുകോടിയിലധികം ജനങ്ങളുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ നിന്നുകൊണ്ട് ഒരു സംസ്ഥാന ഗവൺമെന്റിന് അവതരിപ്പിക്കാവുന്ന ഏറ്റവും നല്ല ഒരു ബഡ്ജറ്റാണിത്. കാരണം പാർലമെന്റിൽ സാമ്പത്തിക സർവ്വേയുടെ റിപ്പോർട്ടു വന്നിട്ടുണ്ട്. ഇന്ത്യയിൽ പൊതുവായ വളർച്ചയുടെയും പൊതുവായ സാമ്പത്തിക വികസനത്തിന്റെയും ചിത്രം അതിൽ വ്യക്തമായിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ധനകാര്യക്കമ്മി, വൻതോതിലുള്ള കടമെടുപ്പ്, തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി എന്നിവ കൊണ്ട് പൊറുതിമുട്ടി നിൽക്കുന്ന സംസ്ഥാനത്തെ രക്ഷിക്കാനുള്ള ഏറ്റവും നല്ല ബഡ്ജറ്റാണ് ഇത്. നമ്മുടെ ഉൽപ്പാദന മേഖല ദേശീയാടിസ്ഥാനത്തിൽ താഴോട്ടുവരികയാണ്. ടാർജറ്റിൽ എത്തുന്നില്ല. ഇന്ത്യയുടെ സാമ്പത്തിക മേഖലയിൽ ഉണ്ടായിട്ടുള്ള തിരിച്ചടി നിസ്സാരമല്ല. 1980 മുതൽ 91 വരെയുള്ള വളർച്ചാനിരക്ക്, കാർഷിക വളർച്ച 3.6% ആണ്. പക്ഷെ പുതിയ കാലഘട്ടത്തിൽ പുതിയ സാമ്പത്തികനയം നടപ്പിലാക്കാൻ പോകുന്നതോടുകൂടി 90 മുതൽ 99 വരെ സാമ്പത്തിക വളർച്ചാനിരക്ക് കാർഷിക മേഖലയിൽ 1.96% ആണ്. കാർഷിക മേഖലയിൽ 80 മുതൽ 91 വരെയുള്ള ശരാശരി എടുത്തുകഴിഞ്ഞാൽ 2.65 ആയിരുന്നു വളർച്ചാനിരക്ക്. പക്ഷെ ഈ സാമ്പത്തികനയം നടപ്പിലാക്കാൻ തുടങ്ങിയതോടുകൂടി നമ്മുടെ രാജ്യത്തെ കാർഷിക മേഖലയിലെ ശരാശരി വളർച്ച താഴോട്ടു പോയിരിക്കുകയാണ്. ആ വളർച്ചാനിരക്ക് 1.385 ആണ്. ഞാൻ അത് ചൂണ്ടിക്കാണിച്ചത് ഇത്രയും ഗുരുതരമായ സാമ്പത്തിക സ്ഥിതി ഈ രാജ്യത്തുണ്ടായപ്പോൾ നമ്മുടെ കൊച്ചു സംസ്ഥാനത്ത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായിട്ട് അപ്രോച്ചിന്റെ ഫലമായിട്ട് അത് പ്രതിഫലിക്കുന്ന ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. എന്തുകൊണ്ട് പ്രതിപക്ഷം അതിനെ എതിർക്കുന്നുവെന്നു പറയാമോ ? ഇന്ത്യയുടെ ജി.ഡി.പി 5.6% മാത്രമുണ്ടായിരുന്ന സ്ഥാനത്ത് നമ്മുടെ സംസ്ഥാനത്ത് 6.6% വളർച്ച കൈവരിച്ചു. ജി.ഡി.പി. 1996 മുതൽ 1997 വരെ 7.85% . 1998-1999 5.8 ലേയ്ക്കു താഴുന്നു. എസ്.ഡി.പി. എന്താണ് സ്ഥിതി. എസ്.ഡി.പി. വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. വ്യക്തമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. അത് വെറുതെ പറയുകയല്ല. നമ്മുടെ സാമ്പത്തിക സർവേ റിപ്പോർട്ടിൽ കാണുന്നു. സി.പി.ഐ., സി.പി.എം. തർക്കമുണ്ട് അതിൽ നിന്നും മുതലെടുക്കാനുള്ള ശ്രമമാണ് രണ്ട് ദിവസമായിട്ട് നിങ്ങൾ നടത്തിയിട്ടുള്ളത്. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ ഈ ഗവൺമെന്റ് വരുത്തിയിട്ടുള്ള മാറ്റം എന്താണ്. കൃഷി ഉൽപ്പാദനം, പ്രൊഡക്ടീവ് സെക്ടർ അതിൽ മാറ്റം വരുത്തുകയെന്നുള്ളതാണല്ലോ സംസ്ഥാന ഗവൺമെന്റിന്റെ ജോലി. കൃഷി ഉൽപ്പാദനം, എക്കണോമിക് സർവേ പേജ് 47 എടുത്തു നോക്കണം. എല്ലാ മേഖലയിലും വളർച്ച കൈവരിക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ കൈവരിക്കാൻ കഴിഞ്ഞുവെന്നാണ്, ജാലവിദ്യ കൊണ്ടല്ല ഒരു നയത്തിന്റെ പ്രതിഫലനം കൊണ്ടാണ്. പ്രൊഡക്ടീവ് സെക്ടറിൽ ഉണ്ടായിരുന്ന മാന്ദ്യത അവസാനിപ്പിച്ചുകൊണ്ട് അതിനെ ശക്തിപ്പെടുത്തുകയെന്നുള്ള എൽ.ഡി.എഫ് ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി കാർഷിക മേഖലയിൽ കൂടുതൽ മൂലധനം നിക്ഷേപിച്ചു. കൂടുതൽ പണം മുടക്കി ത്രിതല പഞ്ചായത്തിലൂടെ പ്രൊഡക്ടീവ് സെക്ടറിലേക്ക് മുതൽ മുടക്കിയതിന്റെ ഫലമായി പേജ് 47 ഖണ്ഡിക 4.4 ഒന്ന് വായിച്ച് നോക്കണം. എല്ലാ മേഖലയിലും ഇംപ്രൂവ്മെന്റാണ്. നിസ്സാരമായ കാര്യമാണോ? എല്ലാ മേഖലയിലും നാളികേരത്തിന്റെ കാര്യം നിങ്ങൾ എടുത്തുനോക്കൂ. നേരത്തേ ബഹുമാനപ്പെട്ട എം.എൽ.എ മാർ പറഞ്ഞല്ലോ. നാളികേരത്തിന്റെ ഉൽപ്പാദനം ജാലവിദ്യയാണോ, എന്തുകൊണ്ട് നാളികേര ഉൽപ്പാദനം വർദ്ധിച്ചു. മണ്ഡരി രോഗം വന്നതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ നിങ്ങൾ കളിയാക്കിയില്ലേ? കൺസിസ്റ്റന്റായി ഈ ഗവൺമെന്റ് ഉൽപ്പാദന മേഖലയിൽ വരുത്തിയ മാറ്റത്തിന്റെ ഭാഗമായി നാളികേര ഉൽപ്പാദനം വർദ്ധിച്ചു. 50-ാം മത്തെ പേജ് ഖണ്ഡിക 4-6 നിങ്ങൾ വായിച്ചു നോക്കണം വർദ്ധനവ് കാണാൻ കഴിയും. കുരുമുളകിന്റെ ഉൽപ്പാദനം വർദ്ധിച്ചു. ഒരു ഗവൺമെന്റ് ചെയ്യേണ്ടത് മാന്ദ്യത ബാധിച്ച് ഉൽപ്പാദന മേഖലയെ കെട്ടഴിച്ചു വിടുകയെന്നുള്ളതാണ്. നിങ്ങളുടെ 5 വർഷക്കാലത്തെ ഭരണം എല്ലാ മേഖലയും താഴോട്ടു കൊണ്ടുവന്നപ്പോൾ ഈ ഗവൺമെന്റിന്റെ പ്രവർത്തനംമൂലം അത് വർദ്ധിക്കുകയാണുണ്ടായത്. കുരുമുളക്, കശുവണ്ടി ഉൽപ്പാദനം, എല്ലാം വർദ്ധിച്ചു. റബ്ബർ ഉൽപ്പാദനം വർദ്ധിച്ചു. നിങ്ങൾ പേജ് 55 നോക്കിയാൽ മതി. അതുപോലെ ലൈവ് സ്റ്റോക്ക്, പോപ്പുലേഷൻ, മുട്ട, പാൽ, കോഴി എന്നൊക്കെ പറയുമ്പോൾ നിങ്ങൾക്ക് തമാശയാണ്. കേരളത്തിലെ കാർഷികമേഖലയിൽ കേരളത്തിലെ ജനങ്ങൾക്ക് എന്തെങ്കിലും വരുമാനം ലഭിക്കണമെങ്കിൽ ആ മേഖലയിൽ നമ്മൾ ഊന്നൽ കൊടുക്കണം. വ്യവസായങ്ങൾക്ക് വല്ല പരിമിതിയുണ്ടോ? എക്കണോമിക് സർവ്വേ വായിച്ചു നോക്കണം. പ്രതിപക്ഷനേതാവ് അത് പഠിക്കണം. പാലിന്റെയും മുട്ടയുടേയും ഉല്പാദനം വർദ്ധിച്ചില്ലേ. ഫിഷറീസ് മേഖലയിലും ടൂറിസം സെക്ടറിലും വർദ്ധനവുണ്ടായി. ഈ ഗവൺമെന്റ് 5 ബഡ്ജറ്റ് അവതരിപ്പിച്ചു. ഈ കാലഘട്ടത്തിൽ കേരളത്തിൽ വന്നിട്ടുള്ള മാറ്റമെന്നുപറയുന്നത് പ്രൊഡക്ടീവ് സെക്ടറിൽ മുന്നോട്ടുകുതിയ്ക്കുന്ന ഒരു പ്രവണതകൂടി തുടങ്ങിയിട്ടുള്ളതായി ഈ ബഡ്ജറ്റിൽ കാണാൻ കഴിയുന്നു. എൽ.ഡി.എഫിന്റെ നയത്തിന്റെ ഭാഗമായി ചില കാര്യങ്ങളിൽ ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ട്. അത് ഞങ്ങൾ തുറന്നു പറഞ്ഞിട്ടുണ്ട്. ആ അഭിപ്രായ വ്യത്യാസം എന്തിനാണെന്നോ, എൽ.ഡി.എഫി.നെ എങ്ങനെ കൂടുതൽ ശക്തിപ്പെടുത്താമെന്നുള്ള വിഷയത്തിലാണ്. അതിന്റെ അടിത്തറ എങ്ങനെ വർദ്ധിപ്പിക്കാം. യു.ഡി.എഫ് ഇങ്ങനെ നില്ക്കാൻ പോകുന്നുണ്ടോ? ഇന്ത്യൻ പൊളിറ്റിക്സിൽ ഇന്ത്യയിലെ ദേശീയ രാഷ്ട്രീയ സംഭവങ്ങളിൽ യു.ഡി.എഫ് ഇങ്ങനെ നില്ക്കാൻ പോകുന്നില്ല. നിങ്ങളുടെ കൂടെയുള്ളവർ പലരും യു.ഡി.എഫിൽ നിന്നും പുറകോട്ട് പോകാൻ പോകുകയാണ്. യു.ഡി.എഫ് ഈ രൂപത്തിൽ നിൽക്കാൻ പോകുന്നില്ല. കാരണം, ഇന്ത്യയിലെ പൊതു രാഷ്ട്രീയ സ്ഥിതി അതാണ്. ആ രാഷ്ട്രീയ സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കാതെ ഞങ്ങൾ തമ്മിൽ ചില വിഷയങ്ങളിലുണ്ടാകുന്ന അഭിപ്രായ വ്യത്യാസത്തിൽ, രണ്ടു പാർട്ടികൾ എന്നുള്ള നിലയ്ക്ക് അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. ആ അഭിപ്രായവ്യത്യാസങ്ങൾ ഞങ്ങൾ പരിഹരിക്കും, എന്തിനുവേണ്ടിയാണ് പരിഹരിക്കുന്നത്? രാജ്യത്തിന്റെ മുൻപിലുള്ള മുദ്രാവാക്യമാണ് ഇടതുപക്ഷപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്നുള്ളത്. ആ പ്രസ്ഥാനത്തെ ക്ഷീണിപ്പിക്കുവാൻ ഞങ്ങൾ അനുവദിക്കുകയില്ല. അതിനെ ക്ഷീണിപ്പിക്കുന്ന യാതൊരുതരം പ്രവർത്തനങ്ങളേയും എതിർത്തുകൊണ്ട് അതിനെ ശക്തിപ്പെടുത്താൻവേണ്ടി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ് സി.പി.ഐ. എന്നുമാത്രമാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. സി.പി.ഐ. ഒറ്റതിരിച്ച് എതിർക്കുന്നതിന് അർത്ഥമില്ല. സി.പി.ഐ. യുടെ വകുപ്പിന് പണം കുറച്ചിരിക്കുന്നുവെന്ന് പറഞ്ഞു. എവിടെയാണ് പണം കുറച്ചിരിക്കുന്നത്? കൃഷിയിൽ പണം കുറച്ചിട്ടുണ്ടോ? കൃഷിയിൽ കൂടുതൽ പണം ഇനിയും ആവശ്യമാണ്. പക്ഷേ കൃഷി സി.പി.ഐ. യുടെ വകുപ്പായതുകൊണ്ട് പണം കുറച്ചുവെന്നുള്ള നിങ്ങളുടെ പരാമർശം ദുഷ്ടലാക്കോടുകൂടിയാണ്. ശ്രീ. കുര്യച്ചൻ പറഞ്ഞത് വേറൊരു വിഷയമാണ്. കുര്യച്ചൻ പറഞ്ഞതിന്റെ ചില ഭാഗങ്ങൾ പിടിച്ചുവച്ച് നിങ്ങൾക്ക് സി.പി.ഐ.-യെ ഒറ്റപ്പെടുത്തി ആക്രമിക്കണം. എൽ.ഡി.എഫിൽ സി.പി.ഐ. യും സി.പി.എം. തമ്മിൽ ഭിന്നിപ്പുണ്ടാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത് നിങ്ങളുടെ ദിവാസ്വപ്നം മാത്രമാണ് എന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്. അത് നടക്കാൻ പോകുന്നില്ല. ഈ ഗവൺമെന്റ് കാർഷിക മേഖലയിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു. നെല്ലുല്പാദനം കൂടിയില്ലേ? ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. നെല്ലിന്റെ ഉല്പാദനം കുറയാൻ കാരണം, ആളുകൾ വയൽ നികത്താൻ തുടങ്ങിയിട്ടാണ്, അതിൽ ഞങ്ങൾ എന്ത് ചെയ്യാനാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് വയൽ നികത്തുന്നതിന്റെ ശരാശരി കുറഞ്ഞിട്ടുള്ളത്. നെൽക്കൃഷി ആദായകരമാക്കുന്നതിനുവേണ്ടി എൽ.ഡി.എഫ് ഗവൺമെന്റ് പ്രൊഡക്ടീവ് സെക്ടറിൽ നല്കിയിട്ടുള്ള ഊന്നൽ 11 വികസന ഏജൻസികളിൽ 18 കോടി രൂപയാണ്. അത് ധനകാര്യവകുപ്പാണ് കൊടുത്തത്. കൃഷി വകുപ്പിന് 18 കോടി രൂപ നെൽക്കൃഷി വികസന ഏജൻസികൾക്ക് നല്കി. നിങ്ങളുടെ കാലത്ത് നല്കിയോ? കേരളത്തിൽ 11 നെൽകൃഷി വികസന ഏജൻസികൾ കേരള ചരിത്രത്തിൽ നെൽകൃഷി മേഖലയിൽ എൽ.ഡി.എഫ്. വരുത്തിയിട്ടുള്ള പുതിയ മാറ്റമാണ്. 18 കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി നല്കി. നെൽകർഷകരെ സഹായിക്കുന്നതിന് പാഡി ബോർഡ് പ്രഖ്യാപിച്ചിരിക്കുകയാണ്. നിസ്സാരമായ കാര്യമാണോ? ഇൻസെന്റീവിന് കുറച്ചു പൈസ കൊടുക്കാനുണ്ട്. രണ്ട് ഹെക്ടറിൽ താഴെയുള്ള എല്ലാ കർഷകർക്കും ക്ഷേമനിധി. 60 വയസ് കഴിഞ്ഞതിനുശേഷം പെൻഷൻ പ്രഖ്യാപിച്ച വീരന്മാരുണ്ട്. 18 വയസ്സായവന് 60 വയസ്സാകുമ്പോൾ എത്രയാണുണ്ടാകുക, അങ്ങനെ കൃഷിക്കാരെ പറ്റിക്കാൻ ശ്രമിച്ച നിങ്ങൾ രണ്ട് ഹെക്ടറിൽ താഴെയുള്ള കൃഷിക്കാർക്ക് ക്ഷേമനിധി, എന്താണ് അർത്ഥം? അടുത്ത വർഷമല്ലേ വരാൻ പോകുന്നത്. ഇപ്പോൾ വരാൻ പോകുകയാണ്. ഈ ബഡ്ജറ്റ് കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

ഉടൻ വരാൻ പോകുകയാണ്. കൃഷിക്കാർക്ക് പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ നടപ്പിലാക്കാൻ പോകുകയാണ്. മണ്ഡരി കീടബാധ തടയുന്നതിനുവേണ്ടി 5 കോടി രൂപയല്ലേ അനുവദിച്ചുള്ളൂവെന്ന് പ്രതിപക്ഷ നേതാവിന്റെ റിയാക്ഷൻ ഞാൻ വായിച്ചു. 5 കോടി രൂപ ബഡ്ജറ്റിൽ വച്ചില്ലേ, അത് ചെറിയ കാര്യമാണോ? പോരാ, അത് വേറെ വിഷയം. സപ്ലിമെന്ററിയിലും മറ്റ് നടപടികളിലും ആവശ്യമായ പണം വരുമ്പോൾ വകയിരുത്തുന്നതിന് യാതൊരു തടസ്സവുമില്ല. കൃഷിവകുപ്പ് സി.പി.ഐ. യുടേത് ആയതുകൊണ്ട് മണ്ഡരി രോഗത്തിന് 5 കോടിയേ വച്ചുള്ളൂ. ഇത് സി.പി.ഐ. യെ പറ്റിച്ചതല്ലേയെന്ന് പ്രതിപക്ഷനേതാവിനെ പോലെയുള്ള ഉന്നതനായ ദേശീയ നേതാവ് പറഞ്ഞത് ശരിയായില്ല, 5 കോടി മതി, ഒരുലക്ഷം പോരേ ബഡ്ജറ്റിൽ. ബഡ്ജറ്റ് പ്രസംഗത്തിൽ 100 രൂപ എന്ന് പറഞ്ഞാൽ മതി. പൊതുവിതരണത്തിന് നിങ്ങൾ കൊടുത്തോ കാശ്, 36 കോടി രൂപ അധികമാണ് വകയിരുത്തിയത്. എന്നിട്ട് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. കാശിന്റെ കാര്യം വിഷമയമല്ല പൊതുവിതരണ സംപ്രദായം ശക്തിപ്പെടുത്തുന്നതിന് എൽ.ഡി.എഫി. ന്റെ നയം, സി.പി.ഐ. യുടേയും സി.പി.ഐ. ന്റേയും ദേശീയ നയമാണ്. ഈ മേഖലയോട് നിങ്ങളുടെ ഭരണകാലത്ത് സ്വീകരിച്ച നയം എന്താണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാട് എന്താണ്. ബി.ജെ.പി. നേതാവ് ശ്രീ. രാജഗോപാൽ ഇന്ന് പ്രസംഗിച്ചു. ഈ അസംബ്ലിയിൽ കോൺഗ്രസ്സിന്റെ ഒരംഗവും അതിനെക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. റേഷൻ സംപ്രദായം പഴഞ്ചനാണെന്ന് ബി.ജെ.പി യുടെ അഖിലേന്ത്യാ നേതാവ് പത്ര സമ്മേളനം നടത്തിയപ്പോൾ അതിനെക്കുറിച്ച് ഒരക്ഷരം ഉരിയാടാത്ത നിങ്ങൾക്ക് ഈ കേരളത്തെപ്പറ്റി പറയാൻ എന്താണ് അവകാശം? റേഷൻ സംപ്രദായമെന്നുള്ളത് ഭക്ഷ്യ സബ്സിഡി എന്നുള്ളത് പാവപ്പെട്ടവർക്ക് ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു കൊടുക്കുക എന്നുള്ള കോൺഗ്രസ്സിന്റെ നയത്തിൽനിന്നും നിങ്ങൾ മാറിക്കഴിഞ്ഞു. അതുകൊണ്ടാണ് നിങ്ങൾക്ക് ചൂടില്ലാത്തത്. അഞ്ച് ഹെക്ടർ വരെ കൃഷി ഭൂമിയുള്ളവരെ കാർഷികാദായനികുതിയിൽനിന്ന് ഒഴിവാക്കികൊടുത്തു. 20 ഹെക്ടർ കൃഷിഭൂമിയുള്ളവരെ കാർഷികാദായനികുതിയിൽ നിന്നും ഒഴിവാക്കിക്കൊടുത്തു. ഈ രൂപത്തിൽ എല്ലാ കർഷകരേയും കാർഷികാദായനികുതിയിൽനിന്നും ഒഴിവാക്കി. എൽ. ഡി. എഫ്. എന്നുപറയുന്ന പ്രസ്ഥാനം ഈ രാജ്യത്തിലെ ഈ സംസ്ഥാനത്തിലെ കൃഷിക്കാരന്റെയും പാവപ്പെട്ടവന്റെയും വികാരം ഉൾക്കൊള്ളുന്ന പ്രസ്ഥാനമാണ്. ആ പ്രസ്ഥാനത്തിന് ഒരു ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള സന്ദർഭം ലഭിച്ചപ്പോൾ പരമാവധി സഹായങ്ങൾ ചെയ്യാനുള്ള ഒരു പരിശ്രമം ഈ ബഡ്ജറ്റിൽ നടത്തിയിട്ടുണ്ടെന്നുള്ളതാണ് സി.പി.ഐ യുടെ അഭിപ്രായം. പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ, വിമർശനങ്ങൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാം. അതിനെ ദുർവ്യാഖ്യാനം ചെയ്യാനുള്ള നടപടികൾ ഞങ്ങൾ തള്ളിക്കളയുകയാണ്. ഒരുപാട് മേഖലയിൽ മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഗവൺമെന്റാണ്. പരമ്പരാഗതമേഖല നിങ്ങൾ ഒഴിവാക്കിയ മേഖലയായിരുന്നു. കശുവണ്ടി കോർപ്പറേഷൻ, പാവപ്പെട്ട ആളുകളുടെതാണ്. കയർ ജിയോ ടെക്സറ്റയിൽ 5 കോടി, ഹൈടെക് പാർക്കിനു 2 കോടി. പ്രാഥമിക കൈത്തറി മേഖലയിൽ സഹായം, നെയ്ത്ത് തൊഴിലാളികൾക്ക് ആവശ്യമായ സഹായങ്ങൾ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സഹായങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

ഈ മേഖലയിൽ എല്ലാം തന്നെ ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട സുഹൃത്ത് അഗസ്തി പറഞ്ഞു. കോൺഗ്രസ് സോഷ്യലിസത്തിൽ ഉറച്ചു നില്ക്കുന്നുവെന്ന്. എഴുതി വച്ചാൽ മതിയോ? കോൺഗ്രസ് മിക്സഡ് എക്കോണമി, കോൺഗ്രസ് അഭിമാനം കൊണ്ടിരിക്കുന്നു. എന്തെല്ലാം പ്രശ്നമുണ്ടായാലും നമ്മൾ പിന്തുണച്ച പ്രസ്ഥാനമാണ്. ഞങ്ങൾ ഇപ്പോഴും ഉറച്ച് നില്ക്കുന്നുണ്ട്. മിക്സഡ് എക്കോണമിയല്ല ഞങ്ങളുടെ സാമ്പത്തികനയം സോഷ്യലിസമാണ്. പക്ഷേ നിങ്ങൾ മാറിയില്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ ചോദിക്കുകയാണ്. ഇന്ത്യയിലെ കോൺഗ്രസ്സിലെ സമുന്നതനായ നേതാവാണ് അങ്ങ്. കോൺഗ്രസ്സിന്റെ ചോദ്യം ചെയ്യാത്ത ഒരു നേതാവാണ് അങ്ങ്. അങ്ങയോട് ചോദിക്കട്ടെ, മിക്സഡ് എക്കോണമിയിൽ നില്ക്കുണ്ടോ? പ്രൈവറ്റൈസേഷന്റെ കൂടെ നില്ക്കുകയല്ലേ? ഇന്ദിരാഗാന്ധി ബാങ്ക് നാഷണലൈസ് ചെയ്തു. ഞങ്ങൾ സപ്പോർട്ടു ചെയ്തു. അന്ന് ഒരുപാട് വിമർശനങ്ങൾ ഉണ്ടായി. നിശ്ചയദാർഢ്യത്തോടുകൂടി സപ്പോർട്ട് ചെയ്തു. നിങ്ങൾ ആ നയത്തിൽ നിന്നും പിറകോട്ടു പോയില്ലേ? പിറകോട്ടുപോയി. മൾട്ടി നാഷണൽ കമ്പനികൾക്കെതിരെ ഷെയർ വിൽപന നടത്താൻ തീരുമാനിച്ചപ്പോൾ കൈ പൊക്കുന്നു. ഇൻഷ്വറൻസ് സെക്ടർ ഇന്ത്യയിലെ ലാഭകരമായ പൊതുമേഖല. ആ പൊതുമേഖലയെ ഷെയർ വിൽപ്പന നടത്താൻ രാജ്യസഭയിൽ കോൺഗ്രസിന്റെ മൾട്ടി നാഷണൽ കമ്പനികൾക്ക് വോട്ടില്ലെങ്കിൽ ആ നിയമം പാസാകുകയില്ലായിരുന്നു. നിങ്ങൾ പാസ്സാക്കിയെടുത്തില്ലേ? എന്നിട്ടും നിങ്ങൾ പറയുകയാണ് സോഷ്യലിസത്തിനുവേണ്ടിയാണ് ഞങ്ങൾ നിലകൊള്ളുന്നത് എന്ന്. എന്തു സോഷ്യലിസം? അതുകൊണ്ട് കോൺഗ്രസിനോട് ഞങ്ങൾക്ക് ഒരു അഭ്യർത്ഥനയുള്ളത്. പ്രതിപക്ഷ നേതാവിന്റെ ഈ സഭയിലെ പ്രസംഗം ഞങ്ങൾ വളരെ താൽപ്പര്യത്തോടുകൂടി നോക്കിക്കാണുന്നുണ്ട്. അത് കോൺഗ്രസിന്റെ ദേശീയ നയമായി വരുമോ? നിങ്ങൾ അവിടേയും ഇവിടേയും പ്രസംഗിച്ചിട്ടു കാര്യമില്ല. കോൺഗ്രസ്സിന്റെ ദേശീയനയമായ ഗ്ലോബലൈസേഷനെതിരായി, പ്രൈവറ്റൈസേഷന് എതിരായി സാമ്രാജ്യത്വത്തിന്റെ ഭീഷണിക്ക് എതിരായി നിശ്ചയദാർഢ്യത്തോടുകൂടിയുള്ള നിലപാട് നിങ്ങൾ സ്വീകരിക്കുമോ? നിങ്ങൾക്ക് സ്വീകരിക്കാൻ കഴിയില്ല. സ്വീകരിക്കാൻ കഴിയുമായിരുന്നുവെങ്കിൽ നല്ല കാര്യമാണ്. അതുകൊണ്ട് ഞാൻ ദീർഘിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. ഒരു കാര്യം കൂടി വ്യക്തമാക്കുകയാണ്. ഇന്ത്യാ രാജ്യത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനം എന്നുള്ള രാഷ്ട്രീയ മുദ്രാവാക്യം ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി ഏറെ ത്യാഗം സഹിച്ചിട്ടുള്ള പാർട്ടിയാണ് സി.പി.ഐ. ആ മുദ്രാവാക്യം വളരെ ശക്തമായി മുന്നോട്ടു കൊണ്ടുപോകും എന്നുമാത്രമല്ല അതിന്റെ കുറവുകൾ, പോരായ്മകൾ, കുറ്റങ്ങൾ അത് പരിഹരിക്കും. കൂടുതൽ ജനവിഭാഗങ്ങളെ ഈ മുന്നണിയുടെ ഭാഗമായി അണിനിരത്തികൊണ്ട് രാജ്യത്തെ പൊതു പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കും അതുമാത്രമാണ് പരിഹാരം. അതിനെ നിങ്ങൾ ചെറുതാക്കിക്കാണിക്കാൻ ശ്രമിക്കണ്ട എന്നുമാത്രം പറഞ്ഞുകൊണ്ട്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എസ്. ശശി : സർ, ഈ ബഡ്ജറ്റിൽ മാള, ചാലക്കുടി മണ്ഡലങ്ങളുമായി ബന്ധപ്പെടുത്തുന്ന പാലം വളരെയേറെ പ്രധാനപ്പെട്ടതാണെന്നും അതിനാവശ്യമായ സംഖ്യ വച്ചിട്ടില്ല എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സത്യൻ മൊകേരി : സർ, അങ്ങനെ ചില ഒമിഷനൊക്കെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ടി. ശിവദാസമേനോന്റെ മണ്ഡലത്തിലുള്ള വർക്കുകൾ തന്നെ ഒമിഷൻ വന്നിട്ടുണ്ട്. ഞങ്ങളുടെ പല വർക്കുകളും ഒമിഷൻ വന്നിട്ടുണ്ട്. ആ ഒമിഷൻ വന്ന വർക്കുകൾ ബഹുമാനപ്പെട്ട മന്ത്രി പഠിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രാവർത്തികമാക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. നാലകത്തു സൂപ്പി : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട സത്യൻ മൊകേരി വളരെ ശക്തമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ന്യായീകരിക്കുകയും ഞങ്ങളിൽ അഭിപ്രായവ്യത്യാസമില്ല എന്ന് ഉറപ്പിച്ചു പറയുകയും ചെയ്തു. അവസാനം ഏതായാലും ബഹുമാനപ്പെട്ട ശശി ഒരു കാര്യം തുറന്നു പറഞ്ഞത് നന്നായി എന്ന അഭിപ്രായക്കാരനാണ് ഞാൻ. ഈ ബഡ്ജറ്റ് തികച്ചും പൊള്ളയായ വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്ന ബഡ്ജറ്റാണ്. അതുമാത്രമല്ല, കേരള ചരിത്രത്തിൽ മുൻപ് അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും രാജ്യം ഭരിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിൽ നിന്നുമൊക്കെ വ്യത്യസ്ഥമായി വികസനപ്രവർത്തനങ്ങൾക്ക് വിഭാഗീയത കൽപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. ഞാൻ ഇതു പറയാൻ കാരണം ബഡ്ജറ്റ് ഡോക്കുമെന്റ് വോളിയം 1, 2 പൊതുമരാമത്ത് വർക്കുകൾ ഏറ്റവും കൂടുതൽ ഉൾപ്പെടുത്തിയിട്ടുള്ളത് അപ്പുറത്തെ ഭരണകക്ഷിയിലെ ധനകാര്യ മന്ത്രിയുടെ പാർട്ടികൾക്കു മാത്രമാണ്. ഭരണ കക്ഷിയിലെ മറ്റാളുകളേയും അവഗണിച്ചു എന്നുള്ള യാഥാർത്ഥ്യം ഞാനിവിടെ ഓർമ്മിപ്പിക്കുകയാണ്. സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തിക യാഥാർത്ഥ്യങ്ങളെ മൂടിവച്ചുകൊണ്ടുള്ളതാണ് ബഹുമാനപ്പെട്ട ശിവദാസമേനോന്റെ ബഡ്ജറ്റ്. അയഥാർത്ഥമായ കണക്കുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അത് ഏറ്റവും ശക്തമായ രീതിയിൽ അപ്പുറത്തുനിന്നും പ്രൊഫ. എ.വി. താമരാക്ഷൻ തന്നെ ആ കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. തെറ്റായ കണക്കുകൾ പ്ലാനിംഗ് കമ്മീഷനിലെ ഉദ്യോഗസ്ഥന്മാരും സെക്രട്ടേറിയേറ്റിലെ ചില ഉദ്യോഗസ്ഥന്മാരും ക്രോഡീകരിച്ച് ഉണ്ടാക്കി എക്കണോമിക് റിവ്യൂവിൽ ഉൾപ്പെടുത്തി, മറ്റ് രീതിയിൽ രേഖയായി അവതരിപ്പിച്ച് കേരളത്തിലെ സമ്പദ്ഘടനയിലും കാർഷിക വ്യാവസായിക മേഖലയിലെ വളർച്ചയിലും വർദ്ധനവുണ്ടായി എന്ന് വരുത്തിത്തീർക്കാനുള്ള ഒരു ശ്രമം ഈ ബഡ്ജറ്റിൽ കാണുകയാണ്. അത് വലിയ അപകടം ചെയ്യും എന്നുമാത്രമാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. വിഭവസമാഹരണവും വിഭവ വിനിമയത്തിന്റേയും ചാനൽ എന്താണെന്ന് നമുക്കറിയാം. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. അത് വിശദീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പക്ഷെ കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജറ്റിൽ അവർക്ക് അനുകൂലമായ നിർദ്ദേശങ്ങൾ ഒന്നുമില്ല. ബഹുമാനപ്പെട്ട സത്യൻ മൊകേരി

പറഞ്ഞ ഒരു കാര്യം, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എങ്കിലും കർഷകത്തൊഴിലാളികളെ സർക്കാർ വഞ്ചിച്ചു എന്ന് സി.പി.ഐ യൂണിയൻ ആണ് പറഞ്ഞത്. ഞാനല്ല, ഞങ്ങളല്ല. എന്നിട്ടാണ് ബഹുമാനപ്പെട്ട സത്യൻ മൊകേരി ന്യായീകരിച്ചത്. കുഴപ്പമില്ല. കഴിഞ്ഞ കൊല്ലം നീക്കിവച്ച 10 കോടി രൂപ പോലും കൊടുക്കാൻ സാധിച്ചിട്ടില്ല എന്നാണ് പറഞ്ഞത്. കുടിശ്ശിക കൊടുത്തു തീർക്കാൻ 60 കോടി രൂപ വേണമെന്നു പറയുന്നു. ഈ സംസ്ഥാനത്ത് നികുതി വെട്ടിപ്പ് ഏറ്റവുമധികം ഇന്ന് കൊടികുത്തി വാഴുകയാണ്. സെയിൽസ്ടാക്സ് ഇനത്തിലെ പിരിവിൽ ചെക്ക്പോസ്റ്റുകൾ അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുന്നുവെന്ന് ഞങ്ങളല്ല പറഞ്ഞത്. അപ്പുറത്തുള്ള പലയാളുകളും പറഞ്ഞു. പത്രങ്ങളിൽ വാർത്തവന്നു. അതിനെ സംബന്ധിച്ച് ശക്തമായ അന്വേഷണം നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. സാമ്പത്തിക വളർച്ച യഥാർത്ഥത്തിൽ 1951 കോടി രൂപ റവന്യൂ കമ്മിയുണ്ടായി. അത് പുറമെ നിന്നും കടമെടുത്ത്, മറ്റ് പൊതു ഫണ്ടിൽ നിന്നും കടമെടുത്ത് കമ്മി കുറച്ചുകാണിച്ചു. ഏതാണ്ട് 194 കോടിയാണ് കണക്കാക്കിയിട്ടുള്ളത്. ഈ കഴിഞ്ഞ കൊല്ലത്തെ അനുഭവം വച്ചു നോക്കുമ്പോൾ അത് ഏതാണ്ട് 3000 കോടിയാകാനാണ് സാധ്യത എന്നാണ് മനസ്സിലാക്കേണ്ടത്. 1998-99 വർഷത്തെ റവന്യൂ കമ്മി 945 കോടിയായിരിക്കും എന്നുപറഞ്ഞു. അത് 1604 കോടിയായി വർദ്ധിക്കുകയാണുണ്ടായത്. അതുപോലെതന്നെ ഈ മാർച്ച് മാസം അവസാനിക്കുന്നത് 1751 കോടി രൂപ കമ്മിയോടെയായിരിക്കും എന്നുപറഞ്ഞത് 2451 കോടി രൂപയായി. അങ്ങനെ തെറ്റായ സാമ്പത്തിക മാനേജുമെന്റിന്റെ ഫലമായിട്ടാണ് ഈ ക്രമാതീതമായ വർദ്ധനവ് ഇവിടെ ഉണ്ടായത് എന്ന കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. വെറും 108 കോടി രൂപയാണ് അധിക വിഭവ സമാഹരണമായി ബഡ്ജറ്റിലുള്ളത്. കഴിഞ്ഞ വർഷം 396 കോടി രൂപ പ്രതീക്ഷിച്ചിരുന്നത് കിട്ടാതെ പോയി എന്ന അനുഭവം നമ്മുടെ മുൻപിലുണ്ട്. ആ നിലയ്ക്ക് വരുമാനത്തിന്റെ റവന്യൂ കമ്മി 16.41 വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്. അത് നടക്കുമോ എന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ പറയും എന്ന് വിശ്വസിക്കുകയാണ്. നികുതി ഏകീകരണം മുഖേന 263 കോടി രൂപ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. അതും ഇന്നത്തെ സാഹചര്യം വച്ചുകൊണ്ട് നേടിയെടുക്കാൻ സാധ്യമല്ല എന്നാണ് മനസ്സിലാക്കേണ്ടത്. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്ന ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. നിലവിലുള്ള 18000 കോടി രൂപയുടെ കടബാധ്യത ഈ സർക്കാർ വരുത്തിവച്ചിരിക്കുകയാണ്. പലിശയിനത്തിൽ മാത്രം 1642 കോടി രൂപ തിരിച്ചു നൽകേണ്ട ഗതികേടുണ്ട്. അതായത് വാർഷിക കടമെടുപ്പിന്റെ ഇരട്ടിയോളം സംഖ്യ ആ രീതിയിൽ വരുന്നുണ്ട്. കമ്പനികളിലും ബാങ്കുകളിലും വ്യവസായ സ്ഥാപനങ്ങളിലും നിന്ന് 593 കോടി രൂപ കടമെടുത്തിട്ടുണ്ട്. അതിനു പുറമെ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ നിധിയിൽ നിന്നും കടമെടുത്ത് 570 കോടി രൂപയും വകമാറി ചെലവഴിച്ചു. നിത്യനിദാന ചെലവുകൾക്ക് എടുത്തു. പൊതുമേഖലാ സ്ഥാപനങ്ങൾ ട്രഷറിയിൽ നിക്ഷേപിച്ചിരുന്ന 173 കോടി രൂപയും ഗവൺമെന്റ് എടുത്തു. ഈ കടമെല്ലാം ബഡ്ജറ്റിൽ എന്താണ് നിർദ്ദേശം എന്നുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. കേരളത്തിൽ രൂക്ഷമായ തൊഴിലില്ലായ്മയാണുള്ളത്. ഇവിടെ പറഞ്ഞ കണക്കുകൾ തെറ്റാണ്, ഈ മാർച്ചിലെ കണക്കുകൂടി എടുത്താൻ 30 ലക്ഷം അല്ല, അതിനേക്കാൾ കൂടുതൽ തൊഴിലില്ലാത്തവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ ഉണ്ടാകും എന്നാണ് കണക്കാക്കപ്പെടുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായിരുന്നതിനേക്കാൾ ക്രമാതീതമായ വർദ്ധനവ് ഇപ്പോൾ ഉണ്ടായിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ 16 ശതമാനം കുറവുവന്നു. പൊതുമേഖലയിൽ ഉള്ളത് 17 ശതമാനം കുറവു വന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 18 ശതമാനം കുറവുവന്നു. ഇതാണ് മൊത്തത്തിലുള്ള സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. ഏതായാലും 1999 ഡിസംബറിലെ കണക്കുകൾ പരിശോധിക്കണം. 39 ലക്ഷത്തോളം അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർ എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടാകും എന്നാണ് കണക്ക്. പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ന് തകർച്ചയുടെ വക്കിലാണ്. ഇവിടെ റ്റി.റ്റി.പി. അതുപോലെ കെ.എം.എം.എൽ. ഇവ ഏറെക്കുറെ ലാഭത്തിൽ ഓടുന്നു. അവിടെ പുതിയ നവീകരണപദ്ധതികൾ ഉണ്ട് എന്നതിന്റെ പേരിൽ ഉള്ള ലാഭവും അവസാനിപ്പിക്കാനുള്ള നീക്കങ്ങളാണ് ഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്നത് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിവരസാങ്കേതിക വിദ്യ, ഇൻഫർമേഷൻ ടെക്നോളജി രംഗത്തിന് 16 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. ലോകവും നമ്മുടെ രാജ്യവുമൊക്കെ ആ രീതിയിലാണ് മുന്നോട്ടുപോകുന്നത്. എന്തുകൊണ്ട് ശ്രദ്ധിക്കാതെപോയി. വലിയ പ്രസ്താവന ഇറക്കിയതുകൊണ്ട് കാര്യമില്ല. പലരും സൂചിപ്പിച്ചതുപോലെ 100 കോടി രൂപയെങ്കിലും വകയിരുത്തണം. റേഷൻ സബ്സിഡിയെക്കുറിച്ചൊന്നും ശ്രീ. സത്യൻ മൊകേരി പറഞ്ഞില്ല. കേന്ദ്രത്തിന്റെ കണക്ക് ഇവിടെ ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ള 42 ശതമാനം ആളുകളുണ്ടെന്നാണ്. നമ്മുടെ കണക്കനുസരിച്ച് 22 ശതമാനം അവർക്ക് റേഷൻ കൊടുക്കുന്നില്ല. കേന്ദ്ര നയങ്ങളുടെ ഭാഗമായി 72 കോടിരൂപയുടെ അധിക കടബാധ്യത നമുക്ക് ഏറ്റെടുക്കേണ്ടിവന്നിരിക്കുന്നു. റേഷൻ സംവിധാനം തകർന്നിരിക്കുന്നു. കൊടുക്കേണ്ട സബ്സിഡി കൊടുക്കാൻ 200 കോടിരൂപ വേണം. നീക്കിവച്ചത് 39 കോടിരൂപയാണ്. അതിനെപ്പറ്റി സത്യൻ മൊകേരി ഒന്നും പറഞ്ഞില്ല. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഈ കാര്യം ശ്രദ്ധിച്ചിട്ടുണ്ടാകും. മാവേലി സ്റ്റോറുകൾക്ക് 100 കോടിരൂപ കൊടുക്കണം. കഴിഞ്ഞപ്രാവശ്യം 60 കോടി രൂപ കൊടുത്തു. ഇപ്രാവശ്യം 50 കോടിരൂപ മാത്രമാണ് നീക്കിവച്ചത്. അതുപോലെ കേന്ദ്രത്തിന്റെ നയംമൂലം പൊതുവിതരണ രംഗത്തുണ്ടായ പോരായ്മകൾ നീക്കുന്നതിനുവേണ്ടി മാവേലി സ്റ്റോറുകൾക്ക് ഇരട്ടിയോളം തുക വർദ്ധിപ്പിക്കണം. ബഹുമാനപ്പെട്ട സത്യൻ മൊകേരി ഒരുകാര്യം പറഞ്ഞു. അത് ദിവാസ്വപ്നങ്ങളെക്കുറിച്ചാണ്. അവിടെയും ദിവാസ്വപ്നം വേണ്ട. ഇവിടെയും ദിവാസ്വപ്നം വേണ്ട. ഞങ്ങൾക്കും ദിവാസ്വപ്നമില്ല. നിങ്ങൾക്കും ദിവാസ്വപ്നം വേണ്ട. അതുമാത്രമേ അതിനെക്കുറിച്ച് ചുരുക്കി പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിക്കുകയല്ല. ദിവാസ്വപ്നം വേണ്ട. അവിടെയുണ്ടെങ്കിൽ ഇവിടെയുമുണ്ട്. അവിടെയില്ലെങ്കിൽ ഇവിടെയുമില്ല. സത്യവുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് ശ്രീ. സത്യൻ പറയുന്നത്.

ശ്രീ. സത്യൻ മൊകേരി: ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് അങ്ങ് വായിച്ചില്ല.

ശ്രീ. നാലകത്തു സൂപ്പി: സി.പി.ഐ. യുടെ വേറെയും ഒരു പ്രസ്താവന, ശ്രീ. സി. കെ. ചന്ദ്രപ്പന്റെ പ്രസ്താവനയുണ്ടായിരുന്നു. അതുപോലെ നിങ്ങളുടെ സംസ്ഥാന സെക്രട്ടറിയുടെ പ്രസ്താവനയുണ്ടായിരുന്നു. അതിന്റെ വരികൾക്കിടയിൽ വേറെയും ചിലതുണ്ട്. അതും വായിക്കണം. ദിവാസ്വപ്നം അവിടെയും വച്ചു പുലർത്തണ്ട. ഇവിടെയും വച്ചു പുലർത്തണ്ട. പുലർത്തുകയാണെങ്കിൽ ഇവിടെയും പുലർത്തും. അവിടെയും പുലർത്തും. ശക്തമായി സി.പി.ഐ. അതിന്റെ കമ്മിറ്റികൂടി. ഇന്ന് നിയമസഭയിൽ ഈ രീതിയിലേ പ്രസംഗിക്കാവൂ എന്ന നിർദ്ദേശമുണ്ട്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സത്യൻ മൊകേരി ആ രീതിയിൽ പറഞ്ഞതെന്ന് മനസ്സിലാക്കുന്നു. പുറത്തിറങ്ങിയാൽ മറ്റൊരു രീതിയിലാണ് പറയുകയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മഹാകവി വെണ്ണിക്കുളത്തിന്റെ ഒരു വാചകമുണ്ട്. 'മെയ്യനങ്ങാതെ കൗശലമുന്നിനാൽ കൈയടക്കിയതൊക്കെ ത്യജിക്കുവിൻ' ഈ രീതിയിൽ ഇന്നല്ലെങ്കിൽ നാളെ നിങ്ങളുടെ മുഖത്തുനോക്കി മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാരുടെ മുഖത്തുനോക്കി ഡി.വൈ.എഫ്.ഐ. ക്കാർ ചോദിച്ചുകൂടായ്കയില്ല എന്നാണ് എന്റെ അഭിപ്രായം. കാരണം അതിന്റെ സൂചന വിജയചന്ദ്രൻ ഏഷ്യാനെറ്റിൽകൂടി പറഞ്ഞു. ഇ.എം.എസ്. വിചാരവേദിയുടെ അനുസ്മരണസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി Channel Party of India (Marxist) എന്നാണ്. അതുപോലെതന്നെ തൊഴിലാളി വർഗ്ഗങ്ങളെ മുഴുവൻ അടിച്ചമർത്തുന്നു എന്നുള്ള അതിശക്തകമായ വേദനകൊണ്ട് അദ്ദേഹം പറഞ്ഞതാണ് അത്. ഇ.എം.എസ്. വിചാരവേദിയുടെ അദ്ധ്യക്ഷനാണ് അദ്ദേഹം. അദ്ദേഹമാണ് അതു പറഞ്ഞത്. ഒരു ചൊല്ലുണ്ട്. 'കമ്മ്യൂണിസം ചില തിരുത്തലുകൾ' എന്ന പേരിൽ എം.ആർ. ചന്ദ്രശേഖരന്റെ ഒരു വാചകംകൂടി വായിച്ച് ഞാൻ അവസാനിപ്പിക്കാം. അതിൽ പറഞ്ഞിരിക്കുന്നത് പാർട്ടി ലക്ഷ്യത്തിൽനിന്ന് എത്രയോ അകലെയാണ് ഇന്നും നീങ്ങിക്കൊണ്ടിരിക്കുന്നത്. നയനിർണ്ണയത്തിനും അതിന്റെ പേരിലുള്ള ഹിംസയ്ക്കും സമയം കളയുന്നവർ പലപ്പോഴും ലക്ഷ്യംതന്നെ മറന്നുകളയുകയാണ് ചെയ്യുന്നത്. 'കമ്മ്യൂണിസ്റ്റ് പാർട്ടി ഒരടി മുന്നോട്ട്, രണ്ടടി പിന്നോട്ട്' എന്നെഴുതിയ ലെനിൽ ദീർഘദൃഷ്ടിയാണെന്ന് തെളിയിക്കുക മാത്രമാണ് കേരളത്തിൽ ഇക്കാലമത്രയും ചെയ്തിട്ടുള്ളതെന്നുള്ള എം.ആർ. വിജയചന്ദ്രന്റെ വാക്ക് ഓർക്കുമ്പോൾ എനിക്ക് ഒരു സംഭവം ഓർമ്മവരികയാണ്. ഡി.പി.ഇ.പി. ക്ലാസുകളിൽ കുട്ടികൾക്ക് മാഷുമാർ ഒരുചോദ്യം കൊടുക്കുന്നുണ്ട്. കിണറ്റിലുള്ള തവള. ആ തവള ഒരു ചാട്ടത്തിൽ മൂന്നു പടവുകൾ കയറും. പിന്നെ രണ്ടാമത്തെ ചാട്ടത്തിൽ രണ്ടു പടവുകൾ കീഴ്പോട്ടു വരും. അങ്ങനെ 30 പടവുകളുള്ള കിണറ്റിൽ നിന്ന് ആ തവളയ്ക്ക് പുറത്തുവരണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്ര ചാട്ടം ചാടണമെന്നാണ്. അതിന്റെ കണക്ക്.... ബഹുമാനപ്പെട്ട ശിവദാസമേനോനേ കണക്കറിയൂ. അങ്ങനെ ഓരോ ചാട്ടം ചാടുമ്പോൾ പടവുകയറുമെന്ന് വിചാരിച്ചു ചാടുമ്പോൾ രണ്ടു ചാട്ടം പിന്നിലേയ്ക്കാണ് വരുന്നത്. അപ്പോൾ എത്ര ചാട്ടംചാടിയാണ് തവള പടവു കയറുന്നതെന്നാണ് ചോദ്യം. ആ രീതിയിലാണ് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നിലപാട്. ഓരോ ചാട്ടം ചാടുമ്പോഴും നിങ്ങളുദ്ദേശിക്കുന്നുണ്ടാകും മൂന്നോ നാലോ പടവുകളെത്തണമെന്ന്. പക്ഷെ നിങ്ങൾക്ക് അതിന് സാധിക്കുന്നില്ല. രണ്ടെണ്ണം പുറകോട്ടാണ് പോകുന്നത്. അങ്ങനെ എത്രകാലം നിങ്ങൾ ചാടിച്ചാടി ഈ രാജ്യത്തു നടക്കുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ദാസൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ സന്തോഷപൂർവ്വം അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ വളരെയേറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും കേരളത്തിന്റെ പുരോഗതിയെ ലക്ഷ്യമാക്കിയും സമൂഹത്തിലെ പാവപ്പെട്ടവർക്കും ദുർബല ജനവിഭാഗങ്ങൾക്കും ആശ്വാസം നൽകുന്നതിനുവേണ്ടി അവർക്ക് സാമൂഹ്യസുരക്ഷിതത്വം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ ഇവിടെ അവതരപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി പ്രതിപക്ഷത്തുനിന്നും സംസാരിച്ച പല മാന്യ മെമ്പർമാരും പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം കേരളത്തിൽ റവന്യൂ കമ്മി വർദ്ധിക്കുന്നുവെന്നാണ്. റവന്യൂ കമ്മി വർദ്ധനവ് ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിലെ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റല്ല ഉള്ളതെന്നാണ് എന്റെ മാന്യസുഹൃത്തുക്കൾ സൂചിപ്പിച്ചത്. കേരളത്തിൽ റവന്യൂ കമ്മി വർദ്ധിച്ചിട്ടുണ്ട്. എന്നത് ശരിയാണ്. 1996-97 സാമ്പത്തിക വർഷത്തിൽ 643 കോടി രൂപയായിരുന്നു സംസ്ഥാനത്തിന്റെ റവന്യൂ കമ്മി. 1998-99 ൽ അത് 2,027 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എന്താണ് കാരണം. സി.എ.ജി.യുടെ അക്കൗണ്ടിംഗ് രീതിയാണ്. ഇത്രയും വലിയ റവന്യൂ കമ്മി കാണാനിടയായിട്ടുള്ളത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞ മൂന്നുവർഷംകൊണ്ട് സർക്കാർ കൈമാറിയ 2,931 കോടി രൂപയുടെ ഗ്രാന്റും റവന്യൂ ചെലവായിട്ടാണ് കണക്കാക്കുന്നത്. ഇങ്ങനെ കൈമാറിയ പദ്ധതി വിഹിതത്തിന്റെ 70 ശതമാനവും മൂലധനചെലവിലേയ്ക്കാണ് ഉപയോഗിക്കുന്നത്. ഈ തുക മുഴുവനും റവന്യൂ ചെലവായിട്ടാണ് വകയിരുത്തിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ 2,931 കോടിരൂപയുടെ 70 ശതമാനം 2,051.7 കോടിരൂപ മൂലധനചെലവായി കണക്കാക്കിയാൽ നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി വൻതോതിൽ കുറയും. ഇതാണ് യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ടുള്ള പ്രസ്താവങ്ങളാണ് മറുപക്ഷത്തുനിന്ന് ഇവിടെ നടത്തിയിട്ടുള്ളത്. 11-ാം ധനകാര്യ കമ്മീഷൻപോലും ഈ കാര്യം അംഗീകരിച്ചിട്ടുള്ളതാണ്. മറ്റൊരു കാര്യം കേരളത്തിന്റെ കമ്മി വർദ്ധിക്കുന്നുവെന്നതാണ്. ധനമേഖലയിലെ കെടുകാര്യസ്ഥതയാണ് ഇങ്ങനെ ഒരു അവസ്ഥ ഉണ്ടായതിനു കാരണമെന്നാണ് ഇവിടെ ചില സുഹൃത്തുക്കൾ സൂചിപ്പിച്ചിട്ടുള്ളത്. ഒരുകാര്യം അവർ

LIBRARY ARCHIVES Kerala Legislative Assembly

മറച്ചുവയ്ക്കുകയാണ്. 1999-2000-ത്തിൽ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കൽ 3,250 കോടിരൂപയായിട്ടാണ് നിശ്ചയിച്ചത്. ഇതിൽ കേന്ദ്ര വിഹിതം 2117 കേടി രൂപയായിരുന്നു. ആസൂത്രണ കമ്മീഷന്റെ ഉപാധ്യക്ഷനും സംസ്ഥാന മുഖ്യമന്ത്രിയും 12-4-1999-ൽ നടന്ന കൂടിക്കാഴ്ച്ചയിൽ അംഗീകരിച്ചതാണ്. പിന്നീട് കേന്ദ്രം 531 കോടി രൂപ വെട്ടിക്കുറച്ചു. ഇതു സംബന്ധിച്ച് പ്രതിപക്ഷത്തുനിന്ന് സംസാരിച്ച സുഹൃത്തുക്കൾ ഒന്നും പറഞ്ഞില്ല. ഇന്നലെ സംസാരിച്ച പ്രതിപക്ഷ മെമ്പർമാർ പറഞ്ഞത് കേരളത്തിലെ കടത്തെ സംബന്ധിച്ച് ഒരു ധവളപത്രമിറക്കണമെന്നാണ്. കേരളത്തിന്റെ സാമ്പത്തികസ്ഥിതി പരിശോധിച്ചുനോക്കിയാൽ കാണാൻ കഴിയുന്നത് ഇവിടെ യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് കേരളത്തിലെ കടം വർദ്ധിച്ചിട്ടുള്ളതെന്നാണ്. 1991-ൽ യു.ഡി.എഫ്. കേരളത്തിൽ അധികാരത്തിൽ വരുമ്പോൾ 4717 കോടി രൂപയായിരുന്നു. കേരളത്തിലെ കടം. 1996-ൽ യു.ഡി.എഫ് പോകുമ്പോൾ 10,114 കോടി രൂപയായി വർദ്ധച്ചു. 5 വർഷംകൊണ്ട് 115 ശതമാനത്തിന്റെ വർദ്ധനവ് 1999-ൽ 15,700 കോടി രൂപയാണ് സംസ്ഥാനത്തിന്റെ കടം. നാലുവർഷം കൊണ്ടാണ് 15,700 കോടിരൂപയായി വർദ്ധിച്ചത്. യു.ഡി.എഫ് ഭരിക്കുന്ന കാലത്ത് 111 ശതമാനമാണ് കടത്തിന്റെ വർദ്ധനവ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം 74 ശതമാനമായി അത് കുറഞ്ഞു. അഖിലേന്ത്യാടിസ്ഥാനത്തിൽ പരിശോധിച്ചുനോക്കിയാൽ 1991-96 കാലഘട്ടത്തിലെ അഖിലേന്ത്യാ ശരാശരി 101.1 ശതമാനമായിരുന്നു. നിങ്ങൾ ഭരിക്കുമ്പോൾ 115 ശതമാനമായി. എൽ.ഡി.എഫ്. ന്റെ കാലത്ത് ആൾ ഇന്ത്യാ ശരാശരി 93 ശതമാനമാണ്. എന്നാൽ കേരളത്തിൽ 74 ശതമാനം മാത്രമേയുള്ളൂ. ഏതാണ്ട് മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ്, യു.ഡി.എഫ്. ന്റെ ഭരണ കാലത്താണോ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്താണോ വസ്തുനിഷ്ഠമായ രൂപത്തിൽ സംസാരിക്കാൻ നിങ്ങൾ തയ്യാറാകണം. യു.ഡി.എഫ്-ന്റെ 5 വർഷത്തെ കടം വർദ്ധനവ് 5,397 കോടി രൂപ. പദ്ധതി ചെലവ് 5,530 കോടി രൂപ. 4 വർഷം കൊണ്ട് എൽ.ഡി.എഫ് -ന്റെ കടം 7,454 കോടി രൂപ. ഇവിടെ ശരിയായ രീതിയിലുള്ള ധനകാര്യ മാനേജ്മെന്റിന്റെ ഫലമായിട്ടാണ് കേരളത്തിലെ കടത്തിൽ അഖിലേന്ത്യാ ശരാശരിയിലുള്ള വർദ്ധനവില്ലാതെ നമുക്ക് പിടിച്ചുനിൽക്കാൻ സാധിച്ചിട്ടുള്ളത്. യു.ഡി.എഫ്. ന്റെ ഭരണകാലത്ത് 1993-96-ൽ വരുമാനം വർദ്ധിച്ചിട്ടുണ്ട്. പക്ഷെ ചെലവ് കുറവാണ്. പദ്ധതിയും കുറവായിരുന്നു. എന്നിട്ടും കടം വർദ്ധിച്ചു. ഇതാണ് ഒരു യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ടുള്ള നിലപാട് പ്രതിപക്ഷത്തുനിന്ന് സംസാരിച്ച പല സുഹൃത്തുക്കളും ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്. വളരെയേറെ പരിമിതിക്കുള്ളിൽനിന്നുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുവേണ്ടി ധനകാര്യവകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് നയത്തെക്കുറിച്ച് ഭരണപക്ഷത്തെ മെമ്പർമാർ സൂചിപ്പിച്ചു. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളിൽ

3 P.M.] ഉറച്ചുനിന്നാൽ തന്നെയും ദരിദ്ര ജനവിഭാഗങ്ങൾക്ക് ക്ഷേമ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ നമുക്ക് പ്രതിബദ്ധതയുണ്ടെന്ന് ധനകാര്യവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ബുഡ്ജറ്റ് പ്രസംഗത്തിൽ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുക എന്നത് സർക്കാരിന്റെ പ്രഥമ കടമയെന്ന് മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയം അതാണ്. ഭക്ഷ്യ ധാന്യ രംഗത്തുള്ള റേഷൻ സബ്സിഡി നിലനിർത്തണം എന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയമാണ്. ആ നയമാണ് ധനകാര്യമന്ത്രി വ്യക്തമായ രൂപത്തിൽ പറഞ്ഞിട്ടുള്ളത്. 2000-2001-ൽ പൊതുവിതരണ ശൃംഖലയിലൂടെ ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവർക്ക് നല്കിവരുന്ന അരി 10 കിലോഗ്രാം എന്നത് 20 കിലോഗ്രാമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പക്ഷെ വില 68 ശതമാനം വർദ്ധിപ്പിച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് എന്താണ് പ്രതിപക്ഷം ഒന്നും പറയാതിരിക്കുന്നതെന്ന് എനിക്ക് അറിയില്ല. ഇന്നലെ കേന്ദ്ര മന്ത്രി ശ്രീ. ഒ. രാജഗോപാൽ തിരുവനന്തപുരത്ത് ഒരു പത്രസമ്മേളനത്തിൽ റേഷൻ സാധാരണക്കാർക്ക് മാത്രമായി നല്കണമെന്നുപറഞ്ഞു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി നൽകുന്ന കാര്യത്തെ സംബന്ധിച്ച് അദ്ദേഹം ന്യായീകരിക്കുകയാണ്. ഈ ന്യായത്തോട് കോൺഗ്രസ്സിന്റെ നിലപാട് എന്താണ്? പ്രതിപക്ഷ നേതാവിന്റെ നിലപാട് എന്താണ്? അതു അറിയുവാൻ കേരളത്തിലെ മൂന്നുകോടി ജനങ്ങൾക്ക് കൗതുകമുണ്ട്. ഇവിടെ റേഷൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്ന് ഈ രാജ്യത്ത് ആദ്യമായി ജനങ്ങളുടെ മുൻപാകെ കൊണ്ടുവന്നത് കോൺഗ്രസ്സാണ്. അതു മറച്ചുവച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനുള്ള സമീപനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിനു എന്തെല്ലാം പരിമിതികൾ ഉണ്ടെങ്കിലും പൊതുവിതരണ സംപ്രദായം ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. സ്കൂൾ കുട്ടികൾക്ക് വർഷത്തിൽ മൂന്നു ഉത്സവ ദിവസങ്ങളിൽ നല്കുന്ന അരി തുടരുമെന്ന് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ നൽകിവരുന്ന 200 കോടി രൂപയുടെ സബ്സിഡിക്ക് പുറമേയാണ് 39 കോടിരൂപ ആദ്യഘട്ടം എന്ന നിലയിൽ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആവശ്യമായ തുക സബ്സിഡി നൽകുവാൻവേണ്ടി കണ്ടെത്തുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങൾക്ക് ആശ്വാസം പകരുന്ന ഒട്ടേറെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഓരോ കാര്യത്തെക്കുറിച്ചും ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. കേരള സമ്പദ്ഘടനയിൽ കാർഷികമേഖലയ്ക്കുള്ള നിർണ്ണായക പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കേരളം ഭക്ഷ്യ സുരക്ഷിതത്വം കൈവരിക്കുവാൻ കഴിയുന്ന ഒരു സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി നെല്ല്, തേങ്ങ, പച്ചക്കറി ഈ മേഖലയിലെല്ലാം ഉല്പാദനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികളാണ് ഈ ഗവൺമെന്റ് ചെയ്തുവരുന്നത്. നെല്ല് ഉൽപ്പാദനം 21 ലക്ഷം ടണ്ണായി ഉയർത്തുക എന്നതാണ് ലക്ഷ്യമെന്ന് ഇവിടെ വ്യക്തമായി ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. 1998-നും 1999-നും ഇടയ്ക്ക് നെല്ല് ഉൽപ്പാദനക്ഷമത ഒരു ഹെക്ടറിനു 1975 കിലോഗ്രാമിൽനിന്ന് 2061 കിലോഗ്രാമായി ഉയർന്നു. നെല്ല് ഉല്പാദനത്തിന്റെ ഇടിവിന്റെ അളവ് കുറയ്ക്കുവാൻ സാധിച്ചു. 1996-1997, 1997-1998-നും ഇടയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ നെല്ല് ഉല്പാദനം 1,00,600 ടൺ കണ്ടാണ് കുറഞ്ഞത്. 1997-98-നും 1998-99-നും ഇടയിൽ ഇതു 38,000 ടണ്ണായി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നെല്ല് ഉൽപ്പാദന മേഖലയ്ക്ക് 1997-98-ൽ 21 കോടി രൂപയാണ് നീക്കിവച്ചത്. അത് 1998-99 ആകുമ്പോൾ 31 കോടിയായി വർദ്ധിച്ചു. ഈ നിലയിൽ കേരളത്തിലെ നെല്ല് ഉൽപ്പാദന മേഖലയ്ക്ക് മുന്തിയ പരിഗണന നല്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. സേവന മേഖലയിൽ വിദ്യാഭ്യാസത്തിന് 2817 കോടിരൂപ ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ആരോഗ്യമേഖലയ്ക്ക് 697 കോടിരൂപ ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. മൈത്രീ ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് 33,000 വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി സബ്സിഡിയായി 30 കോടിരൂപ നല്കുന്നതിനുവേണ്ടി അതിനു ആവശ്യമായ തുക ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. പഞ്ചായത്തുകൾക്കും ഈ ബഡ്ജറ്റിൽ വളരെ കാര്യമായ രൂപത്തിൽ പരിഗണന നല്കിയിട്ടുണ്ട്. വൈദ്യുതി മേഖലയ്ക്കാണ് ഗവൺമെന്റ് പ്രധാനമായും പരിഗണന നൽകിയത്. 2000-2001 വാർഷിക പദ്ധതി അടങ്കലായി 3,250 കോടി രൂപയാണ്, അതിൽ (29.3 ശതമാനം) 662.7 കോടിരൂപ വൈദ്യുതി മേഖലയ്ക്കുവേണ്ടി ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുകയാണ്. ഇവിടെ പ്രൊഫ: എ. വി. താമരാക്ഷൻ സംസാരിച്ചപ്പോൾ വൈദ്യുതി രംഗത്തെ ഉപഭോഗം കുറയുന്നുവെന്ന് ചില കണക്കുകളൊക്കെ പറയുകയുണ്ടായി. അതു സഭയെ തെറ്റിദ്ധരിപ്പിക്കുവാൻവേണ്ടി പറഞ്ഞ കണക്കുകളാണ്. എന്താണ് യാഥാർത്ഥ്യം? 1995-96-ൽ 74,156 ദശലക്ഷം യൂണിറ്റ് മാത്രം ഉപഭോഗം ഉണ്ടായിരുന്ന സ്ഥാനത്ത് 1999-2000 വർഷത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം 1,00,117 ദശലക്ഷം യൂണിറ്റായി വർദ്ധിച്ചിരിക്കുകയാണ്. ഈ യഥാർത്ഥ്യം പ്രൊഫ. എ.വി. താമരാക്ഷൻ വിസ്മരിക്കുന്നു. അതായത് ഏതാണ്ട് 40 ശതമാനം വർദ്ധനവുണ്ടായി. ഈ യാഥാർത്ഥ്യം അദ്ദേഹം മറച്ചുവയ്ക്കുകയാണ്. കാർഷികരംഗത്ത് 322 ദശലക്ഷം യൂണിറ്റ് 1995-96-ൽ ഉപയോഗിച്ചപ്പോൾ 1999-2000-ൽ 44 ദശലക്ഷം യൂണിറ്റാണ് ഉപയോഗിച്ചത്. അതായത് 120 ദശലക്ഷം കൂടുതൽ. ഈ രംഗത്ത് 37 ശതമാനം വർദ്ധനവുണ്ടായി. വൻകിട-ചെറുകിട മേഖലകളിൽ 1995-96-ൽ 3243 ദശലക്ഷം യൂണിറ്റിന്റെ സ്ഥാനത്ത് 1999-2000-ൽ 3475 ദശലക്ഷം യൂണിറ്റ്. അതായത് 232 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം വരികയാണ് ചെയ്യുന്നത്. ഈ യാഥാർത്ഥ്യമാണ് മറച്ചുവച്ചത്. ഗാർഹികം 1995-96-ൽ 2777 ദശലക്ഷം യൂണിറ്റ് ആയിരുന്നപ്പോൾ 1999-2000-ൽ 4848 ദശലക്ഷം യൂണിറ്റായി വർദ്ധിച്ചു. അതായത് 4848 ദശലക്ഷം യൂണിറ്റായി വർദ്ധിച്ചു. അതായത് 2071 ദശലക്ഷം യൂണിറ്റിന്റെ വർദ്ധനവ് 75 ശതമാനത്തിന്റെ വർദ്ധനവാണ്. വർഷങ്ങളായി കണക്ഷൻ കിട്ടാതിരുന്ന മിനിമം ഗ്യാരന്റി, നോർമൽ കണക്ഷൻ എന്നിവ വിപുലമായ തോതിൽ കൊടുത്തതാണ്, ഈ കണക്ഷൻ വർദ്ധിപ്പിക്കുവാൻ കാരണം. ഈ യാഥാർത്ഥ്യം പ്രൊഫ. എ. വി. താമരാക്ഷൻ മറച്ചുവയ്ക്കുകയാണ്. വൈദ്യുതി മേഖലയിൽ ഈ ഗവൺമെന്റ് ഗണനീയമായ പരിഗണന നൽകുന്ന റോഡ് വികസനത്തിനുവേണ്ടി 375 കോടിരൂപയാണ് നീക്കിവച്ചത്. വ്യവസായ മേഖലയ്ക്ക് വൻ പ്രാധാന്യം നല്കി. പൊതുമേഖലയെ സംരക്ഷിക്കുവാൻ 65 കോടി രൂപയ്ക്കു പുറമെ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ പുനരുദ്ധാരണനിധിവഴി 150 കോടിരൂപ സമാഹരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. നിങ്ങളുടെ കാലത്ത് കേരളത്തിലെ വ്യവസായങ്ങളുടെ അവസ്ഥ എന്തായിരുന്നു എന്ന് ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ? കോഴിക്കോട്ടെ കേരള സോപ്സ് ആന്റ് ഓയിൽസ് ഉൾപ്പെടെയുള്ള നിരവധി വ്യവസായ സ്ഥാപനങ്ങൾ നിങ്ങളുടെ അഞ്ചുവർഷവും അടച്ചു പൂട്ടിയതല്ലേ; ആ അവസ്ഥയിൽ ഇന്ന് മാറ്റം വന്നിരിക്കുകയാണ്. പദ്ധതി അടങ്കലിൽ വ്യവസായ രംഗത്തു മാത്രം കഴിഞ്ഞ വർഷം അപേക്ഷിച്ച് 15 ശതമാനം വർദ്ധിപ്പിക്കുവാൻവേണ്ടി സാധിച്ചു. 257 കോടിരൂപ. ആ നിലയിൽ സംസ്ഥാനത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കഴിഞ്ഞ കാലത്ത് ചെയ്തിട്ടുള്ള കാര്യങ്ങൾ ഇനി ചെയ്യാൻ പോകുന്ന കാര്യങ്ങൾ എല്ലാം അദ്ദേഹം ഈ ബഡ്ജറ്റിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. വളരെയേറെ പരിമിതികൾ ഈ സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യമന്ത്രിയുടെ മുമ്പിലുണ്ട് എന്ന് കാര്യം അദ്ദേഹം പ്രസംഗിച്ചപ്പോൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. അപ്പുറത്തു ഭാഗത്തുള്ള പല മെമ്പർമാരും പറഞ്ഞു. അഖിലേന്ത്യാ തലത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നിലപാട്. അങ്ങേയറ്റം ജനവിരുദ്ധമായ നിലപാടുകളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്ര ധനമന്ത്രി ശ്രീ. യശ്വന്ത് സിൻഹ അവതരിപ്പിച്ച ബഡ്ജറ്റിൽ 8.332 കോടി രൂപയുടെ പുതിയ നികുതികളാണുള്ളത്. എക്സൈസ് നികുതി ഗണ്യമായ രൂപത്തിൽ വർദ്ധിച്ചിരിക്കുകയാണ്. യൂറിയ ഉൾപ്പെടെയുള്ള രാസവളങ്ങൾക്ക് 15 ശതമാനമാണ് നികുതി വർദ്ധിപ്പിച്ചത്. ഇത് കേരളത്തിലെ കാർഷിക മേഖലയെ വല്ലാത്ത പ്രതിസന്ധിയിൽ എത്തിക്കുവാൻ പോവുകയാണ്. ഭക്ഷ്യ സബ്സിഡിയിൽ ആയിരം കോടി രൂപയുടെ വെട്ടിക്കുറവാണ് വരുത്തിയത്. റേഷൻ പഞ്ചസാരയുടെ വിലപോലും കേന്ദ്രത്തിലെ ഗവൺമെന്റ് വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇന്ന് അതിന് എതിരായി യാതൊന്നും പ്രതിപക്ഷ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടില്ല. നമ്മുടെ നാട്ടിലെ പൊതുമേഖലാ വ്യവസായങ്ങൾ മുഴുവൻ കേന്ദ്ര ഗവൺമെന്റ് തകർക്കുകയാണ്. അതിനുള്ള നടപടികളാണ് അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലാ വ്യവസായങ്ങൾ തകർക്കുന്നു എന്നു മാത്രമല്ല പൊതുമേഖലാ ബാങ്കുകളിൽ സർക്കാരിന്റെ പങ്കാളിത്തം 33 ശതമാനമായി കുറയ്ക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. 67 ശതമാനം ഓഹരി സ്വകാര്യ മേഖലയ്ക്കായിരിക്കും. കേന്ദ്ര ബാങ്കായ റിസർവ് ബാങ്കിന്റെ സ്വാതന്ത്ര്യ പദവി നഷ്ടപ്പെടാൻ പോവുകയാണ്. നാണയ നയങ്ങൾ ഉൾപ്പെടെയുള്ള ബാങ്കിംഗ് നയങ്ങൾ നടപ്പാക്കാനുള്ള സ്വാതന്ത്ര്യം അതാണ് ബാങ്ക് മാനേജുമെന്റുകൾക്ക് നല്കാനുള്ള തീരുമാനം എടുത്തിരിക്കുകയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവൽക്കരിക്കുവാൻവേണ്ടി നടപടി സ്വീകരിച്ചിരിക്കുകയാണ്. ഇതു ഇന്ത്യയിലെ കോർപ്പറേറ്റ് മേഖലാ സ്ഥാപനങ്ങൾക്ക് വലിയ രൂപത്തിലുള്ള ആനുകൂല്യം ലഭ്യമാക്കുവാൻ ഇടയുണ്ടാക്കും, കൂടാതെ 58,000 കോടിരൂപ ഇന്ത്യയിലെ വലിയ മുതലാളിമാർ ബാങ്കുകളിൽനിന്നും കടം എടുത്ത് തിരിച്ചു നൽകുവാനുണ്ട്. അതു മുഴുവൻ എഴുതി തള്ളുവാൻവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ക്രമേണ ഓഹരിവില്പനയിലൂടെ സ്വകാര്യവൽക്കരിക്കുന്നതിനു ആവശ്യമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുന്നു. സർക്കാരിന്റെ പങ്ക് പൊതുമേഖലാ വ്യവസായങ്ങൾക്ക് 26 ശതമാനമായി കുറയ്ക്കുവാൻ വേണ്ടിയാണ് തീരുമാനിച്ചിട്ടുള്ളത്. പല പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഓഹരികൾ കുത്തക മുതലാളികൾക്ക് വിലയ്ക്ക് വിൽക്കുന്നു. നിരവധി മേഖലകളുണ്ട്. ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഓഹരികൾ വെറും 70 രൂപ നിരക്കിലാണ് വിറ്റഴിച്ചത്. സുതാര്യമായി കൈമാറിയിരുന്നുവെങ്കിൽ ശരാശരി 350 രൂപ കിട്ടുമായിരുന്നു. 17 കോടി ഓഹരികൾ കേവലം 70 രൂപ നിരക്കിൽ വിറ്റവകയിൽ കോടികളുടെ നഷ്ടമാണുള്ളത്. ഇതു ഭൂരിഭാഗവും വിദേശ കമ്പനികളാണ് കൈക്കലാക്കിയത്. ഞാൻ മറ്റു വിശദാംശങ്ങളൊന്നും പറയുന്നില്ല. ആ നിലയിൽ നമ്മുടെ രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയെ തകർക്കാൻ ഉതകുന്ന രൂപത്തിലുള്ള നയമാണ് കേന്ദ്രത്തിലെ ബി.ജെ.പി. യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വീകരിക്കുന്നത്. ആ നയങ്ങളോട് കോൺഗ്രസ് (ഐ) യുടെ നിലപാട് എന്താണ്? പ്രതിപക്ഷ നേതാവ് ഈ അടുത്ത കാലത്ത് പറഞ്ഞു. സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ ചില വീണ്ടുവിചാരങ്ങൾ നടത്താൻ പോകുന്നുവെന്ന് സൂചിപ്പിക്കുന്ന രീതിയിലുള്ള ചില വിമർശനങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി. ശ്രീ. സുകുമാർ മുരളീധർ നമ്മുടെ പഴയ ധനകാര്യമന്ത്രി ശ്രീ. മൻമോഹൻസിംഗ്, അദ്ദേഹം കോൺഗ്രസ് (ഐ) യുടെ അഖിലേന്ത്യാ നേതാവാണല്ലോ ; കഴിഞ്ഞ പ്രാവശ്യം പ്രധാനമന്ത്രിയാക്കുവാൻവേണ്ടി നോക്കിയ ആളാണല്ലോ ; അദ്ദേഹവുമായി നടത്തിയ ഒരു അഭിമുഖം ഈ പ്രാവശ്യത്തെ ഫ്രണ്ട് ലൈനിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ശ്രീ. സുകുമാർ മുരളീധർ ചോദിച്ചു. What are your impression of this Budget ? അതിനു അദ്ദേഹം പറഞ്ഞ മറുപടി എന്താണ്? I think the BJP did explicitly acknowledge in the President's Address that the process we launched in 1991 was a historical necessity. They have also admitted that it has yielded good results. So I think that after all that they said while in the oppisition,..... സർ, 1991-ൽ ഞങ്ങളാരംഭിച്ച പ്രക്രിയ ചരിത്രപരമായ ആവശ്യകതയാണെന്ന് ബി.ജെ.പി. അംഗീകരിച്ചതായി പ്രസിഡന്റിന്റെ പ്രസംഗത്തോടെ എനിക്കു തോന്നുന്നു എന്ന് ശ്രീ. മൻമോഹൻ സിംഗ് പറയുന്നു. നല്ല അനന്തരഫലങ്ങളുണ്ടായതായി അവർ സമ്മതിക്കുന്നു. പ്രതിപക്ഷത്തിരുന്ന് അവർ പറഞ്ഞതെല്ലാം ശരിയായിരുന്നില്ലെന്നും ഈ വഴിയല്ലാതെ മറ്റൊന്നുമില്ലെന്നും ഇപ്പോൾ ശ്രീ. മൻമോഹൻ സിംഗ് പറയുകയാണ്. ഇതിനോട് ശ്രീ. എ.കെ. ആന്റണിയുടെ നിലപാടെന്താണ്? കോൺഗ്രസ് (ഐ) യുടെ നിലപാടെന്താണ്? ഈ സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ ശ്രീ. മൻമോഹൻസിംഗ് പറയുന്നതാണോ ശരി ? ശ്രീ. എ.കെ. ആന്റണി പറയുന്നതാണോ ശരി ? ഇതറിയാൻ ഞങ്ങൾക്കു കൗതുകമുണ്ട്. ഇത് രാജ്യത്തിലെ ജനങ്ങൾക്ക് മനസ്സിലാകേണ്ടതുണ്ട്. കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന ജനവിരുദ്ധമായ നയങ്ങളൊക്കെ അംഗീകരിക്കുന്ന നിലപാടല്ലേ കോൺഗ്രസ് (ഐ) സ്വീകരിക്കുന്നത് ? ശ്രീ. സത്യൻമൊകേരി ഇവിടെ പേറ്റന്റ് നിയമത്തെക്കുറിച്ച് പറഞ്ഞു. അതിന് ആരാണ് പിന്തുണ കൊടുത്തത് ? കോൺഗ്രസ് (ഐ) അല്ലേ ? ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റി ബില്ലിന് പിന്തുണ കൊടുത്തത് കോൺഗ്രസ് (ഐ) അല്ലേ ? 1969-ൽ ശ്രീമതി ഇന്ദിരാഗാന്ധി

LIBRARY ARCHIVES Kerala Legislative Assembly

14 ബാങ്കുകൾ ദേശസാൽക്കരിച്ചപ്പോൾ അതു സോഷ്യലിസത്തിലേയ്ക്കുള്ള വഴിയാണെന്ന് രാജ്യം മുഴുവൻ പ്രസംഗിച്ചു നടന്നതല്ലേ? അത് ശ്രീ. ആന്റണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സുകാരല്ലേ ചെയ്തത്? ഇപ്പോൾ 30 വർഷത്തിനുശേഷം 1999-2000-ൽ പൊതുമേഖലാ ബാങ്കുകൾ വിൽക്കുമ്പോൾ കോൺഗ്രസ് (ഐ) യുടെ നിലപാടെന്താണ്? 1969-ലെ നിലപാട് രണ്ടായിരത്തിലുണ്ടോ? അതറിയാനുള്ള കൗതുകം കേരളത്തിലെ മൂന്നുകോടി വരുന്ന ജനങ്ങൾക്കുണ്ടെന്നാണ് എനിക്ക് അതു സംബന്ധിച്ച് പറയാനുള്ളത്. ഗുരുതരമായ ഒരു സാമ്പത്തികാവസ്ഥയാണ് അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ നിലനിൽക്കുന്നത്. ഈ ഗൗരവതരമായ അവസ്ഥയിൽ നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിതത്തിൽ ചെറുതും വലുതുമായ ജനക്ഷേമകരമായ ഒട്ടേറെ നടപടികൾ സ്വീകരിക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനു കഴിയുന്നു എന്നുള്ളത് വളരെയേറെ സ്വാഗതാർഹമായിട്ടുള്ള ഒരു കാര്യമാണ്. ഇവിടെ നേരത്തേ ശ്രീ. താമരാക്ഷൻ പ്രസംഗിച്ചു. അദ്ദേഹം ഭരണപക്ഷത്തിരുന്നുകൊണ്ട് പ്രതിപക്ഷത്തിന്റെ ധർമ്മം നിർവ്വഹിക്കുന്ന ആളാണെന്നു പ്രത്യേകിച്ചു പറയേണ്ട കാര്യമില്ല. അദ്ദേഹം ചില ആരോപണങ്ങൾ ഉന്നയിച്ചു. അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. ബന്ധപ്പെട്ട ആളുകൾ പറയും. ശ്രീ. താമരാക്ഷനെ സംബന്ധിച്ച് കുറേ കാര്യങ്ങൾ പത്രങ്ങളിലൊക്കെ വന്നിരുന്നു. അഖിലേന്ത്യാപ്രദർശനം നടത്തി, അതിന്റെ ജനറൽ കൺവീനറായിട്ട് കണക്ക് വച്ചില്ലെന്ന് പറഞ്ഞ് സദാനന്ദൻ എന്നൊരാൾ പരാതി കൊടുത്തു. നിയമസഭാ സ്പീക്കർക്ക് പരാതി തന്നു എന്നു കേട്ടു. എല്ലാ പത്രങ്ങളിലും വാർത്ത വന്നതാണ്. ശ്രീ. താമരാക്ഷന്റെ നേതൃത്വത്തിൽ കേരളത്തിൽ ശുദ്ധജലവിതരണരംഗത്ത് നടക്കുന്ന കാര്യങ്ങളൊക്കെ അതിശക്തമായി ന്യായീകരിച്ചയാളാണ്. അദ്ദേഹം ഇവിടെ ഇങ്ങനെയൊരു ആക്ഷേപമുന്നയിച്ചത് വളരെ വില കുറഞ്ഞ രീതിയായിപ്പോയി എന്നു മാത്രമേ എനിക്കു പറയാനുള്ളൂ. കൂടുതലൊന്നും ഞാൻ പറയുന്നില്ല. ശ്രീ. താമരാക്ഷനെപ്പോലെയുള്ള ഒരാൾക്ക് യോജിച്ച രീതിയിലല്ല എന്നു മാത്രമേ എനിക്കു ചുരുക്കമായിട്ട് അതിനെക്കുറിച്ച് പറയാനുള്ളൂ. സംസ്ഥാനത്തിന്റെ പൊതുവായ താൽപര്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ക്ഷേമം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള ശ്രീ. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റ് ഈ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും ഭാവിക്കും ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയാണ്. ഈ സംസ്ഥാനത്തെ മൂന്നു കോടി ജനങ്ങളുടെ ജീവിതത്തിൽ ഗണനീയമായ മാറ്റം വരുത്തുന്ന ശ്രീ. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റിനെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കഴിഞ്ഞ മൂന്നു ദിവസങ്ങളിൽ ഇവിടെ നടന്ന ചർച്ചകളിൽ പ്രതിപക്ഷത്തുനിന്നു ഉന്നയിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളാൻ ഭരണഭാഗത്ത് സഹിഷ്ണത കാണിക്കാതെ പോയത് വളരെ നിർഭാഗ്യകരമായിപ്പോയി.

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് നിങ്ങളുടെ സമീപനമെങ്കിൽ നിങ്ങളും ഈ സംസ്ഥാനവും കൂടുതൽ കുഴപ്പത്തിലേയ്ക്കാണ് പോകുന്നത്. ഇന്നത്തെ സാഹചര്യത്തിലെ പരിമിതികളും ബുദ്ധിമുട്ടുകളും ഞങ്ങൾക്കറിയാം. പക്ഷെ നിങ്ങൾ പറയുന്നത്, ഇതുപോലൊരു ബഡ്ജറ്റ് ഇല്ലെന്നാണ്. ശരിയാണോ? ഇൻഫർമേഷൻ ടെക്നോളജിയുടെ കാലഘട്ടത്തിൽ മറ്റു സംസ്ഥാനങ്ങൾ അമിതവേഗത്തിൽ സയൻസ് ആന്റ് ടെക്നോളജിയുടെ പ്രയോജനങ്ങൾ വളർത്തിയെടുക്കുന്ന ഒരു കാലഘട്ടത്തിൽ, അതിനു യോജിച്ചതാണോ നമ്മുടെ ബഡ്ജറ്റ്? തുറന്ന മനസ്സോടുകൂടി ഇതിനെ വിലയിരുത്താൻ ഭരണകക്ഷി തയ്യാറാകാത്തതിൽ എനിക്കു ഖേദമുണ്ട്. ഇന്നത്തെ 'ഹിന്ദു' പത്രത്തിൽ ഒരു എഡിറ്റോറിയലുണ്ട്. 'The Information Millennium' - Along with Andhra Pradesh and Tamil Nadu, Karnataka forms a league of southern information technology States. Bangalore, which prides itself on being the 'Silicon valley' of India, has now given a new thrust to computer education. With the 'Mahiti' Scheme or the millennium policy for Information Technology, Karnataka will launch a massive computerisation drive to provide connectivity. Its Chief Minister, Mr. S.M. Krishna, who has taken the driver's seat in revitalising Karnataka's lead in Information Technology....."

സർ, 12,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റാണ്. 2010-ൽ പത്തുലക്ഷം പേർക്ക് തൊഴിൽ. എഡ്യൂക്കേഷൻ ആന്റ് എംപ്ലോയ്മെന്റിന് 12,000 കോടി രൂപ ഹഡ്കോയിൽ നിന്നും വേൾഡ് ബാങ്കിൽ നിന്നും എടുക്കുകയാണ്. ആ ഗവൺമെന്റ് അവിടെ അധികാരത്തിൽ വന്നിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളൂ. അവർ എത്ര വേഗത്തിൽ മുന്നോട്ടു നീങ്ങി? ആന്ധ്രാപ്രദേശിൽ ഒരു 'ടെൻ പോയിന്റ് പ്രോഗ്രാം' അവർ ഇംപ്ലിമെന്റു ചെയ്തുകഴിഞ്ഞു. എ.പി.ഫസ്റ്റ് ചീഫ്മിനിസ്റ്ററാണ് അതിന്റെ ചെയർമാൻ. എല്ലാ ഐ.ടി. പ്രോജക്ടുകൾക്കും ക്ലിയറൻസ് കൊടുക്കുന്നതിനുള്ള സംവിധാനമാണ്. ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി കമ്മിറ്റി എന്നൊരു കമ്മിറ്റിയുമുണ്ട്. കഴിഞ്ഞ വർഷത്തെ സോഫ്റ്റ്വെയർ എക്സ്പോർട്ടിൽ കർണ്ണാടകം 3,000 കോടി. തമിഴ്നാട്-600 കോടി. ആന്ധ്രാപ്രദേശ്-500 കോടി, കേരളം-57 കോടി.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, അങ്ങു പറഞ്ഞു. കർണ്ണാടകയിൽ 2010-ൽ പത്തു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കാനുള്ള സംഖ്യ വകയിരുത്തിയെന്ന് ഇൻഫർമേഷൻ ടെക്നോളജിയിൽ അത്ര വലിയ സാധ്യതയുണ്ടെങ്കിൽ അമേരിക്കയും ജപ്പാനും ജർമ്മനിയുമെല്ലാം കൂടി വിചാരിച്ചാൽ ഈ ലോകത്തെ തൊഴിൽ രഹിതർക്ക് മുഴുവൻ തൊഴിൽ കൊടുക്കാൻ സാധിക്കുമല്ലോ? അതിനുള്ള പണവും സാങ്കേതികവിദ്യയും അവരുടെ കയ്യിലുണ്ടല്ലോ? പക്ഷെ അവിടെ ഇതു നടപ്പാക്കിയതിന്റെ ഫലമായി തൊഴിലില്ലായ്മ വരുമെന്നു പറഞ്ഞുകൊണ്ട് കഴിഞ്ഞ ഡിസംബർ 31-നും ജനുവരി 1-നും 40,000 തൊഴിലാളികൾ തെരുവിലിറങ്ങി ക്ലിന്റൺ പങ്കെടുക്കുന്ന 'സിയാചിൻ' സമ്മേളനത്തിനെതിരായി പ്രചാരണം നടത്തിയതായി പത്ര വാർത്ത വന്നതു ഓർമ്മയുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : ഇനിയും ഈ നാടിനെ രക്ഷിക്കാൻ നിങ്ങൾക്ക് പരിപാടിയില്ലേ? നിങ്ങൾ കമ്പ്യൂട്ടർ വിരുദ്ധസമരം നടത്തി. ഈ നാടിനെ ഈ നിലയിലെത്തിച്ചവർ നിങ്ങളാണ്. നിങ്ങൾ ഇനിയും ഈ സംസ്ഥാനത്തെ രക്ഷപ്പെടാൻ അനുവദിക്കുകയില്ല. നിങ്ങൾ ട്രാക്ടർ വിരുദ്ധസമരം നടത്തി, കമ്പ്യൂട്ടർ വിരുദ്ധസമരം നടത്തി. എവിടെയായി നമ്മുടെ സംസ്ഥാനം? നിങ്ങൾ ഈ നാടിന്റെ എല്ലാ വികസനത്തിനും തടസ്സം നിന്നവരാണ്. അതാണ് നമ്മൾ 57 കോടിയിലെത്തിയത്. ഇന്നത്തെ IT പിക്ചറിൽ നമ്മുടെ സംസ്ഥാനമില്ല. ഇവിടെ 1998 ഏപ്രിൽ മാസത്തിൽ ഒരു ഇൻഫർമേഷൻ ടെക്നോളജി നയം പ്രഖ്യാപിച്ചു. നമ്മുടെ പോക്കിന്റെ ആ വേഗത മനസ്സിലാക്കാൻ വേണ്ടിയാണ് ഇതുപറയുന്നത്. ആ പോളിസിയിൽ School of Information Technology and Management എന്നൊരു സംഘടനയ്ക്ക് കേന്ദ്രഗവൺമെന്റ് മൂന്നുകോടി രൂപ തന്നു. അത് കെ.എസ്.ഐ.ഡി.സി. യിൽ ഇട്ടിരിക്കുകയാണ്. എന്താണിത് ? 1998-ൽ പ്രഖ്യാപിച്ച സ്കീമിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് മൂന്നു കോടി രൂപ തന്നു. അതിന്റെ അഡ്മിനിസ്ട്രേഷൻ സാങ്ഷൻ തന്നെ കൊടുക്കുന്നത് 1999 മേയിലാണ്. 13 മാസത്തിനുശേഷം. ആ മൂന്നുകോടി രൂപ കെ. എസ്. ഐ. ഡി. സി. -യെ ഏല്പിച്ചു. പിന്നെയൊന്നും നടക്കുന്നില്ല. ഞാനിവിടെ ചോദിച്ച ചോദ്യത്തിന് ഒരു മറുപടി കിട്ടി, എന്താണ് ? 4 വർഷത്തെ നമ്മുടെ വിദേശ മൂലധനനിക്ഷേപം 41.4 കോടിരൂപ എൻ. ആർ. ഐ. ടെക്നോപാർക്കിലാണ്. 16.7 കോടി രൂപ കെ.എസ്.ഐ.ഡി.സി. വഴി 54.65 കോടിരൂപ. എല്ലാം കൂടി 112.75 കോടിരൂപയുടെ ഇൻവെസ്റ്റുമെന്റ്. മറ്റു സംസ്ഥാനങ്ങളിൽ പതിനായിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപം വന്ന് അവിടെ തൊഴിലവസരങ്ങൾ വർദ്ധിക്കുന്ന അവസരത്തിൽ 112 കോടി രൂപയാണ് ഇവിടെയുള്ളത്. ഈ ബഡ്ജറ്റ് ഒരു Production oriented budget അല്ല. അതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. ഒരു കാര്യം ഇനിയെങ്കിലും നമ്മൾ മനസ്സിലാക്കണം. സൗജന്യങ്ങൾ കൊടുത്ത് ഒരു സംസ്ഥാനത്തിനും സാമ്പത്തികമായി വളരാൻ സാധിക്കില്ല. സൗജന്യങ്ങൾ കൊടുക്കരുതെന്ന് ഞങ്ങൾ പറയുന്നില്ല നമ്മൾ പ്രൊഡക്ഷൻ സെക്ടേഴ്സിൽ ഇൻവെസ്റ്റുചെയ്യണം. സാമ്പത്തിക വളർച്ചയുണ്ടാകണം. അതിന്റെ ഓഹരി ഇവിടത്തെ പാവങ്ങൾക്ക് കൊടുക്കണം.. യാതൊരു സംശയവുമില്ല. പക്ഷേ കടംവാങ്ങി, അമിത പലിശയ്ക്കുവേണ്ടി സൗജന്യങ്ങൾ കൊടുക്കുക, നമ്മൾ എവിടെപ്പോയി നിൽക്കും ? മറിച്ച് സാമ്പത്തികരംഗത്ത് നമുക്ക് വളർച്ചനേടി, അതിന്റെ ഒരംശം, ഒരു നല്ലപങ്ക് ഇവിടെ അർഹിക്കുന്നവർക്ക് കൊടുക്കണം. സാമ്പത്തിക വളർച്ചയുടെ നേട്ടം ചില പ്രത്യേക സ്ഥലങ്ങളിലേയ്ക്ക് മാത്രം ഒഴുകാൻ അനുവദിക്കരുത്. പക്ഷേ ഇവിടെയിപ്പോൾ നടക്കുന്നത് സൗജന്യങ്ങൾ കൊടുക്കുകമാത്രമാണ്. നമ്മൾ എവിടെപ്പോയി നിൽക്കും? ഈ ബഡ്ജറ്റിൽ കർഷകത്തൊഴിലാളി പെൻഷൻ 20 രൂപ കൂട്ടി തൊഴിലില്ലായ്മവേതനം 20 രൂപ കൂട്ടി. അഗതി പെൻഷൻ 10 രൂപ കൂട്ടി ഞങ്ങൾ എതിർക്കുന്നില്ല. എല്ലാവർക്കും കൂട്ടിയസ്ഥിതിക്ക് വികലാംഗർക്കുമാത്രം എന്താണ് കൂട്ടാത്തതെന്ന് ഒരു സംശയമുണ്ട്. അതിലവർ പ്രതിഷേധവും പറഞ്ഞിട്ടുണ്ട്. പക്ഷേ ഞങ്ങൾ എതിർക്കുന്നത് വലിയ പലിശയ്ക്ക് പണം കടം വാങ്ങി ഇതു

കൊടുക്കുന്നതിനെയാണ്. ഇതു കൊടുത്തതിൽ നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടോ ? ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ, ഇപ്പോൾ കർഷകതൊഴിലാളി പെൻഷൻ 34 കോടി രൂപ കുടിശ്ശികയാണ്. തൊഴിലില്ലായ്മ വേതനം 37 കോടിരൂപ കുടിശ്ശികയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് 10 കോടിരൂപ കൊടുക്കുമെന്നു പറഞ്ഞിട്ട് എന്തായി ? കഴിഞ്ഞ ദിവസം ശ്രീ. നാരായണൻ ഇവിടെ പറഞ്ഞിട്ട് വലിയ ഒച്ചപ്പാടായതാണ്. നിങ്ങൾ കൊടുക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞതാണ്. ഇതുവരെ ട്രഷറിയിൽ നിന്നും ആ രൂപ പോയിട്ടില്ല. ശ്രീ. ടി. ശിവദാസമേനോൻ കർഷകത്തൊഴിലാളിക്ക് എതിരായതുകൊണ്ടാണ്, ഇവിടുത്തെ ചെറുപ്പക്കാർക്കെതിരായതുകൊണ്ടാണ് അത് കൊടുക്കാത്തതെന്നൊന്നും ഞങ്ങളാരും പറയില്ല. നമ്മുടെ സംസ്ഥാനത്തിന്റെ കഴിവുകേടാണ്, നമ്മുടെ സാമ്പത്തികമായ പരിമിതികളാണ്, ഞങ്ങൾ അതേ ചൂണ്ടിക്കാണിക്കുന്നുള്ളൂ. 20 രൂപ കൂട്ടിക്കൊടുക്കാതെ എല്ലാ മാസവും ഒന്നാംതീയതി കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുമെന്ന് ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞാൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കും. കൂട്ടിക്കൊടുക്കുമെന്ന് വെറുതെ പറഞ്ഞിട്ട് കാര്യമുണ്ടോ ? തൊഴിലില്ലായ്മ വേതനം 1998-ലെ താണ് കൊടുക്കാനുള്ളത്. കർഷകത്തൊഴിലാളി പെൻഷൻ 11 മാസത്തേതാണ് കൊടുക്കാനുള്ളത്. നിങ്ങൾക്ക് ആത്മാർത്ഥത ഇല്ലെന്നു ഞാൻ പറയുന്നില്ല. നമ്മുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയാണ് ഈ കുടിശ്ശികയ്ക്ക് കാരണം. അപ്പോൾ സൗജന്യങ്ങൾ കൊടുത്തത് നമുക്ക് ഈ നാട്ടിൽ ഇന്നത്തെ കാലഘട്ടത്തിൽ സാമ്പത്തികമായിട്ടുള്ള നേട്ടങ്ങൾ നിലനിർത്തുവാൻ സാധിക്കില്ല. ആ യാഥാർത്ഥ്യബോധമുൾക്കൊള്ളാൻ നിങ്ങളിനിയും തയ്യാറാകുന്നില്ല. നമുക്ക് കൈയടിക്കാം. പക്ഷേ കൈ അടിച്ച് ഇപ്പോൾ എവിടെ വന്നു നിൽക്കുന്നുവെന്ന് നമ്മൾ ചിന്തിക്കണം. ഈ ബഡ്ജറ്റിൽ കേന്ദ്രത്തിന്റെ ബഡ്ജറ്റിനെക്കുറിച്ചും കേന്ദ്രത്തിന്റെ സമീപനത്തെക്കുറിച്ചും ഒന്നും പറഞ്ഞിട്ടില്ലെന്ന് മറുഭാഗത്തുനിന്നും പറഞ്ഞു. എനിക്കവരോട് ചോദിക്കാനുള്ളത് ശ്രീ.ടി. ശിവദാസമേനോൻ പറഞ്ഞിട്ടില്ലല്ലോ? അതെന്തുപ്പറ്റി ? കഴിഞ്ഞ ബഡ്ജറ്റുകളിലെല്ലാം ആറേഴു പാരഗ്രാഫ് കേന്ദ്രത്തെ കുറ്റം പറയാനും കേന്ദ്രവിരുദ്ധ കാര്യങ്ങൾ പറയാനുമൊക്കെ എടുത്തിട്ടുള്ള നിങ്ങൾ ഈ ബഡ്ജറ്റിൽ കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ചുമില്ല, പ്ലാനിംഗിനെക്കുറിച്ചുമില്ല, പദ്ധതിയെക്കുറിച്ചുമില്ല, കേന്ദ്രത്തെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. അപ്പോൾ ശ്രീ.ടി. ശിവദാസമേനോൻതന്നെ കഴിഞ്ഞ ബഡ്ജറ്റുകളിൽ നിന്നും വ്യത്യസ്ഥമായിട്ടുള്ള ഒരു സമീപനമാണ് ഇതിൽ എടുത്തിരിക്കുന്നത്. എനിക്ക് ഈ ബഡ്ജറ്റിനെക്കുറിച്ചുള്ള പ്രധാന പരാതി ധനകാര്യ വകുപ്പുമന്ത്രി കുറച്ചുകൂടി നമ്മുടെ ധനകാര്യ സ്ഥിതിയെക്കുറിച്ച് തുറന്ന് സംസാരിക്കണമായിരുന്നുവെന്നാണ്. ഇതിൽ എഴുതിയിരിക്കുന്നത് എല്ലാം ഭദ്രമാണ്, എല്ലാ പ്രശ്നങ്ങളും പരിഹരിച്ചിരിക്കുന്നു എന്നുള്ള നിലയിലാണ്. "ഈ ബഡ്ജറ്റ് നിങ്ങളുടെ മുൻപാകെ അവതരിപ്പിക്കുമ്പോൾ ഒരുപക്ഷേ സംസ്ഥാന സർക്കാരുകൾ അഭിമുഖീകരിച്ചിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടുകളേക്കാൾ കഠിനമായ ബുദ്ധിമുട്ടുകൾ ഈ സർക്കാർ തരണം ചെയ്തുവെന്ന് അറിയിക്കുന്നതിൽ എനിക്ക് അഭിമാനമുണ്ട്" അതാണോ സ്ഥിതി? അതുപോലെതന്നെ കേന്ദ്രഗവൺമെന്റ് നമ്മുടെ പദ്ധതിവിഹിതം

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കുറച്ചതിനെക്കുറിച്ച് എന്താണ് പ്രതിപക്ഷം പറയാത്തതെന്ന് നിങ്ങൾ ചോദിച്ചില്ലേ? വെട്ടിക്കുറച്ചു എന്ന് ശ്രീ.ടി. ശിവദാസമേനോൻ സമ്മതിക്കുന്നില്ല. അദ്ദേഹം പറഞ്ഞിരിക്കുന്നത് "531 കോടി രൂപയുടെ വെട്ടിച്ചുരുക്കൽ സംസ്ഥാനത്തിന്റെ ധനകാര്യവിഭാഗത്തിന് വൻപിച്ച ഭാരമാണ് വരുത്തിയിരിക്കുന്നത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞു. വ്യക്തമായ ചിത്രം ഒരാഴ്ചയ്ക്കകം അറിയാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു" എന്നാണ്. ഞങ്ങൾ എന്തു ചെയ്യണം? പക്ഷേ, ഇതു പറഞ്ഞ ധനകാര്യവകുപ്പുമന്ത്രി നമുക്ക് തന്നിരിക്കുന്ന ഈ പുസ്തകത്തിൽ പ്ലാൻ വെട്ടിച്ചുരുക്കികൊണ്ടുള്ള കണക്കുകളാണ് കൊടുത്തിരിക്കുന്നത്. ലോക്കൽ അഡ്മിനിസ്ട്രേഷന് 1,020 കോടി രൂപയുടെ സ്ഥാനത്ത് 772 കോടി രൂപ റിവൈസ്ഡ് എസ്റ്റിമേറ്റില്ല. പ്ലാനിൽ 3250 കോടി രൂപ എന്നുള്ളത് 2371 കോടി രൂപയായി. ബഹുമാനപ്പെട്ട ശിവദാസമേനോൻ, അങ്ങേയ്ക്ക് ഇതൊന്നുകൂടി തുറന്നുപറയാമായിരുന്നു. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ആദ്യത്തെ ഒരു പ്രാവശ്യം പ്ലാൻ വെട്ടിച്ചുരുക്കേണ്ടി വന്നു. അത് വെട്ടിച്ചുരുക്കാനുള്ള തീരുമാനം ഈ സഭയിൽതന്നെ പറഞ്ഞു, 'വാർഷിക പദ്ധതിയെക്കുറിച്ച് ചില കാര്യങ്ങൾകൂടി ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. 1992-93-ലെ പദ്ധതി അടങ്കൽ 913 കോടി രൂപയായിരുന്നു എങ്കിലും സംസ്ഥാനം നേരിട്ട കടുത്ത ധനകാര്യ പ്രതിസന്ധിയിലും വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനും മറ്റുമായി കൂടുതൽ തുക തിരിച്ചുവിടേണ്ടി വന്നതിനാലും പദ്ധതിചെലവ് 791 കോടി രൂപയായി വെട്ടിച്ചുരുക്കേണ്ടിവന്നു' അതല്ലേ നല്ലത്? പക്ഷേ നിങ്ങളത് ഒളിച്ചുവച്ചു. ആ പ്രസംഗത്തിൽ വെട്ടിച്ചുരുക്കിയതിനെക്കുറിച്ച് പറയുന്നില്ല. പക്ഷേ ഞങ്ങൾക്കുതന്നെ രേഖയിൽ അത് വെട്ടിച്ചുരുക്കിയതായിട്ടാണ് റിവൈസ്ഡ് എസ്റ്റിമേറ്റിൽ കാണുന്നത്. അതുപോലെ തൊഴിലില്ലായ്മയെക്കുറിച്ച് അങ്ങ് ഒന്നുപറഞ്ഞു, "1999-ൽ സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ അനുപാതത്തിൽ തൊഴിൽ രഹിതരുടെ എണ്ണത്തിൽ കുറവു സംഭവിച്ചിരിക്കുന്നു. 1998-ൽ അത് 37.8 ലക്ഷമായിരുന്നത് 1999-ൽ 37.9 ലക്ഷമായി." പതിനായിരത്തിന്റെ ഒരു ചെറിയ വർദ്ധനവ്. ഞാൻ ബഹുമാനപ്പെട്ട ടി. ശിവദാസമേനോനോട് ചോദിക്കട്ടെ, ഇത് നിങ്ങളുടെ നേട്ടമാണോ? ഇത് ഫാമിലി പ്ലാനിംഗിന്റെ നേട്ടമാണ്. എഴുപതുകളിൽ നമ്മുടെ സംസ്ഥാനത്തുണ്ടാക്കിയ കുടുംബാസൂത്രണ പ്രവർത്തനത്തിന്റെ വിജയമാണ്. 1980-കളിൽ നമ്മുടെ പ്രൈമറി സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു. ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞിരിക്കുന്നു. അത് ഈ ഗവൺമെന്റിന്റെ നേട്ടമായി എഴുതി വച്ചിരിക്കുകയാണ്. അതു ഹിന്ദുസ്ഥാൻ ലാറ്റക്സിന് അർഹതപ്പെട്ടതാണ്. അതാണ് നിങ്ങൾ സംസ്ഥാനത്തിന്റെ നേട്ടമായി എടുത്തു കാണിക്കുന്നത്. ഇതു കുടുംബാസൂത്രണത്തിന്റെ വിജയമാണ്. ആ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളവർക്ക് കിട്ടേണ്ട അർഹതയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാലു വർഷം ആയി. നിങ്ങൾ ജോലി കൊടുത്തതിന്റെ പേരിലാണെന്ന് എഴുതിവയ്ക്കുന്നത്, അവകാശപ്പെടുന്നത് തെറ്റായിട്ടുള്ള ഒരു അവകാശവാദമാണ്. റവന്യൂ കമ്മിയെക്കുറിച്ചു പറഞ്ഞു. റവന്യൂ കമ്മിയെക്കുറിച്ച് ധനകാര്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്യായീകരിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. റവന്യൂ കമ്മി നമ്മുടെ സംസ്ഥാനത്ത് വളരെ ഭയാനകമായ വിധത്തിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. 1991-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 422 കോടി, അഞ്ചു കൊല്ലം കഴിഞ്ഞു യു.ഡി.എഫ് ഗവൺമെന്റ് അധികാരം വിട്ടുപോകുമ്പോൾ അത് 402 കോടിയായി. അഞ്ചു ശതമാനം റവന്യൂ കമ്മി അഞ്ചു കൊല്ലം കൊണ്ടു കുറച്ചിട്ടാണ് യു.ഡി.എഫ് ഗവൺമെന്റ് പോയത്. എന്നിട്ട് ഇപ്പോൾ നാലു കൊല്ലം കൊണ്ടാണ് 617 ശതമാനം വർദ്ധനവാണ് ഉണ്ടായത്. അഞ്ചു കൊല്ലംകൊണ്ട് അഞ്ചു ശതമാനം കുറഞ്ഞ സ്ഥാനത്ത് 402 എന്നുള്ളത് ഈ വർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റനുസരിച്ച് 2481 കോടി രൂപ. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പറഞ്ഞത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന തുക മുഴുവൻ ഗ്രാന്റായിട്ട് കൊടുക്കുന്നു. അത് റവന്യൂ എക്സ്പെന്റിച്ചറായിട്ടു വരുമെന്നാണ്. അതിന്റെ 70 ശതമാനം ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറിനുവേണ്ടിയാണ് വിനിയോഗിക്കുന്നത്. അതുകൊണ്ട് കണക്കിലെ അപാകതകളാണ് അതെന്ന് പറഞ്ഞു. അതു തന്നെയാണോ കാരണം? അതംഗീകരിച്ചാൽ പോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ള 70 ശതമാനവും മൂലധന ചെലവിനാണെന്ന പേരിൽ, നമ്മുടെ റവന്യൂ എക്സ്പെന്റിച്ചറിനെ ആ കണക്കിൽ നിന്നു മാറ്റിയാൽ നമ്മുടെ നില എവിടെ ചെന്ന് എത്തും. 2481 കോടി രൂപയുടെ സ്ഥാനത്ത് 1999-2000-ൽ 1940.62 കോടി രൂപയിലെത്തി നില്ക്കും. അതായത് 481 ശതമാനം. അതു മാത്രമല്ല അങ്ങനെയാണെന്നുപറഞ്ഞുകൊണ്ട് ധനകാര്യമന്ത്രി ന്യായീകരണം നടത്തിയത്. ഇരുട്ടുകൊണ്ടു ഓട്ടയടയ്ക്കാൻ നടത്തുന്നതു പോലെയുള്ള ശ്രമങ്ങളാണ്. നമ്മളുദ്ദേശിക്കുന്ന വരുമാനം കിട്ടുന്നില്ല. നമ്മൾ പ്രതീക്ഷിച്ചതിനേക്കാൾ വളരെ കൂടുതൽ ചെലവുകൾ വരുന്നു. ആ സത്യം നമ്മൾ അംഗീകരിക്കണ്ടേ? ഇവിടെ നിങ്ങൾ അടുത്ത വർഷത്തേയ്ക്ക് കണക്കാക്കിയിരിക്കുന്ന കണക്കുകൾ ശരിയാകുമോ ? അടുത്ത വർഷം റവന്യൂ കമ്മി കുറച്ചു വരുമെന്നാണ് നിങ്ങൾ കണക്കാക്കിയിരിക്കുന്നത്. അതിനുവേണ്ടി നിങ്ങൾ വരുമാനം വളരെയധികം വർദ്ധിപ്പിച്ചിരിക്കുന്നു. വരുമാനം വളരെ ഉയർത്തി വച്ചിരിക്കുന്നു. ചെലവ് വളരെ കുറച്ചു കാണിക്കുന്നു. ഒരു ബഡ്ജറ്റിലെ കണക്കുകളുടെ വിശ്വസ്തത വളരെ പ്രധാനമല്ലേ? വരവും ചെലവും തമ്മിൽ ഒരു ബന്ധവുമില്ലാത്ത രീതിയിലാണ് ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നത്. നിങ്ങൾ 16 ശതമാനം വരുമാനം വർദ്ധിപ്പിച്ചു കാണിച്ചിരിക്കുന്നു പുതിയ ബഡ്ജറ്റിൽ. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ഫൈനലായിട്ടുള്ള അക്കൗണ്ട്സ് എ. ജി. അംഗീകരിച്ച് വന്നിട്ടുണ്ട്. ഈ മൂന്നു വർഷത്തെ വരുമാന വർദ്ധനവ് എത്രയാണ് ? 30 ശതമാനമാണ്. ഒരു വർഷത്തെ ആവറേജ് 10.1 ശതമാനമാണ്. 1999-2000-ലെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ കണക്കുകൂടി വച്ചു നോക്കിയാൽപോലും 12 ശതമാനത്തിനപ്പുറം പോയിട്ടില്ല. ഇതുവരെ കിട്ടിയിട്ടുള്ള വരുമാനത്തിന്റെ കണക്കു വച്ചു നോക്കിയാൽ 10 ശതമാനം, ഇനി വേണമെങ്കിൽ നിങ്ങളുടെ അമിതമായ പ്രതീക്ഷയനുസരിച്ച് നോക്കിയാൽപ്പോലും 12 ശതമാനത്തിന് അപ്പുറം പോവില്ല. ആ സ്ഥാനത്ത് നിങ്ങൾ 16 ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു. ചെലവോ 8.05 ശതമാനം, ഇതെന്തു

കണക്കാണ് ? കഴിഞ്ഞ മൂന്നു വർഷക്കാലം നിങ്ങളുടെ ചെലവ് 49.9 ശതമാനം. ആവറേജ് 16.6 ശതമാനം വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെ വരവ് വളരെ വർദ്ധിപ്പിച്ചും ചെലവ് സത്യവുമായിട്ട് ഒരു ബന്ധവുമില്ലാത്ത നിലയിലും വച്ചിട്ട് എന്താണ് ചെയ്യാൻ പോകുന്നത് ? അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ വഴി കഴിഞ്ഞ മൂന്നു വർഷക്കാലമായി നിങ്ങൾക്ക് ഒരു പൈസപോലും പിരിച്ചെടുക്കാൻ സാധിച്ചോ? 1996-97-ൽ നിങ്ങൾ എ.ആർ.എം.ൽ ഒന്നും നീക്കി വച്ചില്ല. അതുപോലെ അതു കഴിഞ്ഞിട്ടുള്ള മൂന്നു വർഷക്കാലത്തെ എ.ആർ.എം. എന്താണ് ? ഒന്നുമില്ല. അപ്പോൾ വരുമാനം കൂടുന്നുമില്ല. ചെലവു കുറയ്ക്കാനും പറ്റുന്നില്ല. എന്നിട്ട് ബഡ്ജറ്റിൽ സർക്കസ്സാണ് കാണിക്കുന്നത്. വരുമാനം കൂട്ടിയും കുറച്ചും വയ്ക്കാം. പക്ഷേ ഇത്രയും അപ്രായോഗികമായിട്ടുള്ള, യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്ത, കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഇന്നുവരെ കിട്ടിയിട്ടില്ലാത്ത വിധത്തിലുള്ള വരുമാനം കാണിച്ചാൽ എന്തു പ്രയോജനം. അതുപോലെ ശമ്പളത്തിനുവേണ്ടി കഴിഞ്ഞ വർഷം നീക്കി വച്ച തുകപോലും വയ്ക്കുന്നില്ലെന്നു പറഞ്ഞാൽ എന്താണ് സ്ഥിതി ? കഴിഞ്ഞ മൂന്നു വർഷക്കാലം കൊണ്ട് നമ്മുടെ സാലറി 40 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ആവറേജ് വന്നാൽ 13 ശതമാനത്തിലധികം വരും. 15 ശതമാനം ഡി.എ. കൂടി കൊടുക്കണമെന്നുണ്ടെങ്കിൽ ഇപ്പോഴത്തെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്ന് 1080 കോടി രൂപ എങ്കിലും കുറഞ്ഞത് വയ്ക്കണം. 5481 രൂപ വയ്ക്കേണ്ട സ്ഥാനത്ത് 4710 രൂപ വച്ചുകൊണ്ട് നിങ്ങൾ തികച്ചും അൺ റിയലിസ്റ്റിക്കായിട്ടുള്ള ഒരു ബഡ്ജറ്റ്, ആ ബഡ്ജറ്റിലെ കണക്കുകൾ, അതിന് യാതൊരു സാംഗ്റ്റിറ്റിയും കൊടുക്കാത്തതിൽ ശക്തിയായിട്ടുള്ള പ്രതിഷേധം ഞാൻ പ്രകടിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ കട ബാധ്യതയെക്കുറിച്ചു ശ്രീ. ദാസൻ ഇവിടെ സംസാരിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വളരെ വർദ്ധിച്ചു. ഈ ഗവൺമെന്റിന്റെ കാലത്തു ഞങ്ങളെല്ലാം നിയന്ത്രിച്ചു വച്ചിരിക്കുന്നു എന്നു പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പതിനായിരത്തിൽപ്പരം കോടി രൂപയായി വർദ്ധിച്ചു. ഉണ്ടായിരുന്നതിന്റെ ഇരട്ടിയായി വർദ്ധിച്ചു. മൂന്നു വർഷംകൊണ്ടുള്ള കണക്കാണ് ശ്രീ. ദാസൻ ഇവിടെ പറഞ്ഞത്. പക്ഷേ ഇനി അങ്ങോട്ടുള്ള കഥ എന്തായിരിക്കും. മൂന്നു വർഷംകൊണ്ട് 15,700 കോടി രൂപയിൽ എത്തിയിരിക്കുകയാണ്. ഈ വർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ 2700 കോടി രൂപയാണ് കട ബാദ്ധ്യത കാണിച്ചിരിക്കുന്നത്. അപ്പോൾ നാലു വർഷംകൊണ്ട് 18,400 കോടി രൂപ അതല്ല, അതിനെക്കാൾ ഗൗരവതരമായിട്ടുള്ളത് നമ്മുടെ ബഡ്ജറ്റ് ഇൻ ബ്രീഫിൽ പെർക്യാപ്പിറ്റാ ഡെപ്റ്റ് കാണിച്ചിട്ടുണ്ട്. അതിൽ എന്തോ പിശകു പറ്റിയിട്ടുണ്ടെന്നു സംശയമുണ്ട്. ഒരാൾ ബഡ്ജറ്റ് ഇൻ ബ്രീഫിലെ കണക്കു തന്നെ വിശ്വസിക്കുന്നുവെന്നു കരുതുക, അതുതന്നെ എടുത്താൽ പെർക്യാപിറ്റാ ഡെപ്റ്റു പെർക്യാപ്പിറ്റാ എസ്.ഡി.പി. യെക്കാൾ വളരെ വർദ്ധിക്കുകയാണ്. ഇന്ത്യയിൽ അതുവച്ചു നോക്കിയാൽ ഒന്നാമത്തെ സംസ്ഥാനമാണ് കേരളം. പെർക്യാപിറ്റാ ഡെപ്റ്റ് പെർക്യാപ്പിറ്റാ എസ്.ഡി.പി. യെക്കാൾ വർദ്ധിക്കുന്ന രണ്ടു സ്റ്റേറ്റുകളിൽ ഒന്ന് കേരളവും മറ്റൊന്ന് ബീഹാറുമാണ്. നിങ്ങൾ തന്ന ബഡ്ജറ്റ് ഇൻ ബ്രീഫിലെ കണക്കു അനുസരിച്ചാണ് കേട്ടോ ? വളരെ ഭയാനകമായ രീതിയിലുള്ള ഒരു ചിത്രമാണ് നമ്മുടെ മുൻപിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഫൈനാൻസ് കമ്മീഷനു കൊടുത്ത മെമ്മോറാണ്ടം, അതിനകത്ത്ഉള്ളത് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന രീതിയിലല്ല. സാധാരണ കേന്ദ്രഗവൺമെന്റിന് കൊടുക്കുമ്പോൾ നമ്മൾ നമ്മുടെ ധനകാര്യ സ്ഥിതി കുറച്ചു വിപുലീകരിച്ചു പറയും. പക്ഷേ ഇതിനകത്ത് നിങ്ങൾ പറഞ്ഞിരിക്കുന്ന കണക്ക് 1996-97 മുതൽ കേന്ദ്രത്തിൽ നിന്നും 539 കോടി രൂപ ഇങ്ങോട്ടു കിട്ടുമ്പോൾ നമുക്ക് അങ്ങോട്ട് 659 കോടി രൂപ കൊടുക്കേണ്ടിവരുന്നു. നിങ്ങൾ ധനകാര്യ കമ്മീഷനു കൊടുത്ത മെമ്മോറാണ്ടമാണ്. 1996-97 മുതൽ കേന്ദ്രത്തിൽ നിന്ന് നമുക്കു കിട്ടുന്ന തുകയേക്കാൾ കൂടുതൽ നമുക്ക് തിരിച്ച് അടയ്ക്കേണ്ട സ്ഥിതി വരുന്നു. നമ്മളിന്ന് കടക്കെണിയിൽപ്പെട്ടിരിക്കുകയാണ്. കേന്ദ്രത്തിൽ നിന്ന് നമുക്ക് ലഭിക്കേണ്ട ഗ്രാന്റിനേക്കാൾ കൂടുതൽ തിരിച്ച് കേന്ദ്രത്തിൽ അടയ്ക്കേണ്ടി വരുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. നമ്മുടെ ആളോഹരി കടം ആളോഹരി മൊത്ത വരുമാനത്തെക്കാൾ അപ്പുറത്തായിരിക്കുന്നു. ഈ ഗുരുതരമായ അവസ്ഥയ്ക്കു പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ഒന്നും ചിന്തിക്കാതെ ചില സൗജന്യങ്ങൾ മാത്രം കൊടുത്തുകൊണ്ട് നമുക്ക് സാമ്പത്തിക വളർച്ച നേടാമെന്നു വിചാരിക്കുന്നതു ശരിയല്ല. ശ്രീ. എ.സി. ഷൺമുഖദാസ് ഇവിടെ ഒരു അവകാശവാദം ഉന്നയിച്ചു. പ്രതിപക്ഷ കക്ഷികൾ എന്താണ് ഈ വളർച്ചാനിരക്കിനെക്കുറിച്ച് അഭിമാനിക്കാത്തതെന്ന് ചോദിച്ചു. വളർച്ചാനിരക്കിൽ ഇന്ത്യയിൽ അഞ്ചാം സ്ഥാനത്ത് കേരളം എത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട ഷൺമുഖദാസേ ഞാൻ അഭിമാനിക്കുന്നു ആ അഞ്ചാം സ്ഥാനത്ത് എത്തിയ കാലഘട്ടം യു.ഡി.എഫ്.ന്റെ അഞ്ച് വർഷക്കാലമായിരുന്നു. അതായത് യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലമടക്കം 1991-92 മുതൽ 1997-98 വരെയുള്ള ഈ ഏഴ് വർഷക്കാലത്താണ് റിസർവ് ബാങ്കു കണക്കെടുത്തിട്ട് കേരളത്തിനു അഞ്ചാം സ്ഥാനം തന്നിരിക്കുന്നത്. അതിന് മുൻപ് റിസർവ് ബാങ്ക് ഒരു സ്റ്റഡി നടത്തി. അന്ന് കേരളം 9-ാം സ്ഥാനത്തായിരുന്നു. അന്ന് യു.ഡി.എഫ്.-ന്റെ മൂന്നുവർഷവും എൽ.ഡി.എഫ്. ന്റെ നാല് വർഷക്കാലവും കൂടി കൂട്ടിയപ്പോൾ കേരളത്തിന് 9-ാം സ്ഥാനമായിരുന്നു. ഇതാണ് വളർച്ചാ നിരക്കിൽ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത്. ഈ വർഷം 5.6 ശതമാനം വളർച്ചാനിരക്കുണ്ടായിയെന്നു പറഞ്ഞു. ഇത് ആർക്കും വിശ്വസിക്കാൻ പറ്റുന്നില്ല. ഞാൻ ആ കണക്കിനെ തള്ളിപ്പറയുകയില്ല. പക്ഷെ ആരും വിശ്വസിക്കുന്നില്ല. കാര്യം നാട്ടിൽ എല്ലായിടത്തും സാമ്പത്തിക മാന്ദ്യം. നാട്ടിൽ എല്ലാപേർക്കും സാമ്പത്തിക ബുദ്ധിമുട്ട്. സംസ്ഥാനത്തിന് നികുതി കിട്ടുന്നില്ല. പക്ഷെ വളർച്ചാനിരക്ക് വളരെ ഉയർന്നതായാണ് പറയുന്നത്. 1995-96-ൽ 4.99 ശതമാനമായിരുന്നു വളർച്ചാനിരക്ക്, അന്ന് നമുക്ക് ടാക്സും നോൺ ടാക്സും കൂടി. 21.25 ശതമാനം മുൻപത്തേക്കാൾ വർദ്ധനവ് സ്റ്റേറ്റിനുകിട്ടി. 1996-97-ൽ വളർച്ചാനിരക്ക് 4.84 ശതമാനമാണ്. അന്ന് ടാക്സും നോൺടാക്സുമിനത്തിൽ 7.79 ശതമാനം കിട്ടി. 1998-99-ൽ വളർച്ചാ നിരക്ക് 5.6 ശതമാനം. 14.28 ശതമാനമാണ് ടാക്സും നോൺ ടാക്സുമിനത്തിൽ കിട്ടിയത്. മൈനസ് വളർച്ചാനിരക്ക് വരുമാനത്തിൽ ഇത് എങ്ങനെ വരും. ഇത് വരുന്നത് ഒന്നുകിൽ 5.6 ശതമാനത്തിന്റെ വളർച്ചാ നിരക്ക് ശരിയായ കണക്കല്ല. അല്ലെങ്കിൽ നമ്മുടെ നികുതി വരുമാനങ്ങൾ ശേഖരിക്കുന്നതിനകത്ത് നമ്മൾ അങ്ങേയറ്റം

LIBRARY ARCHIVES Kerala Legislative Assembly

പരാജയപ്പെട്ടിരിക്കുന്നു. ഇതിൽ രണ്ടിലേതെങ്കിലും അംഗീകരിക്കണ്ടേ ? കാരണം വളർച്ചാനിരക്ക് നമുക്ക് കുറവുള്ളപ്പോൾ കൂടുതൽ വരുമാനം, വളർച്ചാനിരക്ക് കൂടുമ്പോൾ വരുമാനം കുറയുന്നു. ഇതെങ്ങനെയാണെന്ന് എത്ര നോക്കിയിട്ടും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. എനിക്ക് പറയുവാനുള്ളത് 1998-99-ലെ കണക്കുവച്ച് ശമ്പളവും പെൻഷനും പലിശയ്ക്കും കൂടി 7638 കോടി രൂപ നമ്മുടെ വരുമാനത്തിന്റെ 81.34 ശതമാനം ചെലവാകുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി സംസ്ഥാന ഗവൺമെന്റിന് പണം മുടക്കാനില്ല. അങ്ങനെയാണെങ്കിൽ സ്വകാര്യ മേഖലയ്ക്കും ഈ വ്യവസായ രംഗത്തേയ്ക്ക് വരുന്നതിനുള്ള അന്തരീക്ഷമുണ്ടാക്കണ്ടേ? അതിന് അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കണ്ടേ ? ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത് ഗവൺമെന്റിന് പണമില്ലാത്തതുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ വേണ്ടി ഞങ്ങൾ ഒരു പുതിയ ഫണ്ട് കൊണ്ടുവരുന്നുവെന്നാണ്. ഓർഡിനിനൻസുവഴിയാണ് തുക ശേഖരിച്ചത്. 507 കോടി രൂപ കിട്ടി. 13.69 ശതമാനമാണ് പലിശ. ഒരു ദിവസം നമ്മൾ പത്തൊൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ പലിശ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ ഒരു ചോദ്യം ചോദിച്ചു. 507 കോടി രൂപ സമാഹരിച്ചു. ഈ സഭയിൽ ചോദിച്ച ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞിരിക്കുന്നത് ഇതുവരെ ഒരു രൂപയും ചെലവാക്കിയിട്ടില്ല എന്നാണ്. ഏതെല്ലാം പ്രോജക്ടുകൾക്ക് അനുമതി നൽകി ? ഇതുവരെ ഒരു പ്രോജക്ടിനും അനുമതി നൽകിയിട്ടില്ല. ഈ വർഷം എത്ര രൂപ ചെലവാക്കും ? ഈ വർഷം എത്ര രൂപ ചെലവാക്കുമെന്ന് ഇതുവരെ കണക്കാക്കാൻ പറ്റിയിട്ടില്ല. ഇപ്പോൾ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു ഈ വർഷം 200 കോടി രൂപ ചെലവാക്കുമെന്ന്. എന്താണ് സർ ഇത് ? നമുക്ക് വരുമാനമുണ്ടാക്കി ഇവിടത്തെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ സാധിക്കുന്നില്ല. കടമെടുക്കുന്ന തുക ഇതിനുവേണ്ടി വിനിയോഗിക്കാൻ സാധിക്കുന്നില്ല. ഒരാവശ്യത്തിനുവേണ്ടി മാത്രം ഓർഡിനൻസിറക്കി അടിയന്തിരമായി ശേഖരിച്ച തുക ഒരു ദിവസം ഇരുപത് ലക്ഷത്തോളം രൂപ പലിശ കൊടുത്തുകൊണ്ടിരിക്കുന്നു. ഒന്നരക്കൊല്ലം കഴിഞ്ഞിട്ടും 200 കോടി രൂപയേ ചെലവാക്കത്തുള്ളൂവെന്നുവെച്ചാൽ ഈ നാടിന്റെ ഗതികേടോർത്ത് ദു:ഖിക്കുകയല്ലാതെ എന്തു ചെയ്യാൻ പറ്റും ? ഇപ്പോൾ ഞങ്ങൾ വേറൊരു ചോദ്യം ചോദിച്ചു. ഈ തുക എവിടെ ഇട്ടിരിക്കുന്നു. മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. ട്രഷറിയിൽ ഇട്ടിട്ടുണ്ടെന്ന്. ഇന്നത്തെ സാമ്പത്തിക നില എന്താണെന്ന് ചോദിച്ചു. മന്ത്രി മറുപടി പറഞ്ഞു ഇപ്പോൾ നമുക്ക് ഓവർഡ്രാഫ്റ്റ് ആണ്. 507 കോടി രൂപയും തീർന്ന് ways and means ഒക്കെ എടുത്ത് ഓവർഡ്രാഫ്റ്റിലെത്തിയിരിക്കുന്നു. ഈ നാടിന്റെ വികസനം എങ്ങോട്ട് പോകും. ഇത് വളരെ ഗൗരവതരമായി ചിന്തിക്കണം. ഇത് ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിലുള്ള രാഷ്ട്രീയ പോരാട്ടം നടത്തേണ്ട പ്രശ്നമല്ല. ഇത് സംസ്ഥാനത്തിന്റെ ഭാവിയുടെ പ്രശ്നമാണ്. നാളത്തെ തലമുറ നമ്മളോട് ചോദിക്കും. തമിഴ്നാടിനേയും, ആന്ധ്രയേയും, കർണ്ണാടകത്തേയുമൊക്കെ നമ്മൾ പുച്ഛിച്ചിട്ടുണ്ട്. പക്ഷെ ഇപ്പോൾ അവരേക്കാൾ എത്രയോ പുറകിലോട്ട് കേരളമെത്തിയിരിക്കുന്നു. അവർ ഇന്നും നമ്മളെ പിന്നിലാക്കിക്കൊണ്ട് മുന്നോട്ട്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നു. ഇത് പുതിയ തലമുറയോട് ചെയ്യുന്ന ദ്രോഹമാണ്. നമ്മൾ രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായി ഈ നാടിന്റെ വികസനത്തിനു വേണ്ടി ചിന്തിക്കേണ്ടതാണ്. നികുതി സംബന്ധിച്ച് അടിയന്തിരമായി ചില മാറ്റങ്ങൾ വേണമെന്ന് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഖാദി-ഗ്രാമ വ്യവസായങ്ങളുടെ 21 ഉൽപ്പന്നങ്ങൾക്കാണ് നികുതി ഇളവ് നൽകിയിട്ടുള്ളത്. ഖാദി-ഗ്രാമ വ്യവസായങ്ങളുടെ എല്ലാ ഉൽപ്പന്നങ്ങൾക്കും നികുതി ഇളവ് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ അപ്പക്സ് സഹകരണസംഘം മത്സ്യഫെഡിന് നൽകാനായിട്ടുള്ള എഞ്ചിനുകളെ വില്പന നികുതിയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. ഇത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കുകൂടി ബാധകമാക്കണം. ഒരു കോടതിവിധിയെത്തുടർന്ന് മഞ്ഞൾപ്പൊടിക്ക് നികുതി ഈടാക്കുന്നു. മുളകുപൊടിക്കും മല്ലിപ്പൊടിക്കും ഈടാക്കുന്നില്ല. അതുകൊണ്ട് മഞ്ഞൾപ്പൊടിയുടെ ടാക്സ് മുൻകാല പ്രാബല്യത്തോടുകൂടി പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അഞ്ച് ഹെക്ടർവരെയുള്ള കൃഷിക്കാരെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ പ്ലാന്റേഷൻ ടാക്സിൽ നിന്നും ഒഴിവാക്കുകയെന്നുള്ളത് ഇതുവരെ തുടർന്നുവന്നിട്ടുള്ള ഒരു നടപടിക്രമമാണ്. അതുകൊണ്ട് അതിനുവേണ്ടിയുള്ള നടപടിയെടുക്കണം. അതുപോലെ റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് നികുതി എട്ട് ശതമാനമായി വർദ്ധിപ്പിച്ചു. നമ്മുടെ അയൽ സംസ്ഥാനങ്ങളിലെല്ലാം ഇതിന് നാല് ശതമാനം നികുതിയാണ്. നമ്മൾ എട്ട് ശതമാനമാക്കിയാൽ നമ്മുടെ സംസ്ഥാനത്ത് ആ വ്യവസായം നഷ്ടത്തിൽപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് 4 ശതമാനം ആക്കുവാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ അങ്ങയുടെ ബഡ്ജറ്റിൽ സോഫ്റ്റ് വുഡിന് വാങ്ങൽ നികുതി വില്പന നികുതിയിൽ നിന്നും ഒഴിവാക്കികൊടുക്കുമെന്ന് പറഞ്ഞിട്ടുള്ളത് ഒരു അനോമലിയായി വന്നിരിക്കുകയാണ്. വാങ്ങൽ നികുതി വില്പനനികുതിയേക്കാൾ കൂടിയ തുകയാണ് വരുന്നത്. അതിന്റെ വിശദാംശങ്ങൾ ഞാൻ മന്ത്രിക്ക് തന്നിട്ടുണ്ട്. അത് പരിശോധിച്ച് അതിലും ആവശ്യമായ തീരുമാനമെടുക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ബഡ്ജറ്റിനപ്പുറം അല്പം രാഷ്ട്രീയം കൂടി പറയട്ടെ. ഇവിടത്തെ റേഷൻ സബ്സിഡിയെക്കുറിച്ച് കേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാലിന്റെ ഒരു സ്റ്റേറ്റ്മെന്റ് വന്നിട്ടുണ്ട്. ഇത് മറ്റൊരു സംസ്ഥാനത്തുനിന്നുമുള്ള ഒരു മന്ത്രി പറഞ്ഞിരുന്നുവെങ്കിൽ നമുക്ക് ഇത്രയും വിഷമമുണ്ടാകുകയില്ലായിരിക്കും. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളെല്ലാം അറിയാമായിരുന്ന ഒരു മന്ത്രി റേഷൻ കാലഹരണപ്പെട്ട ആശയമെന്ന് പറഞ്ഞത് ഒരിക്കലും അംഗീകരിക്കാൻ പറ്റുന്ന സംഗതിയല്ല. അതിനോട് നമുക്ക് ഒരു തരത്തിലും യോജിക്കാൻ കഴിയുകയില്ല. ആ റേഷൻ സംപ്രദായത്തിൽ വെള്ളം ചേർക്കുന്ന ഒരു നടപടിയോടും നമുക്ക് യോജിക്കാൻ പറ്റുകയില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ചോദ്യം ചോദിക്കാനുണ്ട്. ഈ സഭയിൽ നമ്മളെല്ലാം ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി. അതിൽ ഒരു അഭിപ്രായ വ്യത്യാസവും ഉണ്ടായില്ലല്ലോ. റേഷന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തുന്ന തെറ്റായ ഏത്

LIBRARY ARCHIVES Kerala Legislative Assembly

നീക്കങ്ങൾക്കുമെതിരായി നിൽക്കാൻ പ്രതിപക്ഷം ഗവൺമെന്റിന് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. പിന്നെ എന്തായിയെന്ന് ഇതുവരെ ഒന്നും അറിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ പോയി ഏതാനും ദിവസങ്ങൾ അവിടെ ഉണ്ടായിരുന്നു. പ്രധാനമന്ത്രിയെ കണ്ടതായി ഞങ്ങളാരും പത്രത്തിൽ കണ്ടിട്ടില്ല. കേരളത്തിലെ മൂന്നുകോടി ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. ഒരു രാജഗോപാൽ പറഞ്ഞതിന്റെ പേരിൽ പ്രതിഷേധിച്ചിട്ട് കാര്യമില്ല. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടത് ചെയ്യണം. ഞങ്ങൾ ആൾ പാർട്ടി ഡെലിഗേഷൻ പോകണമെങ്കിൽ അതിനും തയ്യാർ. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഏതു വിധത്തിലുള്ള പിന്തുണ നൽകാനും തയ്യാർ. പക്ഷെ നിയമസഭയിൽ പ്രമേയം പാസ്സാക്കി അത് പോസ്റ്റ് ആന്റ് ടെലഗ്രാഫ് ഡിപ്പാർട്ടുമെന്റ് വഴി അയച്ചുകഴിഞ്ഞാൽ നമ്മുടെ ബാദ്ധ്യത കഴിഞ്ഞു എന്ന നിലയിൽ ഇരിക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. ഇത് കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന പ്രശ്നമാണ്. അക്കാര്യത്തിൽ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഇതിൽനിന്നും രക്ഷനേടാൻ തയാറാകണം. മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടില്ല എന്നുള്ളത് വളരെ ആശങ്കയോടുകൂടിയാണ് ഞങ്ങൾ വീക്ഷിക്കുന്നത്. കാരണം നമ്മൾ കാഷ്വലായി ഒരു പ്രമേയം പാസ്സാക്കിയാൽ പോരാ. ഈ നാട്ടിലെ ജനങ്ങളുടെ പ്രതിഷേധം നമ്മൾ അറിയിക്കണം. അത് നേരിട്ട് കണ്ട് പറയണം. കൺസ്യൂമർ കാർഡിനെക്കുറിച്ച് ഒരു കാര്യം പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശർമ്മയോടുള്ള എല്ലാ സ്നേഹവും നിലനിർത്തിക്കൊണ്ട് പറയുകയാണ്. ഇത് ജനങ്ങൾക്ക് ആവശ്യമില്ല, ഉപഭോക്താവിന് ആവശ്യമില്ല. അങ്ങ് നല്ല ഉദ്ദേശത്തോടുകൂടിയായിരിക്കാം പറയുന്നത്, അങ്ങയോട് ചോദിക്കട്ടെ, അങ്ങയുടെ സ്വന്തം നാട്ടിൽ കൺസ്യൂമർ കാർഡിന്റെ അപേക്ഷാ ഫോറത്തിന് ആളുകൾ പൈസ മേടിച്ചു എന്നുള്ളത് അങ്ങ് അറിഞ്ഞല്ലോ. നെടുമങ്ങാട് ഫോം പൂരിപ്പിച്ചുകൊടുത്തതിന് 25 രൂപ മേടിച്ചിരിക്കുന്നു. കൺസ്യൂമർ കാർഡ് ജനിക്കുന്നതിനുമുമ്പ് ഇതാണ് സ്ഥിതി എങ്കിൽ ഇത് വന്നുകഴിഞ്ഞാലുള്ള സ്ഥിതി എന്താണ് ? അതുകൊണ്ട് ജനങ്ങൾക്ക് വേണ്ടാത്ത കൺസ്യൂമർ കാർഡ് പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു, ജനകീയ പോലീസ്. നമുക്കിന്ന് ജനകീയ പോലീസ് ആണോ ആവശ്യം ? എന്റെ അഭിപ്രായത്തിൽ ജനങ്ങൾക്ക് വിശ്വാസമുള്ള പോലീസാണ് നമുക്ക് ആവശ്യം. ഇന്ന് ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുന്നു. പോലീസിന്റെ ശക്തിയെന്നു പറയുന്നത് പോലീസിന്റെ കയ്യിലുള്ള ആയുധത്തിനാകരുത്. മറിച്ച് പോലീസിനെക്കുറിച്ച് ജനങ്ങൾക്ക് വിശ്വാസം ഉണ്ടാകണം. അതല്ല ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടാൽ പിന്നെ പോലീസിന്റെ കയ്യിലുള്ള ആയുധത്തിന്റെ ശക്തിയാണ്. അതാണ് തീവ്രവാദികളുമായി ഏറ്റുമുട്ടുമ്പോൾ കടുത്ത നടപടികൾ വേണ്ടിവരുന്നത്. അതല്ല നമുക്ക് ആവശ്യം. ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ട് പോകുകയാണ് വേണ്ടത്. ജനകീയ പോലീസ് നടപ്പിലാക്കിയേ പറ്റൂ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഞങ്ങൾ രാഷ്ട്രീയമായിട്ടല്ല ഇത് എതിർക്കുന്നത്. അങ്ങ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ വച്ച് ജനകീയ പോലീസ് എന്നുള്ള ആശയം എങ്ങനെ മുഖവിലയ്ക്ക് എടുക്കാൻ പറ്റും ? നിങ്ങൾ ക്യാബിനറ്റിൽ ചർച്ച ചെയ്തോ? ഈ ആശയത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പഠിക്കാൻ ഇവിടുന്ന് ആരെയാണ് അയച്ചത്? മുഖ്യമന്ത്രി ഞങ്ങൾക്ക് തന്ന മറുപടിയിൽ ആരേയും അയച്ചിട്ടില്ല എന്നാണ് പറയുന്നത്. പക്ഷെ പോലീസ് അസോസിയേഷന്റെ നാലു പേർ വെസ്റ്റ് ബംഗാളിലും ത്രിപുരയിലും തമിഴ്നാട്ടിലുമൊക്കെ പോയി അന്വേഷിച്ചിരിക്കുകയാണ്. ഇത്രയും വലിയൊരു നടപടിയെക്കുറിച്ച് ചിന്തിക്കുമ്പോൾ അത് തുറന്ന മനസ്സോടുകൂടിയാണെങ്കിൽ പോലീസ് അസ്സോസിയേഷനിലെ നേതാക്കളെ അനൗദ്യോഗികമായി ഈ സ്ഥലങ്ങളിലേയ്ക്ക് വിട്ട് അന്വേഷിപ്പിക്കുകയാണോ വേണ്ടത് ? അല്ലല്ലോ ? ജനകീയ പോലീസ് എന്നുള്ള ആശയം ആരോടും ചർച്ച ചെയ്യാതെ ആരേയും വിശ്വാസത്തിൽ എടുക്കാതെ കൊണ്ടുവന്ന ആശയമാണ്. ജനങ്ങൾക്ക് ഇതു സംബന്ധിച്ച് വലിയ സംശയമാണ് ഉള്ളത്. ആ ആശയം ഉപേക്ഷിക്കണം. നമുക്ക് ജനകീയ പോലീസ് അല്ല ആവശ്യം. നമുക്ക് ഇന്ന് ആവശ്യം ഈ നാട്ടിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമായ പ്രവർത്തനങ്ങളാണ്.. നമ്മൾ അതൊക്കെ മറന്നു. നമ്മൾ വികസനത്തിന്റെ ചിത്രത്തിൽനിന്ന് സാമ്പത്തിക വളർച്ചാരംഗത്തുനിന്ന് ക്രമേണ ക്രമേണ മാഞ്ഞുപോയി. ഇതുപോലുള്ള ചെറിയ ചെറിയ രാഷ്ട്രീയ പ്രശ്നങ്ങളിൽ പരസ്പരം കലഹിക്കുന്ന, ഏറ്റുമുട്ടുന്ന സ്ഥിതിയിലേയ്ക്ക് ഈ നാടിനെ എത്തിക്കുന്നത് നിർഭാഗ്യകരമാണ്. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, എനിക്കെതിരെ വ്യക്തിപരമായ ആരോപണം ഉന്നയിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് സംസാരിക്കാൻ എനിക്ക് അവസരം തരണം.

മി. സ്പീക്കർ : അങ്ങനെ വ്യക്തിപരമായ ആരോപണം ഉന്നയിച്ചിട്ടില്ല. ചെയറിന് ബോദ്ധ്യമാകണ്ടേ ? രാഷ്ട്രീയമായി പറഞ്ഞിട്ടുണ്ടാകും.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഞാൻ ഈ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കണമെന്ന് ഉദ്ദേശിച്ചതേയല്ല. ഞാൻ ബി.ജെ.പി. യുടെ ഹിഡൻ അജണ്ട എന്ന് കേട്ടിരുന്നു. ഇന്ന് ഒരു ഹിഡൻ അജണ്ട ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയിൽനിന്നും പുറത്തു വന്നു. അതിൽ റേഷൻ സംവിധാനം കാലഹരണപ്പെട്ട ആശയമാണ്. സബ്സിഡി, റേഷൻ തുടങ്ങിയവ ക്ഷാമകാലത്തുമാത്രം പ്രസക്തിയുള്ള സംഗതിയാണ്, ഭക്ഷ്യധാന്യം മിച്ചമുള്ള ഇക്കാലത്ത് അതിന്റെ ആവശ്യമില്ല, പാവങ്ങളായ മുഴുവൻ പേർക്കും കുറഞ്ഞ വിലയ്ക്കു ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നയം, ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ളവർക്ക് സിനിമാ ടിക്കറ്റ് എടുക്കാനും പൗഡർ വാങ്ങാനും ഉപയോഗിക്കുന്ന പണം ഉപയോഗിച്ച് അരി വാങ്ങാവുന്നതേയുള്ളൂ എന്ന് ഇത്ര ക്രൂരമായി പറഞ്ഞപ്പോൾ, അദ്ദേഹം ഒരു ആണസ്റ്റായ ആളായതുകൊണ്ട് തുറന്നുപറഞ്ഞു. മറ്റ് പലരും ഇപ്പോൾ ശക്തിയായി സബ്സിഡിക്കെതിരായി വാദകോലാഹലം നടത്തുകയാണ്. സബ്സിഡി എടുത്തു കളഞ്ഞാൽ ഈ രാജ്യം രക്ഷപ്പെടുമെന്നാണ് പറയുന്നത്. ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയില്ലായെന്ന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പറയുകയുണ്ടായി. കേന്ദ്രമന്ത്രി ഈ നയത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്യാൻ ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനം വിളിച്ചിരുന്നു. അതിൽ ഞാനും സംബന്ധിച്ചിരുന്നു. ആ സമ്മേളനത്തിൽ നമ്മൾ പറയുന്ന വാദഗതിക്ക് മറുപടി പറയാൻ അവിടെ ആരുമില്ലായിരുന്നു. അതിനുള്ള കഴിവുമില്ല. പക്ഷെ അവിടെ കിസ് മാസ്റ്റേഴ്സ് വോയ്സ് എന്നു പറയുന്നതുപോലെ ഡബ്ല്യൂ.ടി.ഒ. യും ഗാട്ട് എഗ്രിമെന്റും വന്നതിനുശേഷം സബ്സിഡി എടുത്തുകളയുക എന്നതാണ് രാജ്യത്തിന് മോക്ഷം എന്ന നിലയ്ക്ക് അത് അംഗീകരിച്ച് നടപ്പിലാക്കുകയാണ്. ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ട്, 1996- യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാമിന്റെ റിപ്പോർട്ടാണ്. അതിൽ കേരളത്തെക്കുറിച്ച് പറയുന്നുണ്ട്. കേരളത്തെക്കുറിച്ച് ഒരു പേജോളം കൊടുത്തിരിക്കുന്നു. കേരളത്തിലെ ജീവിത ഗുണനിലവാരം മെച്ചമായിരിക്കുന്നതിൽ "A critical factor in health has been good nutrition, Kerala, although not self-sufficient in food, has the best Public Distribution System in India." കേരള മോഡൽ വികസനത്തെക്കുറിച്ചും കേരളത്തിന്റെ അഭിവൃദ്ധിയെക്കുറിച്ചും പറയുന്ന കൂട്ടത്തിൽ അതിനുള്ള മൂന്നു നാലു കാരണങ്ങളെക്കുറിച്ചും പറയുന്നുണ്ട്. ഒന്ന്, കേരളത്തിന്റെ പൊതുവിതരണ സംപ്രദായമാണ് അതിന് കാരണം. ആരുടെ ക്രെഡിറ്റ് എന്നുള്ളതല്ല. പൊതുവിതരണ സംപ്രദായം അവസാനിപ്പിക്കണമെന്നാണ് ഇപ്പോൾ പറയുന്നത്. അതിനുകാരണം ഇവിടെ സാമ്പത്തിക വികാസമുണ്ടായി. പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കി എന്നാണ്. ഇപ്പോൾ ദാരിദ്ര്യമെല്ലാം പോയി, സുഭിക്ഷം ആണെന്നാണ് പറയുന്നത്. 1990-91 ലാണ് പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കാൻ തുടങ്ങിയത്. നാഷണൽ സാമ്പിൾ സർവ്വേയുടെ ഒരു കണക്കനുസരിച്ച് അന്നു റൂറൽ പോപ്പുലേഷൻ ബിലോ പോവർറ്റി ലൈൻ 35%. 1998 ആയപ്പോൾ 45.2% ആയി. പുതിയ സമൃദ്ധിയുടെ ; അഭിവൃദ്ധിയുടെ സാമ്പത്തിക നയങ്ങളെല്ലാം നടപ്പിലാക്കി കഴിഞ്ഞപ്പോൾ 10% ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം വർദ്ധിച്ചു. അന്നേരമാണ് പറയുന്നത് സബ്സിഡിക്കെല്ലാം എടുത്തുകളയണമെന്ന്, സബ്സിഡികളെ സംബന്ധിച്ചിടത്തോളം നാം മനസ്സിലാക്കാനുള്ളത്, 2000 രൂപവരെ ഒരു വര വരച്ചു, അതിനുമുകളിൽ 2001 രൂപ ഉള്ളവർക്ക് സുഭിക്ഷമാണെന്നു പറഞ്ഞാൽ, ഇങ്ങനെ ഒരു ലൈൻ വരയ്ക്കുന്നതുതന്നെ ശരിയല്ല. ഞാൻ മുമ്പ് പറഞ്ഞ റിപ്പോർട്ടിൽതന്നെ അവർ ഒരു പുതിയ സംപ്രദായം ആവിഷ്ക്കരിച്ചിട്ടുണ്ട്. Capability Poverty Measure അതനുസരിച്ച് "The CPM considered the lack of three basic capabilities. The first is the capability to be well-nourished than healthy." കാപ്പബിലിറ്റിയുടെ കാര്യത്തിൽ മൂന്ന് കാര്യങ്ങൾ പറഞ്ഞിട്ടുള്ളതിൽ ഒന്ന് ആഹാരം നേരെ ചൊവ്വെ കഴിക്കാൻ ഒക്കുമെന്നുള്ളതാണ്. ആ കാപ്പബിലിറ്റി പോവർറ്റി മെഷർ വച്ച് കണക്കാക്കുമ്പോൾ ലോകത്ത് 1-ാം സ്ഥാനം, 76.9% പേർ ഈ മെഷറിന്റെ താഴെ വരുന്നത് ബംഗ്ളാദേശ്, രണ്ടാം സ്ഥാനം ഇന്ത്യ 61.5% . വെറും രൂപ, അണ പൈസ മാത്രമല്ല. ആ കാപ്പബലിറ്റി പോവർറ്റി മെഷറിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു യാർഡ് സ്റ്റിക്ക് അവർക്ക് ആഹാരം കഴിക്കാൻ ഒക്കുമെന്നുള്ളതാണ്. ഇങ്ങനെയുള്ള ഒരു രാജ്യത്ത് സബ്സിഡി മുഴുവൻ എടുത്തുകളയണമെന്നും റേഷൻ എടുത്തുകളയണമെന്നുമാണ് പറയുന്നത്. നമുക്ക് സബ്സിഡിയായിട്ട് 25 ശതമാനം പേർക്ക് മുപ്പതിനായിരം ടൺ അരി

LIBRARY ARCHIVES Kerala Legislative Assembly

4 P.M.] തരുമെന്നാണ് പറഞ്ഞത്. പതിനയ്യായിരം റേഷൻ കടകൾ ഉണ്ട്. രണ്ട് ടൺ റേഷൻ അരി വച്ചുകൊണ്ട് കട നടത്താൻ ഒക്കുകയില്ല. അതിന്റെ ഫലം റേഷൻ കടകൾ മുഴുവൻ പൂട്ടേണ്ടി വരും. അതുകൊണ്ടാണ് ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞത്. ഏതെങ്കിലും സംവിധാനത്തിൽ മിനിമം റേഷൻകട നടത്തിക്കൊണ്ടു പോകത്തക്കതരത്തിൽ അരിയും മറ്റും ചെലവാക്കുന്ന രീതിയിൽ വേണം. ഞാൻ അതിന്റെ വിശദാംശത്തിലേക്ക് പോകുന്നില്ല. ഫുഡിന് രണ്ട് സബ്സിഡിയുണ്ട്. ഒന്ന് പഞ്ചാബിലും ബീഹാറിലുമൊക്കെ കൃഷിക്കാർക്ക് കൊടുക്കുന്ന സ്ബ്സിഡി. ഈ വർഷവും ആ സബ്സിഡി 11.5 ശതമാനം കൂട്ടി. ഇപ്പോൾ ഗോതമ്പിന് കൂട്ടി. ഇതെല്ലാം കൂട്ടിക്കൊണ്ടിരിക്കുകയാണ്. ഇത് തന്നെ ഭാരതത്തിലെ ഒരു പ്രധാന പ്രശ്നം വലിയ സാമ്പത്തിക ദുരിതം വരുന്നത് ചെലവാകാതെ അരിയും ഗോതമ്പും ഗോഡൗണിൽ ഇരിക്കുന്നതാണ്. ഇങ്ങനെയാണ് നമ്മുടെ ഫുഡ് മാനേജുമെന്റ് എന്നുണ്ടെങ്കിൽ സബ്സിഡി കൂട്ടിക്കൊടുത്ത് ഇതെല്ലാം വാങ്ങിച്ചു മുപ്പതിനായിരം ടൺ മാത്രം തന്നിട്ട് ബാക്കിയെല്ലാം ഗോഡൗണിൽ വച്ചിരിക്കുകയാണെങ്കിൽ ഇതിൽ ഉണ്ടാകുന്ന ഭീമമായ നഷ്ടത്തെക്കുറിച്ച് ആരും പരിഗണിക്കാറില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പറഞ്ഞ വാക്ക് അതുപോലെ പാലിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 10 കിലോ സബ്സിഡി കൊടുത്താൽ അത് 25 ശതമാനം പേർക്കു മാത്രമേയുള്ളൂ. പഞ്ചായത്ത് കണക്കാക്കിയാൽ 42 ശതമാനം പേർക്കും ഇന്നുവരെ അതേ റേറ്റിൽ സബ്സിഡി കൊടുത്തിട്ടില്ല. രണ്ടാമത് ഞങ്ങൾ പറഞ്ഞത് 16 കിലോ അരി ഒരു രൂപ കേന്ദ്ര ഗവൺമെന്റിന്റെ വിലയെക്കാൾ കുറച്ചു കൊടുക്കുമെന്ന് പറഞ്ഞു. ഇന്നുവരെ കുറച്ചു കൊടുത്തിട്ടുണ്ടോ. ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻചാണ്ടിയ്ക്ക് അറിയാമല്ലോ അങ്ങ് ഇരുന്നപ്പോൾ കുറച്ചു പേർക്ക് കൊടുത്തു പിന്നെ മുഴുവൻ പേർക്കും കൊടുക്കാൻ ഒക്കാതെവന്നു. അതുപോലെ ഇന്ന് കാശുണ്ടോ ഇല്ലയോ എന്ന പ്രശ്നത്തിൽ തർക്കമില്ല. റേഷൻ കടകൾ അടച്ചിടുന്ന രീതിയുള്ള ഒരു സാഹചര്യം സൃഷ്ടിക്കും. ആ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് കേന്ദ്രം 22 ശതമാനം പേർക്ക് സബ്സിഡി തന്നാലും 42 ശതമാനം പേർക്കും സബ്സിഡി അനുസരിച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ സബ്സിഡികളെക്കുറിച്ചും സൗജന്യങ്ങളെക്കുറിച്ചും പലരും പറയുന്നെങ്കിൽപോലും കേരളത്തിന്റെ വരുംകാലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണെന്ന് കരുതിയാണ് പറയുന്നത്. അതിൽ തുക എത്രയാണ് എന്നുള്ളതിന്റെയല്ല. അതിന്റെ കൂടെ കേരളത്തിന്റെ പൊതുവിതരണ ശൃംഖലയിലുള്ള മാവേലി സ്റ്റോറുകൾ എന്നു പറയുന്നത് അടുത്ത വർഷം എല്ലാ ജനപ്രതിനിധികളുടേയും സഹകരണത്തോടുകൂടി നടക്കും. കെട്ടിടം സൗജന്യമായി എടുത്തു തരികയാണെങ്കിൽ എല്ലാ പഞ്ചായത്തുകളിലും അത് നടപ്പാക്കുകയും ചെയ്യാം.

പ്രതിപക്ഷ നേതാവ് (ശ്രീ. എ. കെ. ആന്റണി) : കേന്ദ്രമന്ത്രി ശ്രീ. രാജഗോപാൽ നടത്തിയ പ്രസ്താവനയെക്കുറിച്ച് ഭരണകക്ഷികളുടെ പ്രതിഷേധംപോലെ തന്നെയാണ് പ്രതിപക്ഷത്തിന്റെ നിലപാട് എന്നാണ് ശ്രീ. ഉമ്മൻചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമാക്കിയത്. കേരളത്തിൽ ജനിച്ച ഒരാൾ കേന്ദ്ര മന്ത്രിയാകാൻ അവസരം കിട്ടിയപ്പോൾ കേരളത്തിനുവേണ്ടി ചെയ്യാവുന്നത് ചെയ്യുന്നതിനുപകരം കേരളത്തിലെ ജനങ്ങളെ ദ്രോഹിക്കുന്ന നടപടി ഉണ്ടാകുന്നത് അതിൽ ശക്തിയായി പ്രതിഷേധിക്കുമെന്ന് ഞങ്ങളുടെ നിലപാട് വ്യക്തമാക്കിയതാണ്. കേരളത്തോട് കൂറുള്ള ആരും ഇങ്ങനെയുള്ള പ്രശ്നം ന്യായീകരിക്കുകയില്ല. എനിക്ക് പറയാനുള്ളത് ഈ പുതിയ റേഷൻ സംപ്രദായം വിശദീകരിക്കുന്നതിനുവേണ്ടി ഭക്ഷ്യമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി ആ യോഗത്തിൽ യുക്തിസഹമായി കേന്ദ്ര നിലപാടിനെ ഖണ്ഡിച്ചുകൊണ്ട് മറ്റു പലരും നിലപാട് സ്വീകരിച്ചു. ഞാൻ ഇത് പത്രത്തിൽ വായിച്ചതാണ്. ശരിയാണ്. ഈ യോഗം നടന്നത് മാസങ്ങൾക്കുമുമ്പാണ്. അതിനുശേഷം ഫെബ്രുവരി 29-ാം തീയതി കേന്ദ്ര ബഡ്ജറ്റ് വരുന്നു. ഫെബ്രുവരി 29-ാം തീയതിയിലെ കേന്ദ്ര ബഡ്ജറ്റിലാണ് പൊതു വിതരണ സമ്പ്രദായത്തിൽ കൂടിയുള്ള റേഷൻ പഞ്ചസാര അവസാനിപ്പിക്കുവാനും റേഷനരിയുടേയും ഗോതമ്പിന്റേയും വിതരണ വില കൂട്ടുവാനും ദാരിദ്ര്യ രേഖയ്ക്കു മുകളിൽ ഉള്ളവർക്ക് ഇക്കണോമിക്ക് പ്രൈസിൽ മാത്രം അരിയും ഗോതമ്പും കൊടുക്കാനും തീരുമാനമായതും. ആ തീരുമാനത്തെക്കുറിച്ച് കേരളത്തിലുണ്ടായ ജനവികാരം മുന്നോട്ടുകൊണ്ടു പോകാനാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി ഞാൻ ഇന്ന് ഒരു നിർദ്ദേശം വച്ചത്. അസംബ്ലിപിരിയാൻ നേരത്ത് അന്ന് അടിയന്തിര പ്രമേയത്തിന്റെ ചർച്ചാവേളയിൽ സാങ്കേതിക കാരണങ്ങളാൽ നമുക്ക് യോജിക്കാതെ വന്നപ്പോൾ അത് തിരുത്തണമെന്ന് ഉദ്ദേശിച്ചിരുന്നു. കാരണം ജനങ്ങളുടെ കാര്യത്തിൽ നമ്മൾ തമ്മിൽ അകന്നു നിൽക്കുന്നത് ശരിയല്ലെന്ന് തോന്നിയതുകൊണ്ടാണ്. പന്ത്രണ്ടര മണി അടിച്ച സമയത്താണ്. സ്പീക്കറുടെ അനുമതിയോടുകൂടി ഞാൻ പറഞ്ഞത് ടെക്നിക്കലായിട്ട് വേണ്ട, ശ്രീ. രാജേന്ദ്രൻ അവതരിപ്പിച്ച പ്രമേയവും അതിന് തൊട്ടു മുൻപ് ശ്രീ. പി. രാജു അവതരിപ്പിച്ച പ്രമേയവും നമുക്ക് ഏകകണ്ഠമായി പാസ്സാക്കാമെന്ന് പറഞ്ഞു. പാസ്സാക്കി. കേരളത്തിലെ ജനവികാരം മാനിച്ചുകൊണ്ട് ഈ അസംബ്ലി കേന്ദ്ര തീരുമാനം പിൻവലിക്കണം എന്നു പറഞ്ഞ് പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റ് ഔദ്യോഗികമായി ഈ വില വർദ്ധനവ് വരുത്തി കേരളത്തിന്റെ ഒന്നടങ്കം പ്രതിഷേധം ഈ അസംബ്ലിയിൽ പാസ്സാക്കിയശേഷം ആ പ്രമേയത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ആ പ്രമേയം നടപ്പാക്കാൻ സന്നദ്ധരായ ഈ ഗവൺമെന്റിലെ മുഖ്യമന്ത്രിയോ മറ്റ് ഏതെങ്കിലും മന്ത്രിമാരോ ആ ഫെബ്രുവരി 29-ന് ശേഷം ഈ അസംബ്ലിയിൽ പ്രമേയം പാസ്സാക്കിയശേഷം പ്രധാനമന്ത്രിയെ കണ്ട് കേരളത്തിന്റെ വികാരം അറിയിച്ചിട്ടുണ്ടോ? കേന്ദ്ര ധനമന്ത്രിയെ കണ്ട് അറിയിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അത് ഈ സംസ്ഥാനത്തിലെ ജനങ്ങളോടുകാണിച്ച ഏറ്റവും ഗുരുതരമായ വീഴ്ചയല്ലേ? അതാണ് ഞങ്ങൾക്ക് അറിയേണ്ടത്. ആ പ്രമേയം നടപ്പാക്കാൻ വേണ്ടി നിങ്ങൾ എന്തു ചെയ്തു?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ വികാര പ്രകടനം നടത്തുന്നത് ..... വികാരമേയുള്ളൂ. വിചാരമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ആന്റണി..... അന്ന് ഞാൻ ഡൽഹിയിൽ പോയ സമയത്ത് പ്രധാനമന്ത്രി വിദേശത്തായിരുന്നു. ഇനി ഞങ്ങൾ പറന്ന് മറ്റൊരു രാജ്യത്തേക്ക് പോകണം. ഞാൻ പ്രധാനമന്ത്രിയെ കാണാൻ ശ്രമിച്ചതാണ്. അപ്പോൾ അദ്ദേഹം ഉണ്ടായിരുന്നില്ല. അവിടെവച്ച് കത്തെഴുതി അദ്ദേഹത്തിന്റെ ആഫീസിൽ ഏൽപ്പിച്ചു. ഞാൻ തിരിച്ചെത്തിയതിനുശേഷമേ അദ്ദേഹവും വിദേശത്തുനിന്നും തിരിച്ചു വന്നിട്ടുള്ളൂ. ആന്റണി ഹെലികോപ്ടറിൽ വിദേശത്തു പറന്നു പോകണം. എന്നാലേ പ്രധാനമന്ത്രിയെ കാണാൻ കഴിയുകയുള്ളൂ. ഇതിനെപ്പറ്റി വിവരമില്ലെങ്കിൽ ഞാൻ എന്തു ചെയ്യാനാണ് ? (ബഹളം).....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കാര്യം മനസ്സിലാക്ക്. ഇവർക്കൊന്നും ഇതൊന്നും അറിഞ്ഞുകൂടാ. അബദ്ധം പറ്റിപ്പോയി. ഘടക കക്ഷിയിൽ ഉൾപ്പെടെയുള്ളവർ വൻപിച്ച സമ്മർദം ചെലുത്തിയിട്ടും അവസാനം വരെ പ്രതിഷേധം നടപ്പിലാക്കിയിട്ടും ധനകാര്യമന്ത്രി ഇപ്പോഴും പറയുന്നത് 'No roll back' എന്നാണ്. അതിനു ശേഷവും ബി.ജെ.പി. ഇവിടെ നിന്നും പറയുന്നത് റേഷനേ വേണ്ടയെന്ന്. ഇത് വളരെ ചെറിയ രാഷ്ട്രീയമെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ രാഷ്ട്രീയം പറയുകയാണെങ്കിൽ റേഷൻ സബ്സിഡികൾ അവസാനിപ്പിച്ച് ടാർജറ്റ് വിഭാഗങ്ങളിൽ മാത്രം കൊടുക്കണം എന്നുള്ള നിങ്ങളുടെ നയം മാറ്റിയോ?

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ വിശദീകരണം വളരെ നിർഭാഗ്യകരമായിപ്പോയി. കേന്ദ്രത്തിൽ പറഞ്ഞാൽ പ്രയോജനമില്ലെന്നാണ് അങ്ങയുടെ അഭിപ്രായമെങ്കിൽ പിന്നെ എന്തിനാണ് ഈ അസംബ്ലിയിൽ പ്രമേയം പാസ്സാക്കിയത് ? മുഖ്യമന്ത്രി പറഞ്ഞു മുഖ്യമന്ത്രി ചെന്നപ്പോൾ അവിടെ പ്രധാനമന്ത്രി ഇല്ലായിരുന്നു എന്ന്. ധനകാര്യ മന്ത്രി ഉണ്ടായിരുന്നല്ലോ, ധനകാര്യ മന്ത്രിയെ കണ്ടോ? ഫെബ്രുവരി 29 നുശേഷം ഈ കേരളത്തിലെ ജനങ്ങളെ മുഴുവൻ ബാധിക്കുന്ന പ്രശ്നത്തിന് പ്രധാനമന്ത്രിയുടെ ഒരു സമയം ചോദിച്ച്, ഇന്റർവ്യൂ ചോദിച്ച് പ്രധാനമന്ത്രിയെ പോയി കാണാനുള്ള മര്യാദ കാണിച്ചോ ? ഞാൻ മന്ത്രിയായപ്പോഴുള്ള കാര്യം പറഞ്ഞു. ഇവിടെ ഇരട്ട കാർഡ് ഏർപ്പെടുത്തിയത് നിങ്ങളുടെ യുഎഫ് ഗവൺമെന്റാണ്. അതാണ് റേഷന്റെ അടിത്തറ തകർത്തത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അത് തെറ്റാണ്, യു.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ ഒരു റേഷൻ അവസാനിപ്പിച്ചിട്ടില്ല. യു.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു സൗജന്യം ചെയ്തു 10 കിലോ അരിക്ക് കുറച്ചുകൂടി വില കുറച്ചുകൊടുത്തു. റേഷൻ സബ്സിഡി അവസാനിപ്പിച്ചില്ല. ഇതിപ്പോൾ അങ്ങനെയല്ല, ഇപ്പോൾ ചെയ്തിരിക്കുന്നത് 30,000 ടണ്ണിന് ഒഴിച്ച് ബാക്കിയുള്ളതിന്റെ മുഴുവൻ സബ്സിഡി എടുത്തുകളയുന്നു. കേന്ദ്രത്തിൽ ഭക്ഷ്യ മന്ത്രിമാരെ വിളിച്ചുകൂട്ടി ഇതിന്റെ കോ-ഓർഡിനേറ്റ് ഡിസ്ക്ഷനിൽ സംസ്ഥാനത്തിന്റെ മുഴുവൻ അഭിപ്രായവും പറഞ്ഞു. അവരുടെ കക്ഷിയിലുള്ള എൻ.ഡി.എ. യുടെ ആളുകൾ പറയുന്നു. പാർലമെന്റിലെ എല്ലാ മെമ്പർ മാർക്കും ഇതിനെക്കുറിച്ചുള്ള വിശദമായ നോട്ട് ഞാൻ അയച്ചുകൊടുത്തു. നമ്മുടെ എം.പി. മാർ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഫൈറ്റ് ചെയ്യുന്നു. റേഷൻ കടക്കാരും ഫൈറ്റ് ചെയ്യുന്നു എല്ലാവരും ചെയ്യുന്നുണ്ട്. പക്ഷെ ബി.ജെ.പി. യുടെ പോളിസി ഇത് ഡിഫൻറ് ചെയ്യാനായിട്ട് ശ്രമിക്കണ്ട, ബി.ജെ.പി. യുടെ പോളിസി ഇത് മാറ്റണം എന്നുള്ളതാണ്.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് മുഖ്യമന്ത്രി ഡൽഹിയിൽ പോയപ്പോൾ പ്രധാനമന്ത്രി ഇല്ലായിരുന്നു എന്നാണ്. പക്ഷെ ഇപ്പോൾ പ്രധാനമന്ത്രി അവിടെയുണ്ട്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി എനിക്ക് അങ്ങയോടൊരു ചോദ്യമുണ്ട്. ഇനിയെങ്കിലും ഇക്കാര്യത്തിനുവേണ്ടി ഉടനെതന്നെ ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കാണാൻ അങ്ങ് തയ്യാറാണോ, അങ്ങ് പോകുമോ? ഇത് നിസ്സാരമായിട്ട് എടുക്കാൻ പാടില്ല, ഇത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. മുഖ്യമന്ത്രി ഡൽഹിയിൽപോയി ഈ വിഷയത്തിന്മേൽ പ്രധാനമന്ത്രിയെ കണ്ട് സംസാരിക്കാൻ തയ്യാറാണോ ?

ശ്രീ. പി. പി. തങ്കച്ചൻ : ഇക്കാര്യത്തിൽ ഒരു അഖിലകക്ഷി നിവേദക സംഘത്തെ ഡെൽഹിയിലേയ്ക്ക് ഈ കാര്യത്തിൽ അയയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നമുക്ക് എല്ലാവർക്കും കൂടി പോയി കാണാം, അതിനൊന്നും തടസ്സമില്ല. പക്ഷെ അതുകൊണ്ട് ബി.ജെ.പി. യുടെ ഇന്നെടുത്ത നയം എൻ.ഡി.എ. യിലെ ബാക്കി കക്ഷികൾ ത്രെട്ടൻ ചെയ്തിട്ടു പോലും മാറ്റാതെ ഇവിടെവന്ന് റേഷൻ അവസാനിപ്പിക്കണമെന്ന് പറയുന്നതിനെ വെറുതെ എളുപ്പത്തിൽ അങ്ങ് മാറ്റിക്കളയുമെന്ന് വിചാരിക്കരുത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ ഈ ബഡ്ജറ്റിന്റെ ചർച്ചയിൽ പങ്കെടുക്കണമെന്ന് ഉദ്ദേശിച്ചിരുന്നതല്ല. അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും മെമ്പർമാരൊക്കെ രണ്ടുമൂന്നു ദിവസമായിട്ട് ഞാൻ കൈകാര്യം ചെയ്യുന്ന വകുപ്പിനെക്കുറിച്ച് ഇവിടെ സംസാരിക്കുന്നു. ഇന്ന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. താമരാക്ഷൻ ഞാൻ കൈകാര്യം ചെയ്യുന്ന ഒരു വകുപ്പിനെ സംബന്ധിച്ച് എന്റെയും ഗവൺമെന്റിന്റെയും പേരിൽ ചില ആരോപണങ്ങൾ ഉന്നയിച്ചതിന്റെ പേരിലാണ് ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നത്. ജാപ്പനീസ് സാമ്പത്തിക ഏജൻസിയായ ഒ.ഇ.സി.എഫ്. ധനസഹായം ചെയ്യുന്ന കുടിവെള്ള പദ്ധതി നടത്തിപ്പിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. താമരാക്ഷൻ സഭയിൽ ചില ആരോപണങ്ങൾ ഉന്നയിച്ചത്. ഈ ആരോപണങ്ങൾ ഒന്നൊഴിയാതെ രാഷ്ട്രീയ ലക്ഷ്യത്തോടെ കെട്ടിച്ചമച്ചതും, തികച്ചും അടിസ്ഥാന രഹിതവുമാണ്. സ്വന്തം മന:സാക്ഷിക്കുപോലും നിരക്കാത്ത ഈ ദുരാരോപണങ്ങൾ നടത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ഗൂഢ ലക്ഷ്യങ്ങളെക്കുറിച്ച് ഇപ്പോൾ ഞാൻ ഒന്നും പറയുന്നില്ല. ഈ സഭയിൽ തന്നെ പിന്നെ പറയേണ്ടി വരും. ഒരു വസ്തുത ആദ്യമേ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഒ.ഇ.സി.എഫ്. പ്രോജക്ട് പോലെ ഇത്രയേറെ നിഷ്പക്ഷവും, സുതാര്യവുമായി നടന്നിട്ടുള്ള ഏർപ്പാട് വേറെയധികം നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ തുടക്കം മുതൽ ഒടുക്കംവരെ മന്ത്രി എന്നുള്ള നിലയിൽ ഒറ്റയ്ക്കു ഒരു തീരുമാനവും ഞാൻ എടുത്തിട്ടില്ല. ഓരോ

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടത്തിലും വസ്തുതകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കൂട്ടായ തീരുമാനങ്ങൾ എടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഞാൻ മന്ത്രിയായി ചാർജ്ജെടുത്തപ്പോൾ തന്നെ ഒ. ഇ. സി. എഫ്. പ്രോജക്ടിന് കൺസൾട്ടന്റ്സിനെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ച് ആരോപണങ്ങൾ നിലവിലുണ്ടായിരുന്നു. ഞാൻ ചാർജ്ജെടുക്കുമ്പോൾ തന്നെ ആ ആരോപണങ്ങൾ പത്രത്തിലുമൊക്കെ ഉണ്ടായിരുന്നു. ഒരു ജാപ്പനീസ് കമ്പനിയായ സ്പെസിഫിക് കൺസൾട്ടന്റ് ഓഫ് ഇന്റർനാഷണൽ ഒ.ഇ.സി.എഫി.ന്റെ പദ്ധതി നടപ്പാക്കുന്നതിനുള്ള പാനലിൽ കടന്നുകൂടിയതിനെക്കുറിച്ചായിരുന്നു ആരോപണങ്ങൾ. അത്തരത്തിൽ വിവാദവിഷയമായിക്കഴിഞ്ഞ ഒരു പ്രശ്നമായതിനാലാണ് ഇക്കാര്യത്തിൽ സുതാര്യവും കൂട്ടായതുമായ ഒരു തീരുമാനം എടുക്കുന്നതിന് ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നത്. ഞാൻ ജലസേചന മന്ത്രിയായി ചാർജ്ജെടുക്കുമ്പോൾ ഒ.ഇ.സി.എഫ്. പ്രോജക്ട് നടപ്പാക്കാനുള്ള പാനലിൽ രണ്ട് ജപ്പാൻ കമ്പനികൾ കൂടി ചേർത്തതിന്റെ പിന്നിൽ കോടികളുടെ അഴിമതി നടത്തിയിട്ടുണ്ടെന്ന് പത്രവാർത്തകൾ ഉണ്ടായിരുന്നു. ഇതേക്കുറിച്ച് ലഭിച്ച ഒരു പരാതി വിജിലൻസ് ഡയറക്ടർ ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ടായിരുന്നു. ഇത് എന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ ആരോപണത്തെക്കുറിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ശ്രീമതി മിനി മാത്യുവിനെക്കൊണ്ട് അന്വേഷണം നടത്താൻ ഞാനാണ് ഉത്തരവിട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം കാര്യങ്ങളുടെ നിജസ്ഥിതി പുറത്തുവരണമെന്നും മേലിലും ഈ പദ്ധതി നടത്തിപ്പ് സുതാര്യമാകുന്നതിന് അത് സഹായകമാകുമെന്ന് ഉദ്ദേശിച്ചായിരുന്നു ഞാൻ അതിന് ശ്രമിച്ചിരുന്നത്. ശ്രീമതി മിനി മാത്യു അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. അതേക്കുറിച്ച് ഞാൻ വഴിയേ പറയാം. ഒ.ഇ.സി.എഫ്. പദ്ധതി നടപ്പാക്കുന്ന പാനലിൽ ഉണ്ടായിരുന്ന 5 കമ്പനികൾക്കു പുറമെ 2 ജാപ്പനീസ് കമ്പനികളെക്കൂടി ഉൾപ്പെടുത്തുന്നതിന്റെയും അതിൽ ഒരു കമ്പനി അവസാന ഇവാല്യൂവേഷനിൽ ഒന്നാം സ്ഥാനത്ത് എത്തിയതിന്റെയും പിന്നിൽ വൻപിച്ച അഴിമതി നടന്നിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട ശ്രീ. താമരാക്ഷൻ ഈ സഭയിൽ ഇന്ന് പറഞ്ഞത്. ഈ ഗവൺമെന്റിന്റെയും എന്റെയും പ്രവർത്തനങ്ങളിൽ അഴിമതി കണ്ടെത്താൻ ബഹുമാനപ്പെട്ട മെമ്പർ അടുത്തകാലത്തായി പ്രകടിപ്പിക്കുന്ന ഉത്സാഹം പ്രശംസനീയമാണ്. *****എനിക്കെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണത്തെക്കുറിച്ച് ഞാൻ ആദ്യമേ പറയാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ അവസാനത്തെ വാചകം രേഖയിൽനിന്നും നീക്കം ചെയ്യുന്നു.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഞാൻ മന്ത്രിയായശേഷം ഏതെങ്കിലും കമ്പനിക്ക് കരാർ കൊടുക്കുന്നതിനോ, കൊടുക്കാതിരിക്കുന്നതിനോ യാതൊരു താത്പര്യവും എടുത്തിട്ടില്ല എന്ന കാര്യം ഇതുസംബന്ധിച്ച സർക്കാർ രേഖകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ പ്രോജക്ട് സംബന്ധിച്ച കാര്യങ്ങളിൽ ഒരു ഘട്ടത്തിലും

***** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവ് അനുസരിച്ച് രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു തീരുമാനവും ഒറ്റയ്ക്കു ഞാൻ എടുത്തിട്ടില്ല എന്നുമാത്രമല്ല ഇത് സംബന്ധിച്ച് എല്ലാ വസ്തുതകളും കൃാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. വസ്തുത ഇതാണെങ്കിലും അജ്ഞത നടിക്കുന്ന ബഹുമാനപ്പെട്ട മെമ്പറുടെ അറിവിലേക്കായി ഈ പ്രോജക്ട് സംബന്ധിച്ച ചില വസ്തുതകൾ ഞാൻ ഇവിടെ വിശദമാക്കാം. ഒ.ഇ.സി.എഫ്. പ്രോജക്ടിന്റെ നടത്തിപ്പിനെ സംബന്ധിച്ച് അതുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റും ജപ്പാൻ ഗവൺമെന്റും തമ്മിലാണ് കരാർ. ഈ കരാറിന്റെ നിബന്ധനകൾ അനുസരിച്ചു മാത്രമേ കേരള സർക്കാരിനോ വാട്ടർ അതോറിറ്റിക്കോ പ്രവർത്തിക്കാൻ കഴിയൂ. ഉദാഹരണത്തിന് ഒ.ഇ.സി.എഫ്. കേന്ദ്ര സർക്കാരുമായി ഉണ്ടാക്കിയ കരാർ പ്രകാരം ടേംസ് ഓഫ് റഫറൻസ്, ഷോർട്ട് ലിസ്റ്റ് ഓഫ് കൺസൾട്ടന്റ്സ് ലറ്റർ ഓഫ് ഇൻവിറ്റേഷൻ തുടങ്ങിയവയ്ക്ക് ഒ.ഇ.സി.എഫ്.ന്റെ അംഗീകാരം വാങ്ങിയിരിക്കണമെന്ന് ഗൈഡ് ലൈൻസിൽ എടുത്തുപറയുന്നുണ്ട്. ഒ.ഇ.സി.എഫ്. ന്റെ നടത്തിപ്പിന് ആഗോള ടെൻഡർ വിളിച്ചത് പ്രഗൽഭനായ എന്റെ മുൻഗാമി ശ്രീ. ബേബി ജോൺ മന്ത്രിയായിരുന്നപ്പോഴാണ്. അന്ന് അപേക്ഷകൾ വിലയിരുത്തിയ ഇവാല്യൂവേഷൻ കമ്മിറ്റി 5 കമ്പനികളുടെ ഒരു പാനൽ മുൻഗണനാപ്രകാരം തെരഞ്ഞെടുത്തിരുന്നു. ഈ പാനൽ കേന്ദ്ര സാമ്പത്തിക വകുപ്പു മന്ത്രാലയം വഴി ഒ.ഇ.സി.എഫ്. ന് സമർപ്പിച്ചപ്പോൾ അവർ അത് സ്വീകരിക്കാൻ വിസമ്മതിച്ചു. രണ്ട് ജാപ്പനീസ് കമ്പനികൾകൂടി ഉൾപ്പെടുത്തിയെങ്കിലേ പാനൽ തങ്ങൾ അംഗീകരിക്കുകയുള്ളൂ എന്ന് ഒ.ഇ.സി.എഫ്. നിർബന്ധം പിടിച്ചു. പാനൽ തയ്യാറാക്കിയതിന്റെ മാനദണ്ഡങ്ങൾ എത്ര വിശദീകരിച്ചിട്ടും അത് ചെവിക്കൊള്ളുവാൻ ഒ.ഇ.സി.എഫ്. അധികാരികൾ തയ്യാറായിട്ടില്ല. ഇതുമൂലം പ്രോജക്ട് സ്തംഭനാവസ്ഥയിൽ എത്തുമെന്ന് വന്നപ്പോൾ വാട്ടർ അതോറിറ്റി അധികൃതർ അത് മന്ത്രി ശ്രീ. ബേബി ജോണിന്റെ ശ്രദ്ധയിൽപ്പെടുത്തി. സർ, തുടർന്ന് അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് വാട്ടർ അതോറിറ്റി ചെയർമാൻ ശ്രീ. വരദാചാരി, ജലസേചന വകുപ്പ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോ, വാട്ടർ അതോറിറ്റി അധികൃതർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടന്നുവെന്നും അവിടെ വച്ച് രണ്ടു ജാപ്പനീസ് കമ്പനികളെക്കൂടി ഉൾപ്പെടുത്തുകയാവും നല്ലതെന്ന് ശ്രീ. ബേബിജോൺ നിർദ്ദേശിച്ചുവെന്നും ആ മീറ്റിംഗിനെ സംബന്ധിച്ച മിനിട്ട്സിൽ ബേബിജോൺ നിർദ്ദേശിച്ചുവെന്നും മുൻ മാനേജിംഗ് ഡയറക്ടർ കൃഷ്ണവേണി രേഖപ്പെടുത്തിയിട്ടുണ്ട്. ആ മീറ്റിംഗിനെ സംബന്ധിച്ച മിനിട്ട്സ് സർക്കാർ ഫയലിൽ ഇല്ല. എന്നാൽ മന്ത്രിയുടെ ചേമ്പറിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ വേണ്ട തീരുമാനമെടുക്കണമെന്ന് അന്നത്തെ ചെർമാൻ ശ്രീ വരദാചാരി ഇതു സംബന്ധിച്ച വാട്ടർ അതോറിറ്റിയുടെ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ അതോറിറ്റിയുടെ അന്നത്തെ അക്കൗണ്ട്സ് മെമ്പറായ ശ്രീ.വി. കുര്യൻ അവിടെ നിന്ന് പോയശേഷം ഇത് നമ്മുടെ സംസ്ഥാനത്ത് വിവാദപരമായിരിക്കുന്നുവെന്ന് അറിഞ്ഞതിനുശേഷം 25-5-1998-ൽ സർക്കാരിന് അയച്ച ഒരു കത്തിൽ ബേബിജോണിന്റെ ചേമ്പറിൽ നടന്ന മീറ്റിംഗിൽ രണ്ടു ജപ്പാൻ കമ്പനികളെക്കൂടി പാനലിൽ ചേർക്കാൻ ഒ.ഇ.സി.എഫ്. നിഷ്കർഷിച്ച കാര്യം ചർച്ചചെയ്തെന്നും ഷോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിൽപ്പെടുത്തുന്ന കാര്യം മാത്രമായതുകൊണ്ട് നിലവിലുള്ള പാനലിലെ അഞ്ചു കമ്പനികളെ ബാധിക്കാത്തവിധം രണ്ടു ജപ്പാൻ കമ്പനികളെക്കൂടി ചേർക്കാൻ മന്ത്രി നിർദ്ദേശിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശ്രീ.വി. വരദാചാരി പ്രഗൽഭനായ ഉദ്യോഗസ്ഥനാണെന്ന് ആണ് ഞാൻ കേട്ടിട്ടുള്ളത്. ചെയർമാൻ വരദാചാരി, എം.ഡി. കൃഷ്ണവേണി, അക്കൗണ്ട്സ് മെമ്പർ ശ്രീ.വി. കുര്യൻ എന്നിവർ രേഖാമൂലം സാക്ഷ്യപ്പെടുത്തിയിരിക്കെ മന്ത്രി ബേബിജോണിന്റെ അനുവാദത്തോടുകൂടി തന്നെയാണ് രണ്ടു ജാപ്പിനീസ് കമ്പനികളെ പാനലിൽപ്പെടുത്തിയത് എന്ന കാര്യം വിശ്വസിക്കാതിരിക്കാൻ ഒരു കാരണവും ഞാൻ കാണുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ, ഇവിടെ പറഞ്ഞത് മുൻമന്ത്രി ഇതൊന്നും അറിഞ്ഞില്ലാ വാട്ടർ അതോറിറ്റി വ്യാജരേഖകൾ ചമച്ചുണ്ടാക്കുകയാണെന്നുമാണ്. ഇതിൽ ഏതാണ് സത്യമെന്ന് എനിക്ക് അറിയില്ല. ഒരു കാര്യം ഞാൻ സഭയിൽ പറയാൻ ആഗ്രഹിക്കുന്നു. ഒരുപക്ഷെ എന്റെ മുൻഗാമി അത്തരം ഒരു നിർദ്ദേശം നൽകിയിരുന്നാൽപോലും അതിൽ എന്തെങ്കിലും അപാകതയോ അഴിമതിയോ ഉണ്ടായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നില്ല. രണ്ടു ജപ്പാൻ കമ്പനികളെ കൂടിയുൾപ്പെടുത്തണമെന്നുള്ള ഒ.ഇ.സി.എഫ്. ന്റെ ശാഠ്യത്തിന് വഴങ്ങാതിരുന്നാൽ അവർ പ്രോജക്ടിൽനിന്ന് പിൻമാറുമായിരുന്നു. അതോടെ നാൽപത് ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനുള്ള പദ്ധതി നഷ്ടപ്പെടുകയും ചെയ്യും. ആയിരക്കണക്കിന് കോടി രൂപ മുതൽ മുടക്ക് വേണ്ടിവരുന്ന അത്തരമൊരു പദ്ധതി സ്വയം നമുക്ക് ഏറ്റെടുത്ത് നടത്താനുള്ള സാമ്പത്തിക സ്ഥിതി നമ്മുടെ സംസ്ഥാന സർക്കാരിന് ഇല്ല. അത്തരമൊരു സാഹചര്യത്തിൽ പദ്ധതി നഷ്ടപ്പെടാതിരിക്കാൻ ശ്രീ. ബേബിജോൺ അല്പം ചില വിട്ടുവീഴ്ചയ്ക്ക് സമ്മതിച്ചുവെങ്കിൽ ശ്രീ. താമരാക്ഷൻ കാണുന്നതുപോലെ എന്തെങ്കിലും മഹാപരാധം എന്റെ മുൻഗാമി ചെയ്തതായി കരുതാൻ എനിക്ക് കഴിയുകയില്ല. സർ, മുനികന്യക മാൻപേടയിൽ നിന്നാണോ, അതല്ല മാൻപേട മുനികന്യകയിൽ നിന്നാണോ അഭ്യസിച്ചത് എന്ന കാളിദാസന്റെ സന്ദേഹംപോലെ അത് അവിടെ നിൽക്കെട്ടെ. എന്തായാലും 40 ലക്ഷം ആളുകൾക്ക് കുടിവെള്ളം എത്തിക്കാനുള്ള ഒരു വൻ പദ്ധതി സംസ്ഥാനത്തിന് നഷ്ടപ്പെടരുത് എന്ന സദുദ്ദേശമാണ് എന്റെ മുൻഗാമിക്ക് ഉണ്ടായിരുന്നത് എന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ഇക്കാര്യത്തിൽ "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം" എന്ന മട്ടിലുള്ള താമരാക്ഷന്റെ തരംതാണ സമീപനത്തോട് എനിക്ക് യോജിക്കാൻ കഴിയുന്നില്ല. ഈ ഘട്ടത്തിൽ രണ്ടു ജപ്പാൻ കമ്പനികളെക്കൂടി ഉൾപ്പെടുത്തി ഏഴ് കമ്പനികളുടെ പുതിയ ലിസ്റ്റ് ഒ.ഇ.സി.എഫ്. ന് സമർപ്പിക്കുകയും അവർ അത് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഏഴ് കമ്പനികളിൽനിന്നും വാട്ടർ അതോറിറ്റി ടെക്നിക്കലും ഫിനാൻഷ്യലുമായിട്ടുള്ളതായ ബിഡുകൾ വേറെ വേറെ ക്ഷണിച്ചു. എന്നാൽ ഇവയിൽനിന്ന് ജപ്പാനിലെ പസഫിക് കൺസൽട്ടന്റ് ഇന്റർനാഷണൽ ഉൾപ്പെടെ നാലു കമ്പനികൾ മാത്രമാണ് ബിഡുകൾ സമർപ്പിച്ചത്. ഈ ബിഡുകൾ പരിശോധിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ വാട്ടർ അതോറിറ്റി ഒരു ഇവാല്യൂവേഷൻ കമ്മിറ്റിയെ നിയമിച്ചു. ഈ ഇവാല്യൂവേഷൻ നടന്നുകൊണ്ടിരിക്കുമ്പോൾ പാനൽ തയ്യാറാക്കിയതിൽ അഴിമതിയുണ്ടെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആരോപിച്ച് വിജിലൻസ്കാർക്ക് കിട്ടിയ പരാതി മുഖ്യമന്ത്രി വഴി എനിക്ക് അയച്ചുതന്നു. ഈ അവസരത്തിലാണ് 1998 ജനുവരി മാസത്തിൽ ഞാൻ ജലസേചന വകുപ്പുമന്ത്രിയായി ചാർജ് എടുക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞത് മുൻ കഥകളാണ്. 1998 ജനുവരി മാസത്തിലാണ് ഞാൻ മന്ത്രിയായി ചാർജ് എടുക്കുന്നത്. മേൽപ്പറഞ്ഞ പരാതിയിന്മേൽ ഒരു ഡിപ്പാർട്ട്മെന്റ് അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചു. എൻകയറി ഓഫീസറായി അന്നത്തെ പൊതുമരാമത്ത് സെക്രട്ടറി ശ്രീമതി മിനിമാത്യുവിനെ 16-2-1998-ൽ നിയമിക്കുന്നതിന് തീരുമാനിച്ചത് ഞാനാണ്. ശ്രീമതി മിനി മാത്യു തന്ന റിപ്പോർട്ടിൽ രണ്ടു ജപ്പാൻ കമ്പനികളെക്കൂടി പിന്നീട് പാനലിൽ ചേർത്തത് ശരിയായിരുന്നില്ലായെന്നും അത് ഒ.ഇ.സി.എഫ്. ന്റെ ഗൈഡ്ലൈൻസിന്റെ ലംഘനമാണെന്നും അഭിപ്രായപ്പെട്ടിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രണ്ടു കമ്പനികളെയും ഷോർട്ട് ലിസ്റ്റിൽനിന്ന് നീക്കം ചെയ്യണമെന്ന് 22-4-1998-ന് ഉത്തരവിട്ടു. ഈ കാര്യം ക്യാബിനറ്റ് പരിഗണിച്ചശേഷം രണ്ടു കമ്പനികളെയും ലിസ്റ്റിൽനിന്ന് നീക്കം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് സർക്കാർ നിർദ്ദേശം നൽകി. ഇക്കാര്യം ഒ.ഇ.സി.എഫ്. ന്റെ അറിവിനും അംഗീകാരത്തിനുമായി അയച്ചുകൊടുത്തു. എന്നാൽ ഈ ഒഴിവാക്കൽ നടപടി അവർ അംഗീകരിച്ചില്ല. രണ്ടു ജപ്പാൻ കമ്പനികൾ പാനലിൽ ഉണ്ടായിരിക്കുമെന്ന തീരുമാനത്തിന് മാറ്റം വരുത്തുക സാദ്ധ്യമല്ലെന്ന് അവർ തീർത്തു പറഞ്ഞു. ഒന്നുകിൽ 2.1 ശതമാനം പലിശയ്ക്ക് ലഭിക്കുന്ന 1519 കോടി രൂപയുടെ ഒ.ഇ.സി.എഫ്. പദ്ധതി വേണ്ടന്നു വയ്ക്കുകയോ അതല്ലെങ്കിൽ തങ്ങളുടെ രാജ്യക്കാരായ രണ്ടു കമ്പനികളെക്കൂടി ലിസ്റ്റിൽപെടുത്തിയ നടപടി ഒ.ഇ.സി.എഫ്.-ന്റെ ശാഠ്യത്തിനുവഴങ്ങി അംഗീകരിക്കുകയോ ഏതാണ് ഉത്തമമെന്ന് സർക്കാരിന് തീരുമാനിക്കേണ്ടിവന്നു. സർ, പാട്ടുകച്ചേരിക്ക് അച്ചാരം വാങ്ങിയാൽ പണം കൊടുക്കുന്നവൻ പറയുന്ന പാട്ടുംകൂടി പാടിയേതീരു. എന്ന നയമാണ് ഇക്കാര്യത്തിൽ ഒ.ഇ.സി.എഫ്. സ്വീകരിച്ചത്. ഒ.ഇ.സി.എഫ്. ന്റെ ഈ കർശന നിലപാട് പ്രോജക്ട് നടപ്പിലാക്കുന്ന കാര്യത്തിൽ സ്തംഭനാവസ്ഥ സൃഷ്ടിച്ചു. ഒരു നിശ്ചിത കാലയളവിൽ അതായത് 2003 ആകുമ്പോൾ പദ്ധതികൾ എല്ലാം കമ്മീഷൻ ചെയ്തിരിക്കണം എന്നതായിരുന്നു ഒ.ഇ.സി.എഫ്. ന്റെയും കേന്ദ്രസർക്കാരിന്റെയും തുടർന്നുള്ള കരാറിലെ വ്യവസ്ഥ. അതുകൊണ്ടുതന്നെ കാലതാമസം വരാതെ നോക്കേണ്ടത് ആവശ്യമായി വന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ക്യാബിനറ്റ് തീരുമാനപ്രകാരം ധനകാര്യ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയും ജലസേചന വകുപ്പു സെക്രട്ടറിയും ഡൽഹിയിൽ പോയി ഒ.ഇ.സി.എഫ്. അധികൃതരുമായി ചർച്ചകൾ നടത്തി. തുടർന്ന് അവർ തിരുവനന്തപുരത്തും വന്നു കൂടിയാലോചനകൾ നടത്തി, പക്ഷെ ഫലമൊന്നുമുണ്ടായില്ല. 7-12-1998-ൽ ക്യാബിനറ്റ് തീരുമാനപ്രകാരം ചീഫ് സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, ജലസേചന വകുപ്പു സെക്രട്ടറി എന്നിവർ വീണ്ടും ഡൽഹിയിൽ പോയി കേന്ദ്ര സാമ്പത്തിക കാര്യ സ്പെഷ്യൽ സെക്രട്ടറി, ഒ.ഇ.സി.എഫ്. പ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ നടത്തുകയുണ്ടായി. അപ്പോഴും ഒ.ഇ.സി.എഫ്. അവരുടെ പഴയ നിലപാടിൽ തന്നെ ഉറച്ചുനിന്നു. ഈ സാഹചര്യത്തിൽ പുതുതായി ആഗോള ടെൻഡർ

LIBRARY ARCHIVES Kerala Legislative Assembly

വിളിക്കുകയോ നിലവിലുള്ള 36 ഓഫറുകളും ഒന്നുകൂടി വിലയിരുത്തുകയോ ചെയ്യാതെ ഒരു പുതിയ നിർദ്ദേശം 7-12-1998-ൽ കേന്ദ്ര സാമ്പത്തികകാര്യ സെക്രട്ടറി മുന്നോട്ടുവച്ചു. ആ നിർദ്ദേശം ഒ.ഇ.സി.എഫ്. പ്രസിഡന്റ് തള്ളിക്കളയുകയാണ് ഉണ്ടായത്. എന്നാൽ പുതുതായി ആഗോള ടെൻഡർ വിളിച്ച് അതിന്റെ അടിസ്ഥാനത്തിൽ കൺസൽട്ടന്റിനെ നിയമിക്കാം എന്നാണ് 16-3-1999-ൽ ഉന്നത തലത്തിലെ ക്യാബിനറ്റിൽ തീരുമാനിച്ചത്. ആ തീരുമാനം കേന്ദ്ര സാമ്പത്തിക വകുപ്പിനെ അറിയിച്ചു. അവരോട് ഒ.ഇ.സി.എഫ് ന്റെ അംഗീകാരം കിട്ടാൻ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. അവർ അതു ചെയ്തുവെങ്കിലും ഒ.ഇ.സി.എഫ്. തങ്ങളുടെ നിലപാട് മാറ്റാൻ തയ്യാറായില്ല. ഈ വിവരം അവർ കേരള സർക്കാരിനെ രേഖാമൂലം അറിയിച്ചു. 28-6-1999-ൽ ചീഫ് സെക്രട്ടറിയും ഒ.ഇ.സി.എഫ്. പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടും അത് നിഷ്ഫലമായി. അവരുടെ വാദഗതി ഇതാണ്. ഒരിക്കൽ സർക്കാർ അനുമതിയോടെ എന്റെ പിൻഗാമിയുടെ കാലത്ത് ഷോർട്ട്ലിസ്റ്റിൽപ്പെടുത്തിയ കമ്പനികളെ പിന്നീട് നീക്കം ചെയ്യുക സാദ്ധ്യമല്ല എന്ന നിലപാടിൽ അവർ ഉറച്ചുനിന്നു. ഇവിടെ ഒരു കാര്യം അറിഞ്ഞിരിക്കണം. വാട്ടർ അതോറിറ്റി ഇവാല്യൂവേഷൻ നടത്തി ആദ്യം തയ്യാറാക്കിയ 5 കമ്പനികളുടെ പാനലിൽ മാറ്റം വരുത്താതെ അന്ന് സർക്കാർ ഉറച്ചുനിന്നിരുന്നെങ്കിൽ ഒ.ഇ.സി.എഫ്. ന് നിയമപരമായി ഒന്നും ചെയ്യാൻ സാധിക്കുകയില്ലായിരുന്നു. ഒ.ഇ.സി.എഫ്. പിന്നീട് എല്ലാ കത്തിടപാടുകളിലും ചർച്ചകളിലും ആവർത്തിച്ചു അടിവരയിട്ട് പറയുന്ന ഒരു കാര്യമുണ്ട്. വാട്ടർ അതോറിറ്റിയും കേരള സർക്കാരും ഒരിക്കൽ പാനലിൽ ഉൾപ്പെടുത്തിയ രണ്ടു ജപ്പാൻ കമ്പനികളെ പിന്നീട് നീക്കം ചെയ്യുന്നതിൽ ഒരു ന്യായവുമില്ല. അത് തങ്ങളൊട്ടു സമ്മതിക്കുകയുമില്ല. ഇവിടെയാണ് സർക്കാരിന് ഒരു പിഴവു സംഭവിച്ചത്. സദുദ്ദേശത്തോടുകൂടി ആയിരിക്കാമെങ്കിലും എന്റെ മുൻഗാമിയുടെ കാലത്ത് അങ്ങനെ ഒരു പാകപ്പിഴ സംഭവിച്ചുപോയി. ഇനി അവയെപ്പറ്റി ചർച്ചചെയ്തിട്ടോ പരിഭവിച്ചിട്ടോ കാര്യമില്ല. മിനിമാത്യുവിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടു ജപ്പാൻ കമ്പനികളെ ഒഴിവാക്കിയതിലുള്ള പ്രതിഷേധം സൃഷ്ടിച്ച സ്തംഭനാവസ്ഥ വീണ്ടും സർക്കാരിന്റെ സജീവ പരിഗണനയിൽ വന്നു. അവരുടെ ശാഠ്യത്തിനു വഴങ്ങിയില്ലായെങ്കിൽ 40 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്കുള്ള സാമ്പത്തിക സഹായം പിൻവലിക്കും. അവരുടെ സഹായത്തോടുകൂടി തന്നെ നടപ്പിലാക്കിവരുന്ന അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് പ്രോജക്ടിൽ നിന്നും ഒ. ഇ. സി. എഫ്. പിൻമാറും. മേലിൽ കേരളത്തിന്റെ ഒരു പ്രോജക്ടിനും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുകയേയില്ല എന്നുള്ളതാണ് ഒ.ഇ.സി.എഫ്. സ്വീകരിച്ച കടുത്ത നിലപാട്. ഒ.ഇ.സി.എഫ് പിൻമാറിയാൽ ആത്രയും കുറഞ്ഞ പലിശയ്ക്ക് മറ്റെങ്ങുനിന്നും സഹായം കിട്ടാൻ സാദ്ധ്യത കാണുന്നില്ല. കേരള സർക്കാരിന് ഇത്രയും വലിയൊരു പദ്ധതി സ്വയം ഏറ്റെടുത്തു നടപ്പാക്കാനുള്ള സാമ്പത്തികശേഷിയും ഇപ്പോഴില്ല. ഇത്തരമൊരു ദുർഘടാവസ്ഥയിൽ ഒ.ഇ.സി.എഫി-ന്റെ നിർബന്ധത്തിനു വഴങ്ങുകയല്ലാതെ വേറെ മാർഗ്ഗങ്ങളൊന്നുമുണ്ടായിരുന്നില്ല. ഒ.ഇ.സി.എഫ്. പദ്ധതി ആരംഭിക്കാനുള്ള കാലതാമസത്തെപ്പറ്റി.....

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)..... തമിഴ്നാട്ടിലേക്കാണ് നിങ്ങളുടെ നോട്ടം. എനിക്കറിയാം എന്തിനാണ് നോക്കുന്നതെന്ന്. ഒ.ഇ.സി.എഫ് പദ്ധതി ആരംഭിക്കുന്നതിന്റെ കാലതാമസത്തെപ്പറ്റി ഭരണ-പ്രതിപക്ഷ ഭേദമെന്യേ ബഹുമാനപ്പെട്ട മെമ്പർമാർ ഈ സഭയിൽ പലവട്ടം ഇവിടെ പ്രതിക്ഷ നേതാവ് ഉൾപ്പെടെ ഇവിടെ പലവട്ടം ആകാംഷയും ആശങ്കയും പ്രകടിപ്പിച്ചത് ഇപ്പോൾ ഞാൻ എല്ലാ മെമ്പർമാരുടെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് ശ്രീമതി മിനിമാത്യുവിന്റെ റിപ്പോർട്ടിനെ മറികടന്നുകൊണ്ട് ഇവിടെ ഒന്നും ഒളിച്ചു വയ്ക്കാനില്ല. എല്ലാം ഫയലിലുണ്ട്. ഒ.ഇ.സി.എഫിന്റെ നിർബന്ധത്തിന് വഴങ്ങി ഈ പ്രോജക്ട് നഷ്ടപ്പെടാതെ നോക്കണമെന്ന ചിന്ത സർക്കാരിനുണ്ടായത്. മേൽപ്പറഞ്ഞ എല്ലാ വശങ്ങളും കണക്കിലെടുത്ത് പൊതു താല്പര്യം മുൻനിറുത്തി പസഫിക് കൺസൾട്ടന്റ് ഇന്റർ നാഷണൽ എന്ന ജപ്പാൻ കമ്പനി ഉൾപ്പെടെയുള്ള നാല് ഏജൻസികളുടെ ബിഡ്ഡുകൾ ഇവാല്യുവേഷൻ നടത്തുമ്പോൾ 9-7-1999-ൽ ക്യാബിനറ്റ് തീരുമാനിച്ചത്. ഇതിനിടെ വെടക്കാക്കി തനിക്കാക്കുക എന്ന ഉദ്ദേശത്തോടെ ചില കമ്പനികൾ ഒളിഞ്ഞും തെളിഞ്ഞും രംഗത്തെത്തി. സിവിൾ ആക്ഷൻ ഫോറം, ആ സമിതിയുടെ കൺവീനർ ടി.എസ്. രവീന്ദ്രൻ രണ്ടു ജപ്പാൻ കമ്പനികളെ ഷോർട്ട് ലിസ്റ്റിൽപ്പെടുത്തിയ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തു. എന്നാൽ നിസ്സാരങ്ങളായ സാമ്പത്തികവും താത്വികവുമായ തടസ്സ കാര്യങ്ങൾ കൊണ്ടുമാത്രം അനേകം ആളുകൾക്ക് കുടിവെള്ളമെത്തിക്കാനുള്ള ഒരു വികസന പ്രവർത്തനത്തിന് തടസ്സമാകുന്ന തരത്തിൽ കോടതി ഇടപെടുന്നതു ശരിയല്ല എന്ന രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത ഒ.പി. തള്ളിക്കളഞ്ഞു. എന്നാൽ രവീന്ദ്രൻ അതിന്മേൽ ഒരു റിട്ട് സമർപ്പിച്ചു. അതു ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് തള്ളി. ആ തീരുമാനത്തിന് എതിരായി അയാൾ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. 17-1-2000-ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ആ അപ്പീലും തള്ളി. അതോടെ പൊതു നന്മ ലക്ഷ്യമാക്കി കേരള സർക്കാർ ഏറ്റവും ഉയർന്ന തരത്തിൽ എടുത്ത ഒ.ഇ.സി.എഫ്. തീരുമാനത്തിന് സുപ്രീം കോടതിയിൽനിന്ന് അംഗീകാരം കിട്ടിയതായി കാണാം. ഇതാണ് കേസിന്റെ യഥാർത്ഥ വസ്തുത. ഇതിനെയൊക്കെ മറച്ചു വച്ചുകൊണ്ടാണ് ടി. എസ്. രവീന്ദ്രൻ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. യെക്കുറിച്ച് താമരാക്ഷൻ എന്തൊക്കെയോ വിളിച്ചുപറഞ്ഞത് ഒ.ഇ.സി.എഫ് പദ്ധതിയെ ടാർപിഡോ ചെയ്യാൻ ചിലർ നടത്തിയ ശ്രമം കോടതിയിൽപ്പോലും പരാജയപ്പെട്ടത് നാമെല്ലാം കണ്ടതാണ്. എന്നാൽ ദുഷ്ടശക്തികൾ ഇപ്പോഴും അടങ്ങിയിരിക്കുന്നില്ല എന്നതിന്റെ ദൃഷ്ടാന്തമാണ് ഇതു സംബന്ധിച്ച രവീന്ദ്രന്റെ കേസ് സുപ്രീം കോടതി തള്ളിയതിനുശേഷം അത് ആരോപണവുമായി അതേ ധ്വനിയുമായി ശ്രീ. താമരാക്ഷൻ രംഗത്ത് വന്നിരിക്കുന്നത്. സർ, പഴയ ഒരു പഴഞ്ചൊല്ലുണ്ട്. ക്ഷേത്രത്തിന്റെ പരിസരത്തുള്ളവർക്ക് ഒരു വർഷവും ഉറങ്ങാനൊക്കത്തില്ല. എന്താണെന്നുവച്ചാൽ മാരാൻ വയ്ക്കുമ്പോൾ മാക്രി എടുക്കും എന്ന പഴഞ്ചൊല്ലുണ്ട്. അതാണ് ഈ മെമ്പറുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തിയെക്കുറിച്ച് എനിക്ക് ഓർമ്മ വരുന്നത്. രവീന്ദ്രൻ പരാജയപ്പെട്ടു. എന്നാൽ ഇനി ഞാനെടുക്കാം. എന്നാലും കേരള ഗവൺമെന്റിനെ ഉപദ്രവിക്കും. ചുരുക്കിപ്പറഞ്ഞാൽ ഇതിലേറെ സുതാര്യമായ ഒരു തീരുമാനമെടുക്കാൻ ആരെക്കൊണ്ടു കഴിയുമായിരുന്നില്ല.....(തടസം)..... ഒ.ഇ.സി.എഫ്. പ്രോജക്ടിന്റെ കാര്യത്തിൽ ഒടുവിലായി തീരുമാനമെടുക്കുന്നതിന് അത് സംബന്ധിച്ച് നിയമ വകുപ്പിന്റേയും സർ, ഈ തീരുമാനമെടുത്തതിനു ശേഷം അവസാനമായി അംഗീകാരം വാങ്ങുന്നതിന് ഇത് ക്യാബിനറ്റിൽ കൊണ്ടുപോകുമ്പോൾ അതു സംബന്ധിച്ച് നിയമ വകുപ്പിന്റെയും ധനകാര്യവകുപ്പിന്റെയും അംഗീകാരം ലഭിച്ചതിനുശേഷമാണ് ബിഡ് ഇവാല്യൂവേഷൻ റിപ്പോർട്ട് വാട്ടർ അതോറിറ്റി ഒ.ഇ.സി.എഫ്. നെ അറിയിക്കുകയും അവർ അത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളത്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും ഒന്നിച്ചുപരിശോധിച്ചല്ല എന്നതാണ് ഇവിടെ ആരോപണം. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും ഒരുമിച്ച് പരിശോധിക്കാത്ത ഈ നടപടി അഴിമതിക്ക് മറ പിടിക്കാൻ മാത്രം ഒരു പുക മറയാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കുണ്ടായ മറ്റൊരു ഉൾവിളി. അർദ്ധസത്യങ്ങളും അസത്യങ്ങളും തരാതരം കൂട്ടികലർത്തി തന്റെ കേസ് വാദിച്ചപ്പോൾ ബഹുമാനപ്പെട്ട മെമ്പർക്കറിയാമെങ്കിലും പറയാതിരുന്ന ഒരു കാര്യമുണ്ട്. സാധാരണ കരാർ ഏർപ്പാടുകളിൽനിന്നും വ്യത്യസ്തമായി ചില സംഗതികൾ കേന്ദ്ര ഗവൺമെന്റും ഒ.ഇ.സി.എഫും ഒപ്പു വച്ച കരാറിലുണ്ട്. ടെക്നിക്കൽ ബിഡുകൾ ഇവാല്യുവേറ്റ് ചെയ്ത് റാങ്ക് നിശ്ചയിച്ചതിനുശേഷമേ ഒന്നാം റാങ്കുകാരന്റെ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യാവൂ എന്ന് മേൽപ്പറഞ്ഞ കരാറിന്റെ വ്യവസ്ഥകളിൽ ഒന്നാണ് എന്ന് ശ്രീ. താമരാക്ഷനും അറിയാമായിരുന്നിട്ടും അജ്ഞത നടിച്ച് അഴിമതിയുടെ പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ് ശ്രീ. താമരാക്ഷൻ. ഈ സർക്കാരിന്റെ അഴിമതികൾ കണ്ട് കണ്ട് മനം മടുത്ത് മറുകണ്ടം ചാടി എന്നാണല്ലോ പറയുന്നത്. അദ്ദേഹം സഭയുടെ പരിസ്ഥിതി കമ്മിറ്റിയുടെ ചെയർമാനായിരുന്ന കാലത്ത് നടത്തിയ അഴിമതി പോരാട്ടങ്ങൾ സംബന്ധിച്ച് എന്റെ പാർട്ടി ഓഫീസിൽ ഒരു വലിയ ഫയലുണ്ട്. നിയമസഭാ സെക്രട്ടേറിയറ്റിൽ ഒരു വലിയ ഫയലുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി കൺവീനറുടെ മുൻപിൽ ഒരു വലിയ ഫയലുണ്ട്. അങ്ങനെ ഗവൺമെന്റിന്റെ ശ്രദ്ധയിലേക്ക് അതു പെട്ടിട്ടുണ്ട്. അഴിമതി പോരാട്ടങ്ങൾ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഞാൻ പറയാതെ തന്നെ അറിയാം. കിട്ടാത്ത മുന്തിരി പുളിക്കും എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ വാക്കുകളിൽ സദാ പ്രതിഫലിക്കുന്നുണ്ട്. രാഷ്ട്രീയ ഭാഗ്യാന്വേഷകർക്ക് പുതിയ മേച്ചിൽ സ്ഥലങ്ങൾതേടി പോകുമ്പോൾ പലതിനേയും തള്ളിപ്പറയേണ്ടിവരും. അദ്ദേഹത്തിന് ഇപ്പോൾ എല്ലാത്തിനോടും അതൃപ്തിയാണ്. തന്നെ താനാക്കിയ പാർട്ടിയെക്കുറിച്ചും ഈ ഗവൺമെന്റിനെക്കുറിച്ചും ഒക്കെ മനസ്സാക്ഷിക്ക് നിരക്കാത്ത ദുരാരോപണങ്ങൾ അദ്ദേഹം ഉന്നയിക്കുന്നതിന്റെ ലക്ഷ്യം എല്ലാവർക്കുമറിയാവുന്നതാണ്. പെറ്റമ്മയായ പാർട്ടിയേയും പോറ്റമ്മയായ എൽ.ഡി.എഫിനേയും തള്ളിപ്പറയാൻ അദ്ദേഹത്തിനു അശേഷം ഉളുപ്പില്ല. എനിക്ക് ഒന്നേ പറയാനുള്ളൂ. പാർട്ടിയേയും മന്ത്രിസഭയേയും ഇല്ലാ വചനങ്ങൾ കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അപകീർത്തിപ്പെടുത്താനുള്ള പാഴ്വേല അദ്ദേഹം മതിയാക്കണം. അമ്മയുടെ മൂലപ്പാലിന് ആരെങ്കിലും ഉപ്പു നോക്കുമോ? അതാണ് ശ്രീ. താമരാക്ഷൻ ഇപ്പോൾ ചെയ്യുന്നത്. അദ്ദേഹം അദ്ദേഹത്തിന്റെ തലയ്ക്കുമാത്രം പാകമാകുന്ന അഴിമതിയുടെ തൊപ്പി മറ്റാരുടെയെങ്കിലും തലയിൽ വച്ചു കെട്ടാനുള്ള അന്തസ്സില്ലാത്ത നടപടിയിൽനിന്ന് പിൻമാറണം. രാവു പകലും അഴിമതിയെപ്പറ്റി മാത്രം ചിന്തിച്ചു കഴിയുന്ന ഒരാളുടെ മോഹഭംഗത്തിന്റെ ജല്പനങ്ങൾ എന്നതിലുപരി ഈ ആരോപണങ്ങൾക്ക് യാതൊരു കഴമ്പുമില്ല. ഈ ആരോപണങ്ങൾ അപ്പാടെ ഞാൻ നിഷേധിക്കുന്നു. ഒന്നു ഞാൻ തറപ്പിച്ചു പറയാൻ ആഗ്രഹിക്കുന്നു. എന്റേയും ഞാൻ ഉൾപ്പെടുന്ന ഗവൺമെന്റിന്റേയും പാർട്ടിയുടെയും കരങ്ങളും മനസ്സും ഒരുപോലെ ശുദ്ധമായതിന്റെ അഭിമാനത്തോടെ താമരാക്ഷനോട് ഞാൻ പറഞ്ഞോട്ടെ അസൂയയും ഗർവ്വും മൂക്കുമ്പോൾ ചിലർ തരംതാഴാറുണ്ട്. അത് ഇത്രത്തോളം വേണോ താമരാക്ഷാ? അധികാരവും സമ്പത്തും വന്നുകയറുമ്പോൾ തന്നെത്തന്നെ മറുക്കുന്ന തകഴിയുടെ വിശ്വപ്രസിദ്ധമായ ചെമ്മീനിലെ ഒരു കഥാപാത്രത്തെയാണ് ബഹുമാനപ്പെട്ട മെമ്പർ ഓർമ്മിപ്പിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് ഈ ആരോപണങ്ങളെല്ലാം ഞാൻ നിഷേധിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ ബഡ്ജറ്റിനെ സംബന്ധിച്ച് അപ്പുറത്തും ഇപ്പുറത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി എല്ലാവരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. രണ്ടു മൂന്നു കാര്യങ്ങൾ മാത്രം ആദ്യമായി ഞാൻ വിശദമാക്കുകയാണ്. കോൺട്രാക്ടേഴ്സ് ബില്ലിനും അതുപോലെ റേഷൻ സബ്സിഡിക്കും വേണ്ട പൈസയും ഡി.എ. കുടിശ്ശികയ്ക്കുള്ള പൈസയും ഇതു മൂന്നുംകൂടി കൂട്ടിയാൽ മൂവായിരം കോടിയിലധികം വരും. നമ്മുടെ റവന്യൂ കമ്മിയിലേയ്ക്ക് മൂവായിരം കോടി രൂപകൂടെ കൂട്ടുമെന്ന് ബഹുമാന്യനായ കെ.എം. മാണി പറഞ്ഞു. സർ, ശമ്പളത്തിന് നമ്മൾ നീക്കിവച്ചത് 4710 കോടി രൂപയാണ്. അതിൽ 1441.80 കോടി രൂപ ക്ഷാമബത്തയ്ക്കാണ്. ഈ ക്ഷാമബത്തയിലെ 750.92 കോടി രൂപ ഇനി നൽകാനുള്ള ഡി.എ. ഗഡുക്കൾ കൊടുക്കാനാണ്. അതുകൊണ്ട് ഒരു കാരണവശാലും ക്ഷാമബത്ത ഗഡുക്കൾ കൊടുക്കുന്നതിന്, ശമ്പളം കൊടുക്കുന്നതിന് ഒരു കാരണവശാലും ഡിയർനസ് അലവൻസ് കൂട്ടിക്കൊടുക്കുന്നതിന് നമ്മുടെ റവന്യൂ കമ്മി വർദ്ധിപ്പിക്കുന്നതിൽ യാതൊരു ഇംപാക്ടുമുണ്ടാകുന്നില്ല, എന്നു തറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പിന്നെ കോൺട്രാക്ടേഴ്സ് ബില്ലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കോൺട്രാക്ടേഴ്സ് ബിൽ 321 കോടി രൂപ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു അന്നത്തെ ബഡ്ജറ്റിൽ 707 കോടി രൂപയാണ് വച്ചിരുന്നത്. ഇറിഗേഷൻ, പി.ഡബ്ല്യു.ഡി. എന്നീ വകുപ്പുകളിൽ 321 കോടി രൂപയാണ് യു.ഡി.എഫ്. കൊടുക്കാനുണ്ടായിരുന്നത്. ഇപ്പോൾ 31-12-1999 വരെ കോൺട്രാക്ടേഴ്സ് അരിയേഴ്സ് 670 കോടി രൂപയായി എന്നാണ് ആക്ഷേപം. ഇപ്പോഴത്തെ ബഡ്ജറ്റിൽ ഈ ആവശ്യത്തിന് 1156 കോടി രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1156 കോടി രൂപയ്ക്ക് കൊടുക്കാനുണ്ടാവുക 520 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയാണ്. ഈ കാർട്ടർ കൂടി കൊടുത്തു കഴിഞ്ഞാൽ 520 കോടി രൂപയാകും. അങ്ങനെ 520 കോടിയായാൽ ബഡ്ജറ്റ് അലോക്കേഷൻ പി.ഡബ്ല്യൂ.ഡി. ആന്റ് ഇറിഗേഷൻ കോൺട്രാക്ടേഴ്സിനു കൊടുക്കാനുള്ള അരിയേഴ്സ് ഇതിന്റെ ശതമാനം എടുത്താൽ യു.ഡി.എഫ്. ൽ നിന്നും ഭരണം ഏറ്റെടുക്കുമ്പോൾ ഉണ്ടായ ബാദ്ധ്യതയേക്കാൾ കുറവാണ് ഇപ്പോൾ ഉണ്ടായിട്ടുള്ള ബാദ്ധ്യത. ഇതു മനസ്സിലാക്കാതെ ബഡ്ജറ്റ് അലോക്കേഷന്റെ വർദ്ധനവോടുകൂടി ഉണ്ടാകുന്ന ഗ്യാപ്പ് മനസ്സിലാക്കാതെ തെങ്ങിനും കമുകിനും ഒരേ തളപ്പിട്ട് കയറരുത്. അതാണ് ആദ്യമായി അതിനെപ്പറ്റി പറയാനുള്ളത്. പിന്നെ റേഷൻ സബ്സിഡി, റേഷൻ സബ്സിഡി 39 കോടി, 39 കോടി എന്ന് പറയുന്നത് റേഷൻ സബ്സിഡിക്ക് അനുവദിച്ചിരിക്കുന്ന 111 കോടി രൂപയ്ക്ക് പുറമേയാണ്. അപ്പോൾ 150 കോടി രൂപയാണ് അരിക്ക് വേണ്ടി മാത്രം കൊടുക്കുന്നത്. ഇപ്പോൾ ഈ ഗവൺമെന്റ് കൊടുക്കുന്ന അരിക്കുള്ള സബ്സിഡി അതായത് 16 കിലോ അരി ഒരു രൂപ താഴ്ത്തി ഒരു മാസം, അതുപോലെ 20 കിലോ അരി വന്നാൽ, അത് 10 കിലോ ആയിരുന്നു. അത് പകുതി വിലയ്ക്ക് കൊടുക്കുന്നുണ്ട്. അതുപോലെ തന്നെ സ്കൂൾ കുട്ടികൾക്ക് അഞ്ചുകിലോ അരിവീതം, ക്രിസ്മസ്, റംസാൻ, ഓണം തുടങ്ങിയ ഉത്സവ ദിനങ്ങൾക്ക് കൊടുക്കുന്നത്. ഉത്സവങ്ങൾക്കുള്ള സ്പെഷ്യൽ അരി, ഇങ്ങനെ കേരളാ ഗവൺമെന്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇക്കാര്യത്തിൽ ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് എന്തുതന്നെ ദ്രോഹം ചെയ്താലും ശരി ഈ സഭയിൽ തറപ്പിച്ച് പറയുന്നു, ഇവിടത്തെ പാവപ്പെട്ട ജനങ്ങൾക്ക് ആശ്വാസമായ പൊതുവിതരണ സംപ്രദായം ഒരു പോറൽപോലും ഏൽക്കാതെ നടപ്പിലാക്കാൻ എവിടെന്ന് പണം ഉണ്ടായാലും ശരി എന്ത് ചെയ്താലും ശരി ഈ ഗവൺമെന്റ് നടപടി സ്വീകരിക്കും അക്കാര്യത്തിൽ ഒരിഞ്ച് പുറകോട്ട് പോകില്ല. അതിന് എത്ര പണം വേണമെങ്കിലും, ധനകാര്യ വകുപ്പുമന്ത്രിയാണ് പറയുന്നത് ഉണ്ടാവും. നിങ്ങൾ അതിനെപ്പറ്റി അസൂയപ്പെട്ടിട്ട് കാര്യമില്ല. ധനകാര്യമന്ത്രിയാ പറയുന്നത്, സഭയിലാ പറയുന്നത്. ഉത്തരവാദ ബോധത്തോടുകൂടിയാ പറയുന്നത് റേഷൻ കൊടുക്കാതിരിക്കില്ല. അപ്പോൾ റേഷനെപ്പറ്റി അത് ഇപ്പോൾ ഉള്ളത് അത് Public Distribution system will be kept in tact. അപ്പോൾ കമ്മി കൂടുമെന്നാണ് ശ്രീ. കെ.എം മാണി പറയുന്നത്. ഇവിടെ കമ്മി കൂടിയാലും വേണ്ടില്ല, ആകാശം ഇടിഞ്ഞ് വീണാലും വേണ്ടില്ല. പി.ഡി.എസ് നിലനിർത്തും. യാതൊരു സംശയവും വേണ്ട. പിന്നെ മൊബിലൈസേഷൻ ഓഫ് റിസോഴ്സസ്, ടാക്സ് പിരിയ്ക്കാത്തതിനെപ്പറ്റി സി.എ.ജി. റിപ്പോർട്ട് ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് ആണ് ഉന്നയിച്ചത്. അത് ആ സി.എ.ജി. യുടെ കോൺടെക്സ്റ്റിൽ നിന്നും ചിന്തിയിട്ട് ഒരു വാചകമാ വായിച്ചത്. ഈ സി.എ.ജി. എന്ന് കൃത്യമായിട്ട് പറയുന്നുണ്ട്. The decrease was due to economic recession, short fall in collection compared to estimates from petroleum products foreign liquor and motor vehicles and fall in price of steel cement, rubber etc. ഇതിൽ നിന്നും ഉണ്ടായതാണ് മാർക്കറ്റ് റിസോഴ്സസ്. ആറ് കാരണങ്ങൾ അതിൽ പറയുന്നുണ്ട്. ഇത് ടാക്സേഷൻ പിരിക്കുന്നതിലുള്ള കഴിവ് കേടാണ് എന്ന് പറഞ്ഞിട്ടില്ല. ആറ് കാരണങ്ങൾ ഒബ്ജക്റ്റീവ് റീസൺസ് ക്ലിയറായിട്ട് സി.എ.ജി. റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

പേജ് 4,5 അത് വായിക്കണം. ഒരു ഭാഗം മാത്രം കോട്ട് ചെയ്താ പോര. മുഴുവൻ വായിക്കണം. ഇതാണ് എനിക്ക് മൊബിലൈസേഷൻ റിസോഴ്സിനെപ്പറ്റി പറയാനുള്ളത്. ഞാൻ അധികം ദീർഘിച്ചൊന്നും പറയുന്നില്ല. ഇവിടെ ധാരാളം പ്രസംഗങ്ങൾ നടന്നുകഴിഞ്ഞു. പ്രസംഗം കേട്ട് തളർന്ന ഒരു സഭ, ഇനിയും മുഖ്യമന്ത്രി രാഷ്ട്രീയ കാര്യങ്ങളെല്ലാം മറുപടി പറയും. കടത്തിനെപ്പറ്റി പറയുന്നുണ്ട്. 1991-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് യു.ഡി.എഫ്.-ന് ഭരണം ഏൽപ്പിച്ച് കൊടുക്കുമ്പോൾ 4,965 കോടി രൂപയാണ് കടം. അത് നിങ്ങൾ അഞ്ച് കൊല്ലം ഭരിച്ച് 10,670 കോടി രൂപയാക്കി ഞങ്ങളുടെ കൈയ്യിൽ തന്നു. അതായത് 115% ആണ് നിങ്ങൾ ഇരട്ടിയാക്കിയത്. നമ്മുടേത് പറയാം. അത് നിങ്ങളുടെ കുറ്റമല്ല, ഇരട്ടിക്കും. കേരളം അല്ലാതെ കൊണ്ടുപോകാൻ കഴിയില്ല. 31-3-1999-ൽ കടം 17,360 കോടി രൂപ ആണ്. ഇത് 10,670 കോടി രൂപയുടെ കടം ഞാൻ ചാർജ് എടുക്കുമ്പോൾ ഉള്ളതാണ്. പിന്നെ നാലാമത്തെ കൊല്ലമായിട്ട് 17 കോടിയിൽ ചില്വാനമേ ആയിട്ടുള്ളൂ. അപ്പോൾ മിനിമം ഗ്രോത്ത് 21.64% ആണ്. At no time in my tenure the growth rate of total debt has exceeded 20%. 20% ത്തിലധികം ഒരു കാലത്തും എന്റെ റ്റെന്യൂറിൽ കടം കൂടിയിട്ടില്ല. എന്നാൽ മുൻപ് കൂടിയിട്ടുണ്ട്. ഇത് മനസ്സിലാക്കാതെ 10,000 ത്തിനേക്കാളും 17,000 വലുതാണ്. പക്ഷേ 4,000 ത്തിനെക്കാളും 10,000 വലുതാണെന്ന് മറക്കരുത്. അതുകൊണ്ട് ഫിഗേഴ്സ് എടുത്ത് അങ്ങോട്ടും, ഇങ്ങോട്ടും കളിച്ച് ഇവിടെ ആകെ പൊളിയാൻ പോകുന്നുവെന്ന് പറഞ്ഞ് ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിക്കരുത്. ഇപ്പോൾ മറ്റൊരു കാര്യം പറയാനുള്ളത് ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ അദ്ദേഹം നല്ല പഠിച്ചാണ് പറഞ്ഞത്. അദ്ദേഹത്തിന് വേണ്ട കാര്യം അവതരിപ്പിക്കാനുള്ളത് അദ്ദേഹം നന്നായി പഠിച്ചു. നന്നായി അവതരിപ്പിക്കുകയും ചെയ്തു. പക്ഷേ അദ്ദേഹത്തിന്റെ കേസല്ല, എന്റെ കേസ് അദ്ദേഹം വാദിക്കുകയില്ലല്ലോ. അദ്ദേഹത്തിന്റെ കേസ് അദ്ദേഹം നല്ലവണ്ണം വാദിച്ചു. പക്ഷേ എനിക്ക് പറയാനുള്ളത് അദ്ദേഹം വരച്ചുകാണിച്ച ചിത്രം കേരളം തകർന്ന് കഴിഞ്ഞു. ഇനി മുന്നോട്ട് പോയിട്ട് കാര്യമില്ല അതിൽ ദു:ഖമായിരുന്നു അദ്ദേഹത്തിന്റെ വരികളിലൂടെ. ഞാൻ പറയുന്നു കേരളത്തിന്റെ സാമ്പത്തിക, ഫിസിക്കൽ ഹെൽത്ത് സംബന്ധിച്ച് ഇന്ത്യാ ടുഡേയിൽ വന്ന എല്ലാ രേഖയും എന്റെ കൈയ്യിൽ ഉണ്ട്. അതുപോലെ "Business World" അതിൽ "excellent, very good" Kerala state ന്റെ പട്ടികയിലാണ് പെടുത്തിയത്. നിങ്ങൾ വായിച്ചിട്ടുണ്ടോ? നമ്മൾ വെരി ഗുഡ് ആണെങ്കിൽ മറ്റവന്റെ ഗതി എന്തായിരിക്കും. (ബഹളം.....) ഞാൻ പറഞ്ഞുതരാം നിൽക്ക്. ചോദ്യത്തിനെല്ലാം പിന്നെ വഴങ്ങാം. മദ്ധ്യപ്രദേശ് അവിടെ പെൻഷൻ കമ്മ്യൂട്ടേഷൻ അവസാനിപ്പിച്ചു. കമ്മ്യൂട്ടേഷൻ ഉണ്ടെങ്കിൽ 18% പലിശയാണ് വേണമെന്ന് പറയുന്നത് അവർ. പിന്നെയുള്ളത് യു.പി. യു.പി.യിൽ ബോണസ് ഉള്ളത് കൊല്ലം കൊടുക്കുന്നത് മുഴുവൻ മൂന്ന് വർഷത്തേയ്ക്ക് ഇംപൗണ്ട് ചെയ്യാൻ തീരുമാനിച്ചു. മഹാരാഷ്ട്ര 60% ഡി.എ. ഡി.എ. യുടെ 60% ഇംപൗണ്ട് ചെയ്തു മൂന്നുവർഷം. രാജസ്ഥാൻ ഡി.എ. കൊടുക്കുന്നില്ല. കർണ്ണാടകയെപ്പറ്റി ഇവിടെ കൊട്ടിഘോഷിച്ചല്ലോ കംപ്യൂട്ടർ, കർണ്ണാടകയിൽ ശമ്പള പരിഷ്ക്കരണമെന്നുള്ള ഇടപാട് ഇന്നേവരെ ചിന്തിച്ചിട്ട് പോലുമില്ല. നമ്മൾ 1,000 കോടി രൂപ കൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly

തീർത്തു. അരപൈസ കൊടുത്തിട്ടില്ല ജീവനക്കാർക്ക്, ഇപ്പോൾ ജീവനക്കാരുടെ പള്ളയിൽപിടിച്ച്, സാധാരണക്കാരുടെ പള്ളയിൽപിടിച്ച്, ജനങ്ങളെ പിഴിഞ്ഞ് കമ്പ്യൂട്ടറായിട്ട് നടത്തിയിട്ട് കാര്യമില്ല. ഇവിടെ ജനങ്ങൾക്ക് വേണ്ട ആശ്വാസ നടപടികൾ എടുക്കുന്നു. കംപ്യൂട്ടറുമായിട്ട് മുന്നോട്ട് പോകുന്നു. അല്ലാതെ 250 കോടി രൂപ കമ്പ്യൂട്ടറിന് പെലവാക്കുക, 750-ന്റെ പരസ്യവും നടത്തുക. അങ്ങനെ ചില മുഖ്യമന്ത്രിമാർ ഉണ്ട്. കമ്പ്യൂട്ടറൈസേഷന് 250, ഹൈ-ടെക് ആവാൻ 750 വേറെയും. അങ്ങനെ ഏതാ സംസ്ഥാനം എന്ന് എന്നോട് ചോദിക്കരുത്. ഞാൻ അതൊന്നും വായിച്ച് സമയം കളയുന്നില്ല. മരാമത്തുപണികൾ പ്രതിപക്ഷ എം.എൽ.എ മാരുടെ നിയോജകമണ്ഡലങ്ങൾ അനുവദിച്ചിട്ടില്ല. സി.പി.ഐ. യുടെ നിയോജകമണ്ഡലങ്ങളിൽ അനുവദിച്ചിട്ടില്ല മാർക്സിസ്റ്റ്കാർക്കേ അനുവദിച്ചിട്ടുള്ളൂ എന്നൊക്കെ പറഞ്ഞാൽ വസ്തുതയ്ക്ക് നിരക്കാത്ത കാര്യങ്ങളാണ് ബഡ്ജറ്റിൽ തന്നെ ഞാൻ വായിക്കാം. ബഹുമാന്യനായ ശ്രീ. എ.കെ. ആന്റണി അദ്ദേഹത്തിന്റെ ആറ് വർക്കുകൾ, 106 ലക്ഷം. 2 ലക്ഷം, 13 ലക്ഷം, 6 ലക്ഷം. വർക്ക് കഴിയാൻ മാത്രമുള്ള ഫിനിഷിംഗ് ടച്ചസ്സിന് പൂച്ചാക്കൽ പാലം ബാക്കിപ്പണികൾ 2 ലക്ഷം. പറയട്ടെ വായിക്കാം. ശ്രീ.ജി. കാർത്തികേയൻ (ഡെപ്യൂട്ടി ലീഡർ) ആര്യനാട്-പാലോട് പാലം, തിരുവനന്തപുരം-നെയ്യാൻ റോഡ്, കാട്ടാക്കട റോഡ്, തിരുവനന്തപുരം-നെയ്യാർ റോഡ്, നെടുമങ്ങാട് റോഡ് അങ്ങനെ 8,3,10,15,10,40 ലക്ഷങ്ങൾ എല്ലാത്തിനും ടെന്റർ ചെയ്യാനുള്ള പൈസയുണ്ട്. അപ്പോൾ ഒറ്റ വർക്ക് വെച്ചിട്ടില്ലാ എന്നാ പറഞ്ഞത്. പിന്നെ ശ്രീ. ഇ.എം. അഗസ്തി എന്റെ സുഹൃത്താണ്. അദ്ദേഹം എന്നെപ്പറ്റി നല്ലത് പറയുന്ന ആളാണ്. ഞാൻ അദ്ദേഹത്തെ അതിനേക്കാൾ നല്ലതുപറയും. ഏഴ് വർക്കേ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കൊടുത്തിട്ടുള്ളൂ. അതിന്റെ ലക്ഷത്തിന്റെ കണക്ക് ഞാൻ പറയാം. 27 ലക്ഷം, 26 ലക്ഷം, 26 ലക്ഷം, 38 ലക്ഷം ഒരു ലക്ഷം, 50 ലക്ഷം, 13 ലക്ഷം അദ്ദേഹത്തിന് നിഷേധിക്കാനുണ്ടെങ്കിൽ നിഷേധിക്കട്ടെ. പിന്നെ കെ.സി. ജോസഫ് (ഇരിക്കൂർ) അദ്ദേഹത്തിന് ഇന്നലെ തന്നെ ഞാൻ ഓർഡർ ചെയ്ത് രണ്ട് വർക്ക് കൊടുത്തു. അതിന്റെ പുറമേ വായിക്കാം. ഇരിട്ടി ഒരുലക്ഷം, കാലിക്കയം പാലസ്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്കും അഞ്ച് വർക്കുണ്ട്. അതുപോലെ ശ്രീ. കെ. സി. വേണുഗോപാലിന് കൊടുത്തത് ആലപ്പുഴ കോടതി ജുഡീഷ്യൽ ക്വാർട്ടേഴ്സ്, കണ്ണൻവർക്കി പാലം, കല്ലുപ്പാലം. തന്നതല്ലേ? കഷ്ടമുണ്ട്. ബഹുമാനപ്പെട്ട ശോഭനാ ജോർജ് രണ്ട് വർക്കാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ചെങ്ങന്നൂർ മുനിസിപ്പൽ സ്റ്റേഷൻ, ഓൺ ഗോയിംഗ് വർക്ക്. ന്യൂ വർക്ക് (ചെങ്ങന്നൂർ എരുമല്ലിക്കര പാലം) 5 ലക്ഷം രൂപ ടെന്റർ ചെയ്യാനുള്ള വർക്ക്. ശ്രീ. കെ. ബാബുവിന് കൊടുത്തത് ഫയർ സ്റ്റേഷൻ, തൃപ്പൂണിത്തുറ, ഗവൺമെന്റ് ആയുർവേദ കോളേജ് തൃപ്പൂണിത്തുറ. അതുപോലെ ഒരു പാലവുമുണ്ട്. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, തൃശൂർ (ഞാറയ്ക്കൽ) അദ്ദേഹത്തിന്റെ മണ്ഡലത്തിലും വർക്കിന് പൈസ കൊടുത്തിട്ടുണ്ട്. അതുപോലെ ഡോ.എം.എ. കുട്ടപ്പൻ എന്റെ സുഹൃത്താണ്. അദ്ദേഹം അത് പറയുകയില്ല. കാരണം അദ്ദേഹം പ്രത്യേക ബുദ്ധിമുട്ട് പിടിച്ച മണ്ഡലത്തിൽനിന്ന് വരുന്ന ആളാണ്. ആ പ്രത്യേക പരിഗണന ഞാൻ കാണിക്കാറുണ്ട്. അദ്ദേഹം അല്ലെങ്കിൽ അല്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയട്ടെ. മാല്യങ്കര മുനമ്പം പാലം, ചിറ്റൂർ മൂന്നാട് പാലം ഇതെല്ലാം കൊടുത്തിട്ടുണ്ട്. ഇനി ശ്രീ .കെ.എം. മാണിക്ക് കൊടുത്തത് വായിക്കണമോ? ശ്രീ. ജോണി നെല്ലൂരിന് കൊടുത്തത് വായിക്കണമോ? ശ്രീ. എം.കെ. മുനീറിന് കൊടുത്തത് 14 വർക്കാണ്. അത് എന്താണെന്നുവച്ചാൽ എന്റെ മഹാനായ സുഹൃത്തിന്റെ മഹാനായ പുത്രനായതുകൊണ്ടാണെന്ന് വച്ചോ. 22.86 ലക്ഷം, 5.3 ലക്ഷം, ഒരു ലക്ഷം, 15 ലക്ഷം, 12 ലക്ഷം, 8 ലക്ഷം തുടങ്ങിയ വർക്കുകളാണ്. ഞാൻ വായിച്ച് സമയം കളയുന്നില്ല. ശ്രീ. കുട്ടി അഹമ്മദ് കുട്ടി, ശ്രീ. സി. ടി. അഹമ്മദ് അലി, ശ്രീ. നാലകത്ത് സൂപ്പി തുടങ്ങിയ എല്ലാവർക്കും കൊടുത്തിട്ടുണ്ട്. സി.പി.ഐ. എം.എൽ.എ. മാർക്ക് കൊടുത്തതെന്നും ഞാൻ പറയുന്നില്ല. അത് ഞങ്ങൾ തമ്മിലായിക്കൊള്ളാം. പക്ഷേ അതിൽ ഇവിടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞതിനെപ്പറ്റിയാണല്ലോ ഇവിടെ ഒരാൾ പറഞ്ഞത്. 16 വർക്കുകളാണ് അദ്ദേഹത്തിന്റെ മണ്ഡലത്തത്തിൽ കൊടുത്തിട്ടുള്ളത്. പുതിയ വർക്കുകളാണ്. ടെന്റർ ചെയ്യാനുള്ള വർക്കാണ്. എല്ലാ വർക്കും ചെയ്തിട്ടുണ്ട്. ഒരു കാര്യം ഈ അവസരത്തിൽ ഞാൻ പറയാം. ഏതെങ്കിലുമൊരു മണ്ഡലത്തിൽ ഒരു വർക്കുമില്ലാത്തതായിട്ടുണ്ടെങ്കിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഞാനും മരാമത്ത് വകുപ്പുമന്ത്രിയുംകൂടി ആലോചിച്ച് നടപടി സ്വീകരിക്കും. അങ്ങനെ ഒരു വർക്കുമില്ലാത്തതായി കേരളത്തിലുണ്ടാവുകയില്ല. ഞാൻ തറപ്പിച്ച് പറഞ്ഞുതരാം. മറ്റൊന്ന് ഞാൻ ചില ആനുകൂല്യങ്ങൾകൂടി പ്രഖ്യാപിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 20 രൂപ പെൻഷനിൽ വർദ്ധനവുവരുത്തി. അതുപോലെ കയർ തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾക്കൊക്കെ പെൻഷൻ 20 രൂപ കൂട്ടുകയാണ്. പിന്നെ ദിനേശ് ബീഡി വർ ക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വച്ചത്. ഒരു കോടി രൂപ കൊടുക്കുന്നു. പാലക്കാട് ജില്ലാ അഗ്രിക്കൾച്ചറൽ പ്രോഡക്ട്സ് ആന്റ് മാർക്കറ്റിംഗ് ഇൻഡസ്ട്രീസിന് പത്തു കോടി രൂപ. കേരളാ സ്റ്റേറ്റ് എഞ്ചിനീയറിംഗ് ആന്റ് ട്രാൻസ്പോർട്ട് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തിരുവനന്തപുരം പത്തുലക്ഷം രൂപ. വാമനപുരം ജലസേചന പദ്ധതി ഈ വർഷത്തിൽതന്നെ ആരംഭിക്കും. നബാർഡ് വർക്കാണ്. 50 ലക്ഷം രൂപ ടോക്കൺ പ്രൊവിഷൻ തുടങ്ങാൻവേണ്ടി വയ്ക്കുന്നു. എന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 32-ാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് സഹോദരൻ അയ്യപ്പൻ റോഡിന് ജി.സി.ഡി.എ. യ്ക്ക് 4.5 കോടി രൂപ കൊടുക്കുമെന്നാണ്. അത് കോർപ്പറേഷനാണ് പണിയുന്നത്. അത് പൂർത്തിയാകാറുമായി. അതുകൊണ്ട് ജി.സി.ഡി.എ. യ്ക്ക് തന്നെയാണ് അത് കൊടുക്കാൻ പോകുന്നത്. കൊടുക്കുന്നത് കലൂർ കടവന്ത്ര റോട് പത്ത് കോടി രൂപ ചെലവുള്ളതാണ്. ഈ റോഡ് പൂർത്തിയാക്കാനാണ് അത് കൊടുക്കുന്നത്. അവിടെയുള്ള എം.എൽ.എ എല്ലാവരും ആവശ്യപ്പെട്ടതാണ്. അപ്പുറത്തുമിപ്പുറത്തുമുള്ളവർ ആവശ്യപ്പെട്ടതാണ്. ആ നിലയ്ക്കാണ് ചെയ്തിട്ടുള്ളത്. ഗോശ്രീ പദ്ധതിക്ക് രണ്ടുകോടി രൂപ വകയിരുത്തുന്നു. അതുപോലെ കൈത്തറി റിബേറ്റിന്റെ കാര്യം ബഡ്ജറ്റിലുള്ളതാണ്. ഞാൻ പറയാൻ വിട്ടുപോയതാണ്. അതിന് 13.5 കോടി രൂപ വകയിരുത്തുന്നു. അതുപോലെ പൊന്നാനി ഫിഷിംഗ് ഹാർബറിന് പൈസ

LIBRARY ARCHIVES Kerala Legislative Assembly

വച്ചിട്ടുണ്ട്. അതിന്റെ തറക്കല്ലിടൽ ഏപ്രിൽ 2-ന് നടക്കാൻ പോകുന്നു. കൃഷിക്കാരുടെ പിഴപ്പലിശക്ക് രണ്ടുകോടി രൂപ കൊടുക്കുന്നു. അനാഥാലയങ്ങളിലേയും വൃദ്ധാലയങ്ങളിലേയും അന്തേവാസികളുടെ പ്രതിമാസ ആനുകൂല്യത്തിൽ 25 രൂപ യുടെ വർദ്ധനവ് വരുത്തുന്നതാണ്. ഇപ്പോൾ 100 രൂപയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. പിന്നെ ഇവിടെ ബഹുമാനപ്പെട്ട ശശി എന്തോ പറഞ്ഞപ്പോൾ പാലത്തിന്റെ കാര്യം പറഞ്ഞല്ലോ. അതിന്റെ പിന്നിൽ ഒരു കഥയുണ്ട്. അത് അന്തരിച്ചുപോയ വി.കെ. രാജന്റെ സ്വപ്നമായിരുന്നു. അദ്ദേഹം അത് പറഞ്ഞ് എഴുതി തന്നിട്ട് പി. ഡബ്ല്യു.ഡി. മിനിസ്റ്ററേയും എന്നെയും കണ്ടതിനുശേഷം പിന്നെ ഒരാഴ്ച ജീവിച്ചിട്ടില്ല. അതുകൊണ്ട് എനിക്ക് ആ പാലത്തിനോട് അനീതി ചെയ്യാൻ വയ്യ. ഇപ്പോൾ പുളിക്കൻക്കടവ് പാലത്തിന് ബഡ്ജറ്റിൽ 22 ലക്ഷം രൂപയാണുള്ളത്. അതിന് 120 ലക്ഷം രൂപ വകയിരുത്തുന്നു. അതുപോലെ കടുത്തുരുത്തിയിലെ അഗ്രിക്കൾച്ചറൽ പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി, റബ്ബർ ഫാക്ടറിയാണ് ത്രെഡ് വർക്ക് ഫാക്ടറിയാണ്. അതിനു 10 ലക്ഷം രൂപ വകയിരുത്തുന്നു. പിന്നെ കൺസ്യൂമർ ഫെഡറേഷൻ, അതുപോലെ മരുന്ന് ഉൽപ്പാദിപ്പിക്കുന്ന കമ്പനി അതിനുള്ള മാർജിൻ മണി തുടങ്ങിയ കാര്യങ്ങൾക്ക് തുക നീക്കിവയ്ക്കുന്നില്ല. ആവശ്യത്തിനനുസരിച്ച് പണം കൊടുക്കും. പിന്നെ മാർക്കറ്റ് ഇന്റർവെൻഷന് 4.85 കോടി രൂപയാണ് കഴിഞ്ഞ തവണ നീക്കി വച്ചത്. 1.85 കോടി രൂപയാണ് കൃഷി വകുപ്പിന് മാർക്കറ്റ് ഇന്റർവെൻഷന് നീക്കി വച്ചത്. അതിന് ഇപ്പോൾ ബഡ്ജറ്റിൽ തുക വർദ്ധിപ്പിക്കുന്നില്ല. ആവശ്യത്തിനനുസരിച്ച് അതിനുള്ള പണം നൽകുന്നതാണ്. പിന്നെ ഉപ്പ് വെള്ളം കടക്കാതിരിക്കാൻ മട്ടാഞ്ചേരിയിൽ കെട്ടുന്ന പൊന്നാനി ബണ്ടിന്റെ നിർമ്മാണത്തിന് 50 ലക്ഷം രൂപ അനുവദിക്കുന്നതാണ്. അതുപോലെ മരം കയറ്റത്തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ നൽകുന്ന പതിനായിരം രൂപയുടെ ആനുകൂല്യം ഇരുപതിനായിരം രൂപയായി ഉയർത്തുന്നു. ഡെസ്റ്റിറ്റ്യൂട്ട് പെൻഷൻ വികലാംഗർക്കും കിട്ടും. അവർക്ക് പെൻഷൻ പ്രഖ്യാപിക്കുന്നു. ആ വർദ്ധനവ് വികലാംഗർക്ക് കൊടുക്കും. അതുപോലെ കർഷകത്തൊഴിലാളി ക്ഷേമനിധി 1990-ൽ ശ്രീ. നായനാർ ഗവൺമെന്റ് കൊണ്ടുവന്നതാണ്. അതിനുശേഷം ഒരു പൈസ ഗവൺമെന്റ്

5 P.M.] കോൺട്രിബ്യൂഷൻ ഇല്ല. കഴിഞ്ഞ ബഡ്ജറ്റിലാണ് ആദ്യമായി ഗവൺമെന്റ് കോൺട്രിബ്യൂഷൻ പത്തുകോടി രൂപ അതിന് വച്ചത്. 5 കോടി രൂപ റിലീസ് ചെയ്തു കഴിഞ്ഞു. 5 കോടി രൂപ ഈ വർഷം തന്നെ റിലീസ് ചെയ്യും. അതിനുള്ള പ്രൊപ്പോസൽസും സ്കീമും ലേബർ ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടാനുണ്ട്. അതുകൂടി കിട്ടിയ ഉടനെ അതൊരു രൂപമാക്കി കൊടുക്കും. ആ ആനുകൂല്യങ്ങൾ എല്ലാം കൊടുക്കും. അത് പറയുന്നത് അവസരത്തിൽ ഇവിടെ ചിലർ പ്രസംഗിച്ചു ഇതൊരു ഇലക്ഷൻ ബഡ്ജറ്റാണ്. ഇത് ഇലക്ഷനെ കണ്ടുകൊണ്ടുള്ളതാണെന്ന് 1996-97-ലെ ബഡ്ജറ്റ് എന്നു പറയുന്നത് അംഗനവാടി ജീവനക്കാർക്ക്, കർഷകത്തൊഴിലാളി പെൻഷൻ, യുവതിയുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം മുഴുവൻ പോപ്പുലിസ്റ്റിക്ക് ബഡ്ജറ്റ് എന്നാണ് ദി ഹിന്ദു പത്രം എഴുതിയത്. "LDF presents poor man's Budget-1996-1997 % ഇലക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ് ജയിച്ചു വന്നപ്പോഴുള്ളതാണ്. 1997-ൽ വീണ്ടും ഇങ്ങനെ ആശ്വാസത്തിനുവേണ്ടി നടപടി എടുത്തു. 1998-ലും എടുത്തു 1999-ലും എടുത്തു, 2000-ത്തിലുമെടുത്തു. അതിങ്ങനെ എടുത്തുവരുമ്പോൾ അതിന്റെ സ്പീഡ് കുറേശേ ഇങ്ങനെ കൂടി. ഇത് എൽ.ഡി.എഫിന്റെ ലൈനാണ്. അല്ലാതെ ശിവദാസമേനോന്റെ സൗജന്യമൊന്നുമില്ല. എൽ.ഡി.എഫ്. എന്തിനുവേണ്ടി നിൽക്കുന്നു. ആർക്കുവേണ്ടി ഭരിക്കുന്നു. ആരുടെ വർഗ്ഗ താൽപ്പര്യത്തിനുവേണ്ടിയാണ് ബഡ്ജറ്റ് എന്നു പറഞ്ഞാൽ വരവ് ചെലവ് കണക്കല്ല. അതിൽ ഭരിക്കുന്ന മുന്നണിയുടെയോ കക്ഷിയുടെയോ വർഗ്ഗവീക്ഷണം പ്രതിഫലിക്കും. 1996 തൊട്ട് ഇതുവരെ ഞാൻ ധനകാര്യമന്ത്രിയെന്നുള്ള നിലയ്ക്ക് ഇടതുപക്ഷ മന്ത്രിസഭയുടെ ധനകാര്യമന്ത്രിയെന്നുള്ള നിലയ്ക്ക് അവതരിപ്പിച്ച 5 ബഡ്ജറ്റിലും ഇടതുപക്ഷ ജനാധിപത്യമുന്നണി എന്തിനുവേണ്ടി നിലനിൽക്കുന്നു. ആർക്കുവേണ്ടി നിലനിൽക്കുന്നുവെന്നുള്ളത് സമ്പൂർണ്ണമായി പ്രതിഫലിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു ബഡ്ജറ്റാണ് ഇത്. അല്ലാതെ ശ്രീ. ശിവദാസമേനോന് ഇഷ്ടമുള്ളതുകൊണ്ട് വാരിക്കോരി കൊടുക്കുകയല്ല. പിന്നെ ഇവിടെ വെറുതെ ഒരു പ്രശ്നമുണ്ടാക്കാൽ വേണ്ടി പലരും പറയുന്നു. ശ്രീ. സത്യൻ മൊകേരിയുടെ പ്രസംഗം കേട്ടപ്പോൾ എല്ലാവർക്കും സത്യം മനസ്സിലായിട്ടുണ്ടാകും. ശ്രീ. സത്യൻ മൊകേരി അത് പറഞ്ഞപ്പോൾ ഇന്നലെയുള്ള തീരുമാനമാണ്. പാർട്ടി തീരുമാനമാണ് ഞാനും പറയുന്നത്, അതല്ലാതെ പാർട്ടി തീരുമാനിക്കാത്തത്, പറയുകയാണോ? പാർട്ടി തീരുമാനിച്ചാൽ ഒരു കുഴപ്പവുമില്ല. സർവ്വതന്ത്രകുതന്ത്രന്മാരാണോ? അല്ലല്ലോ. ഒരു ലൈനും ഒരു പോളിസിയുമുള്ള മുന്നണിയാണ്. അതുകൊണ്ടാണ് പറയുന്നത്. മാറ്റമുണ്ടാകുമെന്ന സത്യമൊഴിച്ചാൽ മറ്റെല്ലാം മാറുമെന്നാണ് കാറൽമാർക്സ് പറഞ്ഞത്. മാറ്റമുണ്ടാകുമല്ലോ. 25 പ്രാവശ്യം ഇങ്ങോട്ടു പറഞ്ഞാൽ 26 പ്രാവശ്യം അങ്ങോട്ടു പറയും. ഒരു പ്രാവശ്യം പലിശ വച്ചുതരും. ഒരു രൂപയും കടം വയ്ക്കാറില്ല. അതുകൊണ്ട് അവശേഷിക്കുന്ന ഈ കൊല്ലത്തിൽ കടം വയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. കെ.എം. മാണിയും ഇവിടത്തെ പ്രഗൽഭന്മാരായ ധനകാര്യ മന്ത്രിമാരായിരുന്നു. അവർ വച്ചിട്ടുള്ള ചില ക്രിയാത്മകമായ നിർദ്ദേശങ്ങൾ പിന്നെ ചില നികുതികളുടെ കാര്യം റബ്ബർ തടിയുടെ പർച്ചേഴ്സ് ടാക്സ്, അതുപോലെ റെഡിമെയിഡ് ഐറ്റത്തിനുള്ള ടാക്സ് തുടങ്ങി കുറെ പ്രൊപ്പോസൽസ് ഇവിടെയിരിക്കുന്നവരും അവിടെയിരിക്കുന്നവരും തന്നിട്ടുണ്ട്. ആ പ്രൊപ്പോസൽസ് മുഴുവൻ ഇപ്പോൾ ഫിനാൻസ് ബില്ലിൽ കൊണ്ടുവരാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ട്. കാരണം ഗവർണ്ണർ അത് ഒപ്പിടണം. ഇപ്പോൾ തന്നെ ഫിനാൻസ് ബിൽ ശരിയാക്കി വച്ചിട്ടുണ്ട്. 29-ന് ഫിനാൻസ് ബിൽ വെറ്റ് ചെയ്ത് കിട്ടുകയില്ല. അതുകൊണ്ട് ആ ഫിനാൻസ് ബിൽ അവിടെ ഇരുന്നോട്ടെയെന്ന് പറഞ്ഞ് എല്ലാത്തിന്റെയും നാനാവശങ്ങൾ പരിശോധിച്ച് കൂട്ടണമെന്ന് ആരും പറഞ്ഞിട്ടില്ല. കുറയ്ക്കാൻ ലെജിസ്ലേഷൻ ആവശ്യമില്ല. Section 10 of the K.G.S.T. invoke ചെയ്ത് ഏത് വേണമെങ്കിലും നമുക്ക് കുറയ്ക്കാം. അപ്പോൾ ഇവിടെ നിന്നും പറഞ്ഞ നിർദ്ദേശങ്ങളും ഞാൻ ഈ പറഞ്ഞ റബ്ബർ തടി, തുരിശ്ശ്, ഖാദി അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

കുറെ കാര്യങ്ങൾ ഇതെല്ലാം തന്നെ അതിന്റെ എല്ലാ മെരിറ്റും പരിശോധിച്ച് I must have a discussion with my officers അവരുമായിട്ട് ഡിസ്കസ് ചെയ്ത് അംഗങ്ങളുടെ അഭിപ്രായം ശേഖരിക്കാനും അതനുസരിച്ച് പോകാനും തയ്യാറാണ്. നമ്മുടെ സാമ്പത്തിക സ്ഥിതിയുടെ നടുവിൽ നിന്നുകൊണ്ട് പരമാവധി ആശ്വാസം ചെയ്യണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഫിനാൻസ് ബില്ലിൽ ഭേദഗതി കൊണ്ടുവരാൻ പ്രയാസമുള്ളതുകൊണ്ട് ചിലത് എന്റെ മനസ്സിൽ തീരുമാനമുണ്ട്. അതുകൊണ്ട് ഫിനാൻസ് ബില്ലിൽ ഇപ്പോൾ മാറ്റം വരുത്താൻ കഴിയുകയില്ല. ബുദ്ധിമുട്ടാണ്. എന്നാൽ കാര്യം നടന്നല്ലേ വേണ്ടൂ. ചോറായാലും ഊണായാലും വയറ് നിറയണം എന്നല്ലേയുള്ളൂ. അതുകൊണ്ട് ഇപ്പോൾ എന്റെ മനസ്സിലുള്ളത് ഞാൻ ഉടനെതന്നെ സെക്ഷൻ 10 ഇൻവോക്ക് ചെയ്തുകൊണ്ട് ബാക്കിയുള്ളതുകൂടി ആഫീസേഴ്സുമായിട്ട് ഡിസ്കസ് ചെയ്തുകൊണ്ട് അതിന്റെ നാനാവശങ്ങളും പരിശോധിച്ച് അപ്പുറത്തും ഇപ്പുറത്തുമുള്ള എം.എൽ.എ. മാർ പറഞ്ഞ കാര്യങ്ങൾ, ചില കമ്പനികൾ, അലിന്റ് (കുണ്ടറ) ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായിട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അത് തുറക്കാനുള്ള പരിശ്രമം നടക്കുകയാണ്. അതിനുവേണ്ട സാമ്പത്തിക സഹായം ചെയ്യേണ്ടിവരും. ആവശ്യമായ സാമ്പത്തിക സഹായം ചെയ്യാതിരിക്കുകയില്ല. റബ്ബർ തടിയുടെ കാര്യം ആയിരം പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അതൊന്നും ഫിനാൻസ് ബില്ലിൽ കൊണ്ടുവരാൻ പറ്റുകയില്ല. I can invoke section 10 അതുപോലെ Market intervention നുള്ള agriculture, അതുപോലെ നീതിസ്റ്റോറിന്റെ മാർജിൻ മണി ഇതെല്ലാം ഇപ്പോൾ വച്ച് പൈസയില്ലാതെ അഡീഷണൽ ആതറൈസേഷൻ ആവശ്യത്തിന് കൊടുത്ത് ആവശ്യത്തിന് വരുമ്പോൾ പണം കൊടുക്കാമെന്നുള്ളതുകൊണ്ടാണ്. ആവശ്യത്തിന് പണം കൊടുക്കും അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. മാർക്കറ്റ് ഇന്റർവൈൻഷന് ഒരു വിഷമവും കൃഷി വകുപ്പിന് വരില്ല. ഇതെല്ലാം തുറന്ന് പറയുകയാണ്.

ശ്രീ. കെ.എം. മാണി : ബഡ്ജറ്റാണ് നമ്മൾ പാസ്സാക്കുന്നത്. അങ്ങ് ഇപ്പോൾ ഒരു പാട് ആനുകൂല്യങ്ങൾ അനൗൺസ് ചെയ്തു. ഇയർ എന്റ് ഡെഫിസിറ്റ് 193 കോടിയാണ്. ഈ അനൗൺസ്മെന്റ് കൂടി കൂട്ടുമ്പോൾ എത്രയായിയെന്ന് മെമ്പർമാർക്ക് വ്യക്തമാക്കണ്ടേ. പറയണം.

ശ്രീ. ടി. ശിവദാസമേനോൻ : Please wait ഡെഫിസിറ്റ് 193.70 കോടിരൂപ ആയിരുന്നു. ഇപ്പോൾ ഞാൻ അഡീഷണൽ പറഞ്ഞത് 7.32 കോടി അനൗൺസ് ചെയ്തു. അപ്പോൾ ഫിനാൻഷ്യൽ ഡെഫിസിറ്റ് 201.02 കോടി ആണ്.

ശ്രീ. കെ.എം. മാണി : ഇതിനു പുറമെ അങ്ങ് പറഞ്ഞു റേഷനെ സംബന്ധിച്ചിടത്തോളം റേഷന് വച്ചിരുന്ന 150 കോടി രൂപയാണ്. ആവശ്യത്തിനുള്ളത് മുഴുവൻ ഞാൻ കൊടുക്കുമെന്നു പറഞ്ഞു അങ്ങനെ വരുമ്പോൾ ഇയർ എന്റ് ഡെഫിസിറ്റ് ഇതിലും കൂടുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : അത് ഞാൻ പറഞ്ഞു. റേഷൻ കേന്ദ്ര ഗവൺമെന്റ് നിർത്തി. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ പറഞ്ഞ പൊസിഷനിലേയ്ക്കു നമ്മൾ വഴുതി വീഴണമെങ്കിൽ ഡെഫിസിറ്റ്..... നാട്ടിലെ എല്ലാ ജനങ്ങൾക്കും ഭക്ഷണം കൊടുക്കുകയാണ് പ്രശ്നം അത് ചെയ്യും ഒരു സംശയവും വേണ്ട. ഇപ്പോൾ ബഹുമാനപ്പെട്ട മാണിക്ക് മനസ്സിലായില്ലേ എന്തു ചെയ്തും പൊതുവിതരണ സമ്പ്രദായം തടസ്സം കൂടാതെ നടത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന്. അത് മനസ്സിലായാൽ മതി.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഈ രാജ്യത്തെ സാമ്പത്തിക സ്ഥിതിയെപ്പറ്റി വിശദമായി പറഞ്ഞു കഴിഞ്ഞു. ശ്രീ.കെ.എം. മാണിയുടെ സംശയവും തീർന്നു, മാണിക്ക് സംശയമൊന്നുമില്ല. മാണി രണ്ടുതവണ എന്റെ കൂടെ ഉണ്ടായിരുന്നതല്ലേ ധനകാര്യവകുപ്പിൽ. നിങ്ങളെ പറ്റിക്കാൻ വേണ്ടി പറയുന്നതല്ലേ, എന്താണ് സ്ഥിതിഗതി? നമ്മൾ ഇപ്പോൾ ഈ ബഡ്ജറ്റ് ചർച്ച ചെയ്യുന്ന ഒരു സാഹചര്യത്തിൽ അതായത് വളരെ അനുകൂലമായ സാഹചര്യത്തിൽ അല്ലേ കേന്ദ്രം നമുക്ക് 29-ാം തീയതി 8332 കോടി രൂപയുടെ ഭാരം തലയിൽ കെട്ടിവച്ചത്. മറ്റൊന്ന് യൂറിയയുടെയും ഫുഡ്ഡിന്റെയും അടക്കം 6000 കോടി രൂപ പിന്നേയും കെട്ടിവച്ചു. ആ വർദ്ധനവിന്റെ നേതൃത്വത്തിൽ ഇന്ത്യൻ സാമ്പത്തിക സ്ഥിതി നീങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് നമ്മുടെ തലയിൽ ഈ ബഡ്ജറ്റ് വന്നിട്ടുള്ളത്. ഈ ബഡ്ജറ്റ് ഈ രീതിയിൽ തന്നെ ജനങ്ങൾക്ക് അനുകൂലമാക്കിവയ്ക്കാൻ വളരെ സാഹസമുണ്ട്, സാഹസപ്പെട്ടിട്ടുമുണ്ട്. ഇന്ത്യൻ സാമ്പത്തികം മാത്രമല്ല ലക്ഷക്കണക്കിനു വ്യവസായശാലകൾ പൂട്ടി തൊഴിലാളികൾ പുറത്താണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഈ കാര്യം ഞാൻ പറയാൻ വിട്ടുപോയതാണ്. അതായത് ആഗ്ലോ ഇന്ത്യൻ സ്കൂൾസ്, അങ്ങനെയൊരു വിഭാഗമുണ്ട്. Linguistic Minority എന്ന് പറഞ്ഞിടത്ത് അത് വരികയില്ല. അതുകൊണ്ട് ആഗ്ലോ ഇന്ത്യൻ സ്കൂളുകൾ അപ് ഗ്രേഡ് ചെയ്യാനുള്ള-കൊച്ചു യു.പി. സ്കൂളുകളുണ്ട്. അവരുടേതായിട്ടുള്ള കൾച്ചറും അവരുടേതായിട്ടുള്ള കാര്യങ്ങളും നിലനിറുത്താൻ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളും.

ശ്രീ. ഇ. കെ. നായനാർ : കർഷകത്തൊഴിലാളിക്കും മറ്റ് തൊഴിലാളികൾക്കും തൊഴിലില്ലാത്തവർക്കും എല്ലാം ആനുകൂല്യങ്ങൾ 50,000 അംഗൻവാടി സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ. അത് പൂർണ്ണമായി നടപ്പാക്കി കഴിഞ്ഞിട്ടില്ല. ഇന്ത്യൻ സാമ്പത്തിക സ്ഥിതി ഗുരുതരമായി പ്രതിസന്ധിയിലാണ്. ഭക്ഷ്യ കാര്യത്തിൽതന്നെ പൂർണ്ണമായി നടപ്പാക്കി കഴിഞ്ഞിട്ടില്ല. ഭക്ഷ്യനയം ഈ രൂപത്തിൽ തുടരുന്നതിന് വിരുദ്ധമായിട്ടുള്ള അല്ലെങ്കിൽ യോജിക്കാതിരിക്കുന്നത് ശ്രീ. ചന്ദ്രബാബു നായിഡുവും ശ്രീ. കരുണാനിധിയുമെല്ലാം ഉണ്ട്. തൃണമൂൽ കോൺഗ്രസ്സുകാരുമുണ്ട്. അതുകൊണ്ട് ഉയർന്ന ദാരിദ്ര്യമേഖലയ്ക്കു മുഴുവൻ എടുത്തുകളയണമെന്നുള്ളത് പാസ്സാക്കിയെങ്കിലും ഇംപ്ലിമെന്റേഷൻ വന്നു കഴിഞ്ഞിട്ടില്ല. ആ തർക്കം കിടക്കുകയാണ്. ഭക്ഷ്യരംഗത്ത് തന്നെ 8332 കോടി

LIBRARY ARCHIVES Kerala Legislative Assembly

അതേ രൂപത്തിൽ തന്നെ നടപ്പിലാക്കുകയാണെങ്കിൽ കൂടുതൽ ഭാരം ഇനിയും വരാൻ പോകുകയാണ്. 6000 കോടി രൂപ ഭക്ഷ്യത്തിന്റേയും വരാൻ പോകുകയാണ്. ഇത്തരത്തിൽ ഇന്ത്യയുടെ സാമ്പത്തികസ്ഥിതി കൂടുതൽ ക്രൈസിസിലേയ്ക്കാണ് വരുന്നത്. ഇതുമാത്രമാണോ ഇതുനേരിടാൻ പൊതുമേഖല സ്വകാര്യമേഖലയ്ക്കു കൊടുക്കാൻ നോക്കുകയാണ്. ബി.ജെ.പി. ഗവൺമെന്റ് ഇത് കൈകാര്യം ചെയ്യുന്നത് അങ്ങനെയാണ്. നിങ്ങളുടെ ഒരു പ്രസംഗത്തിലും ഇന്ത്യൻ രാഷ്ട്രീയം കുഴപ്പത്തിൽ വരാൻ പോകുന്നതിനെപ്പറ്റി ചൂണ്ടിക്കാണിച്ചിട്ടില്ല. ഇവിടത്തെ തൊഴിലില്ലായ്മയേയും മറ്റും കുറിച്ചുള്ള കുറച്ചു കണക്കുകൾ മാത്രമേ നിങ്ങളുടെ പ്രസംഗത്തിൽ ഉള്ളൂ. ഇതിനുശേഷം വരാൻ പോകുന്നത് ഇന്ത്യൻ പബ്ലിക് സെക്ടറിലെ ഉരുക്ക് കമ്പനി മുഴുവൻ പ്രൈവറ്റാക്കാൻ പോകുകയാണ്. ദുർഗ്ഗാപുരും സേലവും വിശാഖപട്ടണവും മൂന്ന് പബ്ലിക് സെക്ടറാണ്. നെഹ്റുവിന്റെ സാമ്പത്തിക നയത്തെപ്പറ്റി ശ്രീ. ആന്റണി പറഞ്ഞല്ലോ. അത് ഇപ്പോൾ എവിടെ? അത് പ്രൈവറ്റിന് കൊടുക്കാൻ പോകുകയാണ് അതിനെ ശ്രീ. ചന്ദ്രബാബു നായിഡു ഒപ്പോസ് ചെയ്തിട്ടുണ്ട്. പൂർണ്ണമായി ഒപ്പോസ് ചെയ്തു എന്ന പറയാറായിട്ടില്ല, അതുപോലെ ശ്രീ. കരുണാനിധിക്കും യോജിപ്പില്ല. ദുർഗ്ഗാപ്പൂർ ബംഗാളിലാണ്. ഈ 3 പബ്ലിക് സെക്ടർ ഫാക്ടറി പ്രൈവറ്റിന് കൊടുക്കാൻ പോകുകയാണ്. ഇന്ത്യൻ സാമ്പത്തിക സ്ഥിതി മുഴുവൻ തന്നെ കുത്തകകാർക്കും ബഹുരാഷ്ട്ര കോർപ്പറേഷന്റെ കൈയ്യിലേക്കുമാണ് വീഴാൻ പോകുന്നത്. അതാണ് ബി.ജെ.പി. ഗവൺമെന്റിന്റെ പോളിസി, സാമ്പത്തിക നയം. നേരത്തെ ബഹുമാനപ്പെട്ട മെമ്പർമാർ വായിച്ചു. പഞ്ചാബിൽ ശമ്പളം കൊടുത്തിട്ടില്ല, പൂട്ടാൻ പറഞ്ഞിരിക്കുകയാണ് എന്ന് യു.പി.യിലും മദ്ധ്യപ്രദേശിലും ബീഹാറിലും ശമ്പളം കൊടുത്തോ ഇവിടെ മാത്രമല്ലാതെ കേരളത്തിലും ബംഗാളിലും ശമ്പളം കൊടുത്തിട്ടുണ്ട്. ബീഹാറിൽ പൂർണ്ണമായി കൊടുത്തോ? അതുപോലെ മദ്ധ്യപ്രദേശിൽ കൊടുത്തോ പൂർണ്ണമായി. പഞ്ചാബിൽ ശമ്പളം കൊടുക്കാനുള്ള ട്രഷറി ക്ലോസ് ചെയ്യാൻ ചീഫ് സെക്രട്ടറി പറഞ്ഞിരിക്കുകയാണ്. ഇങ്ങനെയുള്ള സ്റ്റേറ്റുകളിലാണ് ഇപ്പോൾ കേരളം പെട്ടിട്ടുള്ളത്. ഇന്ത്യാ ഗവൺമെന്റ് ആണെങ്കിൽ ഇന്ത്യയിലെ പബ്ലിക്സെക്ടർ ഇൻഡസ്ട്രി പ്രൈവറ്റ് സെക്ടറിന് വില്ക്കാൻ പോകുകയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് കൊണ്ടുവന്നിട്ടുള്ള അന്നത്തെ സാമ്പത്തിക സ്ഥിതി, പൊളിച്ചിട്ടു മുഴുവൻ പ്രൈവറ്റിലേയ്ക്കാണ് ഇപ്പോൾ കൊടുക്കാൻ പോകുന്നത്. ഇത് കോൺഗ്രസ് അംഗീകരിച്ചിട്ടുണ്ടോ? ഈ പോളിസിക്ക് എതിരായിട്ട് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെന്നുള്ളതാണ് രാജ്യസഭയുടെ വോട്ടിംഗ് കാണിച്ചത്. ബഹുമാനപ്പെട്ട നമ്മുടെ ആന്റണി, വർക്കിംഗ് കമ്മിറ്റി എന്തു പറഞ്ഞിട്ട് കാര്യമില്ല. വോട്ട് രാജ്യസഭയിലാണ്. രാജ്യസഭയിൽ വോട്ട് ചെയ്തത് ആർക്ക് അനുകൂലമായിട്ടാണ്. ബാങ്ക് ദേശസാൽക്കരിക്കുമ്പോൾ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയും ഞാൻ അന്ന് ലോക്സഭാ മെമ്പറുമായിരുന്നു. ഞങ്ങളെല്ലാം ബാങ്ക് ദേശസാൽക്കരണത്തിന് അനുകൂലിച്ചതല്ലേ. ബാങ്ക് പ്രൈവറ്റൈസേഷനല്ലേ ഇപ്പോൾ പാസ്സാക്കിയത്. രാജ്യസഭയിൽ കോൺഗ്രസ് വോട്ട് ചെയ്തില്ലേ, പ്രൈവറ്റൈസേഷന്, ഇന്ദിരാഗാന്ധി കൊണ്ടുവന്നതിനു എതിരായിട്ട്, നിങ്ങൾ അവിടെ പ്രസംഗിച്ചു കേട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ആവടിയെപ്പറ്റി. ആവടിയെപ്പറ്റി വല്ല വിവരവുമുണ്ടോ? ഞാൻ ഒരു കാലത്ത് കോൺഗ്രസ്സായിരുന്നു. 1955-ൽ ആവടി എനിക്കറിയാം. അന്ന് ഞങ്ങൾ ആവടിയിലെ ആദ്യത്തെ പ്രമേയത്തെ സപ്പോർട്ട് ചെയ്തത് ടാറ്റായുടെ പേപ്പറാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ് പങ്കെടുത്തത്. മദ്രാസിൽ ഗുലാം അബ്ദുൾകലാം ആസാദായിരുന്നു ആ സമ്മേളനത്തിൽ പങ്കെടുത്തത്. ഇതൊക്കെ നമ്മൾ പ്രസംഗിച്ചു നടന്നതാണ്. ആവടിയെപ്പറ്റി ആരാണ് സപ്പോർട്ട് ചെയ്തത്. Tata first Socialistic pattern of society ആണ്. Not real socialism, not scientific socialism. It is the socialistic pattern of society. അതിന്റെ അർത്ഥം മനസ്സിലായോ, ടാറ്റാ സപ്പോർട്ട് ചെയ്തു, അതിന് ഫസ്റ്റ് ടാറ്റായുടെ പേപ്പറാണ്. അതിന് അനുകൂലിച്ച് മുഖപ്രസംഗവും എഴുതി. ടാറ്റയും സോഷ്യലിസവും വളരെ ബന്ധമുള്ളതാണ്. ആദ്യത്തെ മുഖപ്രസംഗം ടാറ്റാ പേപ്പറാണ്, വെൽകം ചെയ്തത്. അന്ന് അജയ്ഘോഷ് ആയിരുന്നു ഞങ്ങളുടെ പാർട്ടി സെക്രട്ടറി. അജയ്ഘോഷ് ആയിരുന്നു അതിനെതിരായിട്ട് ഒരു ബുക്ക് ലെറ്റ് എഴുതിയത്. ആ കാലത്ത് സോഷ്യലിസത്തിനെതിരായിട്ട് ആവടിയെപ്പറ്റി ഒന്നും പറയണ്ട. അത് കഴിഞ്ഞ കാലത്തെ കഥയല്ലേ. ആ രീതിയിലുള്ള സോഷ്യലിസമാണോ ഇത്. അത്തരത്തിലുള്ള സോഷ്യലിസം പോയി. കമ്മ്യൂണലായിട്ടുള്ള പൊളിറ്റിക്കലി കമ്മ്യൂണൽ ഗവൺമെന്റ്. കോൺഗ്രസാണെങ്കിൽ സെക്യുലർ ആണെന്ന് പറയാം. സെക്യുലർ ഗവൺമെന്റും പോയി, കോൺഗ്രസും പോയി. ഇന്നിപ്പോൾ കമ്മ്യൂണൽ ഗവൺമെന്റ്. പൊളിറ്റിക്കലി ഇന്ത്യയിൽ വന്നത് ബി.ജെ.പി. ഗവൺമെന്റാണ്. സെക്യുലർ ഗവൺമെന്റാണോ ? ഇന്ന് കോൺഗ്രസും ഇല്ല. അതിന്റെ സാമ്പത്തിക നയവുമില്ല. ബഹുരാഷ്ട്ര കോർപ്പറേഷന് കീഴടങ്ങുന്നതായിരിക്കുന്നു സാമ്പത്തിക നയം. പൊളിറ്റിക്കൽ ആണെങ്കിലോ കമ്മ്യൂണൽ ഗവൺമെന്റ്. ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷന് എതിരായിട്ടുള്ള ഒരു ഗവൺമെന്റ്. പണ്ട് പാസ്സാക്കിയിട്ടുള്ള ഭരണഘടനയ്ക്ക് എതിരായിട്ടുള്ള ഒരു ഗവൺമെന്റാണ് അവിടെയുള്ളത്. അതിനെയാണ് സപ്പോർട്ട് ചെയ്യുന്നത്, 23 പാർട്ടികൾ, 128 സീറ്റ് അവർക്കില്ലേ. അവരെ സപ്പോർട്ട് ചെയ്ത് 23 പാർട്ടികൾ വേറെ. ഗവൺമെന്റ് സെക്കുലർ അല്ല കമ്മ്യൂണൽ, പൊളിറ്റിക്കലി കമ്മ്യൂണൽ, എക്കണോമിക്കലി ബഹുരാഷ്ട്ര കോർപ്പറേഷൻ any foreign policy ഇന്നത്തെ കരാർ ആരാണ്. ബിജിംഗിൽ കൂട്ടുകെട്ടല്ല. ചേരിചേരാനയമുണ്ടോ അതിനകത്ത്. അതൊക്കെ കരാറിൽ പറഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ രക്ഷയ്ക്കും ഭാവിയെ സംബന്ധിച്ചും അമേരിക്കയും ഇന്ത്യയും കൂടി യോജിച്ചു നില്ക്കുമെന്നാണ്. അമേരിക്ക എന്നു പറഞ്ഞാൽ ഇന്ത്യയ്ക്ക് അനുകൂലമാണോ ? അമേരിക്ക ഏത് ഘട്ടത്തിലും ഇന്ത്യയെ കശാപ്പ് ചെയ്യാനും ഇന്ത്യയെ വിഴുങ്ങാനുമല്ലേ ശ്രമിച്ചിട്ടുള്ളത്. 1971-ൽ ബംഗ്ലാദേശിനെ മോചിപ്പിക്കുവാൻ ഇന്ത്യൻ മിലിട്ടറി പോയസമയത്ത് ഏഴാം കപ്പൽപടയ്ക്ക് എതിരായി അയച്ചതാണ്. അമേരിക്കയല്ലേ പാകിസ്ഥാന് അനുകൂലമായി അയച്ചത്. 1971-ൽ ബംഗ്ലാദേശിനെ മോചിപ്പിക്കുവാൻ ഇന്ത്യയുടെ ആർമി പോയപ്പോൾ പാകിസ്ഥാനെ സപ്പോർട്ട് ചെയ്തത് അമേരിക്കയാണ്, അമേരിക്കയുടെ ഏഴാം കടൽപ്പട ഇന്ത്യയെ രക്ഷിച്ചത് റഷ്യൻ പട. റഷ്യയുടെ താക്കീത് വന്നു You withdraw it ഇല്ലെങ്കിൽ We will

LIBRARY ARCHIVES Kerala Legislative Assembly

enter it എന്നു വന്നപ്പോൾ അമേരിക്ക മടങ്ങി, ആ റഷ്യ ഇന്നില്ല, ആ റഷ്യ പൊളിഞ്ഞു ആ കഥയിലേക്ക് പോയാൽ ഇപ്പോൾ പറ്റുകയില്ല. കാരണം ആ റഷ്യ ഇന്നില്ലെന്നുള്ളത് മനസ്സിലാക്കിയാൽ മതി. അന്ന് റഷ്യ ഇന്ദിരാഗാന്ധിയോട് പറഞ്ഞു. We are ready to protect you. റഷ്യ അമേരിക്കയോട് പറഞ്ഞു, We are sending our flight or you withdraw എന്നു പറഞ്ഞപ്പോൾ അമേരിക്ക വിത്ഡ്രാ ചെയ്തില്ലേ? അങ്ങനെ ഒരു സഹായം അന്നുണ്ടായിരുന്നു. ഇന്ന് അതില്ല. ഇന്നിപ്പോൾ എന്താണ് പറഞ്ഞത്, നമ്മുടെ വാജ്പേയി ഇന്നലെ ക്ലിന്റനുമായി ഒത്തുതീർത്ത് ഒപ്പിട്ടിട്ടു പറഞ്ഞു ഇന്ത്യയുടേയും അമേരിക്കയുടേയും രക്ഷയ്ക്ക് നമ്മൾ സഹകരിക്കാം. ആണവായുധങ്ങൾ ഞങ്ങൾ ഇപ്പോൾ ഉപയോഗിക്കില്ല. ഇന്നലെ ഒപ്പിട്ടിരിക്കുകയാണ്. തീർച്ചയായും ചോദിക്കാം, അത് ഇന്ത്യയ്ക്ക് അനുകൂലമാണോ? ഇന്ത്യയ്ക്ക് ഏതു സമയത്തും..... അതുമാത്രമല്ല ഞാൻ കാശ്മീരിലെ .....ഞാൻ പാകിസ്ഥാനിൽ പോകുന്നുണ്ട്. ഞാൻ ഷെരീഫുമായിട്ട് കാശ്മീർ ഇഷ്യൂ സംസാരിക്കുന്നുണ്ട്. കാശ്മീരിൽ അമേരിക്ക ഇപ്പോൾ മധ്യസ്ഥം വഹിക്കാനല്ലേ ഇത്രയും കാലം ശ്രമിച്ചത്. ഇന്ത്യ അത് അംഗീകരിക്കാൻ പാടുണ്ടോ? നമ്മൾ ഇതിന് എതിരല്ലേ? അപ്പോൾ ഇന്ത്യൻ പൊളിറ്റിക്സ് ആകെ അമേരിക്കയ്ക്ക് സറണ്ടർ ചെയ്യുകയാണ്. ഇതാണ് ഇന്നിപ്പോൾ ക്ളിന്റന്റെ വരവോടെ തന്നെ ഒരു അധ്യായം തുറന്നിട്ടുള്ളത്. ഞാൻ കാശ്മീരിൽ പോയി സംസാരിക്കാം എന്നാണ് ക്ലിന്റൻ പറഞ്ഞത്.....ലൈൻ ഓഫ് കൺട്രോൾ തന്നെയാണ് ഞാൻ ഇന്നലെ കണ്ടത്. 35 സിക്കുകാരുടെ കഴുത്തു പോയത് ലൈൻ ഓഫ് കൺട്രോൾ ആണ്. 35 സിക്കുകാരുടെ കഴുത്ത് പോയത്, ലൈൻ ഓഫ് കൺട്രോൾ കണ്ടു ഞങ്ങളിന്നലെ. അപ്പോൾ ലൈൻ ഓഫ് കൺട്രോൾ എന്നുള്ള വർത്തമാനത്തിലാണ്. വെടി വേറെയാണ്. ആ നിലയ്ക്ക് നോക്കുന്ന സമയത്ത് ക്ലിന്റൻ പോയി മധ്യസ്ഥം വഹിക്കുകയാണ് പാകിസ്ഥാന്. പാകിസ്ഥാന് തോക്കു കൊടുക്കുന്നതും ആയുധം കൊടുക്കുന്നതും ക്ലിന്റൻ. പാകിസ്ഥാനെ ആയുധവൽക്കരിച്ചത് ആരാണ്? ഈ അമേരിക്ക അല്ലേ? ഇതേ അമേരിക്കയല്ലേ പോയിട്ട് മധ്യസ്ഥം വഹിക്കാൻ പറയുന്നത്? അപ്പോൾ നമ്മളിപ്പോൾ എവിടെയാണ് നിൽക്കുന്നത്? ഇന്നലെ ഒപ്പിട്ടതോടുകൂടി ഇന്ത്യ ഇപ്പോൾ എവിടെയെത്തി? നെഹ്റുവിന്റെ കാലത്ത് തീർച്ചയായിട്ടും ഞങ്ങൾ സ്വാഗതം ചെയ്ത ചേരിചേരാ നയം ഉണ്ടായിരുന്നു. That is correct നെഹ്റു ഉണ്ടായിരുന്നു, ടിറ്റോ ഉണ്ടായിരുന്നു, നാസർ ഉണ്ടായിരുന്നു. ആ കാലത്ത് സുക്കാർതതോ ഉണ്ടായിരുന്നു. വേൾഡിൽ ഒരു ചേരിചേരാ നയത്തിൽ നിൽക്കുന്ന നമ്മൾ, സമാധാനത്തിനും സാമ്രാജ്യത്വത്തിനും എതിരായിട്ട്, കൊളോണിസത്തിനെതിരായിട്ടുമുള്ള നയം അതുപോയി. ആ നയത്തോട് ഞങ്ങളൊക്കെ യോജിച്ചു നിൽക്കുകയായിരുന്നില്ലേ? ചേരിചേരാ നയത്തോട്. ഇന്നിപ്പോൾ എവിടെ? ഇന്നലത്തെ ഒപ്പോടുകൂടി അതു തീർന്നു. ശ്രീ. കെ. എം. മാണിക്ക് അപ്പുറത്തു നിൽക്കാം. നമുക്കു കുഴപ്പമില്ല. നമ്മളില്ല, അത്രേയുള്ളൂ. ആ ചേരിചേരാ നയം ആയിരുന്നില്ലേ ഇന്ത്യൻ ട്രെഡിഷൻ. ഇന്ത്യൻ ദേശീയത്വത്തിന്റെ നയം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അടക്കും വേൾഡിലുള്ള ചേരിചേരാ രാഷ്ട്രീയ നേതാക്കളടക്കം യോജിച്ച് ഒപ്പിട്ടതല്ലേ? അതു പോയി. സാമ്പത്തിക നയം പോയി. പൊളിറ്റിക്സ് കമ്മ്യൂണലിസം.

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി. യുടെ നേതൃത്വത്തിൽ കമ്മ്യൂണലിസം. നമ്മൾ കമ്മ്യൂണലിസത്തിനല്ലല്ലോ നിന്നത് ? കോൺഗ്രസുമായി എതിർപ്പുണ്ടെങ്കിൽ കോൺഗ്രസ് സെക്കുലർ ആയിരുന്നില്ലേ ? ആ ഗവൺമെന്റുണ്ടോ ഇന്ന് ? അപ്പോൾ പൊളിറ്റിക്സും പോയി. അതുപോലെതന്നെ എക്കോണമിയും പോയി. അതുപോലെതന്നെ ഫോറിൻ പോളിസിയും പോയി. ഇത് നമ്മൾ കഴിഞ്ഞ കാലത്ത് സ്വീകരിച്ചു വന്നതെല്ലാം Chaos ആയി. ഇപ്പോൾ ബി.ജെ.പി.യുടെ നേതൃത്വത്തിലാണ് ഇതൊക്കെ നടക്കുന്നത്. ഇതിനെതിരായിട്ടുള്ള ഫൈറ്റിൽ ആ എക്കോണമിയുടെ കീഴിലാണ് നമ്മൾ. ഭക്ഷ്യത്തെപ്പറ്റി ഇന്നിപ്പോൾ ചർച്ച കഴിഞ്ഞതാണ്. ഭക്ഷ്യത്തെപ്പറ്റി പറഞ്ഞതിൽ തീർച്ചയായിട്ടും നടപ്പിലാക്കാതിരിക്കാൻ നിവർത്തിയില്ല. നമുക്ക് ഈ എക്കോണമിയുടെ കീഴിലാണെങ്കിലും എത്രതന്നെ സാമ്പത്തിക ദുരിതം ഉണ്ടെങ്കിലും ഈ രാജ്യത്തിലെ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ, ജനങ്ങൾക്ക് ആശ്വാസം കൊടുക്കാൻ നടപടി സ്വീകരിക്കാതിരിക്കാൻ പറ്റുകയില്ല. ഈ രാജ്യത്തിലെ 2 ലക്ഷത്തോളം വീടുകൾ കുടിലില്ലാത്തവർക്ക് കൊടുക്കേണ്ടതുണ്ട്. അതുപോലെതന്നെ കാർഷിക മേഖലയിലെ സഹായം, ഞാൻ ചോദിക്കട്ടെ, 12 ഏക്കർ ഭൂമിയുള്ള ഒരു കുടുംബത്തിന് കാർഷികാദായ നികുതി എടുത്തുകളഞ്ഞത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമല്ലേ ? മാണിക്ക് അറിയാമല്ലോ അത്. 5 ഹെക്ടർ എന്നുപറഞ്ഞാൽ 12 1/2 ഏക്കർ. 5 ഹെക്ടറുള്ള ഭൂമിക്ക് ഇൻകംടാക്സ് എടുത്തുകളഞ്ഞത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. കൃഷിക്കാരൻ വരുമാനമുണ്ടെന്ന് പറഞ്ഞിട്ടുള്ള കഥയില്ല. കൃഷിക്കാരന്റെയിടയിൽ ഞാൻ 25 കൊല്ലം വർക്കു ചെയ്തവനാണ്. കൃഷിക്കാരൻ എപ്പോഴും പറയും എനിക്ക് വരുമാനം കുറവാണ് എന്ന്. ഒരു കിലോ റബ്ബറിന് 70 രൂപ കിട്ടിയാൽ കുറച്ചു ഭേദമുണ്ടെന്നു പറയും. ഇപ്പോൾ തരക്കേടില്ല എന്നുപറയും. എപ്പോഴും നഷ്ടവും വിഷമവും ആണ് അവന്. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥ വരുന്നതുവരെ കൃഷിക്കാരനെ രക്ഷിക്കാനാകില്ല. തൊഴിലാളിയെ രക്ഷിക്കാനാകുമോ? കൃഷിക്കാരന് ആശ്വാസം നൽകുകയാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. അതുപോലെ തന്നെ തൊഴിൽ ഇല്ലാത്തവന് ആശ്വാസം നൽകി. ഈ രൂപ കൊണ്ട് പൂർണ്ണമാകുമോ? ഒരു ആശ്വാസം. ഇത്രേയുള്ളൂ. അവർക്കു കൊടുക്കുന്ന സഹായം. പട്ടിണി കിടക്കുന്ന സ്ഥിതി ഉണ്ടാകാൻപാടില്ല. ആന്ധ്രയിലേയും മഹാരാഷ്ട്രയിലേയും പോലെ നമ്മുടെ തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്ന സ്ഥിതി ഇവിടെ പാടില്ല. ഇപ്പോൾ ആത്മഹത്യ ഉണ്ടാകുന്നില്ലേ? മഹാരാഷ്ട്രയിൽ പരുത്തി കൃഷിക്കാർ ? ഉണ്ട്. കരിമ്പു പുകയില കൃഷിക്കാർ ഉണ്ട്. ചന്ദ്രബാബു നായിഡുവിന്റെ ആന്ധ്രായിൽ ആത്മഹത്യ ചെയ്യുന്നില്ലേ ? ഉണ്ട്. ഈയിടെ പഞ്ചാബി പറഞ്ഞല്ലോ, നോക്കൂ, ആന്ധ്ര എന്ത് ആന്ധ്ര ? അത്മഹത്യ യാണ് പരുത്തികൃഷിക്കാരനാണ് ആത്മഹത്യ ചെയ്തത്, മഹാരാഷ്ട്രയിൽ. 1400 ഓളം ഉൽപന്നങ്ങളുടെ ഇറക്കുമതിക്കുവേണ്ടിയുള്ള എഗ്രിമെന്റ് ബി.ജെ.പി. ഗവൺമെന്റും വിദേശ വേൾഡ് ട്രേഡ് ഓർഗനൈസേഷനും ഉണ്ടാക്കിക്കഴിഞ്ഞു. നിങ്ങളുടെ തലയിൽ വരാൻ പോകുകയാണ്. അമേരിക്ക ഇവിടത്തെ മാർക്കറ്റ് പിടിച്ചടക്കാനാണ് ശ്രമിക്കുന്നത് അപ്പോൾ ആ തരത്തിലായിരിക്കുന്ന ഇംപോർട്ട് ഇവിടെ വരുമ്പോൾ നമ്മുടെ കാർഷിക മേഖല തകർച്ചയിലേയ്ക്കാണ് വരാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

റബ്ബറിന് ഈ വിലയൊന്നുമല്ല കിട്ടാൻ പോകുന്നത്. ഇപ്പോൾ കാപ്പിയുടെ സ്ഥിതി എന്താണ് ? നമ്മൾ ഇപ്പോൾ 20 ഹെക്ടർ കാപ്പിയുടെ ടാക്സ് ഈ കൊല്ലം എടുത്തുകളഞ്ഞു. 20 ഹെക്ടർ റബ്ബറിന്റെ ടാക്സ് ഈ കൊല്ലവും എടുത്തുകളഞ്ഞു. ഇന്ത്യാ ഗവൺമെന്റിന്റെ ഈ കരാർ പുരോഗതിയിലേയ്ക്കാണോ ? 1400 ഓളം ചരക്കുകൾ അല്ലേ ഇവിടെ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചത് ? നമ്മൾ എവിടെ പോകുന്നു ? അതിന്റെ ഭാഗമല്ലേ കേരളം? ഒരു സ്വതന്ത്ര കേരളം അല്ലല്ലോ സ്വതന്ത്ര റിപ്പബ്ലിക് ആണോ? ഇന്ത്യാ ഗവൺമെന്റ് വിദേശത്തിലെ ബഹുരാഷ്ട്ര കോർപ്പറേഷന്റെ ചരക്കുകൾ മുഴുവൻ ഇറക്കുമതി ചെയ്യുമ്പോൾ നമ്മുടെ രാജ്യത്തിന്റെ കാർഷിക മേഖല മുഴുവൻ തകരും. ഇവിടെ മാത്രമല്ല, മഹാരാഷ്ട്രയിലും ആന്ധ്രയിലും കേരളത്തിലുമെല്ലാം തകരും. ആ ഒരു സ്ഥിതിയിലുള്ള എഗ്രിമെന്റ് വേൾഡ് ട്രേഡ് ഓർഗനൈസേഷനുമായിട്ട് ഉണ്ടാക്കിയില്ലേ ? ഈ ഒരു സാഹചര്യം വരുമ്പോൾ ഇതിന്റെ നടുക്കാണ് നമ്മളുള്ളത്. ഇതിൽനിന്നും എങ്ങനെ ഈ രാജ്യത്തിലെ കൃഷിക്കാരെ രക്ഷിക്കാം, തൊഴിലാളിയെ രക്ഷിക്കാം എന്നുള്ളതിനെ സംബന്ധിച്ച് നമ്മുടെ രാജ്യത്തിലെ കാർഷിക സാമ്പത്തിക വരുമാനകാര്യത്തെ സംബന്ധിച്ച് ഗൗരവമായി ചർച്ച ആവശ്യമാണ്. തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് തൊഴിലില്ലായ്മ പൂർണ്ണമായിട്ട് തീർക്കാൻ ആണോ? ഒരു ആശ്വാസത്തിന് അല്ലേ കൊടുക്കുന്നത് ? അൺ എംപ്ലോയ്മെന്റ് പൂർണ്ണമായി അമേരിക്കയിൽ തീർന്നോ? സൗത്ത്കൊറിയയിൽ എങ്ങനെയാണ്? ഇവിടെ കമ്പ്യൂട്ടറിനെപ്പറ്റി പ്രസംഗിച്ചതു കേട്ടു. സൗത്ത്കൊറിയയിൽ മുഴുവൻ കമ്പ്യൂട്ടറാണ്. പക്ഷെ പണിമുടക്കു സമരവുമാണ്. ഫിലിപ്പൈൻസിൽ എന്താണ് സ്ഥിതി ? സൗത്ത് കൊറിയയിൽ എന്താണ് സ്ഥതി ? അതുപോലെ ഇൻഡോനേഷ്യയിൽ ഇപ്പോൾ കമ്മ്യൂണൽ Riot ആണ്. 1500, 2000 ത്തോളം ദ്വീപുണ്ടവിടെ. ദ്വീപിലാണ് Riot. അതല്ലേ അവിടെ നടക്കുന്നത്? അപ്പോൾ മലേഷ്യയിൽ ക്രൈസിസില്ലേ ? അൺഎംപ്ലോയ്മെന്റ് രൂക്ഷമല്ലേ ? ജർമ്മനിയിൽ അൺഎംപ്ലോയ്മെന്റ് ഇല്ലേ ? അമേരിക്കയിൽ അൺ എംപ്ലോയ്മെന്റില്ലേ ? ഇവിടേയുമുണ്ട്. ഇന്ത്യയിൽ 5 കോടി അൺ എംപ്ലോയ്ഡാണ് ഇപ്പോൾ. പ്ലാനിംഗിന്റെ കണക്കുപ്രകാരം 5 കോടി പോരാ. 11 കോടിയോളം വരും എന്നാണ് നമ്മുടെ അനൗദ്യോഗിക കണക്ക്. ഇപ്പോൾ ഇന്ത്യയിൽ അൺ എംപ്ലോയ്മെന്റ് 5 കോടിയാണ്. ഇവിടെ 30 ലക്ഷത്തിലധികമാണ്. അവർക്ക് ഒരു ആശ്വാസം നൽകുന്നതിനുവേണ്ടി തൊഴിലില്ലായ്മ വേതനം 20 രൂപ കയറ്റി. ഒരു ഗ്ലാസ് ചായ എങ്കിൽ ചായ. അതാണല്ലോ ഇപ്പോൾ മാണി പറഞ്ഞത്. ഒരു ഗ്ലാസ് ചായയ്ക്ക് തികയില്ല എന്ന്. ബന്നിന്റെ പൈസയ്ക്കും തികയില്ലായിരിക്കും അല്ലേ ? ഇതെങ്കിലും നൽകാൻ നമുക്ക് കഴിയുന്നുണ്ട്. എന്നുള്ളതാണ് നേട്ടം. അതുകൊണ്ട് മുഴുവൻ തൊഴിലില്ലായ്മ തീരുമ്പോൾ അവരുടെ പട്ടിണി പൂർണ്ണമായി തീരും എന്നുള്ളതല്ല. അതുപോലെ ഇലക്ട്രിസിറ്റി. ഈ ഗവൺമെന്റിന്റെ 4 കൊല്ലത്തിനകത്ത് പവർക്കട്ട് ഒഴിവാക്കാൻ കഴിഞ്ഞു. 3 മണിക്കൂറാണ് കർണ്ണാടകയിൽ. കർണ്ണാടക അഭിവൃദ്ധി പ്രാപിച്ചുവരികയാണെന്ന് ആരോ അപ്പുറത്ത് പ്രസംഗിക്കുന്നതു കേട്ടു. അവിടെ ചൂടായിട്ട് ഇരിക്കാൻ വയ്യ. 3 മണിക്കൂർ ഇലക്ട്രിസിറ്റി കട്ടാണ്. അതുപോലെതന്നെ രണ്ടും രണ്ടരയും മണിക്കൂറിലധികമാണ് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രബാബുനായിഡുവിന്റെ അന്ധ്രായിൽ ഇലക്ട്രിസിറ്റി കട്ട്. ഇവിടെയോ, നമ്മുടെ ശർമ്മ ഇതിനുമുമ്പ് ഒരു ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തി. ഇപ്പോൾ ഒരു കാർഡ് ആണ് കുഴപ്പം. കാർഡ് ഞങ്ങളുള്ളിടത്തോളം പാടില്ല എന്ന് ആന്റണി, നടപ്പാക്കുമെന്ന് ശർമ്മ. ആ കാർഡ് വന്നാൽ എന്താണ് കുഴപ്പം എന്നാണ് എന്റെ ചോദ്യം ? ആ തർക്കം അവിടെ നിൽക്കട്ടെ. അതു നടക്കും. നിങ്ങളുടെ തർക്കവും നടക്കും. അതുപോലെ ജനകീയ പോലീസ് പദ്ധതിയെപ്പറ്റി പറഞ്ഞു. അത് 3 മാസം ചർച്ച ചെയ്തിട്ടേ നടപ്പാക്കാൻ പറ്റൂ. ഇപ്പോൾ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ് എല്ലായിടത്തും. എല്ലാ പാർട്ടിയുടേയും നേതാക്കന്മാരുടെ കൈയ്യിൽ ഇതിന്റെ രേഖയുണ്ട്. ആവശ്യമായ ചർച്ചകൾക്കുശേഷം മാത്രമേ നടപ്പാക്കുകയുള്ളൂ. ഇവർ ഇപ്പോൾ വായിച്ചത് പോലീസ് കോൺഗ്രസ് അസോസിയേഷന്റെ കടലാസാണ്. നേരത്തെ ഇവിടെ വായിച്ചത് ആരാണ്? ഒരു കടലാസ് നോക്കിയല്ലോ, ഉമ്മൻ ചാണ്ടി, ഇവിടെ പോലീസിന് ഒരു സംഘമുണ്ട്. അവർ എഴുതിക്കൊടുത്തതായിരിക്കാം ഇവിടെ വായിച്ചത്. എനിക്ക് ഈ രണ്ടു സംഘത്തെപ്പറ്റിയും അറിയാം. നമ്മുടെ സംഘവുമുണ്ട്. കോൺഗ്രസിന്റെ സംഘവുമുണ്ട്. രണ്ടുമുണ്ട്. കൂടാതെ വേറൊരു സംഘവുമുണ്ട്. ഈ സംഘത്തെപ്പറ്റിയെല്ലാം നല്ല വിവരമുള്ളവനാ ഞാൻ. നിങ്ങൾ ആ കടലാസുകൾ വായിക്കുമെന്ന് എനിക്കറിയാം. ഞാൻ കാണണമെന്നില്ല. അതിന്റെ ഉള്ളടക്കം നോക്കിയാലറിയാം. ആ തരത്തിൽ പോലീസിന്റെ പോളിസി ഇന്ന് എല്ലാ സംസ്ഥാനത്തിലെയും മുഖ്യമന്ത്രിമാർക്ക് അയച്ചിട്ടുണ്ട്. കർണാടകത്തിലെ മുഖ്യമന്ത്രി ശ്രീ.എസ്.എം. കൃഷ്ണ അത് നടപ്പിലാക്കാൻ വേണ്ടി ആലോചിക്കുന്നുണ്ട്. മനസ്സിലായോ ? നിങ്ങൾ വെള്ളത്തിൽ വീഴാൻ പോവുകയാണ്. കർണാടകയിലെ മുഖ്യമന്ത്രി അവിടത്തെ ഡി.ജി.പി. യോട് പറഞ്ഞിട്ടുണ്ട്. You try to discuss it and analyse it. എന്നു പറഞ്ഞ് റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്. ഇവിടെനിന്ന് അയയ്ക്കണമെന്ന് ആവശ്യപ്പെട്ടു ഇവിടെനിന്നും അയച്ചുകൊടുത്തു. ഇവിടെ എല്ലാവർക്കും കൊടുത്തു. എല്ലാവരുടെയും കയ്യിൽ അതുണ്ട്. അവിടെയുമുണ്ട്. അതുകൊണ്ട് നിങ്ങൾ പറഞ്ഞയിടത്തൊന്നും ഈ രാജ്യത്തെ കാറ്റുവന്നു നിൽക്കാൻ പോകുന്നില്ല. ആ കാറ്റ് അടിച്ചുകയറും, എല്ലായിടത്തും. അതുപോലെ ഇവിടുത്തെ കൺസ്യൂമർ കാർഡ്. എന്തൊരു വിരോധമാണ്. കൺസ്യൂമർ കാർഡുവന്നാൽ കുറച്ചു രക്ഷയുണ്ട്. കൺസ്യൂമർ കാർഡിനെ ഇവർ എതിർക്കുന്നുവെന്നാണോ നിങ്ങളുടെ ധാരണ. ഞങ്ങൾ എൽ.ഡി.എഫ്. ഇതെല്ലാം ചർച്ച ചെയ്യും. എൽ.ഡി.എഫ്-ൽ ഭേദഗതികളെ അനുകൂലിച്ചോ പ്രതികൂലിച്ചോ അംഗീകരിക്കും. അംഗീകരിച്ചു നടപ്പാക്കും. എനിക്ക് നല്ല ഉറപ്പുള്ളതാണല്ലോ എൽ.ഡി.എഫ്-നെപ്പറ്റി. ഞാനാണല്ലോ അതിന്റെ ചെയർമാൻ. നിങ്ങൾ പറയുന്നതുപോലെയല്ല. എൽ.ഡി.എഫ്-ന്റെ ചെയർമാൻ ഞാനാണ്. മുഖ്യമന്ത്രി മാത്രമല്ല. കൺവീനർ വേറെ ചെയർമാൻ വേറെ അതുകൊണ്ട് അത് നടപ്പാക്കും. നിങ്ങൾ വിചാരിക്കുന്നതുപോലെയൊന്നുമല്ല പ്രശ്നം. കൺവീനർ കൺവീനറുടെ പണി നടത്തും. ചെയർമാൻ ചെയർമാന്റെ പണി നടത്തും. ശ്രീ. മാണി പറയുന്നതുപോലെയല്ല. ഇത് വളരുന്തോറും പിളരുന്നതല്ല. ബഹുമാനപ്പെട്ട മാണി പറയാറുണ്ട് കേരള കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

വളരുന്തോറും പിളരും. പിളരുന്തോറും വളരും എന്ന്. ഇപ്പോൾ 5 ഗ്രൂപ്പാണുള്ളത്. ശ്രീ. ബാലകൃഷ്ണപിള്ളയെ ഇവിടെ കാണുന്നില്ല. നാലു ഗ്രൂപ്പല്ലേ? അതുപോലെയല്ല. ചെയർമാന് ചെയർമാന്റെ ജോലി, കൺവീനർക്ക് കൺവീനറുടെ ജോലി. അത് ശരിക്കും നടക്കും. അവിടെ ചർച്ച ചെയ്തിട്ടില്ല. അല്ലെങ്കിൽ ക്യാബിനറ്റിൽ ചർച്ച ചെയ്തിട്ടില്ലാ എന്നൊന്നും പറയണ്ട. ഇതൊക്കെ ഗതിക്രമമനുസരിച്ച് എല്ലാം നടക്കും. അതിൽ അഭിപ്രായവ്യത്യാസമുള്ള പ്രശ്നമുണ്ടെങ്കിൽ നല്ലത് ഞങ്ങൾ സ്വീകരിക്കും. ഇവിടെ നടക്കുന്നത് എപ്പോൾ നടപ്പാക്കണമെന്ന അഭിപ്രായമല്ല. പുരോഗമനപരമായി ആവശ്യമുള്ള സ്ഥലത്ത് ഞങ്ങൾക്ക് നടപ്പാക്കാൻ സാധിക്കും. നടപ്പാക്കും. അതാണ് ഞങ്ങൾ പറയുന്നത്. ഉദാഹരണത്തിന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പവർകട്ടിനെപ്പറ്റി ഞാൻ പറഞ്ഞു. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ കാലത്ത് 17 മെഗാവാട്ട് വൈദ്യുതിയല്ലെ വർദ്ധിപ്പിച്ചത്. ഞങ്ങളുടെ കാലത്ത് 845 മെഗാവാട്ടാക്കി കൂട്ടിയില്ലേ മാണി.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി വൈദ്യുതി ഉൽപ്പാദനത്തിന്റെ കണക്ക് പറഞ്ഞു. കണക്കൊക്കെ ശരിയാണ്. ഒരു സ്ഥലത്തുനിന്ന് യാത്ര തുടങ്ങിയാൽ മാത്രമേ എത്തേണ്ട സ്ഥലത്ത് എത്തൂ. കണ്ണൂരിൽ നിന്ന് യാത്ര തിരിച്ചാലേ തിരുവനന്തപുരത്ത് എത്തൂ. ഇത് ഐക്യജനാധിപത്യമുന്നണിയുടെ കാലത്ത് .....നിങ്ങൾ പൂർത്തീകരിച്ചത് സമ്മതിക്കുന്നു. അല്ലാതെ ഞങ്ങളുടെ കാലത്ത് 17 മെഗാവാട്ട് വൈദ്യുതിയേ കൂടുതലായി ഉല്പാദിപ്പിച്ചുള്ളൂ എന്ന കണക്കുപറയുന്നത് ശരിയാണോ?

ശ്രീ. ഇ. കെ. നായനാർ : ഞാൻ നിങ്ങളെ കുറ്റം പറഞ്ഞില്ലല്ലോ. നിങ്ങളുടെ കാലത്ത് 17 മെഗാവാട്ട്, ഞങ്ങളുടെ കാലത്ത് 845 ഇത്രയല്ലേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഞാൻ നിങ്ങളെ കുറ്റം പറഞ്ഞിട്ടില്ല. നിങ്ങൾക്ക് ആക്കാൻ പ്രയാസമുണ്ട്. ഞങ്ങൾക്ക് അതാക്കാൻ കഴിഞ്ഞു. ഇത്രേയുള്ളൂ. നിങ്ങൾക്ക് അത് വിഷമമാണ്. ഞാൻ ഒറ്റ ഉദാഹരണം പറയാം. കോഴിക്കോട് നല്ലളം ഡീസൽ നിലയത്തിന്റെ കാര്യം അത് ഇനാഗുറേറ്റു ചെയ്തത് ഞാനാണ്. അത് നല്ലളത്തുനിന്ന് മാറ്റുന്നതിനുവേണ്ടി നിങ്ങൾ തമ്മിലടിച്ചതിന്റെ ഫലമായി അന്ന് അവിടെ ശിലാസ്ഥാപനമേ നടന്നില്ല. ഞാൻ പോയി ശിലാസ്ഥാപനം നടന്നു. പതിന്നാലു മാസത്തിനുള്ളിൽ അത് പൂർത്തിയാക്കുകയും ചെയ്തു. നടന്ന സംഭവമല്ലേ ഇത്. ഇതൊക്കെ നമുക്ക് പരസ്പരം അറിയാവുന്ന സംഭവമല്ലേ. ഞാൻ നിങ്ങളെ മോശം പറഞ്ഞതല്ല. നിങ്ങളുടെ ഇടയിലുള്ള പ്രശ്നം കൊണ്ട് നിങ്ങൾക്ക് സാധിച്ചില്ല. നമുക്ക് അത് യോജിപ്പിച്ചെടുക്കാൻ സാധിച്ചതുകൊണ്ട് കഴിഞ്ഞു. അത്രേയുള്ളൂ. അല്ലാതെ നിങ്ങൾ മോശക്കാരാണെന്ന് പറഞ്ഞോ. അതുപോലെതന്നെ പദ്ധതിവിഹിതത്തിന്റെ 40 ശതമാനം തുക പഞ്ചായത്തുകൾക്ക് നൽകി. ഞങ്ങൾ കൊടുത്തതുപോലെ മാണിക്കു കൊടുത്തുകൂടെ. മാണി ധനകാര്യ വകുപ്പുമന്ത്രിയായിരുന്നല്ലോ. എന്തുകൊണ്ട് കൊടുത്തില്ല. യു.ഡി.എഫ്-ന്റെ കാലത്ത് 1992-93-ൽ 42.67 കോടിരൂപ, 1993-94-ൽ 49.04 കോടി രൂപ, 1994-95-ൽ 61.11 കോടിരൂപ, 1995-96-ൽ 69.59 കോടി രൂപ, ആകെ 222.41 കോടി രൂപ, 1992 മുതൽ 1996 വരെ. അത് ഞങ്ങൾ ഭരണത്തിൽ വരുന്നതുവരെയാണ്. ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തോ 1996-97-ൽ 419.88 കോടി രൂപ 1997-98 ൽ 1053.83 കോടിരൂപ 1998-99-ൽ 1134.18 കോടിരൂപ. 1999-2000-ൽ 1138.35 കോടി രൂപ. ആകെ 3746.24 കോടി രൂപ. നിങ്ങളുടെ കാലത്ത് മൂന്നുവർഷത്തിനകം പൂർത്തിയാകുമ്പോൾ 222.41 കോടിരൂപ. ഞങ്ങളുടെ കാലത്ത് 3746.24 കോടിരൂപ. ഇത് എങ്ങനെയാണ് കൂടിയത്. പഞ്ചായത്തിന് കൊടുത്തത്. അത്രയുള്ളൂ ഇപ്പോൾ കക്ഷി വ്യത്യാസമില്ലാതെ.....

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് എന്തും പറഞ്ഞ് തർക്കിച്ചോ? പഞ്ചായത്ത്‌രാജ് നിയമം ഇന്ത്യയിലും കേരളത്തിലും നടപ്പിലാക്കിയത് 1996-ലാണ്. കേരളത്തിൽ അധികാര വികേന്ദ്രീകരണം നടന്നത് 1995 ഒക്ടോബർ 2-ാം തീയതിയാണ്. അതുവരെ ഇന്ന് പഞ്ചായത്ത് നടത്തിക്കൊണ്ടിരിക്കുന്ന ഈ പ്രവർത്തനങ്ങളെല്ലാം വിവിധ ഡിപ്പാർട്ടുമെന്റുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് പഞ്ചായത്തുകൾക്ക് ഏൽപ്പിച്ചിരിക്കുന്ന ജോലികളൊന്നും ഡിപ്പാർട്ടുമെന്റുകളിൽ നടക്കുന്നില്ല. താലൂക്ക് ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്ററുകൾ, മൈനർ ഇറിഗേഷൻ, സ്കൂളുകൾ ഇതെല്ലാം പഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുകയാണ്. പണ്ട് എല്ലാം ഡിപ്പാർട്ടുമെന്റുകൾ ചെയ്തുകൊണ്ടിരുന്നതാണ്. ഇതിനുമുൻപ് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ നടത്തിക്കൊണ്ടിരുന്ന കാര്യങ്ങൾ ഇപ്പോൾ പഞ്ചായത്തിനെ ഏൽപ്പിച്ചു. അങ്ങനെ ഒരു വ്യത്യാസം ഇന്ത്യയിൽ പഞ്ചായത്ത് രാജ് നിയമത്തിലുണ്ടായി. ആ മാറ്റം കേരളത്തിലുണ്ടായത് 1995 ഒക്ടോബർ 2-ാം തീയതിയാണെന്ന് അങ്ങേയ്ക്കറിയാം അങ്ങ് ഇത് മൈതാനത്തു പറയൂ. ഇവിടെനിന്ന് എന്തിനിത്.....

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട ആന്റണി, ആ പഞ്ചായത്തിന്റെ കീഴിൽ.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 1995 വരെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെല്ലാം ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ നടത്തിയിരുന്നു. അത് ശരിയാണ്. പക്ഷെ, ഇപ്പോൾ ഏതാണ്ട് 40 ശതമാനം പ്ലാൻ ഫണ്ട് അങ്ങോട്ട് കൊടുക്കുന്നുണ്ട്. അപ്പോൾ ഓരോ വകുപ്പിന്റേയും ചെലവ് കുറച്ചു കമ്മിയാകും. അത് കമ്മിയാകുന്നതിനും ആക്ഷേപം. ഇത് അധികമാകുന്നതിനും ആക്ഷേപം. അത് എങ്ങനെയാണ്?

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട ആന്റണിക്ക് ഇതെല്ലാം മനസ്സിലാകും. ഒരു പഞ്ചായത്തിന്റെ കീഴിൽ ഹെൽത്തുണ്ടാകും. നിങ്ങളെല്ലാം പറയുന്നത് ഇപ്പോൾ ഒന്നാണ്. മറ്റേത് ഡിപ്പാർട്ടുമെന്റാണ്. ആ ഡിപ്പാർട്ടുമെന്റിന്റെയെല്ലാം കൂടി കണക്കു കൂട്ടിയിട്ടാണ് ഞാൻ എടുത്തിട്ടുള്ളത്. നിങ്ങളുടെ കാലത്ത് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളെ കണക്കുകൂട്ടുമ്പോൾ 1992-93-ൽ 42 കോടിരൂപയാണ്. പറഞ്ഞത് അങ്ങനെയാണ്. നിങ്ങൾ കൊടുത്തത്. അത് തെറ്റല്ല.

ശ്രീ. ജി. കാർത്തികേയൻ : വളരെ പ്രധാനപ്പെട്ട കാര്യമാണ് ഇവിടെ പ്രതിപക്ഷനേതാവ് ഉന്നയിച്ചത്. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളുടെ വകുപ്പുകൾ മാത്രമായി നിൽക്കെയുള്ള പണമാണ് ഐക്യജനാധിപത്യമുന്നണിയുടെ കാലത്ത് കൊടുത്തത്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്, ത്രിതലപഞ്ചായത്ത്രാജ് സംവിധാനം വന്നതിനുശേഷം പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളിലെ പണം അതിലേയ്ക്ക് മാറിവരും. അപ്പോഴാണ് അങ്ങ് പറഞ്ഞ കണക്കിൽ വ്യത്യാസം വരുന്നത്.

ശ്രീ. ഇ.കെ. നായനാർ : വ്യത്യാസം വരില്ല ബഹുമാനപ്പെട്ട മെമ്പറേ ബഹുമാനപ്പെട്ട നേതാവേ വരില്ല, കാരണം നിങ്ങൾ 1992-93, 1993-94 കാലഘട്ടത്തിൽ പഞ്ചായത്തിനിടയിൽ ചെലവാക്കുന്ന ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾക്കുള്ള പണത്തിന്റെ കണക്കുകൂടി കൂട്ടിയിട്ടാണ് ഈ കണക്കെടുത്തത്. അതു നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടേത് ആകെ കണക്ക് കൂടിയത്.....

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് പറയുന്നത് ശരിയല്ല. വ്യത്യാസം വരും.

ശ്രീ. ഇ.കെ. നായനാർ : അങ്ങനെയല്ല.

ശ്രീ. എ.കെ. ആന്റണി : ഇവിടെ പഞ്ചായത്ത്രാജ് നിയമം 1995 ഒക്ടോബർ മാസം 2-ാം തീയതിയാണ് നടപ്പായത്. അതുവരെ ഇവിടെയെല്ലാം നടത്തിക്കൊണ്ടിരുന്നത് പഞ്ചായത്തിലെ വിവിധ ഡിപ്പാർട്ടുമെന്റുകളാണ്. പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിന് ടോക്കൺ പണം മാത്രമേ കൊടുത്തിരുന്നുള്ളൂ. കേരളത്തിൽ ആദ്യമായി ഇന്നാണ് പഞ്ചായത്തുകൾക്കെല്ലാം ഡിസ്പെൻസറി ആണെങ്കിലും അഗ്രികൾച്ചർ ആണെങ്കിലും, മൈനർ ഇറിഗേഷൻ ആണെങ്കിലും സ്മാൾസ്കെയിൽ ഇൻഡസ്ട്രീസ് ആണെങ്കിലും, എഡ്യൂക്കേഷൻ ആണെങ്കിലും പഞ്ചായത്തുകൾക്കും അതുപോലെ ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കുന്നതും ഇപ്പോഴാണ്. ഇതാണ് തുടക്കം. അങ്ങ് ഇപ്പോൾ ഒരു കണക്ക് വായിച്ചില്ലേ ; 1995 ഒക്ടോബർ 2-ാം തീയതിയാണ് ഇവിടെ പഞ്ചായത്ത്രാജ് ആരംഭിച്ചത്. അതിനുശേഷം 1996 ഫെബ്രുവരി മാസം പഞ്ചായത്ത് രാജ് ഇവിടെ നടപ്പാക്കിയതിനുശേഷം അധികാരവികേന്ദ്രീകരണം തുടങ്ങിയതിനുശേഷം ആദ്യത്തെ ബഡ്ജറ്റ് കേരളത്തിൽ അവതരിപ്പിച്ചത് 1996 ഫെബ്രുവരി മാസത്തിലാണ്. 1996 ഫെബ്രുവരിയിൽ ശ്രീ. സി.വി. പത്മരാജൻ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രഥമ വർഷം ഇവിടെ അധികാര വികേന്ദ്രീകരണം തുടങ്ങിയ ആദ്യവർഷം 412 കോടിരൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അങ്ങ് ഇപ്പോൾ വായിച്ച കണക്ക് ഞങ്ങൾ മാറി നിങ്ങൾ വന്നതിനുശേഷം 412-ന്റെ സ്ഥാനത്ത് ആദ്യവർഷം 417 കോടി രൂപയാക്കി. 5 കോടിരൂപ കൂടി അതല്ലേ ഉണ്ടായിട്ടുള്ളത്. അങ്ങ് 1996-ലേത് വായിക്കൂ.

ശ്രീ. ഇ. കെ. നായനാർ : 1996-97 ലെ 419 കോടി രൂപ. അതിനുമുമ്പ് പഞ്ചായത്തിനകത്ത് ചെവഴിച്ച പണം 42.67 കോടി. അതാണ്. അത് എങ്ങനെയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവർ പറയുന്നത് മനസ്സിലാകാത്തത് എന്തുകൊണ്ടെന്നുവച്ചാൽ ഒരു പഞ്ചായത്തിനകത്ത് ചെലവുചെയ്യുന്ന പണത്തിന്റെ ആകെ കണക്കാണ് എടുത്തത്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അതു ഇരിക്കട്ടെ, നമുക്ക് ആ ഡിഫറൻസിൽ നിൽക്കാം. ഞാൻ ഇനിയും പരിശോധിച്ചു കൊണ്ടുവരാം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അങ്ങയുടെ അറിവിലേയ്ക്കായി ഞാൻ ഒരു വ്യത്യാസം പറഞ്ഞുതരാം. 1996-97-ൽ ഇതു വരുന്നതിനുമുമ്പ് 20 കോടി താഴെയായിരുന്നു മൃഗസംരക്ഷണത്തിന്, എന്നാൽ അടുത്ത വർഷം ഈ വിതരണം വന്നപ്പോൾ 100 കോടിക്കടുത്ത് മൃഗസംരക്ഷണത്തിനും ത്രിതല പഞ്ചായത്തുകൾക്കുംകൂടി ചെലവാക്കി.

ശ്രീ. എ. കെ. ആന്റണി : പോയിന്റ് അതല്ല. ഇവിടെ അധികാരവികേന്ദ്രീകരണം ആരംഭിച്ചത് 1995 ഒക്ടോബർ മാസം 2-ാം തീയതിയാണ്. 1995 ഒക്ടോബർ മാസം 2-ാം തീയതി മുതൽക്കാണ് കേരളത്തിൽ ഒരു പുതിയ ഭരണ സംവിധാനം വന്നത്. അതിനുമുൻപ് വരെ ഡിപ്പാർട്ടുമെന്റുകളാണ്. 1995 ഒക്ടോബർ മാസം 2-ാം തീയതി, ഗാന്ധിജയന്തി ദിനത്തിൽ അധികാര കൈമാറ്റം നടന്നു. അതിനുശേഷം 1996-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കണക്കാണ് ഞാൻ വായിക്കുന്നത്. 1996 ഫെബ്രുവരിയിൽ യു.ഡി.എഫ്. ന്റെ അധികാരവികേന്ദ്രീകരണം വന്നതിനുശേഷം കേരളത്തിലെ ത്രിതല പഞ്ചായത്തുകൾക്ക് ആദ്യ ബഡ്ജറ്റിൽ, ഫെബ്രുവരിയിൽ ഞങ്ങളുടെ അലോക്കേഷൻ 412. മുഖ്യമന്ത്രി വായിച്ച കണക്ക് അനുസരിച്ച് ഞങ്ങൾ മാറിയതിനുശേഷം, ഈ വർഷം ഈ ഗവൺമെന്റ് 417.5 കോടി രൂപ കൂട്ടിക്കൊടുത്തു. ആദ്യവർഷം. എന്നിട്ടാണ് ഈ കണക്ക് പറയുന്നത്.

ശ്രീ. ഇ.കെ. നായനാർ : ഇതാണ് നിങ്ങളുടെ പദ്ധതി വിഹിതം.

ശ്രീ. ജി. കാർത്തികേയൻ : തുടക്കമല്ലേ?

ശ്രീ. ഇ. കെ. നായനാർ : അല്ല. അവിടെ തർക്കമുണ്ട്. ആ തർക്കത്തിൽ കിടക്കുകയാണ്. അതു തർക്കത്തിൽ തന്നെയാണ്. ഞാൻ പിന്നെയും കണക്ക് തരാം. ഇനിയും നിങ്ങളെ ബോധ്യപ്പെടുത്താൻവേണ്ടി ശ്രമിക്കാം. കഴിഞ്ഞ മൂന്നര വർഷത്തിനിടയിൽ 74,293 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ നൽകി. മൊത്തം 1,47,282 പേർക്ക് ജോലി നൽകിയിട്ടുണ്ട്. അതുപോലെതന്നെ വീടുനിർമ്മാണ കാര്യത്തിൽ, ഈ കാര്യത്തിലെല്ലാം നമ്മൾ സഹായകരമായ ഒരു നിലപാട് സ്വീകരിച്ചു. അതുപോലെതന്നെ സംസ്ഥാന ജീവനക്കാർക്ക് വീടു വയ്ക്കുന്നതിനുള്ള വായ്പത്തുക വർദ്ധിപ്പിച്ചു. ഈ തലത്തിൽ നമ്മുടെ രാജ്യത്തിലെ ലക്ഷക്കണക്കിനു ജനവിഭാഗങ്ങൾക്ക് ആശ്വാസം അരുളുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അതുപോലെതന്നെ ചികിത്സാസൗകര്യം. പലിശ രഹിത വായ്പ നൽകുന്ന പദ്ധതി ഉദാരമാക്കി. ഭവന നിർമ്മാണ വായ്പ ഒന്നേമുക്കാൽ ലക്ഷത്തിൽനിന്ന് മൂന്നേമുക്കാൽ ലക്ഷമാക്കി വർദ്ധിപ്പിച്ചു. അതുപോലെതന്നെ സ്കൂട്ടർ വായ്പ, മോട്ടോർ സൈക്കിൾ വായ്പ, ക്ലാസ് ഫോർ ജീവനക്കാർക്ക് 30 വർഷം സർവ്വീസിന് നാലാമത് ഗ്രേഡ് അനുവദിച്ചു. ക്ലാസ്ഫോർ ജീവനക്കാരുടെ പെൺമക്കൾക്ക് വിവാഹത്തിന് 25,000 രൂപ, ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആശ്വാസനടപടികൾ എടുത്തുകൊണ്ട് ഈ ബഡ്ജറ്റിൽ ഈ രാജ്യത്തിലെ കൃഷിക്കാർക്കും തൊഴിലാളികൾക്കും എല്ലാം ആശ്വാസം നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് 142 കോടിരൂപ നീക്കി വച്ചിട്ടുണ്ട്. വ്യവസായത്തിനു 257 കോടിരൂപ നീക്കിവച്ചിട്ടുണ്ട്. അതുപോലെതന്നെ ഗവൺമെന്റ് ജീവനക്കാർക്ക് 10 ശതമാനം ഡിയർനസ് അലവൻസ് നിശ്ചയിച്ചിട്ടുണ്ട്. അതുപോലെതന്നെ റോഡ് വികസനത്തിന് 375 കോടിരൂപ നീക്കിവച്ചിട്ടുണ്ട്. 2 ഹെക്ടർ കൃഷി ഭൂമിയുള്ള കർഷകർക്ക് ക്ഷേമനിധി നല്കിയിട്ടുണ്ട്. 5 ഹെക്ടറിൽ കൂടുതൽ കൃഷിഭൂമി ഉള്ളവരിൽ നിന്നും ആദായനികുതി എടുത്തുകളഞ്ഞിട്ടുണ്ട്. ഈ തരത്തിലുള്ള ആശ്വാസ നടപടികൾ ഉണ്ടെന്നുള്ളതാണ് ഈ ബഡ്ജറ്റിന്റെ മെച്ചം. കേന്ദ്ര ഗവൺമെന്റ് കൂടുതൽ നികുതി ചുമത്തുകയും കൂടുതൽ വ്യവസായ തകർച്ച ഉണ്ടാക്കുകയും കൂടുതൽ പൊതുമേഖലാ വ്യവസായം സ്വകാര്യ മേഖലയ്ക്ക് തള്ളിനീക്കുകയും ചെയ്തപ്പോൾ ഈ ഗവൺമെന്റ് ജനങ്ങൾക്ക് ആശ്വാസകരമായ നടപടികൾ നടപ്പിലാക്കാനാണ് ശ്രമിച്ചത്. ഇതാണ് കേന്ദ്രഗവൺമെന്റും ഈ ഗവൺമെന്റും തമ്മിലുള്ള വ്യത്യാസം. ഈ രാജ്യത്തിലെ അദ്ധ്വാനിക്കുന്നവന്റെ താല്പര്യത്തെ ആശ്രയിച്ചുകൊണ്ടുള്ളതാണ് ഈ ബഡ്ജറ്റ്. കേന്ദ്ര ബഡ്ജറ്റ് ഈ രാജ്യത്തിലെ കുത്തക മുതലാളി മേധാവികളെ ആശ്രയിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് അത്. ഈ അടിസ്ഥാനത്തിലാണ് നമ്മുടെ രാജ്യത്തെ ഭക്ഷ്യധാന്യ വിതരണവും നടത്തിയിട്ടുള്ളത്. അതുകൊണ്ട് ഞാൻ പറയുന്നത് നമ്മുടെ ബഡ്ജറ്റ് ഒരു പ്രത്യേക കാലഘട്ടത്തിലുള്ള ബഡ്ജറ്റാണ്. ഇന്ത്യയിലാണെങ്കിൽ മതേതര ഭരണംപോയി ഒരു കമ്മ്യൂണൽ ഗവൺമെന്റ് വന്ന കാലഘട്ടമാണ്. ഇന്ത്യയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ സ്വകാര്യമേഖലയ്ക്ക് ഏല്പിച്ചുകൊടുക്കുന്ന കാലഘട്ടം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വർദ്ധിച്ച നികുതിഭാരവും രാജ്യത്തെ വ്യവസായിക തകർച്ചയും നേരിടുന്ന കാലഘട്ടത്തിലാണ് കേരള ഗവൺമെന്റ് ജനങ്ങൾക്ക് ആശ്വാസം നല്കുന്ന ചില നടപടികൾ എടുത്തുകൊണ്ടാണ് പാവപ്പെട്ടവരുടെ ഒരു ബഡ്ജറ്റാക്കി അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റ് പാസ്സാക്കി തരണം. അതു അംഗീകരിക്കപ്പെടും എന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ചർച്ച അവസാനിച്ചു.

ശ്രീ. ഇ.കെ. നായനാർ : ഒരുകാര്യംകൂടി ഗവൺമെന്റ് ജീവനക്കാർക്കും പെൻഷൻകാർക്കും 1-1-1999 മുതൽ അനുവദിച്ച ഡിയർനസ് അലവൻസ് വരുന്ന ജൂൺ മാസത്തിലെ ശമ്പളം മുതൽ ക്യാഷ് കൊടുക്കും. 1-1-1999 മുതൽ 1-6-2000 വരെയുള്ള അരിയർ തുക പി.എഫിൽ ലയിപ്പിക്കും.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഒരു ചെറിയ പ്രമേയമുണ്ട്.

മി. സ്പീക്കർ : അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly